# പ്രസിഡണ്ടിന്റെ കത്തുകൾ




ജോൺ കച്ചിറമറ്റം

www.malankaralibrary.com

# പ്രസിഡണ്ടിന്റെ കത്തുകൾ

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരൂപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെൻ്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിൻ്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ പ്രശസ്ത സേവനം അനുഷ്ഠിച്ചു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെൻ്ററിൻ്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യുണിയൻ്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്‌ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷൻ്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്)

നാലുദശകക്കാലമായി എ.കെ.സി.സിയുടെ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്നു. മററു വിവിധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ

www.malankaralibrary.com

# പ്രസിഡണ്ടിന്റെ കത്തുകൾ

ജോൺ കച്ചിറമറ്റം

പ്രസദ്ധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ - 04822 - 260434, 261102, 260071

www.malankaralibrary.com

MALAYALAM

**PRESIDENTINTE KATHUKAL**

| | | |
|---|---|---|
| FIRST PUBLISHED | : | 10-3-2004 |
| PUBLISHED BY | : | DR. KACHIRAMATTAM FOUNDATION |
| COPY RIGHT | : | DR. KACHIRAMATTAM FOUNDATION |
| DTP SETTING | : | C-CAD COMPUTERS, ERATTUPETTA -272852 |
| COVER DESIGN | : | MILEN JACOB (GRATIA KOTTAYAM) |
| PRINTED AT | : | DEEPIKA OFFSET PRINTERS, KOTTAYAM |
| PRICE | : | Rs. 60/- |


## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. പ്രസിഡണ്ടിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
2. കേരള സഭാരത്നങ്ങൾ ഒന്നാംഭാഗം - ജോൺകച്ചിറമറ്റം
3. കേരള സഭാരത്നങ്ങൾ രണ്ടാംഭാഗം - ജോൺകച്ചിറമറ്റം
4. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺകച്ചിറമറ്റം
5. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺകച്ചിറമറ്റം
6. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
7. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
8. Homilies and Reflections (2 parts) - Rev.Dr.A.Kachiramattam
9. Why American youth Turn to Budha "
10. Evolution in the human concept of God "
11. Re-discovery of India "
12. Catholic Eastern Churches "
13. Prepare the way of the Lord "
14. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം

## പണിപ്പുരയിൽ

പാപ്പായുടെ നാട്ടിൽ - മൂന്നാം ഭാഗം - ജോൺകച്ചിറമറ്റം

ജാത്യൈക്യസംഘം (ചരിത്രം) - ”

കേരള സഭാരത്നങ്ങൾ മൂന്നാം ഭാഗം - ”

www.malankaralibrary.com

# സമർപ്പണം



അനുദിന ജീവിതത്തിൽ സംസാരത്തിലോ പ്രവൃത്തിയിലോ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ എന്റെ പ്രിയമാതാവ് ശകാരിക്കുമായിരുന്നു. ആ ശകാരത്തിലൂടെ ധാരാളം ഉപദേശങ്ങൾ നൽകുകയും അനുഭവങ്ങൾ പറയുകയും ചെയ്തിരുന്നു. പിൽക്കാലത്ത് അതെല്ലാം പല വിധത്തിൽ എനിക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്.

ദിവംഗതയായ എന്റെ മാതാവ് അന്നമ്മ അവിരാ കച്ചിറമറ്റത്തിന്റെ പാവന സ്മരണയ്ക്കുമുൻപിൽ ഈ ചെറുഗ്രന്ഥം വിനയപൂർവ്വം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ ........ viii
ആമുഖം ........ x
അവതാരിക ........ xi
1. സംഘടനാ പ്രവർത്തനം ........ 21
2. ഷെവ. കുഞ്ഞിത്തൊമ്മന്റെ നേതൃത്വം ........ 22
3. സമൂഹത്തോടുള്ള കടപ്പാട് ........ 23
4. പ്രവാചക ദൗത്യം ........ 25
5. അൽമായന്റെ കടമ ........ 28
6. നാനാറായ്ഖന്നയുടെ ദുഃഖം ........ 31
7. രാഷ്ട്രീയ സംഘട്ടനങ്ങൾ ........ 33
8. വിശുദ്ധരായ മാതാപിതാക്കളിൽ നിന്ന് ........ 35
9. കേരള സർക്കാരിന്റെ മദ്യനയം ........ 38
10. ആഡംബരങ്ങൾക്ക് നിയന്ത്രണം ........ 40
11. സ്വാർത്ഥത വെടിയുക ........ 41
12. കുറ്റപ്പെടുത്തലുകൾ ........ 45
13. ചരിത്രം പഠിക്കുക ........ 47
14. മദർ തെരേസയുടെ മാർഗ്ഗം ........ 49
15. എന്റെ കഴിവല്ല ........ 51
16. രാഷ്ട്രീയ പ്രവർത്തനം ........ 52
17. ഗവേഷണ വിദ്യാർത്ഥികളോട് ........ 54
18. ദൈവംനൽകിയ അനുഗ്രഹങ്ങൾ ........ 55
19. രാഷ്ട്രപതിയുടെ മാതൃക ........ 57
20. പ്രവർത്തക ക്യാമ്പ് ........ 59
21. കുട്ടികൾ എങ്ങനെ വളരണം ........ 60
22. രാഘവൻ എഴുതിയ കത്ത് ........ 62
23. തൂങ്കുഴി പിതാവിന്റെ നിർദ്ദേശം ........ 63
24. പ്രസംഗകരോടും സംഘാടകരോടും ........ 64
25. സ്വാതന്ത്ര്യകനക ജൂബിലി ........ 66
26. ധീരമായി മുന്നേറുക ........ 68
27. ഒരു വൻ ദുരിന്തം ........ 69
28. സ്വയം വിലയിരുത്തുക ........ 71
29. ഈ ആർഭാടം ശരിയോ ........ 72
30. നേതൃത്വത്തിലേയ്ക്കുള്ള വഴി ........ 74
31. പ്രസംഗവും പ്രവൃത്തിയും ........ 76

www.malankaralibrary.com

| | | |
|---|---|---|
| 32. | വഴിമാറി കൊടുക്കുക | 78 |
| 33. | നാം ദുഃഖിക്കേണ്ടിവരും | 80 |
| 34. | കുറ്റകരമായ അനാസ്ഥ | 82 |
| 35. | അവരെപ്പോലെ നാമും നന്മ ചെയ്യണം | 84 |
| 36. | നമ്മുടെ അഭിപ്രായം അടിച്ചേൽപ്പിക്കരുത് | 86 |
| 37. | ഹൃദയ വിശുദ്ധിയുള്ളവരുടെ പ്രാർത്ഥന | 88 |
| 38. | സഹസ്രാബ്ദങ്ങൾക്കു മുൻപ് | 91 |
| 39. | അധികാരികളുടെ പ്രീതി നേടുവാൻ | 93 |
| 40. | സഹോദരന്റെ കാവൽക്കാരനോ | 95 |
| 41. | ആയിരം ഗുണങ്ങളുള്ള ഭർത്താവ് | 97 |
| 42. | ഭാരത സഭയുടെ ഭാവി | 98 |
| 43. | മാപ്പ് ചോദിക്കാം | 100 |
| 44. | പഠിക്കുവാനും പങ്കുവെയ്ക്കുവാനും | 101 |
| 45. | വിസ്മൃതിയിൽ കഴിയുന്നവർ | 102 |
| 46. | അമേരിക്കയിലെ ഇന്ത്യക്കാരുടെ അഭിമാന ഭാജനം | 104 |
| 47. | കൂരാച്ചുണ്ട് കർഷക സമരം | 106 |
| 48. | മഹാജൂബിലിയാഘോഷം എന്തുനേടി? | 108 |
| 49. | നിസ്സംഗതാ മനോഭാവം | 109 |
| 50. | നന്മ ചെയ്തിട്ടും | 110 |
| 51. | വഞ്ചിക്കരുത് | 112 |
| 52. | തീരുമാനം എടുക്കേണ്ടത് എങ്ങനെ? | 114 |
| 53. | ആഗോള മദ്യലോബി | 116 |
| 54. | കൂട്ടായ പ്രവർത്തനത്തിന്റെ നേട്ടം | 117 |
| 55. | ആരാണ് ഇടയൻമാർ | 118 |
| 56. | ക്രൈസ്തവ-ആർ.എസ്.എസ്. ചർച്ച | 119 |
| 57. | ഇതെല്ലാം നിനക്ക് തരാം | 121 |
| 58. | അക്രമം ഒന്നിനും പരിഹാരമല്ല | 122 |
| 59. | വ്യവസ്ഥാപിത മാർഗ്ഗങ്ങൾ സ്വീകരിക്കുക | 123 |
| 60. | വർഗ്ഗീയതയ്ക്കെതിരെ പോരാടുക | 123 |
| 61. | നന്ദികേട് തന്നെ | 124 |
| 62. | സത്യം ഉയിർത്തെഴുന്നേൽക്കും | 126 |
| 63. | ഭരണകക്ഷിയിലെ ഭിന്നിപ്പ് | 127 |
| 64. | റെയ്ഡ്, സത്യം വെളിച്ചത്ത് കൊണ്ടുവന്നു | 129 |
| 65. | നമ്മെ നയിക്കേണ്ടത് വിവേകം | 130 |
| 66. | നൂറ്റാണ്ടിന്റെ അൽമായ പ്രേഷിതൻ | 131 |
| 67. | ഗുജറാത്തിലെ ദുരന്തങ്ങൾ | 133 |


www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ

കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി,

www.malankaralibrary.com

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 –ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 –ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28–ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 –ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8–ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം പതിമൂന്ന് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. "പ്രസിഡണ്ടിന്റെ കത്തുകൾ" എന്ന ഈ ഗ്രന്ഥം പതിനാലാമത്തെ പുസ്തകമാണ്.

www.malankaralibrary.com

# ആമുഖം

കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ട് എന്ന നിലയിൽ എന്റെ സഹപ്രവർത്തകർക്ക് എ.കെ.സി.സി ബുള്ളറ്റിനിലൂടെ എഴുതിയ ഏതാനും കത്തുകളാണ് ഇതിലെ ഉള്ളടക്കം. സമകാലീനപ്രശ്നങ്ങളെപ്പറ്റി വിലയിരുത്തിയും സംഘടനാപ്രവർത്തകരെയും കുടുംബജീവിതക്കാരെയും ബന്ധപ്പെടുത്തിയും കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തകർക്കെഴുതിയ ഈ കത്തുകളിലൂടെ ചില ചിതറിയ ചിന്തകളാണ് അവതരിപ്പിച്ചിരിക്കുന്നത്. പാലാ രൂപതിയിലെ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ദൈവശാസ്ത്രകോഴ്സിന്റെ ബിരുദം നൽകിക്കൊണ്ട് റവ.ഡോ. മാത്യു ആനിക്കുഴിക്കാട്ടിൽ (ഇപ്പോഴത്തെ ഇടുക്കി രൂപതാധ്യക്ഷൻ) ചെയ്ത പ്രസംഗത്തിൽ എ.കെ.സി.സി. ബുള്ളറ്റിനിൽ ഞാൻ എഴുതിക്കൊണ്ടിരിക്കുന്ന പ്രസിഡണ്ടിന്റെ കത്തുകൾ വളരെയധികം ശ്രദ്ധാർഹമാണെന്നും ദൈവശാസ്ത്രചിന്തകൾ അതിൽ അടങ്ങിയിട്ടുണ്ടെന്നും പ്രസ്താവിച്ചു. ഈ പ്രസംഗം കേട്ട ചിലർ ഈ കത്തുകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണമെന്നഭിപ്രായപ്പെടുകയുണ്ടായി.

ഈ കത്തുകളിൽ പലതും എന്റെ അനുഭവങ്ങളിൽ നിന്നുള്ളതാണ്. ചില കത്തുകൾ പ്രസിദ്ധീകരിച്ചപ്പോൾ പലരും അത് ആരെപ്പറ്റിയാണ് സൂചിപ്പിക്കുന്നത് എന്ന് എന്നോട് ചോദിക്കുകയുണ്ടായി. പലർക്കും അവരെപ്പറ്റിയാണ് എന്ന തോന്നലുണ്ടായിട്ടുണ്ട്. അങ്ങനെയൊരു തോന്നലുണ്ടായിട്ടുള്ളതിൽ ഞാൻ സന്തുഷ്ടനാണ്.

ഈ ചെറു ഗ്രന്ഥത്തിന് വിലയേറിയ ഒരു അവതാരിക എഴുതിയ പ്രൊഫ. മാത്യു ഉലകംതറയോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തട്ടെ. ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി. ജോലി കൃത്യസമയത്ത് ഭംഗിയായി തയ്യാറാക്കി തന്ന സി-കാഡ് കമ്പ്യൂട്ടേഴ്സ് ഈരാറ്റുപേട്ട പ്രവർത്തകരോടും ഭംഗിയായി അടിച്ചുതന്ന ദീപിക ഓഫ് സെറ്റ് പ്രിന്റേഴ്സ് പ്രവർത്തകരോടും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

**ജോൺ കച്ചിറമറ്റം**

രാമപുരം - പിഴക്

10-3-2004

www.malankaralibrary.com



# അവതാരിക

മലയാളത്തിൽ കത്തുകൾ സമാഹരിച്ച് പുസ്തകരൂപത്തിലാക്കുന്ന ഏർപ്പാടു തുടങ്ങിയത് അടുത്ത കാലത്താണ്. മഹാകവികളായ ഉള്ളൂരിന്റെയും വള്ളത്തോളിന്റെയും ജി. ശങ്കരക്കുറുപ്പിന്റെയും കത്തുകൾ ശേഖരിച്ച് പുസ്തകങ്ങളായി പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഡോ. സുകുമാർ അഴീക്കോടിന് സാഹിതീ സുഹൃത്തുക്കൾ അയച്ചകത്തുകളാണ് ഏറ്റവുമൊടുവിൽ വെളിച്ചം കണ്ടത്. അതിനുശേഷം ചില സാഹിത്യകാരന്മാർക്കു ലഭിച്ച അവിസ്മരണീയങ്ങളായ കത്തുകളെക്കുറിച്ചുള്ള ലേഖനങ്ങൾ സമാഹരിച്ച് ദീപിക ഒരു വിശേഷാൽ പ്രതിയും പ്രസിദ്ധീകരിക്കുകയുണ്ടായി. മേൽപറഞ്ഞ കത്തുകളുടെയെല്ലാം സാഹിത്യമൂല്യമായിരിക്കണം അവയെ പ്രസിദ്ധീകരണയോഗ്യമാക്കിയത്. സ്വകാര്യകത്തുകൾക്ക് സാഹിത്യമൂല്യമുണ്ടോ? ആരും ഒരു സാഹിത്യസൃഷ്ടിയായിത്തീരണമെന്നുദ്ദേശിച്ചല്ല സ്വകാര്യക്കത്തെഴുതുന്നത്. അതുകൊണ്ടു തന്നെ സാഹിത്യാരാമത്തിന്റെ പരിസരങ്ങളിലുള്ള കാട്ടുചെടികൾ എന്നു ശ്രീ എം.പി. പോൾ സ്വകാര്യക്കത്തുകളെ വിശേഷിപ്പിക്കുന്നു. ചില കാട്ടുചെടികൾക്ക് ആരാമസസ്യങ്ങളെക്കാളധികം ഭംഗിയും സുഗന്ധവുമുള്ള പൂക്കളുണ്ടാകാറുണ്ട്. അതിനാൽ കത്തുകളെ ഒരു ഉത്തമസാഹിത്യശാഖയായിത്തന്നെ കരുതാമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

ഡി.എച്ച്. ലാറൻസ്, അറേബ്യൻ ലാറൻസ്, ബർനാഡ്ഷാ മുതലായവരുടെ കത്തുകൾ ഉത്തമസാഹിത്യകൃതികളാണ്. റോബർട്ട് സദേ, ചാൾസ്‌ലാംബ്, മേരിലാംബ് മുതലായവരുടെ ചില കത്തുകളും സാഹിത്യപ്രാധാന്യമുള്ളവയായി കരുതപ്പെടുന്നു. അലക്സാണ്ടർ പോപ്പ് എന്ന കവി ചില വ്യാജക്കത്തുകളുണ്ടാക്കി പ്രസാധകരെ കബളിപ്പിച്ചു പണമുണ്ടാക്കാൻ ശ്രമിച്ചതായും ഒരു കഥയുണ്ട്. സാഹിത്യകൃതികൾ എന്ന നിലയിലല്ലെങ്കിലും ഉള്ളടക്കത്തിന്റെ പ്രാധാന്യംകൊണ്ട് ലോകചരിത്രത്തിൽത്തന്നെ സ്ഥാനം പിടിച്ച ചില കത്തുകളുണ്ട്. പണ്ഡിററ് ജവഹർലാൽ നെഹ്റു ജയിലിൽക്കിടന്നുകൊണ്ട് തന്റെ മകൾക്ക് (ഇന്ദിരാഗാന്ധിക്ക്) അയച്ച

www.malankaralibrary.com

കത്തുകൾ ആയിനത്തിൽപെട്ടതാണ്. ഒരച്ചൻ മകൾക്കയച്ച കത്തുകളാണ് അതിലൊന്ന്. അദ്ദേഹം തന്നെ പ്രസിദ്ധമായ വിശ്വചരിത്രാവലോകം (Glimpses of World History) എന്ന ഗ്രന്ഥം മുഴുവൻ എഴുതിയിരിക്കുന്നത് ഇത്തരം കത്തുകളുടെ രൂപത്തിലാണ്. നിഷ്കപടത, ആർജ്ജവം മുതലായവയാണ് ഇത്തരം കത്തുകളുടെ ഗുണങ്ങൾ. എഴുതിയ ആളുടെ വ്യക്തിമാഹാത്മ്യവും ഈ കത്തുകളെ ശ്രദ്ധേയമാക്കുന്നു.

മേല്പറഞ്ഞ വിഭാഗത്തിലൊന്നും പെടാത്ത കുറെ കത്തുകളാണ് ഇപ്പോൾ വായനക്കാരുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്നത്. ശ്രീ. ജോൺ കച്ചിറമററം അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ പ്രസിഡണ്ടായിരിക്കെ എ.കെ.സി.സി. ബുള്ളററിൻ വഴി സംഘടനാംഗങ്ങൾക്കയച്ച കത്തുകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. കേരളത്തിൽ ഒരു സംഘടനാ പ്രസിഡണ്ടും ഇത്തരം കത്തുകൾ തുടരെ എഴുതിക്കൊണ്ടിരിക്കുന്നതായോ സമാഹരിച്ചു പുസ്തകമാക്കിയതായോ അറിവില്ല. അങ്ങനെയൊരു അന്യാദൃശത്വം ഈ കത്തുകൾക്കുണ്ട്. മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി, കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ മുതലായ കത്തോലിക്കാ സഭാദ്ധ്യക്ഷന്മാർ കുട്ടികൾക്കയച്ച ഉപദേശ രൂപത്തിലുള്ള കത്തുകൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുണ്ട്. ചില രൂപതാദ്ധ്യക്ഷന്മാരുടെ ഇടയലേഖനങ്ങളും പുസ്തകരൂപത്തിലാക്കിയിട്ടുണ്ട്. ആർച്ചു ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ കുട്ടികൾക്കുവേണ്ടി ഇത്തരം കത്തുകളെഴുതുന്നുണ്ടെങ്കിലും ഇതുവരെ പുസ്തകരൂപത്തിലാക്കിയിട്ടില്ല. ഇടയലേഖനങ്ങളും മാർപ്പാപ്പമാരുടെ ചാക്രികലേഖനങ്ങളും വിശ്വാസികൾക്കുള്ള കത്തുകളുടെ രൂപത്തിൽത്തന്നെയാണ് എഴുതപ്പെടുന്നത്. അവയുടെ മൂലരൂപം തേടിപ്പോകുമ്പോൾ വിശുദ്ധപൗലോസ് റോമക്കാർക്കും, കൊറിന്ത്യർക്കും, കൊളോസിയർക്കും, തിമോത്തിക്കും, തിത്തൂസിനുമൊക്കെ എഴുതിയ കത്തുകളിൽ നാം ചെന്നെത്തും. ആദ്ധ്യാത്മികമോ ദൈവശാസ്ത്രപരമോ ആയ പ്രാധാന്യം കൊണ്ട് അവയിൽ പലതും ലോകചരിത്രത്തിൽത്തന്നെ സ്ഥാനം പിടിച്ചു കഴിഞ്ഞു. അവയോടൊന്നും താരതമ്യം ചെയ്യാനാവില്ലെങ്കിലും ശ്രീ. ജോൺകച്ചിറമററത്തിന്റെ കത്തുകൾക്കും കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ - കത്തോലിക്കാ സമുദായത്തിന്റെ ചരിത്രത്തിൽ - ചില പ്രാധാന്യങ്ങളുണ്ട്.

www.malankaralibrary.com

വ്യക്തിമഹത്ത്വംകൊണ്ടും സേവനമഹിമകൊണ്ടും കേരളത്തിന്റെ ചരിത്രത്തിൽ തലയുയർത്തി നിലകൊള്ളുന്ന ഷെവ.തരിയതു കുഞ്ഞിത്തൊമ്മനെപ്പോലുള്ളവർ ഇരുന്നിട്ടുള്ള കസേരയിലാണു ശ്രീ കച്ചിറമററം ഇരിക്കുന്നത്. എന്നാൽ കച്ചിറമററമല്ലാതെ മററു പ്രസിഡണ്ടുമാരാരും അതതുകാലത്തെ സാമുദായിക രാഷ്ട്രീയ ചരിത്രങ്ങളെ പ്രതിഫലിപ്പിക്കുന്ന കത്തുകളോ ലേഖനങ്ങളോ എഴുതിവച്ചില്ല. ഷെവ.കുഞ്ഞിത്തൊമ്മനേക്കാൾ വ്യക്തിപ്രഭാവമുള്ളവർ പ്രസിഡണ്ടുസ്ഥാനത്തെത്തിയാലും ഇളക്കാനാവാത്തവിധം സമുദായമനസ്സാക്ഷി മരവിച്ചുപോവുകയും സമുദായ നേതൃത്വം ആരിലുമില്ലാത്തവിധം മതാദ്ധ്യക്ഷന്മാരിലേക്കു വ്യാപിച്ചുപോവുകയും ചെയ്ത ഒരു കാലഘട്ടത്തിൽ ശ്രീ കച്ചിറമററത്തിന്റെ വ്യക്തിമഹത്ത്വം എത്രതന്നെയായാലും അപ്രസക്തമായിത്തീർന്നിരിക്കുന്നു. പ്രസിഡണ്ടുസ്ഥാനത്തിനുവേണ്ടി അടുത്തകാലത്തുണ്ടായ വടംവലികളൊക്കെ വല്ലതുമൊരു സ്ഥാനത്തിനുവേണ്ടിയുള്ള മോഹങ്ങളോ വ്യാമോഹങ്ങളോ ആണെന്നേ പറയാവൂ. ശ്രീ കച്ചിറമററം ചെയ്തതിലധികം ആർക്കും ഒന്നും ചെയ്യാനാവാത്ത അവസ്ഥയിലേക്ക് സമുദായം എത്തിച്ചേർന്നിരിക്കുന്നു എന്ന തിരിച്ചറിവാണ് ആദ്യം നമുക്കുണ്ടാകേണ്ടത്. ഇത്തരമൊരു കാലഘട്ടത്തിൽ ചെയ്യാവുന്നതിന്റെ പരമാവധി ശ്രീ ജോൺ കച്ചിറമററം ചെയ്തു എന്നുള്ളതിന്റെ അവസാനത്തെ തെളിവാണ് ഈ പുസ്തകം. സംഘടനയുടെ വിവിധ പദവികളിലിരുന്നുകൊണ്ട് കാലഘട്ടത്തോട് ആശയപരമായും ക്രിയാത്മകമായും പ്രതികരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട് എന്നത് ഒരു കാര്യം. അതിലും വിശേഷിച്ച് സമുദായത്തിന്റെയും സംഘടനയുടെയും പൂർവ്വകാലസേവനത്തെ തന്റെ രചനകളിലൂടെ നിരന്തരം അനുസ്മരിപ്പിച്ച് സമുദായാംഗങ്ങളുടെ അഭിമാനവും ചരിത്രബോധവും ഉണർത്തിയെടുക്കാനും സമകാലിക നിദ്രാണാവസ്ഥയിൽനിന്ന് സമുദായമനസ്സാക്ഷിയെ കുലുക്കിയെഴുന്നേല്പിക്കുവാനും അദ്ദേഹം നിസ്തന്ദ്രം യത്നിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് അതിനേക്കാൾ പ്രധാനപ്പെട്ട കാര്യം. 'ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും' 'കേരളസഭാരത്നങ്ങൾ' ഷെവ. തരിയതു കുഞ്ഞിത്തൊമ്മന്റെ ജീവചരിത്രം മുതലായ ഗ്രന്ഥങ്ങളെയാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്.

ഒരിക്കൽ ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം തുടങ്ങിവച്ചതും ശ്രീ കച്ചിറമററം തന്റെ മുഖ്യകർത്തവ്യമെന്ന നിലയിൽ പൂർത്തീകരിച്ചതുമായ

www.malankaralibrary.com

മഹാപ്രയത്നങ്ങളാണ് ഈ ഗ്രന്ഥപക്ഷങ്ങളിൽ ഒരു മൂകവിലാപമായി അമർന്നു കിടക്കുന്നത്. എപ്പോഴും അവഗണിക്കപ്പെടുകയും പലപ്പോഴും പരിഹസിക്കപ്പെടുകയും ചെയ്യുന്ന കേരള ക്രൈസ്തവരുടെ ദേശസേവന ചരിത്രം അത്യന്തസൂക്ഷ്മതയോടും അഭിമാനബോധത്തോടും കൂടി ആദ്യഗ്രന്ഥത്തിൽ അദ്ദേഹം രേഖപ്പെടുത്തിവച്ചു. അതിന്റെ അവതാരകനായി എന്നെ ബഹുമാനിച്ച അദ്ദേഹം വീണ്ടുമൊരവതാരികയ്ക്ക് എന്നെത്തന്നെ ചുമതലപ്പെടുത്തിയത് ആ പൂർവ്വകാലചരിത്രത്തിന്റെ തുടർപ്രവർത്തനത്തിനുവേണ്ടിയുള്ള ആഹ്വാനം ഈ കത്തുകളിൽ നിരന്തരം മുഴങ്ങുന്നതുകൊണ്ടായിരിക്കണം. അതെന്തുമാകട്ടെ, സമുദായത്തിന് സുസ്മരണീയമായ നേട്ടങ്ങളുണ്ടാക്കിക്കൊടുത്ത മുൻകാല നേതാക്കന്മാരുടെ ജീവചരിത്രവും സംഭാവനകളും ഔദാസീന്യജന്യമായ അന്ധകാരത്തിൽ മറഞ്ഞുപോകാതെ രേഖപ്പെടുത്തി വയ്ക്കുന്നതാണ് ഇപ്പോഴും പ്രസിദ്ധീകരണം തുടർന്നുകൊണ്ടിരിക്കുന്ന 'കേരള സഭാരത്നങ്ങൾ' എന്ന ബൃഹദ്ഗ്രന്ഥപരമ്പര.

'ഞാനൊരു ബാലനശക്തനെന്നാകിലും മാനിയാമെന്നുടെ താതനെയോർക്കണം' എന്നു യുദ്ധരംഗത്തുനിന്നു വിളിച്ചു പറഞ്ഞ് എതിരാളികളിൽ ഭീതിയും അണികളിലാവേശവുമുയർത്തിയ അഭിമന്യുവിന്റെ ധർമ്മമാണ് ഈ കത്തുകളിലൂടെ ശ്രീ കച്ചിറമററം നിർവ്വഹിക്കുന്നത്. ആരെല്ലാം എന്തെല്ലാം അവകാശവാദങ്ങളുമായി മുന്നോട്ടു വന്നാലും ഈ ഗ്രന്ഥങ്ങളുടെ രചനയിലൂടെ ശ്രീ ജോൺ കച്ചിറമററം നിർവ്വഹിച്ച സമുദായ സേവനം നിസ്തുലമായിരുന്നുവെന്ന് ചരിത്രകൗതുകമുള്ള ഭാവി ഗവേഷകരെങ്കിലും സമ്മതിക്കുമെന്നാണെന്റെ വിശ്വാസം.

പുസ്തകം വായനക്കാരന്റെ കൈയിലിരിക്കുമ്പോൾ അതിന്റെ ഉള്ളടക്കത്തെക്കുറിച്ച് അവതാരകൻ അധികം പ്രസംഗിക്കേണ്ട ആവശ്യമില്ല. സമകാലിക സംഭവങ്ങളുടെ രേഖകളെന്ന നിലയ്ക്കാണ് ചിലകത്തുകൾ ശ്രദ്ധാർഹമാകുന്നത്. സംഘടനാപ്രവർത്തകർക്കാവശ്യമായ നേതൃഗുണങ്ങളെക്കുറിച്ചുള്ള സ്റ്റഡിക്ലാസ്സുപോലെ ചിലതുപ്രത്യക്ഷപ്പെടുന്നു. പൂർവ്വസൂരികളുടെ വിസ്മൃതസേവനങ്ങളെ അനുസ്മരിപ്പിക്കുന്നവയാണു ചിലതെങ്കിൽ അംഗത്വസംഖ്യ വർദ്ധിപ്പിക്കുന്നതിന് ചിട്ടയായ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണു മററുചിലത്. ഇത്തരം കാര്യങ്ങൾ ഏതു സംഘടനാപ്രസിഡണ്ടിൽനിന്നും പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ സ്വഭാവ

www.malankaralibrary.com

ശുദ്ധിയും ധർമ്മനിഷ്ഠയുമുള്ളവരായിരിക്കാൻ ആഹ്വാനം നൽകുന്ന ലേഖനങ്ങൾ സംഘടനാപ്രവർത്തകരോടു മാത്രമുള്ളവയായി കരുതാനാവില്ല. ഒരുപടികൂടി മുന്നോട്ടുകടന്ന് തത്ത്വചിന്തയും ജീവിതനിരീക്ഷണവും പ്രതിഫലിപ്പിക്കുന്ന ചില കത്തുകൾ കത്തോലിക്കാസമുദായ പരിധിയും കടന്ന് സർവ്വജനസ്വീകാര്യമായ ആദർശമേഖലകളിലേയ്ക്കു പ്രവേശിക്കുന്നു. ആദ്ധ്യാത്മികവും ധ്യാനാത്മകവുമായ ചിന്തകൾകൊണ്ട് ദൈവശാസ്ത്ര മേഖലയെ സ്പർശിക്കുന്ന ചില കത്തുകളും ഇവയ്ക്കിടയിലുണ്ട്. ഒരു വിശ്വാസാധിഷ്ഠിത സമൂഹത്തിന്റെ നേതൃത്വത്തിന് തികച്ചും അർഹനാണു താനെന്ന് മൂകഭാഷയിൽ വിളിച്ചുപറയുന്നവയാണ് കച്ചിറമററത്തിന്റെ താദൃശരചനകൾ. അങ്ങനെനോക്കിയാൽ ഭൗതികജീവിത വിജയത്തിന് സഹായകമാകുന്ന ചിന്തകളും ആദ്ധ്യാത്മികാഭിവൃദ്ധിക്കുതകുന്ന നിർദ്ദേശ ങ്ങളും യഥോചിതം അനുസന്ധാനം ചെയ്തു സ്വാനുഭവത്തിന്റെ ചൂടും ചൂരും കലർത്തി രചിച്ചിരിക്കുന്ന ഈ ഗ്രന്ഥം കത്തോലിക്കാ കോൺഗ്രസ്സു പ്രവർത്തകനോ ക്രൈസ്തവമത വിശ്വാസിക്കോ മാത്രമല്ല മൂല്യത്തകർച്ച കൊണ്ടു മനുഷ്യാസ്തിത്വം തന്നെ അർത്ഥരഹിതമായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടത്തിന്റെ വിമോചനദാഹത്തിൽ ഭാഗഭാക്കാകുന്ന ഏതൊരു മനുഷ്യനും ഒരു പരിധിവരെ പ്രയോജനകരമായനുഭവപ്പെടും. കടന്നുപോയ ഏതാനും സംവത്സരങ്ങളിലെ സാമൂഹികജീവിതത്തിന്റെയും സമുദായ പ്രശ്നങ്ങളുടെയും മാനുഷികാവസ്ഥകളുടെയും മുന്നിൽ ശ്രീ ജോൺ കച്ചിറമററം എന്ന കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ഉയർത്തിപ്പിടിക്കുന്ന ഈ മുഖക്കണ്ണാടിയെ സസന്തോഷം ഞാൻ അനാച്ഛാദനം ചെയ്തു കൊള്ളുന്നു.

അറുപത്തിയേഴ് കത്തുകളടങ്ങിയ ഈ ഉപഹാരം ഗ്രന്ഥകാരന്റെ അറുപത്തിയേഴാം ജന്മദിനത്തിൽ പ്രകാശനം ചെയ്യാൻ ഇടവരുന്നു എന്നത് പ്രത്യേകം സന്തോഷം നൽകുന്നു.

കോട്ടയം

10-3-2004

പ്രൊഫ. മാത്യു ഉലകംതറ

www.malankaralibrary.com

# 1. സംഘടനാപ്രവർത്തനം

പ്രിയ സഹപ്രവർത്തകരേ,

കേരളത്തിലെ കത്തോലിക്കർ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരികമണ്ഡലങ്ങളിൽ അവഗണിക്കപ്പെടുകയും പുറംതള്ളപ്പെടുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് കത്തോലിക്കർ സംഘടിച്ചു പ്രവർത്തിക്കണം എന്ന ആശയം രൂപം കൊണ്ടത്. അതിനുള്ള ശ്രമങ്ങൾ പ്രധാനമായും നടത്തിയത് അഭ്യസ്തവിദ്യരായ അന്നത്തെ കത്തോലിക്കാ യുവജനങ്ങളായിരുന്നു. നിധീരിക്കൽ മാണികത്തനാർ, പാറയിൽ അവിരാതരകൻ തുടങ്ങിയവർ അതിന് എല്ലാ വിധ പ്രോത്സാഹനങ്ങളും നൽകി. കത്തോലിക്ക ക്രിസ്തീയമഹാജനസഭ, തുടർന്നു നടന്ന സാമൂഹ്യസമ്മേളനങ്ങൾ എല്ലാം ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങളെപ്പററി പഠിക്കുകയും സംഘടിച്ച് ശബ്ദിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി സമുദായാംഗങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്തു. തൽഫലമായി രൂപം കൊണ്ട കത്തോലിക്കാ കോൺഗ്രസ് പല ജനകീയ സമരങ്ങൾക്കും നേതൃത്വം നൽകുകയും വിജയിക്കുകയും ചെയ്തു. ദേശീയധാരയിൽ നിന്നുകൊണ്ട് സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി യത്നിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സിനു കഴിഞ്ഞകാലങ്ങളിൽ സാധിച്ചു. ഇന്നും ആ ദൗത്യം തുടർന്നുകൊണ്ടിരിക്കുകയാണ്.

രാഷ്ട്രീയരംഗത്ത് സംസ്ഥാനത്തും കേന്ദ്രത്തിലും അപ്രതീക്ഷിതമായ പല മാററങ്ങളും വന്നു കൊണ്ടിരിക്കുകയാണ്. ഭരണരംഗത്ത്, എന്തെല്ലാം മാററങ്ങളാണ് നാളെ നടക്കാൻ പോകുന്നതെന്ന് നമുക്ക് പ്രവചിക്കുവാൻ പോലും സാദ്ധ്യമല്ലാതായിരിക്കുന്നു. രാഷ്ട്രീയപ്രവർത്തകർക്ക് മൂല്യ ബോധം നഷ്ടപ്പെടുകയും, അധികാരമോഹികളായി തീരുകയും ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്. ജനാധിപത്യത്തിന്റെ ഭാവി തന്നെ അപകടത്തിലാകുമോയെന്ന് നാം ഭയപ്പെടേണ്ടിയിരിക്കുന്നു.

ഭാരതത്തിൽ വളർന്നുവരുന്ന കമ്മ്യൂണിസവും കമ്മ്യൂണിലിസവും ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിനുതന്നെ ഭീഷണിയായി തീരുമോയെന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ രാഷ്ട്രം നേരിടുന്ന വെല്ലുവിളികളെപ്പററി ക്രൈസ്തവർ പ്രത്യേകമായി പഠിക്കുകയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളെപ്പററി ചിന്തിക്കുകയും വേണം.

സഭയും രാഷ്ട്രവും നേരിടുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടുവാൻ ക്രൈസ്തവർ മുമ്പെന്നത്തേക്കാളധികം സംഘടിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എല്ലാ മേഖലയിലും ക്രൈസ്തവസാക്ഷ്യം വഹിക്കുവാൻ പൊതുപ്രവർത്തകരായ ക്രൈസ്തവർക്ക് പ്രത്യേക പരിശീലനം നൽകണം. സാമൂഹ്യതിന്മകൾക്കെതിരായ പോരാട്ടത്തിന് ക്രൈസ്തവർ നേതൃത്വം നൽകണം. എല്ലാ മണ്ഡലങ്ങളിലും ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഒരു തിരുത്തൽ ശക്തിയായി ക്രൈസ്തവർ പ്രവർത്തിക്കണം.

www.malankaralibrary.com

ക്രൈസ്തവസാക്ഷ്യത്തോടുകൂടിയുള്ള നമ്മുടെ പരിശ്രമങ്ങൾ ഫലവത്താകണമെങ്കിൽ നാം കൂടുതൽ ഐക്യത്തോടെ പ്രവർത്തിക്കണം. അതിന് എല്ലാ സമുദായ സ്നേഹികളും തയ്യാറായി മുന്നോട്ടു വരണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിന് ഇന്ന് 790-ഓളം ശാഖകൾ ഉണ്ടെങ്കിലും പല ശാഖകളും പ്രവർത്തനരഹിതമാണ്. ഈ നില മാറേണ്ടിയിരിക്കുന്നു. എല്ലാ ശാഖകളും സജീവമാകണം. കത്തോലിക്കരായ എല്ലാവരേയും കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ അണിനിരത്തണം.

പതിനായിരത്തോളം ആയുഷ്കാലസാമാജികരാണ് ഇന്ന് നമുക്കുള്ളത്. സാധാരണ സാമാജികർ വേറെയും ഉണ്ട്. ആയുഷ്കാലാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഒരു ലക്ഷം ആയുഷ്കാല അംഗങ്ങളെയെങ്കിലും കോൺഗ്രസ്സിൽ പുതിയതായി ചേർക്കണം. അതിന് എല്ലാ ശാഖാപ്രവർത്തകരും രൂപതാ ഭാരവാഹികളും താല്പര്യപൂർവ്വം മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുന്നു. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05-06-1996 — Sd/-

## 2. ഷെവ. കുഞ്ഞിത്തൊമ്മന്റെ നേതൃത്വം

പ്രിയ സഹപ്രവർത്തകരെ,

കേരള കത്തോലിക്കാ സമുദായത്തിന്റെ അഭിമാനഭാജനമാണ് ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ. പൗരസമത്വവാദപ്രക്ഷോഭണത്തിന്റെ മുന്നണി പോരാളിയായിരുന്ന കുഞ്ഞിത്തൊമ്മൻ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം സർക്കാർ സർവ്വീസിലും നിയമനിർമ്മാണ സഭകളിലും നേടിയെടുക്കുന്നതിനുവേണ്ടി യത്നിക്കുകയും വിജയം വരിക്കുകയും ചെയ്തു. സർ. സി.പിയുടെ വിദ്യാലയ ദേശസാൽക്കരണസംരംഭങ്ങൾക്കെതിരെ സമരം നയിച്ച കുഞ്ഞിത്തൊമ്മൻ ജയിലിൽ അടയ്ക്കപ്പെട്ടു. സമുദായത്തിനുവേണ്ടി നിരവധി ത്യാഗം സഹിച്ച – തന്റെ സമ്പാദ്യത്തിൽ സിംഹഭാഗവും സമുദായത്തിന്റെ നന്മയ്ക്കായി വിനിയോഗിച്ച – കുഞ്ഞിത്തൊമ്മൻ 1945–47 കാലഘട്ടത്തിൽ കത്തോലിക്കാകോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നു. അദ്ദേഹം പ്രസിഡന്റായിരിക്കുന്ന കാലത്താണ് രണ്ടരലക്ഷം പേർ ഒപ്പിട്ട ഒരു ഭീമഹർജി മഹാരാജാവിന് സമർപ്പിച്ചത്. കത്തോലിക്കാ കോൺഗ്രസ്സിന് ഒരു കേന്ദ്രഓഫീസ് ആദ്യമായി സ്ഥാപിച്ചതും ഏററം കൂടുതൽ ശാഖകൾ സ്ഥാപിച്ചതും ആയിരക്കണക്കിന് ആയുഷ്കാലാംഗങ്ങളെ കത്തോലിക്കാ കോൺഗ്രസ്സിൽ ചേർത്തതും കുഞ്ഞിത്തൊമ്മനായിരുന്നു. ദീർഘകാലം നിയമനിർമ്മാണ സഭയിൽ അംഗമായിരുന്ന കുഞ്ഞിത്തൊമ്മൻ തനിക്ക് ലഭിച്ച സന്ദർഭങ്ങളെല്ലാം അടിച്ചമർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്ത ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വിനിയോഗിച്ചു.

കത്തോലിക്കാ കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ പുതിയ ഭാരവാഹികൾ

www.malankaralibrary.com

ചാർജെടുത്തത് കുഞ്ഞിത്തൊമ്മന്റെ ശവകുടീരത്തിൽ പുഷ്പാർച്ചന നടത്തി പ്രാർത്ഥിച്ചതിന്റെ ശേഷമാണ്. അതിൽ ഞങ്ങൾക്കഭിമാനമുണ്ട്. അദ്ദേഹത്തിന്റെ നാമം ഒരു ദീപസ്തംഭം പോലെ ഞങ്ങളുടെ മുൻപിൽ ഉയർന്നു നിൽക്കുകയാണ്.

1882 ജൂലൈ 28-ാം തീയതിയാണ് കുഞ്ഞിത്തൊമ്മൻ ജനിച്ചത്. ഈ മാസം 28-ാം തീയതി അദ്ദേഹത്തിന്റെ 115-ാം ജന്മദിനമാണ്. അന്നുമുതൽ ഒരു വർഷക്കാലം കത്തോലിക്കാ കോൺഗ്രസ്സ് മെമ്പർഷിപ്പ് വർഷമായി ആചരിക്കുവാനും ഈ ഒരു വർഷത്തിനിടയിൽ ഒരു ലക്ഷം ആളുകളെ എ.കെ.സി.സി.യിൽ ആയുഷ്കാലാംഗങ്ങളായി ചേർക്കുവാനാണ് പരിപാടിയിട്ടിരിക്കുന്നത്. 115 പേർക്ക് ആയുഷ്കാലാംഗത്വം നൽകിക്കൊണ്ടായിരിക്കും മെമ്പർഷിപ്പ് വർഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നടത്തുക.

മെമ്പർഷിപ്പ് വർഷാചരണം വൻവിജയമാക്കി തീർക്കുവാൻ എല്ലാ സമുദായ സ്നേഹികളും മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുന്നു. ഈ സംരംഭത്തിൽ എ.കെ.സി.സിയുടെ എല്ലാ പ്രവർത്തകരും മത്സരബുദ്ധിയോടെ സഹകരിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ഏററം കൂടുതൽ അംഗങ്ങളെ ചേർക്കുന്ന വ്യക്തിക്കും ശാഖയ്ക്കും രൂപതാസംഘത്തിനും പ്രത്യേക അവാർഡുകൾ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ക്രൈസ്തവസമൂഹം നിരവധി വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ സംഘടിച്ച് ശക്തരാകുവാൻ നമുക്ക് സാധിക്കണം. എങ്കിൽ മാത്രമേ നമുക്ക് ഇവിടെ അഭിമാനപൂർവ്വം ജീവിക്കുവാൻ സാധിക്കുകയുള്ളു.

90 കോടി ജനങ്ങളുള്ള ഇന്ത്യയിൽ 1.75 ശതമാനമാണ് കത്തോലിക്കർ, അതിൽ പകുതിയോളം കത്തോലിക്കർ കേരളത്തിലാണ്. ശേഷിക്കുന്നവർ ഇന്ത്യയുടെ വിവിധഭാഗങ്ങളിലായി ചിതറിക്കിടക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ കെട്ടുറപ്പും ഭദ്രതയും ഐക്യവുമുള്ള ഒരു സംഘടന കേരളത്തിലെങ്കിലും സജീവമായി പ്രവർത്തിക്കേണ്ടതാണ്. ഭാരത കത്തോലിക്കരുടെ തന്നെ നിലനില്പിന് അത് ആവശ്യമാണ്. ഒരു സുശക്ത സംഘടനയെന്ന ലക്ഷ്യം വച്ച് പ്രവർത്തിക്കുവാൻ എല്ലാ സമുദായ സ്നേഹികളും തയ്യാറാകുക തന്നെ വേണം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05-07-1996 — Sd/-

# 3. സമൂഹത്തോടുള്ള കടപ്പാട്

പ്രിയ സഹപ്രവർത്തകരെ,

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. നാം പരസ്പരം സഹകരിച്ച് പ്രവർത്തിക്കേണ്ടവരാണ്. നാം എത്ര ധനവാനായാലും എത്ര കഴിവുകൾ ഉള്ളവനാണെങ്കിലും പല കാര്യങ്ങൾക്കും മററുള്ളവരെ ആശ്രയിക്കേണ്ടിവരും.

www.malankaralibrary.com

ഒരു വ്യക്തിക്ക് അവന്റെ കുടുംബത്തോടും സഹോദരീ സഹോദരങ്ങളോടും മാതാപിതാക്കളോടും നാട്ടുകാരോടും ഒക്കെ കുറെ കടപ്പാടുണ്ട്. ആ കടപ്പാട് സ്നേഹപൂർവ്വം ആംഗീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് നമ്മുടെ ജീവിതം ധന്യമാകുന്നത്.

നമുക്ക് സമൂഹത്തോടുള്ള കടപ്പാടാണ് പൊതുപ്രവർത്തനത്തിന് നമ്മെ പ്രേരിപ്പിക്കുന്നത്. ചിലർ രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെട്ടുകൊണ്ടായിരിക്കും ആ കടപ്പാട് നിർവ്വഹിക്കുന്നത്. മററു ചിലരാകട്ടെ സമുദായ പ്രവർത്തനത്തിലും സാമൂഹ്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടായിരിക്കും. ഏതു രംഗത്ത് പ്രവർത്തിച്ചാലും പൊതുപ്രവർത്തനത്തിലേർപ്പെടുന്നതിന്റെ ലക്ഷ്യം ഒന്നായിരിക്കണം. മററുള്ളവർക്ക് നന്മ ചെയ്യുക.

ജനാധിപത്യ ഭരണക്രമം ഇവിടെ നടപ്പിലായതോടുകൂടി പൊതുപ്രവർത്തനത്തിലേയ്ക്ക് ജനങ്ങൾ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുകയുണ്ടായി. അവർക്കു ലഭിക്കുന്ന അംഗീകാരവും പ്രസിദ്ധിയുമാണ് കുടുതൽ ആൾക്കാരെ പൊതുപ്രവർത്തനത്തിലേയ്ക്ക് നയിച്ചത് എന്ന യാഥാർത്ഥ്യം അംഗീകരിക്കുന്നു. പൊതു പ്രവർത്തകർ അംഗീകാരവും പ്രസിദ്ധിയും ആഗ്രഹിക്കുന്നത് തെററാണെന്ന് പറയുവാൻ നിവൃത്തിയില്ല. ചെയ്യുന്ന പ്രവർത്തിക്ക് അർഹിക്കുന്ന അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ കൂടുതൽ ആളുകൾ ആ രംഗത്തേയ്ക്ക് കടന്നുവരുകയുള്ളു. അതിനാൽ അംഗീകാരവും പ്രോത്സാഹനവും പ്രസിദ്ധിയുമെല്ലാം പൊതുപ്രവർത്തകർക്ക് ലഭിക്കാൻകൂടി സാഹചര്യം ഉണ്ടാകണം.

നേതൃസ്ഥാനത്തിനുവേണ്ടി ബലപരീക്ഷണം നടത്തുക ഇന്ന് സാധാരണ സംഭവമായിട്ടുണ്ട്. മത്സരിച്ച് കൂടുതൽ ആളുകളെ തങ്ങളുടെ പക്ഷത്തേക്ക് കൂട്ടിക്കൊണ്ടുവന്ന് അധികാരസ്ഥാനങ്ങൾ പിടിച്ചടക്കുന്നതും ജനാധിപത്യത്തിന്റെ ഒരു ഭാഗം തന്നെയാണ്. ആ നടപടിയേയും പഴിക്കാൻ സാധ്യമല്ല.

അധികാരസ്ഥാനത്തു കയറിപ്പററിയിട്ട് തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ജോലികൾ ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി ചെയ്യുവാൻ നമുക്ക് ബാദ്ധ്യതയുണ്ട്. അംഗീകാരവും പ്രസിദ്ധിയും ലഭിക്കാൻ മാത്രം നേതൃസ്ഥാനത്ത് കയറിയാൽ പോരാ ഏതു സ്ഥാനത്ത് നാം ആയിരിക്കുന്നുവോ ആ സ്ഥാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് നമ്മെ ഏൽപ്പിച്ചിരിക്കുന്ന ജോലികൾ കൃത്യമായി ചെയ്യുവാൻ നമുക്ക് കഴിയണം. സാമൂഹ്യപ്രവർത്തകരായാലും സമുദായ പ്രവർത്തകരായാലും തങ്ങൾക്ക് ലഭിക്കുന്ന സ്ഥാനത്തിനൊപ്പിച്ച് തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലികൂടി നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരാണ്. തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി ആത്മാർത്ഥമായി നിർവ്വഹിക്കാത്തവർ ഏററവും വലിയ പാപമാണ് ചെയ്യുന്നത്. തങ്ങളെ ചുമതലയേൽപ്പിച്ച ജനങ്ങളുടെ പുരോഗതിക്ക് അവർ വിലങ്ങുതടിയായി നിൽക്കുകയാണെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. ഭാരവാഹികൾ തങ്ങളുടെ ദൗത്യം നിർവ്വഹിക്കാതെ വരുമ്പോൾ പ്രസ്ഥാനത്തെ അവർ നശിപ്പിക്കുകയാണ് ചെയ്യുന്നത്. അധികാരസ്ഥാനത്തിനുവേണ്ടി പോരാടുക.

www.malankaralibrary.com

സ്ഥാനം ലഭിച്ചു കഴിയുമ്പോൾ തങ്ങൾ ഏറ്റെടുത്ത ജോലിയോട് ആത്മാർത്ഥത കാണിക്കാതിരിക്കുക അങ്ങനെയുള്ള പൊതുപ്രവർത്തകർ സമൂഹത്തോട് ചെയ്യുന്ന ദ്രോഹം കടുത്തതാണെന്ന് അവർ മനസ്സിലാക്കണം.

ഏതെങ്കിലും ഒരു പ്രധാന സംഭവം നടക്കുമ്പോൾ അതുമായി ബന്ധപ്പെട്ടവർ പ്രതികരിക്കുക സ്വാഭാവികമാണ്. അത് നേതാക്കൾ ചെയ്യേണ്ടതാണ്. ഇന്ന് പല പൊതുപ്രവർത്തകരുടേയും പ്രതികരണം പത്രങ്ങളിൽ മാത്രമായി തീരുകയാണ്. കുടിയിറക്കുണ്ടാകുമ്പോൾ – സിമറ്ററി തർക്കം മൂത്ത് സംഘട്ടനങ്ങൾ ഉണ്ടാകുമ്പോൾ–ഒക്കെ പല നേതാക്കന്മാരും അവിടം ഒന്നു സന്ദർശിക്കുകപോലും ചെയ്യാതെ ശക്തിയുക്തം പ്രസ്താവനകൾ ഇറക്കുന്ന അനുഭവം കാണാം. യാഥാർത്ഥ്യം മനസ്സിലാക്കാതെയിറക്കുന്ന പ്രസ്താവനകൾ പലപ്പോഴും ഗുണത്തേക്കാളേറെ അപകടമാണ് വരുത്തിവക്കുന്നത്. പ്രസ്താവനയിറക്കുന്ന നേതാക്കളുടെ ലക്ഷ്യം പ്രസിദ്ധി മാത്രമാണ്. വില കുറഞ്ഞ അത്തരം നടപടികൾ മൂലം അവർ സ്വയം, അപഹാസ്യരാകുകയാണ് ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല. അതിനേക്കാൾ ഗുരുതരമാണ് യോഗം ചേരാതെ കുറേപ്പേർകൂടി പത്രത്തിൽ ഒരു റിപ്പോർട്ട് കൊടുത്ത് യോഗം ചേർന്നതായും ഉഗ്രൻ പ്രസംഗങ്ങൾ നടത്തിയതായും റിപ്പോർട്ടുകൾ പ്രസിദ്ധീകരണങ്ങളിൽ വരുത്തുവാൻ ശ്രമിക്കുന്നത്. തങ്ങൾ വഹിക്കുന്ന സ്ഥാനത്തോട് – തങ്ങളെ ഏല്പിച്ച കടമകളോട് യാതൊരു ആത്മാർത്ഥതയുമില്ലാത്തവരാണ് ഇത്തരം വിലകുറഞ്ഞ നടപടികൾ സ്വീകരിക്കുന്നത്.

മററു ചില പൊതുപ്രവർത്തകർക്ക് എല്ലാ പരിപാടിയിലും പ്രസംഗിക്കണം. പ്രസംഗിച്ചു കഴിഞ്ഞാൽ തങ്ങളുടെ ഈ ലോകത്തിലെ ദൗത്യം കഴിഞ്ഞുവെന്നാണ് അവരുടെ വിശ്വാസം. പ്രസംഗിക്കാനുള്ള അവസരം ലഭിച്ചില്ലെങ്കിൽ പരിപാടികൾ സംഘടിപ്പിക്കുന്നവരെ വിമർശിക്കുകയായിരിക്കും അക്കൂട്ടരുടെ പരിപാടി. തങ്ങളേക്കാൾ അർഹിക്കുന്നവർക്ക് പോലും പരിപാടി കൊടുക്കണമെന്ന് അക്കൂട്ടർ പറയുകയില്ല. സ്വന്തം കാര്യം മാത്രം ചിന്തിക്കും.

ഇന്ന് പൊതു പ്രവർത്തകരിൽ കാണുന്ന ചില യാഥാർത്ഥ്യങ്ങളെപ്പററി മാത്രമാണ് സൂചിപ്പിച്ചത്. ഒരോ പൊതുപ്രവർത്തകനും തങ്ങളിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം പൂർണ്ണമായി നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ആത്മപരിശോധനനടത്തണം. ഈ അടുത്തകാലത്ത് കത്തോലിക്കാ കോൺഗ്രസ്സിന്റെ പല പ്രവർത്തകരും ആത്മാർത്ഥമായി പ്രവർത്തിക്കുന്നതുകാണുമ്പോൾ ആനന്ദമുണ്ടാകുകയാണ്. പല പ്രവർത്തകരും തങ്ങളെ തന്നെ മറന്ന് മററുള്ളവരെ ആദരിക്കാനും മററുള്ളവരെ അംഗീകരിക്കാനും തയ്യാറായി മുന്നോട്ടു വരുമ്പോൾ നമ്മുടെ മുൻകാലനേതാക്കന്മാരുടെ ചൈതന്യത്തിലേയ്ക്ക് അവർ മടങ്ങുന്നതായാണ് തോന്നുന്നത്. സ്റ്റേററ് കോൺഗ്രസ് പ്രക്ഷോഭണം നയിച്ച ശ്രീ. എം. എം. വർക്കി ഒരു സ്റ്റേജിൽ പോലും കയറി പ്രസംഗിച്ചിട്ടില്ല, ഒരു സ്വീകരണത്തിലും പങ്കെടുത്തിട്ടില്ല, പൂമാലകൾക്കുവേണ്ടി കഴുത്തും തലയും നീട്ടിനിന്നിട്ടില്ല. അദ്ദേഹം മററുള്ളവരെക്കൊണ്ട് പ്രസംഗിപ്പിച്ചു. മററുള്ളവർക്ക് സ്വീകരണം നൽകി. മററുള്ളവരെ ഹാരാർപ്പണം ചെയ്തു. ആ വർക്കി

www.malankaralibrary.com

യെന്ന മഹാപ്രതിഭാസം നമ്മുടെ പ്രവർത്തകർക്ക് മാർഗ്ഗദർശനം നൽകട്ടെ.

ജൂലൈ 28 മുതൽ ഒരു വർഷക്കാലം എ.കെ.സി.സി. മെമ്പർഷിപ്പ് വർഷമായി ആചരിക്കുകയാണ്. ഒരു ലക്ഷം ആയുഷ്കാലാംഗങ്ങളെ ചേർക്കുകയാണ് പദ്ധതി. എ.കെ.സി.സി.യുടെ എല്ലാ ശാഖകളിലും 100 പുതിയ ആയുഷ്കാലാംഗങ്ങളെ വീതം ചേർത്താൽ നമുക്ക് ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ സാധിക്കും. നമ്മുടെ പ്രവർത്തകർ എല്ലാം മറന്ന് തങ്ങളെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം മനസ്സിലാക്കി സംഘടനാപ്രവർത്തനത്തിൽ മുഴുകി ഈ സംരംഭം വിജയിപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം
05–08–1996

സ്നേഹപൂർവ്വം
Sd/-

# 4. പ്രവാചകദൗത്യം

പ്രിയ സഹപ്രവർത്തകരെ,

നാമല്ലാം ഭാരതീയരാണ്. ഭാരതജനതയുടെ സമഗ്രപുരോഗതിയായിരിക്കണം നമ്മുടെ ലക്ഷ്യം. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി ക്രൈസ്തവർ നടത്തിയിട്ടുള്ള ശ്രമങ്ങൾ ഇന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. കത്തോലിക്കാ സമുദായവും കത്തോലിക്കാ കോൺഗ്രസ്സും മുൻനിന്നു നടത്തിയ നിവർത്തന പ്രക്ഷോഭണവും പൗരസമത്വവാദപ്രക്ഷോഭണവും മലയാളി മെമ്മോറിയലും എല്ലാം ഉത്തരവാദിത്വബോധത്തോടെയുള്ള നമ്മുടെ പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്.

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 49 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. കനകജൂബിലി വർഷമാണിത്. രാഷ്ട്രീയസ്വാതന്ത്ര്യം നമുക്ക് ലഭിച്ചെങ്കിലും ഭാരതീയരെ എണ്ണമററ ബന്ധനങ്ങൾ ഇന്ന് വലയം ചെയ്തിരിക്കുകയാണ്. വർഗ്ഗവർണ്ണ വിദ്വേഷങ്ങളുടെ വൻകോട്ടകൾ നമുക്കു ചുററും ഉയർന്നുകൊണ്ടിരിക്കുന്നു. അഴിമതിയുടെ അഴുക്കുചാലുകൾ നാടിനെ കീറിമുറിച്ചുകൊണ്ടിരിക്കുന്നു. നിരക്ഷരതയും അന്ധവിശ്വാസങ്ങളും തീർക്കുന്ന തടവറകൾക്കുള്ളിൽ കോടിക്കണക്കിനാളുകൾ കഴിഞ്ഞുകൂടുന്നു. ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെ ചാട്ടവാറടിയേററ് തളരുന്ന ജനലക്ഷങ്ങളെയാണ് നാം എവിടെയുമിന്ന് കാണുന്നത്. ഈ ബന്ധങ്ങളിൽ നിന്നുമുള്ള സമഗ്രമോചനത്തിനാണ് നാമിന്ന് പരിശ്രമിക്കേണ്ടത്. സുവിശേഷത്തിന്റെ കാതൽ തന്നെ ക്രിസ്തുവിന്റെ വിമോചനവാഗ്ദാനമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി പ്രവാചകദൗത്യത്തോടെ പ്രവർത്തിക്കുവാൻ ഓരോ ക്രൈസ്തവനും തയ്യാറാകേണ്ടിയിരിക്കുന്നു.

ജനങ്ങളുടെമേൽ ഭരണാധികാരികളും മതാധികാരികളും അധികാരം നടത്തിപ്പോരുന്നതായി കാണുന്നു. ഭരണാധികാരികളുടെ പ്രവർത്തനങ്ങളോട്

www.malankaralibrary.com

സത്യസന്ധമായി പ്രതികരിക്കാതെ ഭരണാധികാരികളോട് ഒട്ടിനിൽക്കുന്ന ഒരു ശൈലിയാണ് മതാധികാരികൾ പലപ്പോഴും പുലർത്തിപ്പോരുന്നത്. അനീതി ചെയ്യുന്ന ഭരണാധികാരികളെയും അവയ്ക്ക് കൂട്ടുനില്ക്കുന്ന മതാധികാരി കളെയും വെല്ലുവിളിച്ചുകൊണ്ട് സത്യം തുറന്നു പറയുന്നവരും തിന്മക്കെതിരെ ചന്ദ്രഹാസം ഇളക്കുന്നവരുമായ ഒരു വിഭാഗം ആളുകളെയും നമുക്ക് ചരിത്രത്തിൽ കാണാം. അവരാണ് പ്രവാചകന്മാർ. സകല അധികാരപീഠ ങ്ങൾക്കും അവർ പേടിസ്വപ്നമായിരുന്നു.

ഭരണാധികാരികൾക്ക് പേടിസ്വപ്നമായിരുന്ന ആ പ്രവാചകന്മാരുടെ ദൗത്യമാണ് ഇന്ന് കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തകർ ഏറ്റെടുക്കേണ്ടത്. ചുരുക്കം ചില രാജാക്കന്മാരും പുരോഹിതന്മാരും പ്രവാചകറോൾ ഏറ്റെടുത്തി ട്ടുള്ളതായി ബൈബിളിൽ കാണുന്നുണ്ട്. എങ്കിലും അൽമായരിൽ നിന്നായി രുന്നു കൂടുതൽ പ്രവാചകന്മാർ ഉണ്ടായത്. രാജാക്കന്മാരും പുരോഹിതന്മാരും അഭിഷേചിക്കപ്പെട്ടിരുന്നു. എന്നാൽ പ്രവാചകർക്ക് അഭിഷേകച്ചടങ്ങുണ്ടായി രുന്നില്ല. അദൃശ്യനായ ദൈവം അദൃശ്യമാംവിധം അവരെ അപ്രതീക്ഷിതമായി അഭിഷേചിക്കുകയാണ് ചെയ്തത്. മാനുഷികമാദ്ധ്യമങ്ങൾക്ക് പ്രസക്തിയി ല്ലാത്ത ഒരു ദൈവവിളിയായിരുന്നു അവരുടേത്. സഭാചരിത്രത്തിലും പ്രവാചക ശബ്ദം മുഴങ്ങികേട്ടിട്ടുണ്ട്. സിയന്നയിലെ വി. കത്രീനയും അസീസിയിലെ ഫ്രാൻസിസും അതിനുദാഹരണങ്ങളാണ്.

മൂന്നാം സഹസ്രാബ്ദത്തിലേക്ക് നാം കാലെടുത്തുവയ്ക്കുകയാണ്. അതിനുള്ള ഒരുക്കത്തിലാണ് കത്തോലിക്കാസഭ ലോകമെമ്പാടും ഏർപ്പെട്ടിരി ക്കുന്നത്. ഈ സന്ദർഭത്തിൽ സഭ ചില പുതിയ പ്രവാചകരെ പ്രതീക്ഷിക്കു ന്നുണ്ട്. അനീതിചെയ്യുന്ന ഭരണകൂടങ്ങളും അവയോട് പ്രതികരിക്കാത്ത മത സാരഥികളും വർദ്ധിച്ചിരിക്കുന്ന ഈ കാലയളവിൽ നൂറുകണക്കിന് പ്രവാചകർ തന്നെ പിറക്കണം. അവരുടെ മൂർച്ചയേറിയ ശാസനാശരങ്ങൾ തിന്മയുടെ ശക്തികളിൽ ചെന്നു തറക്കണം.

രാഷ്ട്രീയരംഗത്തായാലും മതമേഖലയിലായാലും തെററ് തെററാണെന്ന് പറയുവാൻ പ്രവാചകർക്ക് സാധിക്കും. തെററിനെതിരെ പ്രതികരിക്കുമ്പോൾ അവരെ രാജ്യദ്രോഹികളോ, സഭാദ്രോഹികളോ, ദൈവനിഷേധികളോ ആയി മുദ്രകുത്തരുത്. പ്രവാചകരെ തേജോവധം ചെയ്യുന്നത് ദുഷിച്ച അധികാരി കളുടെ ഒരു വിനോദമാണ്. സ്നാപകന്റെ തല താലത്തിൽ വച്ച് കാണുവാനാണ് അവർ ആഗ്രഹിക്കുന്നത്. അനീതിക്കെതിരായ സംരംഭങ്ങളെയും സ്വാഗതം ചെയ്യുവാൻ അധികാരികൾ തയ്യാറാകണം. പല അധികാരികളിലും ആ സഹിഷ്ണുത ഇന്നില്ല. ആമോസുമാരും ജറമിയാസുമാരുമില്ലാത്ത തങ്ങളെ വിമർശിക്കുന്ന ഒരു വ്യക്തിപോലുമില്ലാത്ത ഒരു സമൂഹത്തെയാണ് അവർ പ്രതീക്ഷിക്കുന്നത്. തിരുവായ്ക്ക് എതിർവായ് പാടില്ലെന്നാണവരുടെ സിദ്ധാന്തം. വല്ലവരും വാ തുറന്നാൽ അവരുടെ അധരം അടയ്ക്കപ്പെടുന്നു. നാവ് അരിഞ്ഞുവീഴ്ത്തുകയും ചെയ്യുന്നു.

കോഴ, ചതി, കാപട്യം, കരിഞ്ചന്ത, മദ്യം, മായം, കൊല, കൊള്ള, നഗ്നനൃത്തം, നീലച്ചിത്രം, സന്മാർഗ്ഗത്തകർച്ച, സ്വവർഗ്ഗരതി മുതലായ

www.malankaralibrary.com

തിന്മകളുടെ തീവ്രതവച്ചുനോക്കുമ്പോൾ ഇന്നത്തെ കേരളം ജോനാസ് പ്രവാചകന്റെ കാലത്തെ "നിനിവേ നഗരം" പോലെയായിട്ടുണ്ട്. ഒരു പുതിയ പ്രവാചകൻ ഇവിടെ പിറക്കേണ്ടിയിരിക്കുന്നു. ഉന്നത പീഠങ്ങളിൽ ഉപവിഷ്ടരായവർ തങ്ങളുടെ കിരീടങ്ങളും ചെങ്കോലുകളും വലിച്ചെറിഞ്ഞ്, സിംഹാസനങ്ങളിൽ നിന്നിറങ്ങുകയും സാധാരണക്കാരോടും സാധുക്കളോടും ഒത്ത് ചാക്കുവസ്ത്രം ധരിക്കുകയും ചാരം പൂശുകയും പിഴയിടിക്കുകയും പ്രലപിക്കുകയും ചെയ്യാൻ സമയമായിരിക്കുന്നു.

എ.കെ.സി.സി. പല പ്രതിസന്ധിഘട്ടങ്ങളിലും പ്രവാചകറോൾ ഏറ്റെടുത്തിട്ടുണ്ട്. തെറ്റു ചെയ്യുന്ന അധികാരവർഗ്ഗങ്ങൾക്കെതിരെ പോരാടിയ പാരമ്പര്യമാണ് എ.കെ.സി.സിക്കുള്ളത്. ഇന്ന് എ.കെ.സി.സി. പ്രവർത്തകർ പ്രവാചകദൗത്യം ഏറ്റെടുക്കണം. തെറ്റുചെയ്യുന്നവർക്കെതിരെ–അവർ ആരായാലും–കർശനനടപടി സ്വീകരിക്കണം.

ധനാർത്തിയും സംഭരിക്കലും അവസാനിപ്പിച്ച്, മനുഷ്യത്വപൂർണ്ണമായ സ്നേഹത്തിന്റെ ശുശ്രൂഷനിർവ്വഹിച്ചുകൊണ്ട്, മൂല്യബോധമുള്ള നേതൃത്വം വളർത്തിക്കൊണ്ട, സ്വാർത്ഥതവെടിഞ്ഞ് പൗരബോധമുള്ള ജനതയായിക്കൊണ്ട്, മനുഷ്യനെയും മനുഷ്യജീവനെയും ആദരിച്ചുകൊണ്ട്, മതസാമൂഹ്യ മൂല്യങ്ങൾക്കവേണ്ടി ജീവിതം പുനഃസമർപ്പണം ചെയ്തുകൊണ്ട് പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാൻ–നവഭാരതം സൃഷ്ടിക്കാൻ ഓരോ എ.കെ.സി.സി. പ്രവർത്തകനും പ്രവാചകദൗത്യം ഏറ്റെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം

05–09–1996 Sd/-

# 5. അൽമായന്റെ കടമ

പ്രിയ സഹപ്രവർത്തകരെ,

കുവൈററിൽ പ്രവർത്തിക്കുന്ന മലയാളി കാത്തലിക്ക് അസോസിയേഷന്റെ രജതജൂബിലിയാഘോഷ ഉദ്ഘാടനത്തിൽ പങ്കെടുക്കുവാൻ ഭാരവാഹികൾ എന്നെ ക്ഷണിക്കുകയുണ്ടായി. ആ ക്ഷണം സ്വീകരിച്ച് ഇക്കഴിഞ്ഞ തിരുവോണദിവസം വൈകുന്നേരം വിമാനമാർഗ്ഗം ഞാൻ കുവൈററിൽ എത്തിച്ചേർന്നു. അസോസിയേഷന്റെ ഭാരവാഹികളടക്കം നിരവധി ആളുകൾ എന്നെ സ്വീകരിക്കുവാൻ വിമാനത്താവളത്തിൽ എത്തിയിരുന്നു. എന്നെ കണ്ട മാത്രയിൽ നിരവധി ചോദ്യങ്ങൾ അവർ ചോദിച്ചു. ഞാൻ പ്രതീക്ഷിച്ച ചോദ്യങ്ങൾ ഒന്നുമായിരുന്നില്ല അവർ ചോദിച്ചത്. എന്നെ കാണുമ്പോൾ ആദ്യമേ അവർ ഓണാശംസകൾ നേരുമെന്നും കേരളത്തിലെ കാലാവസ്ഥയെപ്പററിയും, രാഷ്ട്രീയസ്ഥിതിഗതികളെപ്പററിയും മററുമുള്ള ചോദ്യങ്ങൾ ചോദിക്കുമെന്നുമായിരുന്നു ഞാൻ വിചാരിച്ചത്. എന്റെ പ്രതീക്ഷകളെയും കണക്കുകൂട്ടലുകളെയും എല്ലാം തെററിച്ചുകൊണ്ട് അവർ

www.malankaralibrary.com

എന്നോട് ചോദിച്ചു. കേരളത്തിൽ എന്തുണ്ട് വിശേഷം? വൈദികർ ഈയിടെ എറണാകുളം ടൗണിലൂടെ പ്രകടനം നടത്തിയെന്നും വൈദികമേലദ്ധ്യക്ഷന്മാർക്കെതിരായി ലഘുലേഖകളും വാൾപോസ്ററുകളും ഉപയോഗിച്ചുള്ള സമരം നടത്തുന്നുവെന്നും കേൾക്കുന്നത് ശരിയാണോ? കത്തോലിക്കർ തമ്മിലുള്ള അകൽച്ച ഗുരുതരമാണോ? സഭയുടെ കൂട്ടായ്മയെ ഇത് എങ്ങിനെ ബാധിക്കും? ഇന്ന് സീറോ മലബാർസഭയിൽ പ്രകടമായികാണുന്ന ഭിന്നത-അഭിപ്രായവ്യത്യാസങ്ങൾ സഭയെ എങ്ങിനെ ബാധിക്കും? ഇങ്ങനെയുള്ള നിരവധിചോദ്യങ്ങൾ അവർ ചോദിച്ചു. ഒന്നു കൂടി അവർ ചോദിച്ചു. ഈ തർക്കത്തിലും ഭിന്നതയിലും കത്തോലിക്കാ കോൺഗ്രസ്സ് ആരുടെ പക്ഷത്താണ്?

കേരളത്തിന് വെളിയിൽ അധിവസിക്കുന്ന മലയാളി കത്തോലിക്കർ കേരളസഭയെപ്പററി എത്ര താല്പര്യത്തോടെയാണ് ചിന്തിക്കുന്നത് എന്ന് ഈ ചോദ്യങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. കേരളസഭയിൽ ഒരു കാലത്ത് റീത്തുകളുടെ പേരിലും ഇപ്പോൾ സീറോ-മലബാർ സഭയിൽ ആരാധനാക്രമത്തിന്റെയും ഭരണസംവിധാനത്തിന്റെയും പേരിലും ഉയർന്നുവന്നിട്ടുള്ള അഭിപ്രായവ്യത്യാസങ്ങളും അനൈക്യവും മറുനാട്ടിലെ മലയാളി കത്തോലിക്കർ വളരെയധികം ഉൽക്കണ്ഠയോടെയാണ് വീക്ഷിക്കുന്നതെന്നും മനസ്സിലാക്കാൻ സാധിച്ചു. നിർഭാഗ്യപരമായ ഈ സ്ഥിതിവിശേഷത്തിൽ കേരള കത്തോലിക്കർക്കുള്ള ഉൽക്കണ്ഠയും ഞാൻ അവരോട് ചേർന്ന് പങ്കുവെയ്ക്കുകയുണ്ടായി.

ഇന്ന് സഭയിൽ നിലവിലുള്ള ഭിന്നാഭിപ്രായങ്ങളെപ്പററി കത്തോലിക്കാ കോൺഗ്രസ്സിന് വ്യക്തമായ കാഴ്പ്പാടുണ്ട് എന്ന് ഞാൻ കുവൈററിലെ സഹോദരന്മാരെ അറിയിക്കുകയുണ്ടായി. ആരാധനാക്രമത്തെപ്പററിയും സഭയിലെ ഭരണക്രമത്തെപ്പററിയും ആരോഗ്യപരമായ രീതിയിൽ തുറന്ന ചർച്ചകൾ നടത്തുന്നതിനെ കോൺഗ്രസ്സ് സ്വാഗതം ചെയ്യുന്നുവെന്നും പക്ഷെ ചർച്ച പലപ്പോഴും വിദ്വേഷപരമായി മാററുന്നതിൽ വളരെയധികം ദുഃഖം കത്തോലിക്കാ കോൺഗ്രസ്സിനുണ്ടെന്നും അവരെ ധരിപ്പിച്ചു. ഈ പ്രശ്നത്തിൽ ഏതെങ്കിലും ഒരു കക്ഷിയിൽ കോൺഗ്രസ്സ് പങ്കുചേരുകയില്ലെന്നും അംഗങ്ങളിൽ പലർക്കും ഈ വിഷയത്തെ സംബന്ധിച്ച് ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ടെന്നും ഭിന്നാഭിപ്രായങ്ങളെ സമന്വയിപ്പിക്കുവാനും പരസ്പരസ്നേഹത്തിലും ബഹുമാനത്തിലും ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകുവാനുമാണ് കോൺഗ്രസ്സ് ആഗ്രഹിക്കുന്നതെന്നും അവരോട് തുറന്നു പറയുകയുണ്ടായി.

മറുനാടൻ മലയാളികൾ വളരെ ഉൽക്കണ്ഠയോടെയാണ് കേരളസഭയെ ഇന്നു നോക്കുന്നത്. സഭയിൽ ഒരു കാലത്ത് നിലനിന്നിരുന്ന അച്ചടക്കം തകർക്കുന്ന വിധത്തിലുള്ള നീക്കങ്ങൾ ആരുടെ പക്ഷത്തുനിന്ന് ഉണ്ടായാലും അതിനെ നിഷ്പക്ഷമായി എതിർക്കുവാൻ നമുക്ക് കടമയുണ്ടെന്നും ആ ഉത്തരവാദിത്വം എ.കെ.സി.സി. ഏറെറടുക്കണമെന്നും അവർ അഭിപ്രായപ്പെടുകയുണ്ടായി.

ആരാധനാക്രമത്തെയും ഭരണസംവിധാനത്തെപ്പററിയും ഉള്ള ചർച്ചകൾ ഒരു തുറന്ന യുദ്ധത്തിലേക്ക് നീങ്ങിയിട്ട് പത്തുവർഷത്തോളമായി. ഏതാനും

www.malankaralibrary.com

വർഷങ്ങൾക്കുമുൻപ് സീറോ - മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും അതിനുശേഷം പൊന്തിഫിക്കൽ കമ്മീഷൻ കേരളത്തിലെത്തി തെളിവെടുക്കുകയും ചെയ്തതോടെയാണ് ചർച്ചകളും പ്രവർത്തനങ്ങളും സകല ജനാധിപത്യ മര്യാദകളെയും അതിലംഘിച്ചുകൊണ്ട് മുന്നേറിയത്. പലരും വിളിച്ചുകൂട്ടിയ സമ്മേളനങ്ങളിൽ നേതാക്കൾ നടത്തിയ പ്രസംഗങ്ങളും അച്ചടിച്ച് പ്രചരിപ്പിച്ച ലഘുലേഖകളും വ്യക്തിവിദ്വേഷം പരത്തുന്നതും സഭയിലെ അച്ചടക്കം തകർക്കുന്നതിന് ഉതകുന്നതും മാത്രമായിരുന്നു. വിലകുറഞ്ഞ പബ്ലിസിററിക്കുവേണ്ടി അവർ നടത്തിയ നീക്കങ്ങൾ സഭയെ അപഹാസ്യമാക്കുകതന്നെ ചെയ്തു. സഭയുടെ പൊതുനന്മയല്ല അവർ കാംക്ഷിച്ചത്. തങ്ങളുടെ സ്വന്തം താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇന്നലെ വരെ സഭയിൽ ഒരു പിളർപ്പിനും ശ്രമിക്കാതിരുന്ന - ഒരു ശീശ്മയും കെട്ടിപ്പെടുക്കാൻ ശ്രമിക്കാതിരുന്ന അൽമായർ - അറിഞ്ഞോ അറിയാതെയോ ഇരുകക്ഷികളിലും അണിനിരന്ന് വിദ്വേഷജനകമായ പ്രവർത്തനങ്ങളിൽ സഹകരിച്ചുവെന്ന് പറയേണ്ടിവരുന്നതിൽ ദുഃഖമുണ്ട്.

സഭയുടെ ഭരണക്രമത്തെപ്പററി ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകാം. റോമിൽ നിക്ഷിപ്തമായിരിക്കുന്നതും സീറോ - മലബാർ സിനഡിന് ലഭിക്കേണ്ടതുമായ മെത്രാന്മാരെ നിയമിക്കാനും മേജർ ആർച്ച് ബിഷപ്പിനെ തിരഞ്ഞെടുക്കാനും ഉള്ള അവകാശം സഭാസിനഡിന് നൽകണമെന്നും പറയുന്നതിൽ തെററില്ല. അതേസമയം ഇന്നയാളെ എടുക്കരുത്, നിയമിക്കരുത് എന്നു പറയുന്നത് അല്പത്വത്തിന്റെയും സഹിഷ്ണുതയില്ലായ്മയുടെയും ലക്ഷണമാണ്. ഇന്നത്തെ രാഷ്ട്രീയക്കാർപോലും ഇന്നയാളെ മന്ത്രിയാക്കരുത്, ഇന്നയാളെ പ്രസിഡണ്ടാക്കരുത് എന്നു പറയാറില്ല. രാഷ്ട്രീയക്കാർപോലും പറയാൻ മടിക്കുന്ന കാര്യങ്ങളാണ് സഭയിലെ ഉന്നതശീർഷർ പറയുന്നത്. നിയമത്തിന്റയും ചരിത്രവസ്തുതയുടെയും വെളിച്ചത്തിൽ പ്രശ്നങ്ങളെ നേരിടാൻ കഴിവില്ലാത്തവരാണ് - ചരിത്രാവബോധമില്ലാത്തവരാണ് - വെറും വികാരജീവികളാണ് - ഈ തരംതാണ പ്രവർത്തികൾക്ക് നേതൃത്വം നൽകുന്നത്. അവരുടെ വലയിൽ വീഴാതെ ധീരമായി മുന്നേറാൻ അൽമായ സഹോദരങ്ങൾക്ക് കഴിയണം.

ഏതാനും വർഷം മുൻപ് ഒരു ആർച്ച് ബിഷപ്പിനെ അധിക്ഷേപിച്ചുകൊണ്ട് ഏതാനും ലഘുലേഖകൾ ഒരു പക്ഷത്തുനിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ചപ്പോൾ ആ നീക്കത്തെ അതിശക്തിയായി വിമർശിച്ചുകൊണ്ട് ബുള്ളററിനിൽ ഞാൻ എഴുതിയ വാചകങ്ങൾ നിങ്ങൾ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. അതുപോലെതന്നെ വെറും രാഷ്ട്രീയക്കാരുടെ ശൈലിയിൽ വൈദികർ പ്രകടനം നടത്തുകയും വ്യക്തികളെ ആക്ഷേപിച്ചു കൊണ്ട് ലഘുലേഖകളും വാൾപോസ്റ്ററുകളും തയ്യാറാക്കുകയും ചെയ്യുന്നതു കാണുമ്പോൾ - എങ്ങിനെ പ്രിയ സഹോദരരെ നമുക്ക് മൗനമവലംബിക്കുവാൻ സാധിക്കും. വിദ്വേഷം പരത്തുന്ന ലഘുലേഖകൾ വിതരണം ചെയ്യാനും വാൾ പോസ്റ്ററുകൾ ഒട്ടിക്കാനും ഉള്ള ചുമതലക്കാരല്ല അൽമായർ. യൂദയായിലെ

www.malankaralibrary.com

മരുഭൂമിയിൽകൂടി അധർമ്മത്തിനെതിരെ ഉഗ്രശാസനകൾ നൽകിക്കൊണ്ട് ഓടി നടന്ന സ്നാപകയോഹന്നാന്റെ മാർഗ്ഗം സ്വീകരിച്ചുകൊണ്ട്, സഭയിൽ ഭിന്നിപ്പും അകൽച്ചയും വരുത്തുന്നുവരെ ഒററപ്പെടുത്താൻ കടപ്പെട്ടവരാണ് അൽമായർ. കുറുന്തോട്ടിക്ക് വാതം പിടിച്ചിരിക്കുന്നു. നാം അപകടത്തിലേക്ക് നീങ്ങുന്നു. അൽമായർ ആരുടെയും കുഴലൂത്തുകാരായി മാറാതെ സഭയുടെ കൂട്ടായ്മയിൽ ഒന്നുചേർന്ന് അനീതിക്കെതിരെ ശബ്ദിക്കാൻ അൽമായന് സാധിക്കണം. ആ പ്രവാചകദൗത്യം നിങ്ങൾ ഏറെറടുക്കണമെന്നഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം

05–10–1996 Sd/-

# 6. നാനാറായ് ഖന്നയുടെ ദുഃഖം

പ്രിയ സഹപ്രവർത്തകരെ,

ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് 49 വർഷങ്ങൾ പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. കനകജൂബിലി വർഷമാണിത്. ഭാരതസ്വാതന്ത്ര്യത്തിന്റെ കനകജൂബിലി ഭാരതത്തിനകത്തും ഭാരതത്തിനുവെളിയിൽ അധിവസിക്കുന്ന ഭാരതീയരും വളരെ വിപുലമായ തോതിൽ ആഘോഷിക്കുകയാണ്. ജർമ്മനിയിൽ നടന്ന ആഘോഷപരിപാടികളുടെ റിപ്പോർട്ടുകൾ പത്രങ്ങളിൽ നാം വായിച്ചുകഴിഞ്ഞു.

ജൂബിലിയാഘോഷിക്കുമ്പോൾ സ്വാതന്ത്ര്യം നേടിത്തരുന്നതിനുവേണ്ടി ജീവാർപ്പണം ചെയ്ത അനേകായിരങ്ങളുടെ കഥ നമ്മുടെ സ്മരണയിലൂടെ കടന്നുപോവുകയാണ്. ഭഗത്സിംഗിനേപ്പോലുള്ള ആദർശശാലികൾ ജീവൻ കൊടുത്തു നേടി തന്നതാണ് നമ്മുടെ സ്വാതന്ത്ര്യം. സുഭാഷ് ചന്ദ്രബോസിനേപ്പോലുള്ള ധീരനേതാക്കൾ ആയുധമേന്തി നടത്തിയ സമരത്തിന്റെ ഫലം കൂടിയാണ് നമ്മുടെ സ്വാതന്ത്ര്യം. ഇന്ത്യയുടെ ദേശീയപതാക പാറിക്കളിക്കുന്ന ഒരു പടക്കപ്പലിൽ മാത്രമേ ഇന്ത്യയിലേക്ക് മടങ്ങുകയുള്ളുവെന്ന് ശപഥം ചെയ്ത് സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ചെമ്പകരാമനും സ്വാതന്ത്ര്യം നേടിത്തരുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ലോകത്തിനുമുഴുവൻ പുതിയ ഒരു സമരമാർഗ്ഗം കാണിച്ചു കൊടുത്തുകൊണ്ട് നടത്തിയ ഐതിഹാസികമായ സമരമാണ് അവസാനം നമ്മെ സ്വാതന്ത്ര്യത്തിനർഹരാക്കിത്തീർത്തത്.

മഹത്തായ സ്വാതന്ത്ര്യസമരത്തിലേർപ്പെട്ട് നിരവധി ത്യാഗങ്ങൾ അനുഭവിച്ച ഭാരതീയരെ നാം ഈ അവസരത്തിൽ ഓർമ്മിക്കണം. അനേകായിരങ്ങളാണ് മർദ്ദനങ്ങൾ അനുഭവിച്ചത്. അനേകായിരങ്ങൾ കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടു. അനേകായിരങ്ങൾ നിറതോക്കിന് മുൻപിൽനിന്ന് നിർഭയം പൊരുതി വീരമരണം പ്രാപിച്ചു. എന്തിനുവേണ്ടിയായിരുന്നു അവർ ഈ ത്യാഗങ്ങൾ അനുഭവിച്ചത്. നമ്മെ സ്വതന്ത്രരാക്കുവാൻ ഈ സമരത്തിലേർപ്പെട്ടപ്പോൾ അവർ യാതൊരു പ്രതിഫലവും ഇച്ഛിച്ചിരുന്നില്ല. അവർ എല്ലാ ജീവിതസൗകര്യങ്ങളും ഉപേക്ഷിച്ചാണ് സ്വാതന്ത്ര്യസമരത്തിലേർ

www.malankaralibrary.com

പ്പെട്ടത്. എം.എൽ.എ യോ എം.പി.യോ, മന്ത്രിയോ ആകാമെന്ന പ്രതീക്ഷയിലും ആയിരുന്നില്ല അവർ സ്വാതന്ത്ര്യസമരം നയിച്ചത്. മുഴുവൻ നഷ്ടപ്പെടുത്തുവാൻ തയ്യാറായി സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽ ഇറങ്ങി പ്രവർത്തിച്ച ആ രാജ്യ സ്നേഹികളുടെ ഹൃദയവിചാരങ്ങൾ നമുക്ക് മനസിലാക്കുവാൻ സാധിച്ചിട്ടുണ്ടോ?

സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവരുടെ എണ്ണം ഒന്നിനൊന്ന് കുറഞ്ഞുകൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ജനിച്ചവരാണ് ഇന്ത്യയിലെ വോട്ടറന്മാരിൽ അധികം പേരും. ഭരണാധികാരികളിൽ പലരും 1947നു ശേഷം ജനിച്ചവരുമാണ്.

മുൻതലമുറ കഷ്ടപ്പെട്ടു നേടിത്തന്ന സ്വാതന്ത്ര്യം ഇന്ന് നാം നമ്മുടെ സ്വാർത്ഥതയ്ക്കുവേണ്ടി വിനിയോഗിക്കുകയാണോ? ജയിലറകളെ കണ്ടു കൊണ്ട് രാഷ്ട്രീയപ്രവർത്തനം നടത്തി സ്വാതന്ത്ര്യം നേടിത്തന്ന ഒരു തലമുറ യുടെ കഥ നാം വിസ്മരിക്കരുത്. രാഷ്ട്രീയപ്രവർത്തനം ഒരു ബിസിനസ്സ് ആയി കണക്കിലെടുത്താണ് ഇന്നത്തെ തലമുറ പ്രവർത്തിക്കുന്നതെങ്കിൽ കഴിഞ്ഞ തലമുറ നമുക്ക് മാപ്പുതരികയില്ലായെന്ന് നാം മനസ്സിലാക്കണം. ഇന്നത്തെ ഭരണാധികാരികൾ വിശ്വാസവഞ്ചന, കൈക്കൂലി, കള്ളരേഖ ചമക്കൽ തുട ങ്ങിയ ക്രിമിനൽ കുററങ്ങൾക്ക് വിധേയരായി വിചാരണ നേരിടുകയും കാരാഗ്രഹത്തിൽ അടക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. സ്വാത ന്ത്ര്യത്തിനുവേണ്ടി പോരാടിയവർ ഇന്ന് ദുഃഖിതരാണ്. ഇന്നത്തെ ഈ ദുർഭരണം കണ്ട് സഹിക്കുവാൻ അവർക്ക് സാധിക്കുകയില്ല.

തങ്ങളുടെ മേൽ അഴിമതിയാരോപണം ഉന്നയിച്ചപ്പോൾ മന്ത്രിസ്ഥാനം രാജിവച്ചുകൊണ്ട് അന്വേഷണത്തിന് വിധേയനായ ഇ. ജോൺ ഫീലിപ്പോസിനേ പ്പോലുള്ളവരെയാണ് സ്വാതന്ത്ര്യസമരസേനാനികൾക്കിഷ്ടം. അങ്ങനെയുള്ള ഒരു തലമുറയുടെ കയ്യിൽനിന്നു അധികാരം അവസരവാദികൾ തട്ടിയെടുത്ത തിൽ അവർ ദുഃഖിക്കുകയാണ്.

ആ ദുഃഖത്തിന്റെ ഹൃദയവേദനയുടെ ഫലമായാണ് സ്വാതന്ത്ര്യസമര സേനാനി നാനാറായ് ഖന്ന എന്ന എൺപത്തിമൂന്നുകാരനായ മഹാരാഷ്ട്രക്കാ രൻ ഈ രാജ്യത്ത് ജീവിതം വേണ്ടെന്ന് എഴുതിവച്ചിട്ട് ആത്മഹത്യ ചെയ്തത്. അദ്ദേഹം ആത്മഹത്യ ചെയ്തത് ശരിയല്ലായിരിക്കാം. എങ്കിലും അദ്ദേഹത്തിന്റെ ഹൃദയവേദന മനസ്സിലാക്കുവാൻ ഇന്നത്തെ ഭരണാധികാരികൾക്കും രാഷ്ട്രീയ പ്രവർത്തകർക്കും കഴിയണം. ഒരു പഞ്ചായത്തു മെമ്പർപോലും ആകാൻ ഖന്ന ശ്രമിച്ചില്ല. അധികാരത്തിന്റെ അകത്തളങ്ങളിൽ പ്രവേശിക്കാൻ അദ്ദേഹം ആഗ്രഹിച്ചുമില്ല. കോടിക്കണക്കിന് രൂപാ സമ്പാദിക്കാനോ ബംഗ്ലാവുകൾ തീർക്കാനോ തോട്ടങ്ങൾ വാങ്ങിക്കൂട്ടുവാനോ ആഗ്രഹിക്കാതെ എല്ലാം രാഷ്ട്രത്തിനുവേണ്ടി ത്യജിച്ച ഖന്നയെ പോലുള്ളവരുടെ ഹൃദയവേദന മനസ്സിലാക്കുവാൻ ഭാരതമക്കൾക്കു കഴിയണം.

ഓരോ ഭാരതീയനും ഇന്നനുഭവിക്കുന്ന അപരിഹാര്യമായ നിസ്സഹാ യാവസ്ഥയുടെ നിലവിളിയാണ് ഖന്നയുടെ ആത്മഹത്യയിലൂടെ നാം

www.malankaralibrary.com

കേൾക്കേണ്ടത്. അദ്ദേഹത്തിന്റെ ആത്മഹത്യ അതിഭീകരമായ ഒരു നിരാശയുടെ ഫലമായിരുന്നു. "രാജ്യത്തിന്റെ ദയനീയ സ്ഥിതിക്ക് സാക്ഷിയാകാൻ തന്നെക്കൊണ്ടാവില്ലെന്നു" എഴുതിവച്ച ഖന്നയുടെ വാക്കുകൾ ഓരോ ഭാരതീയന്റെയും മനസ്സാക്ഷിയുടെ മുൻപിൽ മുഴങ്ങി കേൾക്കുക തന്നെ വേണം.

സ്വന്തം കാര്യലാഭത്തിനുവേണ്ടി തെററായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും കൈക്കൂലി വാങ്ങി കാര്യങ്ങൾ നടത്തി കൊടുക്കുന്നതും എല്ലാം തെററുകളാണ്. കള്ളവും ചതിയുമില്ലാത്ത സത്യസന്ധമായ ഒരു പ്രവർത്തനം മാത്രം നടക്കുന്ന ഒരു രാജ്യമായി നമ്മുടെ രാഷ്ട്രത്തെ ഉയർത്തുന്നതിന് നാമോരോരുത്തരും ശ്രമിക്കണം. തെററുകൾക്കെതിരെ പടപൊരുതുവാനുള്ള ധാർമ്മികശക്തി നാം കരസ്ഥമാക്കണം. നിസ്സംഗതാ മനോഭാവം ഉപേക്ഷിച്ച് സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ സമസ്തശക്തികളെയും ശേഖരിച്ചുകൊണ്ട് മുന്നേറുവാൻ ഓരോ ക്രൈസ്തവനും തയ്യാറായി മുന്നോട്ടുവരണം. ഖന്നയുടെ വേദന നമ്മുടെയും കൂടി വേദനയായി കാണുവാൻ നമുക്ക് സാധിക്കണം. അതിനായി നമുക്കൊത്തൊരുമിച്ച് പ്രവർത്തിക്കാം. ഒരു പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് സൃഷ്ടിക്കാം. നമുക്കൊന്നായി മുന്നേറാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05–11–1996 — Sd/-

# 7. രാഷ്ട്രീയ സംഘട്ടനങ്ങൾ

പ്രിയ സഹപ്രവർത്തകരെ,

വിവിധജാതി മതവർഗ്ഗങ്ങളിൽ പെട്ടവരും വിവിധഭാഷകൾ സംസാരിക്കുന്നവരും തിങ്ങിവസിക്കുന്ന നാടാണ് ഭാരതം. വൈവിദ്ധ്യങ്ങൾ പലതുണ്ടെങ്കിലും പൊതുവിൽ ഇവിടത്തെ ജനങ്ങൾ നാനാത്വത്തിൽ ഏകത്വം ദർശിക്കുകയും പരസ്പരം സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. സംഘർഷാത്മകമായ അന്തരീക്ഷം പലപ്പോഴും വളർന്നുവന്നിട്ടുണ്ടെങ്കിലും അവയെല്ലാം തരണം ചെയ്തു മുന്നോട്ടുപോകുവാൻ ഭാരതജനതയ്ക്ക് സാധിച്ചിരുന്നുവെന്നത് അഭിമാനകരമാണ്. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ഭരണം നടത്തിയിരുന്ന രാജാക്കന്മാരും ചക്രവർത്തിമാരും ജനങ്ങൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന തന്ത്രം അവർ പ്രയോഗത്തിൽ കൊണ്ടുവന്നിരുന്നില്ല.

രണ്ടു നൂററാണ്ടുകാലം ഇന്ത്യയെ അടക്കിഭരിച്ച ബ്രിട്ടീഷ്കാർ ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന തന്ത്രം ആവിഷ്കരിച്ചു. ആ തന്ത്രത്തിന്റെ ഫലമായി ഹിന്ദു മുസ്ലീം സംഘട്ടനങ്ങൾ പലേടത്തും നടന്നു. മതമൗലികവാദം ശക്തിപ്പെടുന്നതിനും ഒരു പരിധിവരെ അത് സഹായകരമായി.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ജനാധിപത്യഭരണസംവിധാനം നിലവിൽ വന്നു. വ്യത്യസ്ത ചിന്താഗതികൾ ഉള്ള രാഷ്ട്രീയ കക്ഷികൾ അധികാര

www.malankaralibrary.com

ത്തിലേറാൻ ശ്രമമാരംഭിച്ചു. രാഷ്ട്രീയപാർട്ടികളിൽപ്പെട്ടവർ അധികാരം പിടിച്ചെടുക്കാൻ ജനങ്ങളെ ആകർഷിക്കുന്ന തന്ത്രങ്ങൾ ആവിഷ്കരിച്ചു. ഈ നീക്കം യഥാർത്ഥത്തിൽ ജനാധിപത്യത്തിന്റെ വിജയമായിരുന്നു.

ജനാധിപത്യം അങ്ങനെ വിജയകരമായി മുന്നേറിയപ്പോൾ അവസരവാദികളും അധികാരക്കൊതിയന്മാരും രാഷ്ട്രീയ പാർട്ടികളിൽ പ്രാമുഖ്യം നേടി ജനാധിപത്യപാർട്ടികളെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ ഏതുമാർഗവും സ്വീകരിക്കുവാൻ തയ്യാറായി രാജ്യത്തിന്റെ വിശാലതാൽപര്യങ്ങളെ വിസ്മരിച്ചുകൊണ്ട് ഏതുമാർഗം സ്വീകരിച്ചും അധികാരം പിടിച്ചെടുക്കുന്ന ശ്രമമായി. രാഷ്ട്രീയം ഒരു ബിസിനസായി അവർ കൈകാര്യം ചെയ്തു. ജനാധിപത്യപാർട്ടികളെ എഴുതപ്പെട്ട ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുവാൻ ആ നേതൃത്വത്തിന് സാധിച്ചു.

അധികാരദുർവിനിയോഗത്തിലൂടെ ജനങ്ങളെ തങ്ങളുടെകൂടെ അണിനിരത്തുവാനാണ് അവർ ആദ്യം ശ്രമിച്ചത്. തങ്ങളെ സമീപിക്കുന്നവർക്ക് അധികാരത്തിന്റെ ശക്തി ഉപയോഗിച്ച് നിയമം വിട്ട് ഏതു കാര്യവും സാധിച്ചുകൊടുക്കുവാൻ ശ്രമമായി. അതിന് പാർട്ടിപ്രവർത്തകരും മന്ത്രിമാരും ഭരണകർത്താക്കളും കൂട്ടുനിന്നു. ഉദ്യോഗസ്ഥവർഗ്ഗത്തിന്റെ മേൽ സമ്മർദ്ദം ചെലുത്തി. അഴിമതിയും സ്വജനപക്ഷപാതവും നാടാകെ വളർന്നു. ക്രിമിനൽ കുററവാളികളെ രക്ഷിക്കാൻ പോലീസ് സ്റ്റേഷനിൽ സമ്മർദ്ദം ചെലുത്തി. രാജ്യത്ത് ക്രമസമാധാനം തകർത്തു. ഇതൊക്കെ രാജ്യത്തിന് അപകടകരമാണെന്ന് ആരും ചിന്തിച്ചില്ല. ആരെങ്കിലും ഈ ദുർനീക്കങ്ങൾക്കെതിരെ ശബ്ദിച്ചാൽ അവരെ പാർട്ടിയിലും ജനങ്ങളുടെയിടയിലും നിശബ്ദമാക്കാൻ അവർക്കു സാധിച്ചു.

ഒരു പാർട്ടിയിൽ മാത്രമല്ല എല്ലാപാർട്ടികളിലും ഈ പ്രവണത വളർന്നുവന്നു. രാഷ്ട്രീയ സംഘട്ടനങ്ങൾക്കുവരെ പ്രേരണ നൽകി. രാഷ്ട്രീയ കൊലപാതകങ്ങൾ ഒന്നിനൊന്നു വർധിച്ചു. ദേവാലയങ്ങളും മോസ്കുകളും അമ്പലങ്ങളും പൊളിച്ചാണെങ്കിലും വർഗീയവിദ്വേഷം ആളിക്കത്തിച്ചാണെങ്കിലും പാർട്ടിയെ ശക്തിപ്പെടുത്തുവാൻ ശ്രമമാരംഭിച്ചു. ഒരു സംഘട്ടനം നടക്കുമ്പോൾ എല്ലാവരും അതിനെ പഴിക്കേണ്ടതിനുപകരം ഏതെങ്കിലും പക്ഷം ചേർന്ന് രാഷ്ട്രീയമുതലെടുപ്പിനുള്ള ശ്രമമാണ് ഇന്ന് നടക്കുക. ഈ സ്ഥിതിവിശേഷം അപകടകരമാണ്.

ഒരു പറമ്പിൽ അമ്പലവും പള്ളിയും മോസ്കും നിലനിന്നിരുന്ന കേരളത്തിൽ ഇന്ന് സമുദായസംഘട്ടനങ്ങൾ നടക്കുകയാണ്. ഭാഷയുടെയും വർഗത്തിന്റെയും വർണത്തിന്റെയും എല്ലാം അടിസ്ഥാനത്തിൽ സംഘട്ടനങ്ങൾ! രാജ്യത്ത് എന്ത് ആക്രമണം നടന്നാലും അതിനെ പഴിക്കുവാനല്ല, അതിൽനിന്നും രാഷ്ട്രീയമുതലെടുപ്പ് നടത്തുവാനാണ് എല്ലാ രാഷ്ട്രീയ കക്ഷികളും ശ്രമിക്കുന്നത്. ഇന്ന് ബി.ജെ.പി. പ്രവർത്തകരും മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരും തമ്മിൽ പലസംഘട്ടനങ്ങളും നടന്നുകഴിഞ്ഞു. കോൺഗ്രസും മാർക്സിസ്ററുകളും തമ്മിലും സംഘട്ടനങ്ങൾ നടക്കുന്നു.

www.malankaralibrary.com

സംഘട്ടനങ്ങളും അതേതുടർന്ന് ബന്ദുകളും ഇന്ന് സർവ്വസാധാരണം. ഇവ ജനങ്ങൾക്ക് വരുത്തിവയ്ക്കുന്ന കഷ്ടനഷ്ടങ്ങളെപ്പററി ആർക്കും ചിന്തയില്ല.

ഈ പ്രവണതയ്ക്കെതിരെ ദേശീയതാൽപര്യങ്ങൾ സംരക്ഷിക്കുവാൻ തയ്യാറുള്ളവരുടെ യുവജനമുന്നേററം ഉണ്ടാകുകതന്നെ വേണം. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ അണിനിരക്കണം. അതിനുള്ള ശ്രമത്തിൽ പങ്കു ചേരുവാൻ, ഒരു നല്ല നാളയെ സൃഷ്ടിക്കുവാൻ എല്ലാ ജനങ്ങളും തയ്യാറായി മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05-12-1996 — Sd/-

# 8. വിശുദ്ധരായ മാതാപിതാക്കളിൽ നിന്ന്......

പ്രിയ സഹപ്രവർത്തകരേ,

സീറോ - മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ തിരുമേനി ജനുവരി ഒന്നാം തീയതി എഴുതിയ വിടവാങ്ങൽ കത്താണ് ഈ കത്തെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. ആ കത്തിൽ സീറോ - മലബാർ സഭയുടെ പുതിയ അപ്പസ്തോലിക് അഡ്മിനിസ്റ്ററേറ്റർ മാർ വർക്കി വിതയത്തിലിനെപ്പററി കർദ്ദിനാൾ പടിയറ ഇപ്രകാരം എഴുതിയിരിക്കുന്നു.... "വിശുദ്ധരായ മാതാപിതാക്കളിൽ നിന്നും ജനിച്ച് ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ ശിക്ഷണവും ലഭിച്ച് സഭയിൽ സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിയാണദ്ദേഹം." മാർ വർക്കി വിതയത്തിലിനെ, എല്ലാ അർത്ഥത്തിലും ജസ്റ്റീസായിരുന്ന ഷെവ. ജോസഫ് വിതയത്തിലൂടെയാണ് കർദ്ദിനാൾ തിരുമേനി നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത്.

ജസ്റ്റീസ് ഷെവ. ജോസഫ് വിതയത്തിൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായി നാലുവർഷക്കാലം പ്രവർത്തിക്കുകയുണ്ടായി. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം കത്തോലിക്കാ കോൺഗ്രസ്സിനെ വളർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തത് ഷെവ. വിതയത്തിലായിരുന്നു. അദ്ദേഹത്തിന്റെ വിനയവും പക്വതയും പാണ്ഡിത്യവും ലളിതവും വിശുദ്ധിയോടുകൂടിയുള്ളതുമായ ജീവിതവും ആണ് കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുവാൻ ഇടയാക്കിയത്. തന്നിൽ ലഭിച്ച അധികാരം ദീർഘനാൾ തന്റെ കൈപ്പിടിയിൽ പിടിച്ചുനിർത്തുവാൻ എല്ലാവരും ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ യുവാക്കളെ സംഘടനയിലേക്ക് കൊണ്ടുവരുവാനും അവരുടെ കരങ്ങളിലേക്ക് അധികാരം കൈമാറുവാനും അതീവ താല്പര്യം പ്രകടിപ്പിച്ച ഒരു അസാമാന്യ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഷെവ. വിതയത്തിൽ. കത്തോലിക്കാ കോൺഗ്രസ്സിന് ഒരു യുവജനവിഭാഗം രൂപീകരിച്ചുകൊണ്ട് യുവജനങ്ങളുടെ ഒരു മുന്നേററം തന്നെ കോൺഗ്രസ്സിലേക്ക് കൊണ്ടു വന്നത് സമുദായാചാര്യനായിരുന്ന ഷെവ. വിതയത്തിലായിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം ശരിക്കും ഗ്രഹി

www.malankaralibrary.com

ച്ചതുകൊണ്ടാണ് മാർ പടിയറ ഈ വാക്കുകൾ ഷെവ. വിതയത്തിലിനെപ്പററി പറഞ്ഞിരിക്കുന്നത്.

ഷെവ. വിതയത്തിലിന്റെ പണ്ഡിതോചിതമായ ലേഖനങ്ങൾ ഞാൻ ചെറുപ്പം മുതലേ വായിച്ചിട്ടുണ്ടെങ്കിലും ഞങ്ങൾ തമ്മിലുള്ള പരിചയം ആരംഭിക്കുന്നത് അദ്ദേഹം പ്രസിഡണ്ടായി ചാർജ്ജെടുത്തതിനുശേഷമാണ്. എന്നേക്കാൾ 40 വയസ്സ് കൂടുതലുണ്ടായിരുന്ന ഷെവ. വിതയത്തിലിനെ ആദരവോടുകൂടി അകലെനിന്ന് വീക്ഷിക്കുവാനേ ആദ്യം എനിക്ക് സാധിച്ചിട്ടുള്ളു. ശുഭ്രവസ്ത്രധാരിയായ നല്ല ഉയരമുള്ള വ്യക്തി – ഷെവലിയർ പദവി ലഭിച്ച വ്യക്തി, ജസ്റ്റീസ്, നിരവധി ജനകീയ പ്രക്ഷോഭണങ്ങൾക്ക് നേതൃത്വം നൽകിയ പ്രക്ഷോഭകാരി, ഈ കാര്യങ്ങളെല്ലാം അദ്ദേഹത്തിൽ നിന്നും വളരെ അകന്ന് നിൽക്കുവാൻ എന്നെപ്പോലുള്ളവരെ പ്രേരിപ്പിച്ചു.

ഏതാനും മാസങ്ങൾകൊണ്ട് ആ സമുദായനേതാവിന്റെ ഇപ്പോഴും പിടികിട്ടാത്ത മാസ്മരശക്തിയിൽ ഞങ്ങൾ അമർന്നുപോയി. കാഴ്ചയിൽ ക്ഷീണിതനെങ്കിലും ആ ക്ഷീണത്തെ വകവയ്ക്കാതെ ശാഖകൾ സ്ഥാപിക്കാൻ ഇടവകകളിലും രൂപതാകേന്ദ്രങ്ങളിലും ഓടിയെത്തുന്നതും ലോട്ടറി ഏർപ്പെടുത്തിക്കൊണ്ട് അതിന്റെ പ്രചരണത്തിനായി കേരളമാകെ സഞ്ചരിച്ചതും എ.കെ.സി.സി.ക്ക് സ്വന്തമായ ഒരു ആസ്ഥാനമന്ദിരത്തിന് എറണാകുളത്തിന്റെ വിരിമാറിൽ സ്ഥലം കണ്ടെത്തി വാങ്ങിയതും എല്ലാം അന്ന് എന്നപോലെ ഇന്നു ഞാൻ സ്മരിക്കുകയാണ്.

ഷെവ. വിതയത്തിൽ പ്രസിഡണ്ട് സ്ഥാനത്തുനിന്ന് മാറിയതിനുശേഷവും മുടക്കംകൂടാതെ യോഗങ്ങളിൽ പങ്കെടുത്തിരുന്നു. വാർദ്ധക്യത്തിലും ട്രെയിനിലും ബസിലും കയറി യാത്രചെയ്തു വരുവാൻ അദ്ദേഹത്തിന് വിഷമമുണ്ടായിരുന്നില്ല. വാഹനവുമായി എത്താമെന്ന് പറഞ്ഞാൽ അതുപോലും അദ്ദേഹം സമ്മതിക്കുമായിരുന്നില്ല.

ഞാൻ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായതുമുതൽ ഷെവ. വിതയത്തിലിനെ മുടക്കംകൂടാതെ സന്ദർശിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും അനുഗ്രഹങ്ങളും സ്വീകരിക്കുവാനായി. ഞാൻ പലപ്പോഴും വിട്ടുവീഴ്ചയില്ലാതെ കാർക്കശ്യത്തോടുകൂടി പെരുമാറുന്ന ഒരാളായിരുന്നു. അപ്പോഴൊക്കെ എനിക്ക് അദ്ദേഹം നൽകിയ ഉപദേശങ്ങൾ ഒരു ആദ്ധ്യാത്മിക പിതാവിന്റേതുപോലുള്ളതായിരുന്നു.

1983–ൽ എ.കെ.സി.സി. ഒരു അവാർഡ് നൽകി വിതയത്തിലിനെ ആദരിക്കാൻ തീരുമാനിച്ചു. 1989–ൽ അദ്ദേഹത്തിന്റെ നവതിയാഘോഷിക്കുവാനും കർദ്ദിനാൾ തിരുമേനിയെക്കൊണ്ട് ഷെവ. വിതയത്തിലിനെ പൊന്നാട അണിയിക്കുവാനും കോൺഗ്രസ്സ് തീരുമാനിച്ചു. പക്ഷെ അതിനുള്ള സമ്മതം വാങ്ങുവാൻ ഞാൻ വളരെയധികം പാടുപെടേണ്ടി വന്നു. അവാർഡുകളും സ്വീകരണങ്ങളും ഒന്നും തനിക്കിനി വേണ്ടെന്നും ചെറുപ്പക്കാരെയാണ് ആദരിക്കുകയും അംഗീകരിക്കുകയും പ്രോൽസാഹിപ്പിക്കപ്പെടുകയും ചെയ്യേണ്ടതെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. 1989–ലെ ബി.എൽ.എം.ന്റെ

www.malankaralibrary.com

കേരളസഭാതാരം അവാർഡ് ഷെവ. വിതയത്തിലിന് കൊടുക്കുവാൻ തീരുമാനിച്ചപ്പോൾ അദ്ദേഹത്തിന്റെ സമ്മതം വാങ്ങുവാൻ എന്നെയാണ് അവർ ചുമതലപ്പെടുത്തിയത്. ആ സമ്മതം വാങ്ങുകയെന്നതായിരുന്നു ഏററം വിഷമകരമായ കാര്യം. പി.ഒ.സി. യുടെ സമീപമുള്ള വിതയത്തിലിന്റെ ഭവനത്തിൽ മൂന്നു മണിക്കൂറുകളോളം സമ്മതം വാങ്ങുവാൻ ഞാൻ ഇരിക്കേണ്ടി വന്നു. അവസാനം പി.ഒ.സി. ചാപ്പലിൽ പോയി വൈകുന്നരം ഞങ്ങൾ പ്രാർത്ഥിച്ചു. തിരികെ വീട്ടിൽ വന്ന് തിരുഹൃദയരൂപത്തിന്റെ മുൻപിൽനിന്ന് പ്രാർത്ഥിച്ചതിനുശേഷമാണ് അദ്ദേഹം സമ്മതം നൽകിയത്.

ഷെവലിയറെ കണ്ട് യാത്ര പറഞ്ഞിറങ്ങുമ്പോൾ തിരുഹൃദയത്തിന്റെ രൂപത്തിനു മുമ്പിൽ എന്നെ നിറുത്തി പ്രാർത്ഥിച്ചതിനുശേഷമേ എന്നെ യാത്രയാക്കിയിട്ടുള്ളൂ. വലിയ പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യാൻ ചെന്നിട്ടുള്ള സന്ദർഭങ്ങളിലെല്ലാം വളരെ ശാന്തമായി സംസാരിച്ച് വളരെ മനഃസമാധാനത്തോടെ എന്നെ പറഞ്ഞയച്ചിട്ടുള്ള കാര്യം എനിക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. വാർദ്ധക്യത്തിൽ സദാസമയവും തന്റെ വീടിന്റെ വരാന്തയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന വിതയത്തിലിനെ കാണുമ്പോൾ ഉണ്ടാകുന്ന അനുഭവം വിവരിക്കാൻ വാക്കുകൾ ഇല്ല.

ഷെവലിയറിന്റെ ഏതാനും പാസ്സ്പോർട്ട് സൈസ് ഫോട്ടോ എനിക്കാവശ്യമായി വന്നു. ഞാൻ ഒരു കത്തയച്ചു. ഇന്ന ദിവസം ഞാൻ അവിടെ വരുമെന്നും ഒരു ഫോട്ടോ എനിക്ക് തരണമെന്നും ഉപേക്ഷ വിചാരിക്കരുതെന്നും ഞാൻ എഴുതിയിരുന്നു. അന്ന് എനിക്കവിടെ ചെന്നെത്താൻ സാധിച്ചില്ല. എന്റെ മകളെയും ഭാര്യയേയും കൂടി ഞാൻ വിതയത്തിൽ സാറിന്റെയടുത്തേക്ക് പറഞ്ഞയച്ചു. 90-ാം വയസ്സിലും അദ്ദേഹത്തിന്റെ അതിഥി സൽക്കാരവും സ്നേഹപൂർവ്വമായ പെരുമാററവും യാത്രപറഞ്ഞിറങ്ങാൻ നേരം നടത്തിയ പ്രാർത്ഥനയും അവരെ ഹർദ്ദാആകർഷിച്ചു. അവർ തിരികെ വന്നപ്പോൾ ഷെവലിയർ സാറിനെ കണ്ടോ ഫോട്ടോ കിട്ടിയോ എന്ന് ആകാംക്ഷാപൂർവ്വം ഞാൻ ചോദിച്ചു. ഞങ്ങൾ ഇന്ന് ഒരു വിശുദ്ധനെ കണ്ടു. ഫോട്ടോ തന്നു. ഞങ്ങളെ പ്രാർത്ഥിച്ചനുഗ്രഹിച്ചുവിട്ടുവെന്നായിരുന്നു അവരുടെ മറുപടി. പിന്നീട് പലപ്പോഴും എന്റെ മകൾ വിതയത്തിൽ സാറിനെ സന്ദർശിക്കുവാൻ പോകുമായിരുന്നു.

എന്തെന്ത് ഓർമ്മകളാണ് അദ്ദേഹത്തെപ്പററി പടിയറ തിരുമേനിയുടെ വാക്കുകൾ വായിച്ചപ്പോൾ മനസ്സിൽകൂടി ഓടിയെത്തിയത്. ഒരു പക്ഷേ അദ്ദേഹം മരിക്കുന്നതിനുമുമ്പുള്ള കാൽനൂററാണ്ടുകാലം അദ്ദേഹവുമായി ഏററം അടുത്തിടപെട്ട വ്യക്തി ഞാനായിരിക്കും. അതിനാൽ ഒട്ടനവധി അനുഭവങ്ങൾ ഉള്ള വ്യക്തിയും ഞാനായിരിക്കും.

ഷെവ. വിതയത്തിലിനെപ്പോലെ പ്രാർത്ഥനാജീവിതം നയിക്കുവാൻ നമ്മളിൽ എത്ര പേർക്കു സാധിക്കും. സ്വന്തം മക്കളെ പ്രാർത്ഥനാരൂപിയിലും ആദ്ധ്യാത്മിക ശിക്ഷണത്തിലും വളർത്താൻ നമുക്ക് സാധിക്കുന്നുണ്ടോ?

ഷെവ. വിതയത്തിൽ എഴുതിയിട്ടുള്ള ലേഖനങ്ങൾ ഒന്ന് സമാഹരിച്ച്

www.malankaralibrary.com

പ്രസിദ്ധീകരിച്ചാൽ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയെപ്പററി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എ.കെ.സി.സി. ഷെവ. തര്യത് കുഞ്ഞിത്തൊമ്മൻ സ്റ്റഡി സെന്റർ പുനരുദ്ധരിക്കാനും ഷെവ. ജോസഫ് വിതയത്തിൽ റിസേർച്ച് സെന്റർ സ്ഥാപിക്കാനും തീരുമാനമെടുത്തിരിക്കുന്നത് വലിയ പ്രതീക്ഷകളോടെയാണ്. 1947–ന് മുൻപുള്ള കാലഘട്ടത്തെ രൂപപ്പെടുത്തിയ ഒരു മഹാപ്രതിഭയായിരുന്നു ഷെവ. കുഞ്ഞിതൊമ്മൻ. ഷെവ. വിതയത്തിലാകട്ടെ സ്വാതന്ത്ര്യത്തിന് മുൻപ് ത്യാഗപൂർവ്വമായ സേവനം അനുഷ്ഠിക്കുകയും സ്വാതന്ത്ര്യത്തിനുശേഷം കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ഒരു പുതിയ ആദ്ധ്യാത്മിക ചൈതന്യത്തോടെ മുന്നേറുകയും ചെയ്തു. ആ ആദ്ധ്യാത്മികശക്തിയുടെ സ്രോതസ്സ് കണ്ടെത്തുവാൻ നമുക്ക് സാധിച്ചാൽ നമ്മുടെ ജീവിതവും വിശുദ്ധമാക്കാൻ സാധിക്കും.

നമുക്കൊക്കെ പിടികിട്ടാത്ത ഒരു മഹാ ആദ്ധ്യാത്മികശക്തിയുടെ മകനാണ് സീറോ – മലബാർ സഭയുടെ അധിപനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കാററിലും കോളിലും പെട്ട് ആടിയുലഞ്ഞു നീങ്ങുന്ന സീറോ – മലബാർ സഭയെ നയിക്കുവാൻ നമ്മുടെ മുൻ പ്രസിഡണ്ടിന്റെ മകന് സാധിക്കട്ടെയെന്നാശംസിക്കുന്നു. ഷെവ. വിതയത്തിലിനെപ്പോലെ ആദ്ധ്യാത്മികമായി വളരുവാനും പ്രാർത്ഥനാജീവിതം നയിക്കുവാനും നമുക്ക് പൂർണ്ണമായി സാധിച്ചെന്ന് വരികയില്ല. എങ്കിലും ആ ആഗ്രഹത്തോടെ നമ്മുടെ ജീവിതം ക്രമീകരിച്ചാൽ വലിയ കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് സാധിച്ചെന്ന് വരാം.

അതിനായി നമുക്കോരുരുത്തർക്കും ആത്മാർത്ഥമായി ശ്രമിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05–03–1997 — Sd/-

# 9. കേരളസർക്കാരിന്റെ മദ്യനയം

പ്രിയ സഹപ്രവർത്തകരേ,

സംസ്ഥാനത്ത് കൂടുതൽ കള്ളുഷാപ്പുകളും വിദേശമദ്യവിൽപന കേന്ദ്രങ്ങളും ഇന്ന് നിലവിലുള്ള ദൂരപരിധിപോലും പരിഗണിക്കാതെ അനുവദിക്കാനും 1987–91 കാലഘട്ടത്തിൽ എവിടെയെല്ലാം മദ്യഷാപ്പുകൾ ഉണ്ടായിരുന്നോ അവിടെയെല്ലാം പുനരാരംഭിക്കാനും കേരള സർക്കാർ എടുത്ത തീരുമാനം ഒട്ടേറെ വിവാദങ്ങൾക്ക് വഴിതെളിക്കുകയുണ്ടായി. കേരളസർക്കാരിന്റെ ഈ മദ്യനയത്തിനെതിരെ കേരളജനത ഒററക്കെട്ടായി മുന്നോട്ടു വരികയുണ്ടായി. സർക്കാരിന്റെ മദ്യനയം തിരുത്തുവാൻ സഹായകരമാകത്തക്കവിധം ശക്തമായിരുന്നു ജനങ്ങളുടെ പ്രതിഷേധം. സംഘടിച്ച് ശബ്ദമുയർത്തിയ കേരളജനതക്ക് എന്റെ അഭിവാദനങ്ങൾ ആദ്യമേ അർപ്പിക്കട്ടെ.

കേരള സർക്കാരിന്റെ മദ്യനയത്തിനെതിരെ ഉയർന്നുവന്ന ജനവികാരം മാനിച്ച് നയത്തിൽ മാററം വരുത്തിയെന്ന് പ്രഖ്യാപിച്ചെങ്കിലും ഇന്ത്യൻ നിർമ്മിത

www.malankaralibrary.com

വിദേശ മദ്യത്തിന്റെ തീരുവ കുറച്ചും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ഇഷ്ടം പോലെ ബിയർ – വൈൻ പാർലറുകൾ തുറന്നും അപകടകരമായ മദ്യനയം വീണ്ടും നടപ്പിലാക്കുവാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ നീക്കത്തിനെതിരെ ഒരു ബഹുജന മുന്നേററം ഉണ്ടാകേണ്ടിയിരിക്കുന്നു. ആ ബഹുജനമുന്നേററത്തിൽ മുന്നണിയിൽ നിന്ന് പോരാടുവാൻ എ.കെ.സി.സി. പ്രവർത്തകർ തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

മദ്യത്തിനെതിരായ പ്രചരണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് വർഷങ്ങളായി. എന്നിട്ടും കുടിയന്മാരുടെ എണ്ണം കുറയുന്നില്ല. കള്ളുഷാപ്പുകൾ മുൻവർഷത്തേക്കാൾ പത്തും പതിനഞ്ചും ഇരട്ടി തുകയ്ക്കാണ് ലേലത്തിൽ പോയിരിക്കുന്നത്. മദ്യവർജ്ജന സമിതിക്കാരും മദ്യനിരോധനസമിതിക്കാരും കഴിഞ്ഞ കാലങ്ങളിൽ നടത്തിയ പരിശ്രമങ്ങൾകൊണ്ട് യാതൊരു പ്രയോജനവും ലഭിച്ചില്ലെന്നാണോ നാം മനസ്സിലാക്കേണ്ടത്.

നിരാശപ്പെടേണ്ട കാര്യമില്ല. മദ്യവ്യാപാരികളും സർക്കാരും ഒന്നു പോലെ പണം ഉണ്ടാക്കാൻ നടത്തുന്ന നീക്കത്തിൽ ഈ ബഹുജനസമരങ്ങൾ ഉദ്ദേശിച്ച ഫലം നേടിയില്ലെന്നതാണ് സത്യം. കോൺഗ്രസ്സിന്റെയും മാർക്സിസ്റ്റ് പാർട്ടിയുടെയും നേതൃത്വത്തിലുള്ള മന്ത്രിസഭകൾ ഇവിടെ മാറി മാറി അധികാരത്തിൽ വന്നു. മദ്യ വർജ്ജനത്തിനെതിരായി പ്രചരണം ശക്തമാവുകയും ചെയ്തു. കാലാകാലങ്ങളിൽ വന്ന മന്ത്രിസഭകൾ അതിനെതിരായി നിലകൊണ്ടു.

മനുഷ്യൻ രക്ഷപെടാൻ മദ്യം നിരോധിച്ചാൽ മാത്രം പോരാ എന്ന യാഥാർത്ഥ്യം നാം അംഗീകരിക്കണം. മദ്യപാനം പോലെ ആർഭാടജീവിതത്തിനും കടിഞ്ഞാണിടാൻ ശ്രമിക്കണം. വിവാഹം, മാമ്മോദീസാ, ഒത്തുകല്യാണം തുടങ്ങിയ സാമൂഹ്യചടങ്ങുകളോടനുബന്ധിച്ച് നാം ചിലവഴിക്കുന്ന പണം എത്രയാണ്. അവിടെയൊന്നും ലാളിത്യത്തിന്റെ ലക്ഷണം പോലും കാണുവാൻ സാധിക്കുന്നില്ല. ആഭരണഭ്രമവും വിലകൂടിയ വസ്ത്രങ്ങളുടെ ഉപയോഗവും ഇന്ന് ഒന്നിനൊന്ന് വർദ്ധിച്ചുവരുന്നു. തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന ഈ നാട്ടിൽ ലാളിത്യത്തിന് പ്രഥമപരിഗണന നൽകി ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കണം.

അഴിമതികളുടെയും അനീതിയ്ക്കടുത്ത സകല പ്രതിഭാസങ്ങളുടെയും പ്രതീകമായി മദ്യത്തെ നാം കാണണം. സ്വാതന്ത്ര്യസമരകാലത്തെ വിദേശ വസ്ത്രബഹിഷ്കരണം പോലെ സമഗ്രമോചനസമരത്തിന്റെ പ്രതീകമായി മദ്യനിരോധനസമരത്തെ ഉയർത്തിയെടുക്കണം. അന്നത്തേത് സ്വാതന്ത്ര്യസമരമായിരുന്നുവെങ്കിൽ ഇന്നത്തേത് സാമ്പത്തിക സ്വാതന്ത്ര്യസമരമായിരിക്കണം. തൊഴിലും ശാന്തിയും വ്യക്തിത്വവും മാനവമഹത്വവും വീണ്ടെടുക്കുന്ന ആ സാകല്യ സമരത്തിന്റെ ദീപശിഖയായി മദ്യവിരുദ്ധപ്രസ്ഥാനം മാറേണ്ടിയിരിക്കുന്നു.

ജനാധിപത്യം ജനഹിതസ്ഫുരണമാണ്. മദ്യനിരോധനപ്രശ്നത്തിൽ കേരളജനതയുടെ ഹിതമെന്ത്? സർക്കാർ ഒരു ഹിതപരിശോധനക്ക് തയ്യാറാ

www.malankaralibrary.com

വുമോ? ജനങ്ങളുടെ മൗലിക പ്രശ്നങ്ങളിൽ ഈ വിധം ഹിത പരിശോധന സംഘടിപ്പിക്കൽ ജനാധിപത്യക്രമത്തിലെ ഒരു നടപടിയാണ്. ഇന്ത്യൻ ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശതത്വങ്ങളിൽ ഒന്നായ സമ്പൂർണ്ണ മദ്യനിരോധനം കേരളത്തിൽ നടപ്പാക്കണമോ എന്നറിയാൻ ഒരു ജനഹിതപരിശോധന സംഘടിപ്പിക്കാൻ ഈ മന്ത്രിസഭ തയ്യാറാകുമോ?

ഒരു സമ്പൂർണ്ണ മദ്യനിരോധനത്തിനുവേണ്ടിയുള്ള സമരത്തിൽ നമുക്ക് അണിചേരാം. ജനാഭിപ്രായം എന്തെന്നറിയുവാൻ ഒരു ജനഹിതപരിശോധന നടത്താൻ നമുക്ക് സ്വരമുയർത്താം. ഈ ധർമ്മ സമരത്തിൽ പങ്കുചേരാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
05-04-1997 Sd/-

# 10. ആഡംബരങ്ങൾക്ക് നിയന്ത്രണം

പ്രിയ സഹപ്രവർത്തകരേ,

ഭാരതത്തിലെ ജനസംഖ്യയിൽ അമ്പതു ശതമാനത്തിലധികം ആളുകളും ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്നവരാണ്. നിത്യദാരിദ്ര്യത്തിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളുടെ കഷ്ടപ്പാടുകളെപ്പററി നാം അധികമൊന്നും ചിന്തിക്കാറില്ല. പതിനാലുവയസ്സുവരെ കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകണമെന്നാണ് വ്യവസ്ഥയെങ്കിലും 14 വയസ്സിൽ താഴെയുള്ള കുട്ടികളിൽ നല്ല പങ്കും കഠിനമായ ജോലി ചെയ്യാൻ നിർബന്ധിതരായി തീർന്നിരിക്കുകയാണ്. ഒരു നേരത്തെ ഭക്ഷണം പോലും കഴിക്കുവാൻ നിവൃത്തിയില്ലാത്ത കോടിക്കണക്കിനാളുകൾ നമ്മുടെ നാട്ടിലുണ്ട്. നഗ്നത മറക്കാൻ വസ്ത്രമില്ലാത്തവരും രോഗത്തിന് ചികിത്സിക്കാൻ കഴിവില്ലാത്തവരും നമ്മുടെ നാട്ടിൽ ധാരാളമാണ്. ഈ ഹതഭാഗ്യരായ കോടിക്കണക്കിന് ഭാരതീയരെപ്പററി ചിന്തിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. നമ്മുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, പ്രതാപം മററുള്ളവരെ കാണിക്കുവാനുമുള്ള തത്രപ്പാടിലാണ് നാമെല്ലാം. നമുക്ക് ഇന്നു ലഭിക്കുന്ന സുഖസൗകര്യങ്ങൾകൊണ്ട് നാമാരും തൃപ്തിപ്പെടുന്നില്ലെന്നത് ഒരു സത്യമാണ്. നമ്മുടെ സഹോദരന് ലഭിക്കാത്ത സുഖസൗകര്യങ്ങൾ നമുക്ക് അനുഭവിക്കാൻ എന്തവകാശമാണുള്ളത്? നാം നമ്മുടെ മനസ്സാക്ഷിയോട് ഒന്ന് ചോദിക്കുക തന്നെ വേണം.

ക്രൈസ്തവഭവനങ്ങളിൽ ഇന്ന് കാണുന്ന ആഡംബരങ്ങളും സൽക്കാരങ്ങൾക്കും വൻസദ്യകൾക്കും വേണ്ടി ചിലവിടുന്ന വൻതുകകളും നീതീകരിക്കത്തക്കതാണോ? പ്രഥമദിവ്യകാരുണ്യസ്വീകരണം, മാമ്മോദീസാ തുടങ്ങിയ ആഘോഷങ്ങൾ ഭക്തിനിർഭരമായി നാം ആഘോഷിക്കുകയും അടുത്ത ബന്ധുക്കളെയും സുഹൃത്തുക്കളെയും വിളിച്ച് ചെറിയ സദ്യ നൽകുകയും ഒക്കെ ചെയ്തിരുന്നു. എന്നാൽ ഇന്ന് ആ ആഘോഷങ്ങൾ വിപുലപ്പെടുത്തിയിരിക്കുകയാണ്. സ്ക്കൂൾ ഹാളുകളിലും ഓഡിറേറാറിയങ്ങളിലും വച്ചാണ്

www.malankaralibrary.com

ഈ ആഘോഷങ്ങൾ നടത്തുക. ഒത്തുകല്യാണം, കല്യാണം, കെട്ടിടം വെഞ്ചിരിപ്പ് തുടങ്ങിയ ചടങ്ങുകളോടനുബന്ധിച്ച് ഉള്ള സദ്യകൾക്ക് പതിനായിരക്കണക്കിന് രൂപായാണ് നാം ചിലവഴിക്കുക. ഭക്തിപരമായ ആഘോഷങ്ങളിൽ മദ്യം വിളമ്പുന്നതും ഇന്ന് ഒരു ഫാഷനായിത്തീർന്നിരിക്കുകയാണ്. മദ്യം വിളമ്പുന്നതും വൻ സദ്യകൾ ഒരുക്കുന്നതും തങ്ങളുടെ പ്രൗഢിക്കുവേണ്ടിയാണ്. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ആഡംബരങ്ങൾക്കും സദ്യകൾക്കുമായി ചിലവു ചെയ്യുന്ന തുകക്ക് ഒരു നിയന്ത്രണം വരുത്തേണ്ടതാണ്. തങ്ങളുടെ സഹോദരനെപ്പററി ചിന്തിക്കാതെ ജീവിക്കുന്ന - ചിലവുചെയ്യുന്ന - ആളുകളെ നിയമദൃഷ്ട്യാ നിയന്ത്രിക്കുകതന്നെ വേണം. ഒരു സദ്യയിൽ പങ്കെടുക്കാവുന്ന ആളുകളുടെ എണ്ണത്തിൽ നിയന്ത്രണം വരുത്തുന്നതിൽ എന്താണ് തെററ്? മാമ്മോദീസാ, പ്രഥമദിവ്യകാരുണ്യ സ്വീകരണം, ഒത്തുകല്യാണം, പുര വെഞ്ചിരിപ്പ് തുടങ്ങിയ ചടങ്ങുകളോടനുബന്ധിച്ച് മദ്യം വിളമ്പുന്ന കുടുംബങ്ങളെ നിയന്ത്രിക്കാൻ ഇടവകതലത്തിൽ തന്നെ സംവിധാനം ഉണ്ടാകേണ്ടതാണ്. ഇത് സ്വാതന്ത്ര്യത്തിൻ മേലുള്ള കയ്യേററമായി വ്യാഖ്യാനിക്കേണ്ടയാവശ്യമില്ല. നമ്മുടെ സഹോദരന് ലഭിക്കാത്ത സ്വാതന്ത്ര്യം നമുക്ക് മാത്രമായി അനുഭവിക്കാൻ പാടില്ല. അവനും കൂടി സ്വാതന്ത്ര്യത്തിന്റെ മധുരഫലം അനുഭവിക്കുവാൻ അവസരമുണ്ടാക്കുവാൻ നാം ശ്രമിക്കണം.

സംഘടനാപ്രവർത്തകരായ നാം ഒരോരുത്തരും ഈ കാര്യത്തെപ്പററി വളരെ ഗൗരവപൂർവ്വം ചിന്തിക്കണമെന്നഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ഭക്ഷണവും എല്ലാവർക്കും പാർപ്പിടവും എല്ലാവർക്കും ചികിത്സാസൗകര്യവും, എല്ലാവർക്കും വസ്ത്രവും ലഭിക്കുന്ന സാഹചര്യം ഉണ്ടാകുന്നതുവരെ ആർഭാടങ്ങൾ കഴിവതും ഇല്ലാതാക്കുവാൻ കത്തോലിക്കരായ നാം ശ്രമിക്കണം. അതിനുവേണ്ടിയുള്ള പ്രചരണം വ്യാപകമാക്കുവാനും നാം ഓരോരുത്തരും പരിശ്രമിക്കണമെന്നഭ്യർത്ഥിക്കുന്നു. ആർഭാട വിമുക്തമായ ഒരു സമൂഹ സൃഷ്ടിക്കുവേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ നമുക്ക് ധാർമ്മികമായ കടമയുണ്ട് എന്ന വസ്തുത എല്ലാവരെയും അനുസ്മരിപ്പിക്കട്ടെ. ഈ ലക്ഷ്യത്തിനുവേണ്ടി യത്നിക്കുവാൻ ഏവരും ശ്രമിക്കുമല്ലോ.

നിറുത്തട്ടെ

കോട്ടയം
5-5-1997

സ്നേഹപൂർവ്വം
Sd/-

# 11. സ്വാർത്ഥത വെടിയുക

പ്രിയ സഹപ്രവർത്തകരേ,

കഴിഞ്ഞ അരനൂററാണ്ടിനിടയിൽ നമ്മുടെ രാജ്യം വിവിധ മണ്ഡലങ്ങളിൽ വലിയ നേട്ടം കൈവരിച്ചിട്ടുണ്ട്. ആ നേട്ടത്തിന്റെ ഫലങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ നാം അനുഭവിക്കുന്നുണ്ട്. ഒരു അൻപതു വർഷം മുമ്പ് നമ്മുടെ കുടുംബങ്ങളിലെ ഒരോ അംഗത്തിന്റെയും കഷ്ടപ്പാടിന്റെ കഥ പറഞ്ഞുകേട്ടാൽ അധികം ആരും വിശ്വസിക്കുമെന്ന് തോന്നുന്നില്ല.

www.malankaralibrary.com

എന്നാൽ അന്നത്തെ കഷ്ടപ്പാടിൽ പങ്കാളിയായി ജീവിതം തള്ളിനീക്കിയവർ ഇന്ന് കൂടുതൽ സൗകര്യങ്ങൾ അനുഭവിക്കുമ്പോഴും അന്നത്തെ സംതൃപ്തി അവർക്കു ലഭിക്കുന്നുണ്ടോയെന്ന് ഒന്ന് ചിന്തിച്ചു നോക്കണം. ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന കാര്യവും പഠനവിഷയമാക്കേണ്ടിയിരിക്കുന്നു.

അരനൂററാണ്ട് മുൻപ് ഒരു സിറിയൻ ക്രിസ്ത്യൻ കുടുംബിനി ചെയ്തു തീർക്കേണ്ട ജോലികളുടെ വൈപുല്യത്തെപ്പററി ചെറിയാൻ ജെ. കാപ്പൻ തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "രാവിലെ നാലുമണിക്ക് ഉണരുന്ന കുടുംബിനി രാത്രി 10 മണി വരെ കഠിനാദ്ധ്വാനം ചെയ്യുന്നു. വല്യപ്പനും വല്യമ്മയും അമ്മായിഅപ്പനും അമ്മായിഅമ്മയും ഭർത്തൃസഹോദരന്മാരും സഹോദരികളും സ്വന്തം സന്താനങ്ങളും ഉൾപ്പെട്ട ഒരു കുടുംബത്തിന് ആവശ്യമായ ഭക്ഷണം പാകം ചെയ്യുക, മലകൾക്കപ്പുറം ജോലിചെയ്യുന്ന പത്തും മുപ്പതും പണിക്കാർക്ക് കപ്പയോ ചക്കയോ പുഴുക്കാക്കിയും ചോറും കറികളും തയ്യാറാക്കിയും കൊടുത്തയക്കുക. വല്യപ്പനും വല്യമ്മക്കും ദിവസം മൂന്നും നാലും പ്രാവശ്യം വീതം കാപ്പിയും പലഹാരവും കറുപ്പും സമയാസമയത്ത് കൊടുക്കുക. ഭർത്താവിന് പണിസ്ഥലത്തേക്ക് പ്രത്യേകം ചോറും കറികളും കൊടുത്തയയ്ക്കുക, വിവാഹം ചെയ്തയച്ച മക്കളുടെ വീട്ടിൽ നിന്നും വരുന്നവരെ കതകിന്റെ മറവിൽ ഒളിഞ്ഞുനിന്ന് കുശലംപ്രശ്നം ചെയ്ത് പ്രീതിപ്പെടുത്തുക, സൽക്കരിക്കുക, സുഖക്കേടുള്ള കുഞ്ഞുങ്ങൾക്ക് കഷായം തയ്യാറാക്കി യഥാസമയം കൊടുക്കുക, സ്കൂളിൽ പോകേണ്ട കുട്ടികൾക്ക് രാവിലെ ഭക്ഷണം തയ്യാറാക്കി കെട്ടി കൊടുത്തയക്കുക. ഉച്ചക്ക് കന്നുകാലി കൾക്ക് വെള്ളം കൊടുക്കുക. ഇങ്ങനെ പോകുന്നു അവളുടെ പട്ടിക" ചെറിയാൻ കാപ്പന്റെ വിവരണത്തിലും കൂടുതൽ അദ്ധ്വാനം പല സ്ത്രീകളും നടത്തേണ്ടിയിരുന്നു. പച്ചക്കറികൾക്കും മററുമുള്ള കൃഷിചെയ്യുക, വളരെ ദൂരെ നിന്നും വെള്ളം തലയിൽ ചുമന്നുകൊണ്ടുവരിക, നെല്ലുകുത്തി അരിയാക്കുക, കന്നുകാലി ആടുമാടുകൾ മുതലായവയെ സംരക്ഷിക്കുക, വിറക് ശേഖരിക്കുക, തളർന്നുകിടക്കുന്ന കാരണവൻമാർക്ക് കഷായം ഉണ്ടാക്കി സമയത്തു കൊടുക്കുക, രോഗികളെ കാണാൻ വരുന്ന ബന്ധു മിത്രാദികളെ സൽക്കരിക്കുക ഇങ്ങനെ പോകുന്നു അവരുടെ ജോലിഭാരം.

കുടുംബനാഥന്മാരുടെയും മററു കുടുംബാംഗങ്ങളുടെയും ജോലിഭാരവും കുറവായിരുന്നില്ല. കൃഷിപ്പണികളിൽ പ്രഭാതം മുതൽ പ്രദോഷം വരെ ഏർപ്പെടുക, കാളപൂട്ടുക, വയലുകളിൽ വരമ്പുവയ്ക്കുക, ഇഞ്ചി, മഞ്ഞൾ, ചേന, കാച്ചിൽ തുടങ്ങിയവ കൃഷിചെയ്യുക, ഇതിനിടയിൽ കഴിവതും സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പള്ളി, സ്കൂൾ തുടങ്ങിയവയുടെ പണികളിൽ സഹകരിക്കുക ഇങ്ങനെ പോകുന്നു അവരുടെ ജോലിഭാരങ്ങൾ.

കുട്ടികളും തങ്ങളാൽ പററുന്ന ജോലി ചെയ്തിരുന്നു. കന്നുകാലി മേയിക്കുക. ചാണകം വാരി ശേഖരിക്കുക, കൃഷികാര്യങ്ങളിൽ മാതാപിതാക്കളെ സഹായിക്കുക, പ്രായം ചെന്ന വല്യപ്പന്റെയും, വല്ല്യമ്മയുടെയും ആവശ്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക ഇങ്ങനെയുള്ള ജോലികളിൽ കുട്ടികളും ഏർപ്പെട്ടിരുന്നു.

അതേ സമയം വീടുകളിലെ ഭക്ഷണകാര്യങ്ങളും ശരാശരിയിൽ താഴെ

www.malankaralibrary.com

യായിരുന്നു. സാധാരണകുടുംബങ്ങളിൽ ഉള്ളതിനേക്കാൾ ദാരിദ്ര്യം അനുഭവിച്ചിരുന്നത് സമ്പന്നകുടുംബങ്ങളിലായിരുന്നിരിക്കാം. ഇന്നത്തേതു പോലെ ദോശ, ഇഡലി, അപ്പം തുടങ്ങിയ പലഹാരങ്ങൾ ഒന്നും തന്നെ സാധാരണവീടുകളിൽ ഉണ്ടായിരുന്നില്ല. പഞ്ചസാരയിട്ട് കാപ്പിയോ ചായയോ കുടിക്കുന്ന രീതിയും സാർവ്വത്രികമായിരുന്നില്ല. വിരുന്നകാർക്ക് മാത്രമായിരുന്നു പഞ്ചസാരയിട്ട കാപ്പിയും മററും നൽകിയിരുന്നത്.

അദ്ധ്വാനഭാരത്തിലും ജീവിതരീതിയിലും വലിയമാററങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. ഈ രംഗത്തുണ്ടായ പുരോഗതി അസൂയാവഹമാണ്. ഇന്നത്തെ സ്ഥിതി എന്താണ്. വെള്ളം ചുമന്നുകൊണ്ടു വരണ്ട – ടാപ്പ് തിരിച്ചാൽ മതി, കഷായം വയ്ക്കാൻ മരുന്നു പറിക്കണ്ട, കഷായം തയ്യാറാക്കേണ്ട – വാങ്ങിയാൽ മതി. വയസ്സു ചെന്നവരേയും രോഗികളേയും ശുശ്രൂഷിക്കാൻ ബദ്ധപ്പെടേണ്ട – ഹോം നേഴ്സുകളുടെ സേവനം ലഭിക്കും, പണിക്കാർക്ക് ഭക്ഷണം തയ്യാറാക്കി കൊടുക്കേണ്ട – ഉടമ്പടിക്ക് ജോലിചെയ്യാൻ പണിക്കാരെ ലഭിക്കും വിരുന്നുകാരെ സൽക്കരിക്കാൻ ചുരുട്ടും, കുഴലപ്പവും, വട്ടയപ്പവും, കുഴലപ്പവും ഒന്നുമുണ്ടാക്കണ്ട – എല്ലാം ബേക്കറികളിൽ നിന്നും വാങ്ങിയാൽ മതി, നെല്ലു കുത്തണ്ട, അരിപൊടിക്കണ്ട – പാകം ചെയ്യാൻ തയ്യാറാക്കി വച്ചിരിക്കുന്ന പൊടികൾ ലഭിക്കും, വിറകുശേഖരിക്കേണ്ട – ഗ്യാസ് കുററികൾ നിറച്ചത് വാങ്ങിയാൽ മതി, കന്നുകാലികളേയും ആടുമാടുകളേയും സംരംക്ഷിക്കേണ്ട – പാലും നെയ്യും എല്ലാം വാങ്ങിയാൽ മതി, രാവിലെ 4 മുതൽ രാത്രി 10 വരെ കഠിനാദ്ധ്വാനം ചെയ്യേണ്ട – ററി.വി യുടെ മുൻപിൽ ഇരുന്നാൽ മതി. ഒരു മണിക്കൂർകൊണ്ട് ഭക്ഷണപദാർത്ഥങ്ങൾ തയ്യാറാക്കാനുള്ള സാഹചര്യം ഇന്നുണ്ടായിക്കഴിഞ്ഞിരിക്കുന്നു. മല്ലിപ്പൊടിയും, മുളകുപൊടിയും, സാമ്പാർകൂട്ടും, ദോശ, ഇഡലി കൂട്ടുകളും പ്രഷർകുക്കറുകളും എല്ലാം ജീവിതഭാരം ചുരുക്കിയിരിക്കുകയാണ്.

പുരുഷന്മാരുടെ ജോലിയിലും വ്യത്യാസം വന്നു. കാളപൂട്ടണ്ട, കിളക്കണ്ട – ഡ്രില്ലറും ട്രാക്ടറും ഉപയോഗിച്ച് നിലം ഉഴുതുമറിക്കാം. നടുതല സാധനങ്ങൾ കൃഷിചെയ്തുബദ്ധപ്പെടേണ്ട – ഫയലും ഡയറിയുമെടുത്ത് ഓഫീസിൽ പോയാൽ മതി.

കുട്ടികൾ കന്നുകാലി മേയിക്കാനോ ചാണകം വാരാനോ പോകണ്ട. പുസ്തകക്കെട്ടുമെടുത്ത് സ്കൂളിലേക്കും ട്യൂഷൻ ഹോമിലേക്കും പോയാൽ മതി.

മാററങ്ങൾ അതിഭയങ്കരമാണ്. എന്നാൽ നമ്മുടെ'കുടുംബിനികളിൽ, കുടുംബനാഥന്മാരിൽ, കുട്ടികളിൽ അതിനനുസരിച്ച് സംതൃപ്തി വളർന്നിട്ടുണ്ടോ? അതോ അസംതൃപ്തിയാണോ വളർന്നത്. ആത്മഹത്യകൾ കൂടുതൽ നടക്കുന്നു, സ്ത്രീകളിലും പുരുഷന്മാരിലും കുട്ടികളിലും ജീവിതസൗകര്യങ്ങൾ കൂടിയപ്പോൾ. ജോലിഭാരം കുറഞ്ഞപ്പോൾ എന്തുകൊണ്ടാണ് അസംതൃപ്തി വർദ്ധിക്കുന്നത്.

നാമെല്ലാവരും മുകളിലേക്കാണ് നോക്കുന്നത് താഴേക്കല്ല. തങ്ങളെക്കാൾ കൂടുതൽ സുഖസൗകര്യങ്ങൾ അനുഭവിക്കുന്നവരിലേക്കാണ് നാം

www.malankaralibrary.com

നമ്മുടെ ദൃഷ്ടികൾ പായിക്കുന്നത്. നമ്മേക്കാൾ കഷ്ടപ്പെടുന്നവരിലേക്ക് നാം നോക്കാറില്ല. മുകളിലേക്ക് നോക്കുമ്പോൾ നമ്മെ അസൂയ വലയ്ക്കും. നമ്മുടെ മനസ്സ് അസ്വസ്ഥമാകും. നാം താഴേക്ക് നോക്കിയിരുന്നുവെങ്കിൽ കഷ്ടപ്പെടുന്നവരെപ്പററി ഓർത്ത് നാം സഹതാപമുള്ളവരായി തീരുമായിരുന്നു.

കുടുംബബന്ധങ്ങൾ തകരുന്നു എന്തുകൊണ്ട്? ചെറുകുടുംബം യഥാർത്ഥത്തിൽ സന്തുഷ്ടകുംടുംബങ്ങളാണോ? വല്യപ്പനും വല്യമ്മയും അപ്പനും അമ്മയും ചെറുമക്കളും എല്ലാം കൂടി ജീവിക്കുന്ന ഒരു കുടുംബത്തിൽ കൂടുതൽ സേവനമനോഭാവവും സഹിഷ്ണുതയും സാഹോദര്യസ്നേഹവും നിലനിൽക്കും. എല്ലാവരുടെയും ഉയർച്ചയായിരിക്കും എല്ലാവരുടെയും സന്തോഷമായിരിക്കും എല്ലാവരുടെയും ലക്ഷ്യം. ഹോംനേഴ്സുമാരെവച്ച് മാതാപിതാക്കളെ ശുശ്രൂഷിക്കുമ്പോൾ എവിടെ കുടുംബബന്ധം നിലനിൽക്കും. പണ്ട് മാതാപിതാക്കളെ ശുശ്രൂഷിക്കാൻ എത്രപേരായിരുന്നു മക്കളും മരുമക്കളും ബന്ധുമിത്രാദികളുമായി വന്നു കൂടിയിരുന്നത്. ഇന്ന് ആ കൂട്ടായ്മ എവിടെ പോയി? കല്യാണം, ശ്രാദ്ധ അടിയന്തരം തുടങ്ങിയ സാമൂഹ്യചടങ്ങുകൾ ഓഡിറേറാറിയത്തിലേക്ക് മാറിയപ്പോൾ നൂററാണ്ടുകളായി നിലനിന്ന അയൽപക്കബന്ധവും ബന്ധുമിത്രാദികൾ തമ്മിലുള്ള സഹകരണവും അന്യം നിന്നു പോയില്ലേ? ജോലിഭാരം കുറഞ്ഞപ്പോൾ കൂടുതൽ അസംതൃപ്തി എല്ലാവരിലും അനുഭവപ്പെടുന്നു. ജോലിഭാരം കുറഞ്ഞപ്പോൾ ലഭിച്ച മിച്ചസമയത്തു അയൽക്കാരന്റെയും സഹോദരന്റെയും വളർച്ചയിൽ അസൂയപ്പെട്ട് മനസ്സ് നീറിപുകയുകയാണ്. താഴെയുള്ളവരെപ്പററി ചിന്തപോലും ഇല്ലാതായിത്തീർന്നിരിക്കുകയാണ്.

അസൂയ നമ്മളിൽ നിന്നും വിട്ടുമാറണം. സ്വാർത്ഥതയിൽ നിന്ന് നാം മോചിതരാകണം. ആദിമസഭയിലേതുപോലെ സമ്പത്തുകൾ പങ്കുവയ്ക്കുവാൻ നാം തയ്യാറാകണം. ഇന്ന് ദാരിദ്ര്യം പങ്കുവയ്ക്കുവാൻ തയ്യാറാണെല്ലാവരും. പക്ഷെ സമ്പത്തും സുഖസൗകര്യങ്ങളും പങ്കുവയ്ക്കുവാൻ തയ്യാറല്ല. മററുള്ളവർക്കുവേണ്ടി ത്യാഗം അനുഭവിക്കുന്നത് സന്തോഷമായി പണ്ട് പലരും കരുതിയിരുന്നു അവർക്ക് സ്വന്തമായി ഒന്നും ഉണ്ടായിരുന്നില്ല. സ്വന്തമായി എന്തെങ്കിലും വേണമെന്നവർ ആഗ്രഹിച്ചിരുന്നുമില്ല.

നമുക്ക് സമ്പത്തുണ്ടായാൽ, സുഖസൗകര്യങ്ങളുണ്ടായാൽ സംതൃപ്തിയുണ്ടാകുമെന്ന ധാരണ ശരിയല്ല. സ്വാർത്ഥതയിൽ നിന്നും അസൂയയിൽ നിന്നും നാം മോചിതരായി കഴിയുമ്പോൾ മാത്രമേ യഥാർത്ഥ സംതൃപ്തി നമുക്ക് കൈവരുകയുള്ളു. സഹോദരന്റെ, അയൽക്കാരന്റെ വളർച്ചയിൽ സന്തോഷിക്കുന്ന ഒരു ഹൃദയം നമുക്കുണ്ടാകണം. ആതിനായി ഓരോ വ്യക്തിയും പരിശ്രമിച്ച്, സംതൃപ്തമായ ഒരു ജീവിതം നയിക്കുന്നതിന് പരിശ്രമിക്കണം.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം

05-06-1997 Sd/-

www.malankaralibrary.com

# 12. കുററപ്പെടുത്തലുകൾ

പ്രിയ സഹപ്രവർത്തകരേ,

ഒരു വ്യക്തി കുടുംബത്തിലെന്നപോലെ രാഷ്ട്രത്തിലും സമൂഹത്തിലും അംഗമാണ്. സാമൂഹ്യജീവിയായ മനുഷ്യന് കുടുംബത്തോടെന്നപോലെ രാഷ്ട്രത്തോടും സമൂഹത്തോടും കടപ്പാടുണ്ട്. കുടുംബത്തിന്റെ എന്ന പോലെ സമൂഹത്തിന്റെയും ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുവാൻ നമുക്ക് കടമയുണ്ട്. ഇതിൽ നിന്ന് ആരെങ്കിലും ഒഴിഞ്ഞുമാറിയാൽ സ്വാർത്ഥത ആ വ്യക്തിയെ ഭരിക്കുന്നുവെന്ന് ചുരുക്കം. ഓരോ വ്യക്തിയും അവന്റെ കടമ നിർവ്വഹിക്കണ മെങ്കിൽ സമൂഹം അവനെ അംഗീകരിക്കുകയും അവന്റെ നന്മകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും വേണം.

ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളിൽ കുറവുകളും തെററുകളും കണ്ടെന്നു വരാം. കുറവുകളില്ലാത്തവരായി ആരും തന്നെ കാണുകയില്ല. ആ കുറവുകളെയും കുററങ്ങളെയും പെരുപ്പിച്ചുകാണിക്കാൻ ശ്രമിക്കാതെ തിരുത്താൻ സ്നേഹപൂർവ്വം പ്രവർത്തിക്കുമ്പോഴാണ് ആ വ്യക്തിയുടെ സേവനം സമൂഹത്തിന് ഫലപ്രദമായി ലഭിക്കുക.

നിർഭാഗ്യവശാൽ നമ്മിൽ പലരും മററുള്ളവരുടെ കുററങ്ങളും കുറവു കളും പെരുപ്പിച്ച് കാണിക്കുവാനും അവരുടെ നന്മകളെ കണ്ടില്ലെന്ന് നടി ക്കാനും ശ്രമിക്കുന്നവരാണ്. നാം പലപ്പോഴും ദോഷൈകദൃക്കുകളായിമാറുന്നു. മററുള്ളവരുടെ നന്മകളെ അംഗീകരിക്കാൻ തയ്യാറില്ലാത്തവരായിമാറുന്നു. ഇതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ എന്തെന്ന് നാം മനസ്സിലാക്കു ന്നില്ല. ഈ കുററപ്പെടുത്തലുകൾ കുടുംബബന്ധങ്ങൾ തകരുന്നതിനും പ്രസ്ഥാനങ്ങൾ പൊളിയുന്നതിനും ഇടനൽകുന്നു.

ഒരു വീട്ടിൽ ഭർത്താവ് ഭാര്യയുടെ, ഭാര്യ ഭർത്താവിന്റെ, മാതാപിതാ ക്കൾ മക്കളുടെ, മക്കൾ മാതാപിതാക്കളുടെ, അമ്മായിയമ്മ മരുമകളുടെ. മരുമകൾ അമ്മായിയമ്മയുടെ, സഹോദരി സഹോദരങ്ങൾ പരസ്പരം, കുററങ്ങളും കുറവുകളും വിളിച്ചുപറയുകയും വിമർശിക്കുകയും ചെയ്യുമ്പോൾ എങ്ങിനെയാണ് ആ കുടുംബത്തിൽ സമാധാനമുണ്ടാകുക. ഇത്തിരി സ്നേഹത്തിനും, ഇത്തിരി അംഗീകാരത്തിനും ആഗ്രഹിക്കുന്നവരുടെ ജീവിതം തകർക്കുന്നതിനല്ലേ ഈ കുററപ്പെടുത്തലുകൾ ഇടയാക്കുന്നത്. പകലന്തി യോളം കൃഷിസ്ഥലത്ത് അദ്ധ്വാനിച്ചിട്ട് വൈകുന്നേരം സിററിയിലേക്ക് ഒന്നിറ ങ്ങുന്നതിനെ കുററപ്പെടുത്തുന്ന ഭാര്യ, വെളുക്കുന്നതിനുമുൻപുതന്നെ അടു ക്കളയിൽ കയറി ജോലിചെയ്ത്, പറമ്പിലെ പണികൾ പലതും ചെയ്ത് രാത്രി പത്തും പതിനൊന്നും മണിവരെ അടുക്കളയിൽ ജോലി ചെയ്യുന്ന ഭാര്യയുടെ കഠിനാദ്ധ്വാനത്തെയും അർപ്പണബോധത്തേയും അംഗീകരിക്കാതെ, ഭക്ഷണ പദാർത്ഥങ്ങളിൽ വന്ന രുചിക്കുറവോ, സൽക്കാരത്തിൽ വന്ന പിശകോ ചൂണ്ടി ക്കാണിച്ച് വിമർശിക്കുന്ന ഭർത്താവ്, യുവത്വത്തിന്റെ തിളപ്പിൽ പക്വതയില്ലാതെ വളരുന്ന കുട്ടികളെ നിഷ്കരുണം വിമർശിക്കുന്ന പിതാവ്, തങ്ങളെ വളർത്തി വലിയവരാക്കാൻ കഠിനാദ്ധ്വാനം ചെയ്ത മാതാപിതാക്കളുടെ ഹൃദയത്തിന്റെ

www.malankaralibrary.com

വലുപ്പം ഗ്രഹിക്കാതെ അവരെ കുററപ്പെടുത്തുന്ന മക്കൾ, ചെറുപ്പത്തിൽ തന്നെ സ്വന്തം വീടിനേയും നാടിനേയും ബന്ധുമിത്രാദികളേയും ഉപേക്ഷിച്ച് ഒരു പുതിയ കുടുംബത്തിലെ അംഗമായി വരുന്ന മരുമകളുടെ നോട്ടത്തിലും തലചീകലിലും പ്രവൃത്തികളിലും കുററം മാത്രം കണ്ടെത്തുന്ന അമ്മായിയമ്മ, ഒരു കുടുംബത്തിന്റെ സകലഭാരവും പേറി ഈ കുടുംബത്തെ ഐശ്വര്യത്തിലേക്ക് നയിക്കാൻ വെമ്പുന്ന അമ്മായിയമ്മയുടെ ത്യാഗപൂർണ്ണമായ സേവനത്തെ വകവെക്കാതെ തന്നോടും തന്റെ വീട്ടുകാരോടും ആദരവുകാണിച്ചില്ലെന്നു കുററപ്പടുത്തുന്ന മരുമകൾ, കുടുംബത്തിലെ ദൈനംദിനപ്രവർത്തനങ്ങളിൽ സ്നേഹശൂന്യമായി പ്രവർത്തിക്കുന്ന സഹോദരീസഹോദരങ്ങൾ ഇവരെല്ലാം നമ്മുടെ കുടുംബത്തിന്റെ ഭദ്രതയേയും ഐശ്വര്യത്തേയും തകർക്കുകയാണ് ചെയ്യുന്നത്.

കുടുംബത്തിലിതാണെങ്കിൽ ആ കുടുംബത്തിൽ നിന്ന് ലഭിക്കുന്ന ശിക്ഷണമാണ് പൊതുപ്രവർത്തന രംഗത്ത് മററുള്ളവരെ കുററപ്പെടുത്തുവാൻ നമുക്ക് പ്രേരണ നൽകുന്നത്. പരസ്പരമുള്ള കുററപ്പെടത്തലുകളാണ് ഗ്രൂപ്പുകളും മററും സൃഷ്ടിക്കാനും പരസ്പരവിശ്വാസമില്ലാത്തവരായി വർത്തിക്കുവാനും ഇടനൽകുന്നത്.

ഈ കുററപ്പെടുത്തലുകൾക്ക് ഒരു വിരാമമിടാൻ സാധിച്ചാൽ നമ്മുടെ കുടുംബങ്ങൾ സമാധാനസമ്പൂർണ്ണമായിരിക്കും. നമ്മുടെ പൊതുപ്രവർത്തകർ സമൂഹത്തിന് ഒരു മുതൽക്കൂട്ടായിരിക്കും. പലപ്പോഴും സ്വന്തം മഹിമ വലുതാക്കി കാണിക്കാൻ മററുള്ളവരുടെ കുററങ്ങൾ വലുതാക്കി കാണിക്കുകയാണ് നാം ചെയ്യുന്നത്. മററുള്ളവർക്ക് നമ്മെപ്പോലെ അഭിമാനമുണ്ടന്നും ആ അഭിമാനത്തെ മുറിപ്പെടുത്തി സ്വന്തം മഹത്വം വിളംബരം ചെയ്യാൻ ശ്രമിക്കുന്നതും ശരിയല്ലെന്നു നാം മനസ്സിലാക്കണം. ഇന്നേദിവസം ഞാൻ ആരേയും കുററപ്പെടുത്തി സംസാരിക്കുകയില്ല, ആരുടേയും കുറവുകളെപ്പററി മനസ്സിൽ ഓർത്ത് കറുത്തദുഃഖഭാവം കാണിക്കുകയില്ല എന്ന ദൃഢപ്രതിജ്ഞയോടുകൂടി ഓരോ ദിവസവും രാവിലെ നമുക്ക് ഉണരാം. ആ പ്രതിജ്ഞയോടുകൂടി ഒരു പുതുജീവിതം നമുക്ക് ആരംഭിക്കാം. അപ്പോൾ നമ്മുടെ കുടുംബങ്ങൾ തിരുകുടുംബങ്ങൾ ആയിമാറും. കുറെയൊക്കെ മറക്കാനും ക്ഷമിക്കാനും കഴിയണം. തനിക്കിഷ്ടപ്പെടാത്ത എന്തെങ്കിലും ഭർത്താവോ ഭാര്യയോ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അത് വർഷങ്ങളോളം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുവേദനിപ്പിക്കുന്നത് ചിലർക്കെങ്കിലും സംതൃപ്തി നല്കുന്നതാണ്. ആരും ആരേയും കുററപ്പെടുത്താതെ എല്ലാവരിലും നന്മകണ്ടെത്താൻ ശ്രമിക്കുകയാണ് വേണ്ടത്.

നാം നമ്മുടെ സഹോദരങ്ങൾക്കോ അയൽക്കാർക്കോ പല ഉപകാരങ്ങൾ ചെയ്തിട്ടുണ്ടാകാം. അവരിൽ നിന്ന് തിരിച്ച് അതേരീതിയിൽ നമുക്ക് സഹായം ലഭിച്ചില്ലെന്നു വരാം എന്നുതന്നെയുമല്ല പല പ്രയാസങ്ങളും അവരിൽ നിന്നും നേരിട്ടെന്നു വരാം. അതിൽ നാം പരിഭവിക്കുകയോ പരാതിപ്പെടുകയോ ചെയ്യരുത്. നിങ്ങളുടെ സഹോദരന് എന്തു സഹായം ചെയ്തിട്ടുണ്ട്? അവനിൽ നിന്ന് യാതൊരു സഹായവും നമുക്ക് ലഭിക്കുന്നില്ലെന്നു പറഞ്ഞ് ഭർത്താവിനെ സഹോദരന് എതിരെ തിരിക്കുന്ന ഭാര്യയും നിന്റെ ആങ്ങളയും കുടുംബക്കാരും

www.malankaralibrary.com

നമ്മെ സഹായിക്കുന്നില്ലെന്നും അവർ ഇവിടെ നിന്ന് നമ്മളെ ചൂഷണം ചെയ്യുകയാണെന്നും പറഞ്ഞ് ഭാര്യയെ തന്റെ കുടുംബാംഗങ്ങൾക്കെതിരെ തിരിക്കാൻ ശ്രമിക്കുന്ന ഭർത്താവും കുടുംബത്തിന്റെ കൂട്ടായ്മയ്ക്ക് കത്തിവെയ്ക്കുകയാണ് ചെയ്യുന്നത്.

എല്ലാവരിലും നന്മകാണുക, ആ നന്മയെപ്പററി മാത്രം പറയുക, അപ്പോൾ നമുക്ക് സമാധാനമുണ്ടാകും നമ്മുടെ കുടുംബത്തിൽ സമാധാനം ഉണ്ടാകും. നമ്മുടെ നാട്ടിൽ സമാധാനമുണ്ടാകും. അതിനായി നമുക്ക് ശ്രമിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05-08-1997 — Sd/-

# 13. ചരിത്രം പഠിക്കുക

പ്രിയ സഹപ്രവർത്തകരെ,

ഇന്നലെകളെപ്പററി പഠിക്കുന്നവർക്കേ ഇന്നത്തെ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുവാൻ സാധിക്കുകയുള്ളു. ഒരാൾക്ക് എത്ര കഴിവുണ്ടെങ്കിലും തന്റെ പ്രവർത്തനം വിജയിക്കണമെങ്കിൽ ഇന്നലെ എന്തു നടന്നുവെന്ന് ഗ്രഹിച്ചിരിക്കണം. കൃഷിക്കാരനായാലും വ്യവസായിയായാലും സാമൂഹ്യ പ്രവർത്തകനായാലും വിദ്യാഭ്യാസപ്രവർത്തകനായാലും രാഷ്ട്രീയക്കാരനായാലും ഇന്നലെകളെപ്പററി ശരിക്കും ഗ്രഹിച്ചെങ്കിൽ മാത്രമേ നാളത്തെ പ്രവർത്തനങ്ങൾ വിജയകരമായി നയിക്കുവാൻ സാധിക്കുകയുള്ളു. ഇന്നലെകളുടെ തുടർച്ചയാണ് നാളെ നടക്കേണ്ടത്. ഇന്നു നടന്നുകൊണ്ടിരിക്കുന്നതും. ഇന്നലെകളെ വിസ്മരിച്ചുകൊണ്ട് നമുക്ക് ഒരിക്കലും മുന്നോട്ടു നീങ്ങാൻ സാധിക്കുകയില്ല.

ഇന്നലെ വരെ എഴുതപ്പെട്ട പല കാര്യങ്ങളും ഇന്ന് തിരുത്തിയെഴുതിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. 1857-ലെ ശിപായി ലഹള ഇന്ന് സ്വാതന്ത്ര്യ സമരമായി മാറിയിരിക്കുന്നു. ഏകപക്ഷീയമായി ചില സ്വാർത്ഥമതികൾ രചിച്ച ചരിത്രം ഇന്നല്ലെങ്കിൽ നാളെ ചോദ്യം ചെയ്യപ്പെടും. സംശയമില്ല. കേരള ക്രൈസ്തവരുടെ അഭിമാനഭാജനമായിരുന്ന തച്ചിൽ മാത്തുതരകനെ എത്ര ദുഷ്ടനായിട്ടാണ് പല ചരിത്രകാരന്മാരും ചിത്രീകരിച്ചിരിക്കുന്നത്. ചരിത്രഗവേഷകനായിരുന്ന ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം അന്നുവരെ എഴുതപ്പെട്ട എല്ലാ ചരിത്രപരമായ തെററുകളെയും ചൂണ്ടിക്കാണിച്ചുകൊണ്ട് ചരിത്രത്തിന്റെ കടക്കൽ ആഞ്ഞുവെട്ടി തച്ചിൽ മാത്തുത്തരകന്റെ യഥാർത്ഥ ചിത്രം വെളിച്ചത്തു കൊണ്ടുവന്നു. തച്ചിൽ മാത്തുത്തരകന്റെ ധീരസാഹസിക യത്നങ്ങൾ ചരിത്ര പക്ഷങ്ങളിൽ സത്യസന്ധമായി കുറിച്ചപ്പോൾ മററുപലരുടേയും യഥാർത്ഥ ചിത്രം വെളിച്ചെത്തുവന്നു. ആ കൂട്ടത്തിൽ ഒരാളാണ് തിരുവിതാംകൂർ ദിവാനായിരുന്ന വേലുത്തമ്പി. ഇവിടുത്തെ ചില നായർ ചരിത്രകാരന്മാർ വേലുത്തമ്പിയെപ്പററി എഴുതിയിരിക്കുന്ന വസ്തുതകൾ

www.malankaralibrary.com

പാഠപുസ്തകങ്ങളിൽകൂടി കയറി ഇറങ്ങി. സ്കൂളിൽ പഠിച്ചവർ വേലുത്തമ്പി വലിയ ഒരു ദേശസ്നേഹിയും ബ്രിട്ടീഷുകാർക്കെതിരെ പടപ്പൊരുതിയ രാജ്യസ്നേഹിയുമാണെന്ന് വായിച്ചു പഠിച്ചു. എം.ഒ. ജോസഫിനെപ്പോലുള്ള ചരിത്ര ഗവേഷകന്മാരുടെ പ്രവർത്തനഫലമായി വേലുത്തമ്പിദളവ വലിയ ക്രൂരനായിരുന്നുവെന്നും രാജാവിനെയും രാജ്യത്തെയും വഞ്ചിച്ച കൊടും രാജ്യദ്രോഹിയായിരുന്നുവെന്നും ബ്രിട്ടീഷുകാരോടുകൂടി ചേർന്ന് കടുത്ത രാജ്യ ദ്രോഹം ചെയ്തുവെന്നും ലോകം കണ്ടതിൽ വച്ച് ഏററവും വലിയ വഞ്ചകനായി രുന്നുവെന്നും തെളിയിച്ചു. വേലുത്തമ്പിയുടെ പ്രതിമ സെക്രട്ടറിയേററ് വളപ്പിൽ നിന്നും എടുത്തുമാററണമെന്ന് ആവശ്യം ഉയർന്നുകഴിഞ്ഞിരിക്കുന്നു.

ഇതൊന്നും ഗ്രഹിക്കാതെ ചരിത്രത്തിന്റെ ഗതിവിഗതികൾ മനസ്സിലാക്കാതെ ചരിത്ര വസ്തുതകളോട് യാതൊരു ആദരവും കാണിക്കാതെ ആഗസ്റ്റ് 14-ാം തീയതിയിലെ ദീപികയിൽ ടി.ബി. ജോസഫ് വേലുത്തമ്പിയെ പ്പററി എഴുതിയത് വായിച്ചപ്പോൾ ഏറെ ദുഃഖം ഉണ്ടായി. ടി.ബി. ജോസഫിനോട് സഹതാപം തോന്നി. അത് അതേപടി പ്രസിദ്ധീകരിച്ച ദീപിക ചരിത്രത്തോടു കാണിച്ച അനാദരവിൽ കടുത്ത പ്രതിഷേധം എന്റെ മനസ്സിൽ ഓടിയെത്തി.

വിദേശികൾക്കെതിരെയുള്ള സാഹസിക സമരങ്ങൾക്ക് നേതൃത്വം നൽകിയ ഝാൻസി റാണിയോടും ഭഗത്സിംഗിനോടും വേലുത്തമ്പിയെ ഉപമിച്ച് ലേഖനം എഴുതിയതും പ്രസിദ്ധീകരിച്ചതും ഭാരത സ്വാതന്ത്ര്യ കനകജൂബിലി വേളയിൽ ഉണ്ടായ ഏററവും വലിയ അപമാനകരമായ ഒരു സംഭവമാണ്. എന്തുകൊണ്ട് ഒരു പത്രത്തിൽ ഇങ്ങനെയൊരു ലേഖനം വന്നു. ചിന്തിക്കേണ്ട ഒരു കാര്യമാണ്.

ധീരദേശാഭിമാനി വേലുത്തമ്പിദളവയും അദ്ദേഹത്തിന്റെ ആത്മബലി കൊണ്ട് ചരിത്രത്തിന്റെ ഭാഗമായി മാറിയ അടൂർ താലൂക്കിലെ മണ്ണടിയും സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷവേളയിലും വിസ്മൃതിയിൽ എന്നാണ് ടി.ബി. ജോസഫ് ദീപിക ലേഖനത്തിലൂടെ വിലപിച്ചിരിക്കുന്നത്. ആ വിസ്മൃതി ചരിത്രത്തിന്റെ ഒരു ഭാഗമാണെന്നും സത്യാന്വേഷകർക്ക് അതിൽ ദുഃഖം തോന്നുകയില്ലെന്നും പറയുവാൻ എനിക്ക് സാധിക്കും.

ഇത്രയും കാര്യം വിശദമായി പ്രതിപാദിക്കേണ്ടിവന്നത് ആരെയും ആക്ഷേപിക്കാനല്ല. ഇന്നലെ ആരെങ്കിലും പറഞ്ഞത് ശരിയോ തെറേറാ എന്നു നോക്കാതെ ചരിത്രത്തിൽ വന്ന മാററങ്ങൾ മനസ്സിലാക്കാതെ പ്രൈമറി ക്ലാസ്സു കളിൽ പഠിച്ചത് അതേപടി വിഴുങ്ങുകയും അവതരിപ്പിക്കുകയും ചെയ്യുന്നത് കാണുമ്പോഴുള്ള വേദനകൊണ്ടുമാത്രമാണ്.

ക്രൈസ്തവ സമുദായാംഗങ്ങൾ പൊതുവിൽ ചരിത്രത്തോട് അത്ര താല്പര്യമുള്ളവരല്ല. എല്ലാവരും ചരിത്രകാരന്മാരായി മാറണമെന്ന് ഞാൻ പറയുന്നില്ല. ആവശ്യം വേണ്ട കുറെക്കാര്യങ്ങൾ അറിഞ്ഞിരിക്കുവാൻ നാം ബാദ്ധ്യസ്ഥനാണ്. അല്ലെങ്കിൽ മററുള്ളവർ പറയുന്നത് ഏററുപാടാൻ മാത്രം നാം കഴിവുള്ളവരായിത്തീരും.

ടി.ബി. ജോസഫ് എന്ന എഴുത്തുകാരനെ എനിക്ക് പരിചയമില്ല.

www.malankaralibrary.com

അദ്ദേഹവും അദ്ദേഹത്തെപ്പോലുള്ള എഴുത്തുകാരും എം.ഒ. ജോസഫ് എഴുതിയ തച്ചിൽ മാത്തുത്തരകൻ എന്ന ഗ്രന്ഥം വായിച്ചിരുന്നെങ്കിൽ.

നമ്മുടെ സമുദായാംഗങ്ങൾ പ്രതിരോധാവശ്യത്തിനെങ്കിലും കുറെ ചരിത്രം പഠിക്കുകതന്നെ വേണം. നമ്മുടെ നിലനിൽപ്പിനുതന്നെ അത് ആവശ്യ മാണ്. കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ എങ്കിലും ചരിത്ര വസ്തുത ഗ്രഹിക്കാൻ അല്പസമയം വിനിയോഗിക്കണമെന്ന് മാത്രം പറഞ്ഞുകൊള്ളട്ടെ.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം

5–9–1997 Sd/-

# 14. മദർ തെരേസയുടെ മാർഗ്ഗം

പ്രിയ സഹപ്രവർത്തകരേ,

ഇരുപതാംനൂററാണ്ടിന്റെ ഇതിഹാസമായിരുന്ന മദർ തെരേസ നമ്മിൽ നിന്നും കടന്നുപോയിരിക്കുന്നു. അൽബേനിയായിൽ ജനിച്ച് ഭാരതം തന്റെ പ്രധാനപ്രവർത്തനരംഗമാക്കിയ മദർ തെരേസ ലോകജനതയുടെ മുഴുവൻ ആദരവ് പിടിച്ചുപററുകയുണ്ടായി. ഇതുവരെ ഒരു കത്തോലിക്കനും കിട്ടാത്ത ആദരവും അംഗീകാരവും ബഹുമതിയുമാണ് മദർ തെരേസായ്ക്ക് ഇന്ത്യയിൽ കിട്ടിയത്. കോൺവെന്റ് സ്കൂളിൽ ഒരു അദ്ധ്യാപികയായി കൽക്കട്ടയിൽ എത്തിയ മദർ തെരേസ ചേരികളിൽ വസിക്കുന്ന അനേകായിരങ്ങളുടെ ദുരിതങ്ങൾ കണ്ട് മനസ്സിലാക്കി അവരുടെയിടയിൽ അവരിലൊരാളായി ജീവിക്കാൻ ആഗ്രഹിച്ചു. സ്വന്തമായി ഒരു സന്യാസാശ്രമം അതിനായി അവർ സ്ഥാപിച്ചു. 121 രാജ്യങ്ങളിലായി 561 മഠങ്ങളിൽ 43 പ്രവിശ്യകളിലായി 3840 സന്യാസിനികൾ ഇന്ന് ആ സമൂഹത്തിലുണ്ട്. അവരെല്ലാം ഇന്ന് സാമൂഹ്യ പ്രവർത്തനത്തിൽ സംതൃപ്തി നേടുന്നു. എന്നാൽ മദർ തെരേസ ഒരു സാമൂഹ്യ പ്രവർത്തകമാത്രമായിരുന്നില്ല. അവർ സർവ്വസംഗപരിത്യാഗിയായിരുന്നു. നസ്രായക്കാരന്റെ വഴിയിലൂടെ അവർ നടന്നു. മററുള്ളവരെ ആ വഴിക്ക് നടത്തുവാൻ മദർ പരിശ്രമിച്ചു.

കൽക്കട്ടയിലെ തെരുവുകളിൽ വിശുദ്ധിയുടെ ഇതിഹാസമായി ജീവിച്ച മദർതെരേസായ്ക്ക് ജനങ്ങളിൽ നിന്ന് ലഭിച്ച അംഗീകാരവും ബഹുമതികളും കത്തോലിക്കാസഭയുടെ ദൗത്യത്തിന് ലഭിച്ച അംഗീകാരമായിരുന്നു. പത്മശ്രീ അവാർഡ്, മാഗ്സാസെ അവാർഡ്, ജോൺ 23–ാമൻ സ്മാരക സമാധാന സമ്മാനം, കെന്നഡി അന്താരാഷ്ട്ര സമാധാനം, ഗുഡ്സ്സമരിററൻ അവാർഡ്, അന്താരാഷ്ട്രധാരണയ്ക്കുള്ള നെഹ്റു അവാർഡ്, സമാധാനത്തിനുള്ള നോബൽ സമ്മാനം, ഭാരതരത്നം അവാർഡ്, രാജീവ്ഗാന്ധി സദ്ഭാവനാ അവാർഡ് ഇവയെല്ലാം നേടുവാൻ മദർ തെരേസായ്ക്ക് സാധിച്ചു. ഈ ബഹുമതികൾ ലഭിച്ചതിലൊന്നിലും അവർ അഹങ്കരിച്ചില്ല. ഈ ബഹുമതികൾ ലഭിച്ചപ്പോൾ അവർ കൂടുതൽ വിനയാന്വിതയായി തീരുകയാണ് ചെയ്തത്.

www.malankaralibrary.com

ലോകാരാദ്ധ്യയായ മദർ തെരേസായെ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി സന്ദർശിച്ചു. മദറിന്റെ മുൻപിൽ കൈകൾ കൂപ്പിക്കൊണ്ട് ഇന്ദിരാഗാന്ധി പറഞ്ഞു."അമ്മേ അങ്ങയുടെ മുൻപിൽ ഞാൻ വെറും ഒരു പുഴു മാത്രമാണ്" മദറിന്റെ വലുപ്പം മനസ്സിലാക്കുവാൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിക്ക് കഴിഞ്ഞു.

മദർ തെരേസായുടെ ജീവിതത്തിൽ നിന്നും വളരെയേറെ കാര്യങ്ങൾ നമുക്ക് പഠിക്കാനുണ്ട്. ഏതെങ്കിലും ചെറിയ സാമൂഹ്യ പ്രവർത്തനം നടത്തിയിട്ട് അത് മററുള്ളവർ അറിയുവാൻ വേണ്ടി പത്രങ്ങളെ സമീപിക്കുന്ന പൊതുപ്രവർത്തകർ മദർതെരേസായെ കണ്ടുപഠിക്കട്ടെ. സ്വാർത്ഥഭരിതവും സ്നേഹദരിദ്രവുമായ ഈ ലോകത്തെ പരിധികളോ ആവൃതികളോ ഇല്ലാത്ത സ്നേഹം കൊണ്ടും സേവനംകൊണ്ടും രൂപപ്പെടുത്തിയ അത്ഭുതപ്രതിഭാസമാണ് മദർ തെരേസ.

ഈ ജനാധിപത്യയുഗത്തിൽ തനിക്ക് ലഭിച്ച അംഗീകാരം ഉപയോഗിച്ച് അധികാരത്തിന്റെ അകത്തളങ്ങളിൽ പ്രവേശിക്കാൻ അവർ ആഗ്രഹിച്ചില്ല. സേവനമായിരുന്നു അവരുടെ ലക്ഷ്യം. തനിക്കായ് ഒന്നും നേടുവാൻ അവർ ആഗ്രഹിച്ചില്ല. അതേ സമയം എല്ലാവരാലും വെറുക്കപ്പെട്ട കുഷ്ഠരോഗികളും, ക്യാൻസർ രോഗികളും, ക്ഷയരോഗികളും, അമ്മയുമച്ഛനുമാരെന്നറിയാതെ അന്ത്യശ്വാസം വലിച്ച പിഞ്ചോമനകളും അയിരുന്നു മദർ തെരേസായ്ക്ക് സ്വന്തമായുണ്ടായിരുന്നത്. അതുപോലെ യാതനകൾ അനുഭവിക്കുന്നവരെ നമ്മുടെ സ്വന്തമാക്കുവാൻ നമുക്ക് സാധിക്കണം. അപ്പോൾ മാത്രമായിരിക്കും നമ്മുടെ പൊതുപ്രവർത്തനം ധന്യമാകുന്നത്.

മദർ തെരേസ നോബൽ സമ്മാന സ്വീകരണാവസരത്തിൽ പറഞ്ഞ വാക്കുകൾ ഉദ്ധരിക്കട്ടെ. "എന്റെ ദീർഘകാല പ്രവർത്തനത്തിനിടയിൽ ഞാനൊരു സത്യം കണ്ടെത്തി. ഏററവും മാരകമായ രോഗം കുഷ്ഠമോ ക്ഷയമോ അല്ല അനാഥത്വമാണ്." അനാഥരെ, സനാഥരാക്കുവാനാണ് മദർ തന്റെ ജീവിതം ഉഴിഞ്ഞുവച്ചത്. ഭൂതകാലം നഷ്ടമായ നിരാലംബർക്ക് ആശ്രയവും ആശ്വാസവും നൽകിയ മദർ നമ്മുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദീപമായിരിക്കട്ടെ.

തന്റെ കഴിവുകൾ വർണ്ണിക്കുവാനും തന്റെ സേവനത്തിന്റെ കഥകൾ പത്രങ്ങളിൽ വിളംബരം ചെയ്യാനും ലഭിക്കാവുന്നത്ര സ്റ്റേജുകളിൽ തള്ളിക്കയറി തന്റെ വാഗ്‌വിലാസം കൊണ്ട് ജനങ്ങളെ വശീകരിക്കാനും ശ്രമിക്കുന്ന പൊതുപ്രവർത്തകർ യഥാർത്ഥ അംഗീകാരം ലഭിക്കുന്നത് എങ്ങനെയുള്ളവർക്കാണെന്ന് മനസ്സിലാക്കട്ടെ. പൊതുപ്രവർത്തകർ അംഗീകാരം ആഗ്രഹിക്കുന്നതിൽ തെററില്ല. അംഗീകാരം നേടുവാൻ സ്വീകരിക്കുന്ന മാർഗ്ഗം സംശുദ്ധമായിരിക്കണം. കുറേപണം വാരിചെലവുചെയ്തിട്ടൊന്നുമല്ല മദറിന് അംഗീകാരം ലഭിച്ചത്. മററുള്ളവരെ സഹായിക്കുന്നതിൽ കാണിച്ച ശുഷ്കാന്തിയായിരുന്നു അവരെ വലിയവളാക്കിയത്. ആരാലും അറിയപ്പെടാനാഗ്രഹിക്കാതെ ജീവിച്ചുമരിച്ച ആ വിശുദ്ധയുടെ മാർഗ്ഗം നമുക്ക് സ്വീകരിക്കാം. നമ്മുടെ ഇളം

www.malankaralibrary.com

തലമുറക്ക് മദർ തെരേസയുടെ ജീവിതമാർഗ്ഗം കാണിച്ചു കൊടുക്കാം. അങ്ങനെ പുതിയ ഒരു സമൂഹം സൃഷ്ടിക്കാൻ നമുക്ക് ഒത്തൊരുമിച്ച് ശ്രമിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05-10-1997 — Sd/-

# 15. എന്റെ കഴിവല്ല .....

പ്രിയ സഹപ്രവർത്തകരേ,

കത്തോലിക്കാകോൺഗ്രസ്സ് പാലാരൂപതാ ഓർഗനൈസിംഗ് സെക്രട്ടറി ടോമി തുരുത്തിക്കര സർക്കിൾ സഹകരണ യൂണിയനിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെ ജയിച്ചു. ഈ വാർത്തയറിഞ്ഞപ്പോൾ ടോമിയെ ഒന്ന് അനുമോദിക്കാമെന്ന് വിചാരിച്ച് ഫോണിൽ വിളിച്ചു. എന്റെ അനുമോദനങ്ങൾ അറിയിച്ചു. അപ്പോൾ ടോമിയുടെ മറുപടി എന്നെ അത്ഭുതപ്പെടുത്തുകയുണ്ടായി. ടോമി പറഞ്ഞു. ഞാൻ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഉദ്ദേശിച്ചതല്ല. എം.എം.ജേക്കബ്ബ് (രൂപതാ സെക്രട്ടറി) ആണ് എന്നോട് മത്സരിക്കാൻ പറഞ്ഞത്. ഞങ്ങൾ ജേക്കബ്ബ് മത്സരിക്കണമെന്നാണ് ആഗ്രഹിച്ചത്. ഞങ്ങൾ ആ അഭിപ്രായം ജേക്കബ്ബിനോട് പറയുകയും ചെയ്തു. ജേക്കബ്ബ് നിർബന്ധിച്ചതനുസരിച്ചാണ് ഞാൻ മത്സരിച്ചത്. എന്നുതന്നെയുമല്ല വിജയത്തിനുവേണ്ടി സർവ്വ കഴിവും വിനിയോഗിക്കുന്നതാണെന്ന് ജേക്കബ്ബ് പറയുകയും ചെയ്തു. വെറും ഭംഗിവാക്കല്ലായിരുന്നു അത്. തെരഞ്ഞെടുപ്പ് ദിവസം വരെ എനിക്കുവേണ്ടി അഹോരാത്രം ജേക്കബ്ബ് സഹപ്രവർത്തകരേയും കൂട്ടി പ്രവർത്തിച്ചു. ജേക്കബ്ബിന്റെ കഴിവുകൊണ്ട് മാത്രമാണ് ഞാൻ ജയിച്ചത്. അനുമോദനങ്ങൾ എല്ലാം ജേക്കബ്ബിനുമാത്രം അർഹതപ്പെട്ടതാണ്. ഈ വിജയം എന്റേതല്ല. ജേക്കബ്ബിന്റേതുമാത്രമാണ്." വിനയം നിറഞ്ഞ ആ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തി. കാലുവാരലും തൊഴുത്തിൽ കുത്തും വേലവെയ്പ്പും മാത്രം കൈമുതലായി ജീവിക്കുന്ന പൊതുപ്രവർത്തകരുടെ എണ്ണം അനുദിനം വർദ്ധിക്കുമ്പോൾ മററുള്ളവരുടെ പ്രവൃത്തികളെ അംഗീകരിക്കുവാനും മററുള്ളവരെപ്പററി നല്ല വാക്ക് പറയുവാനും തയ്യാറുള്ളവരും ഉണ്ടല്ലോയെന്ന് ഞാൻ ഓർത്ത് അത്ഭുതപ്പെട്ടു. മററുള്ളവരുടെ കഴിവുകൊണ്ട് തനിക്ക് നേട്ടമുണ്ടായിട്ടുണ്ടെങ്കിലും അതൊന്നും അംഗീകരിക്കാതെ അതൊക്കെ സ്വന്തം കഴിവാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നവരാണ് ഇന്നധികവും. താൻ വളരെയധികം കഴിവുള്ളയാളാണെന്നും തനിക്ക് പൊതുരംഗത്ത് വളരെയധികം പാരമ്പര്യമുണ്ടെന്നും പറഞ്ഞ് നടക്കുന്നവർ പലരുണ്ട്. തന്റെ സഹപ്രവർത്തകരെ വിലയിടിച്ച് സംസാരിക്കുന്നവരും താൻ പറയുന്ന വാക്കുകൾ മാത്രമാണ് ശരിയെന്ന് ഭാവിക്കുന്നവരും ഇന്ന് ധാരാളമാണ്.

മററുള്ളവരെ കുററപ്പെടുത്തിയും നാലുപേരുടെ മുൻപിൽ അവഹേളിച്ചും താഴ്ത്തിക്കെട്ടി സംസാരിച്ചും നേതാവാകാൻ ശ്രമിക്കുന്നവരുടെ മുൻപിൽ ടോമിയുടെ വാക്കുകൾക്ക് പ്രസക്തിയുണ്ട്. മററുള്ളവരെ

www.malankaralibrary.com

അംഗീകരിക്കാനും അവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കാനും നമുക്ക് കഴിയുമ്പോൾ മാത്രമാണ് നമ്മുടെ പ്രവർത്തനം ധന്യമാവുക. ഏററം വിനീതനായി ജീവിച്ച് എററം വലിയവനായിത്തീരുവാനാണ് നാം ശ്രമിക്കേണ്ടത്. അതിനുള്ള വിവേകം നമുക്ക് ഓരോരുത്തർക്കും ലഭിക്കുന്നതിന് നമുക്ക് പരിശ്രമിക്കാം. നിറുത്തട്ടെ.

നിറുത്തട്ടെ

കോട്ടയം         സ്നേഹപൂർവ്വം

05–11–1997         Sd/-

# 16. രാഷ്ട്രീയ പ്രവർത്തനം

പ്രിയ സഹപ്രവർത്തകരേ,

ഭാരതത്തിൽ രാഷ്ട്രീയതലത്തിലും ഭരണതലത്തിലുമെല്ലാം അഴിമതി പടർന്ന് പിടിച്ചിരിക്കുകയാണെന്ന് എല്ലാ രാഷ്ട്രീയ കക്ഷികളും തുറന്ന് സമ്മതിച്ചിരിക്കുകയാണ്. നമ്മുടെ രാഷ്ട്രീയജീവിതത്തിൽ അഴിമതിയുണ്ടെന്നും അത് സാർവ്വത്രികമാണെന്നും ഭരണത്തിലും പ്രതിപക്ഷത്തും പ്രവർത്തിച്ചിട്ടുള്ള എല്ലാ രാഷ്ട്രീയകക്ഷികളും തുറന്ന് സമ്മതിക്കുമ്പോൾ, അതിന്റെ ഭവിഷ്യത്തുകളെപ്പററി ഉറക്കെ ചിന്തിക്കാതിരിക്കുവാൻ നമുക്ക് സാദ്ധ്യമല്ല. കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയ ഭരണകർത്താക്കളും രാഷ്ട്രീയപ്രമുഖരും ഈ നാട്ടിൽ സ്വൈര്യവിഹാരം നടത്തുന്നത് നാം നിത്യേന കാണുന്ന ഈ സന്ദർഭത്തിൽ ക്രൈസ്തവരായ നാം ദേശസ്നേഹപ്രചോദിതരായി രംഗത്ത് ഇറങ്ങി പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നു.

മോസസ്സിന്റെ നേതൃത്വത്തിൽ ഇസ്രായേൽ ജനം ഈജിപ്തിലെ രാഷ്ട്രീയാധികാരിയായിരുന്ന ഫറവോയ്ക്കും സൈന്യത്തിനും എതിരായി നടത്തിയ ഐതിഹാസികമായ വിമോചനസമരത്തിന്റെ വിശദമായ വിവരണമാണ് പഴയനിയമത്തിൽ നാം കാണുന്നത്. മോസസ്സിന്റെ നീക്കമാണ് മാനവമോചനത്തിനായി ലോകത്ത് നടന്ന ആദ്യത്തെ സംഘാത നീക്കം. രാഷ്ട്രീയ മോചനത്തിലൂടെയേ സമഗ്രമോചനത്തിന് വഴിയൊരുക്കാനാകൂ എന്ന സത്യത്തിന്റെ യഥാർത്ഥമായ ആവിഷ്കരണമാണ് പുറപ്പാടിന്റെ പുസ്തകത്തിൽ നാം കാണുക.

ക്രിസ്തുവിന്റെ പഠനത്തിലും ചെയ്തികളിലും ഈ മോചനപ്രക്രിയയുടെ സന്ദേശം വളരെ പ്രകടമായി കാണുവാൻ നമുക്ക് സാധിക്കും. പരസ്യജീവിതത്തിന്റെ ഉൽഘാടന പ്രസംഗത്തിൽ അവിടുന്ന് ഉദ്ധരിച്ച വാക്യം ശ്രദ്ധേയമാണ്. "കർത്താവിന്റെ ആത്മാവ് എന്നിലുണ്ട്. അവിടുന്ന് അഭിഷേചിച്ചിരിക്കുന്നു ... ദരിദ്രരോട് സുവിശേഷം പ്രസംഗിക്കാനും ഹൃദയവ്യഥ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാനും ബന്ധിതരെ മോചിക്കാനും, കുരുടർക്ക് കാഴ്ച നൽകുവാനും മർദ്ദിതരെ സ്വതന്ത്രരാക്കാനും ... (അങ്ങനെ) കർത്താവിന് സ്വീകാര്യമായവത്സരവും പ്രതികാരദിനവും പ്രഖ്യാപിക്കാനും അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." തികച്ചും ആദ്ധ്യാത്മികമായി വ്യാഖ്യാ

www.malankaralibrary.com

നിക്കപ്പെട്ടിട്ടുള്ള വാക്യമാണിത്. എന്നാൽ ആഴത്തിൽ ഈ വാക്യത്തെപ്പററി ചിന്തിച്ചുപഠിക്കുമ്പോൾ ഈ വാക്യത്തിൽ ഒരു ആധുനിക രാഷ്ട്രീയ പാർട്ടിയുടെ പ്രകടന പത്രിക നമുക്ക് ദർശിക്കുവാൻ സാധിക്കും.

ക്രിസ്തുനാഥൻ തന്നെ പിന്നീട് പറയുകയുണ്ടായി "സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകുക" എന്ന്. പൂർണ്ണ മനുഷ്യവ്യക്തിയുടെ സമഗ്രവിമോചനത്തിന് ആസൂത്രിതവും സംഘടിതവും ലക്ഷ്യോന്മുഖവുമായ രാഷ്ട്രീയ പ്രക്രിയ അനുപേക്ഷണീയമാണെന്ന് അവിടുന്ന് ഉൽബോധിപ്പിക്കുകയാണ് ചെയ്തത്. ആ രാഷ്ട്രീയ പ്രക്രിയയിൽനിന്നും മാറി നിൽക്കുവാൻ ദൈവജനത്തിന് സാധ്യമല്ല. അതുകൊണ്ടുതന്നെ ഭാരതത്തിലെയും കേരളത്തിലെയും ക്രൈസ്തവസമൂഹം ഭാരതത്തിന്റെയും കേരളത്തിന്റെയും രാഷ്ട്രീയമണ്ഡലത്തെ പ്രേഷിതവൃത്തിയുടെ മേഖലയാക്കി മാറേറണ്ടതുണ്ട്. ആ മണ്ഡലത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് മുന്നോട്ട് നീങ്ങുവാൻ ഓരോ ക്രൈസ്തവനും തയ്യാറായി മുന്നോട്ടുവരണം.

മന്ത്രിസ്ഥാനത്തിനുവേണ്ടിയോ, കൊടിവച്ച കാറിൽ യാത്ര ചെയ്യുന്നതിനുവേണ്ടിയോ, കോർപ്പറേഷൻ ചെയർമാൻ പദത്തിനുവേണ്ടിയോ, ഗവൺമെന്റ് കമ്മററികളിൽ കയറിപ്പററുന്നതിനുവേണ്ടിയോ സ്വന്തക്കാർക്ക് ജോലി കൊടുക്കുന്നതിനുവേണ്ടിയോ മാത്രമാകരുത് നമ്മുടെ രാഷ്ട്രീയ പ്രവർത്തനം. അധികാരത്തിൽ കയറാൻ ശ്രമിക്കുന്നതിൽ തെററില്ല. അധികാരം കയ്യാളാം. അതിന് ന്യായമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നുമാത്രം.

ദൈവജനത്തിന്റെ സമഗ്രമായ വിമോചനത്തിനുവേണ്ടിയായിരിക്കണം നമ്മുടെ രാഷ്ട്രീയ പ്രവർത്തനം. വിമോചകരില്ലാതെ വിമോചനം ഉണ്ടാവുകയില്ല. വിപ്ലവകാരികളില്ലാതെ വിപ്ലവം ഉണ്ടാവുകയില്ല. സ്നേഹാധിഷ്ഠിതമായ സോഷ്യലിസം ഇവിടെ ഉണ്ടാകണം. സ്നേഹവും, സ്വാതന്ത്ര്യവും, നീതിയും ഭാഗഭാഗിത്വവും സാമ്പത്തിക സുസ്ഥിതിയും ഉള്ള ഒരു നവലോകം ഇവിടെയുണ്ടാകണം. ജനങ്ങളിൽ അൻപതു ശതമാനം ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്ന ഈ രാജ്യത്ത് 65 ശതമാനം നിരക്ഷരർ തിങ്ങി പാർക്കുന്ന ഈ രാജ്യത്ത്, ലോകത്തിലുള്ള നിരക്ഷരിൽ പകുതിയിലധികവും താമസിക്കുന്ന ഈ ജനാധിപത്യ രാഷ്ട്രത്തിൽ സമഗ്ര വിമോചനത്തിനായി പ്രവർത്തിക്കുവാൻ ക്രൈസ്തവർ മുന്നിട്ടിറങ്ങിയേ മതിയാവൂ. കൊളംബിയായിലെ പട്ടാളവുമായി ഏററുമുട്ടി 1965–ൽ കൊല്ലപ്പെട്ട കമിലോ ടോറസ് എന്ന കത്തോലിക്കാ വൈദികനെപ്പോലെയുള്ള വൈദീകർ ഭാരതത്തിലുണ്ടാവണം. വിപ്ലവകാരിയല്ലാത്ത കത്തോലിക്കൻ മാരകമായ പാപത്തിലാണെന്ന നവീനസുവിശേഷം കമിലോ ഉയർത്തി. നിന്ദിതരേയും പീഡിതരെയും പാവങ്ങളെയും ഭാരം ചുമക്കുന്നവരെയും ഒരു പിടി രാഷ്ട്രീയനേതാക്കൾ നിയമം കൊണ്ടും ഭരണയന്ത്രം കൊണ്ടും, പ്രചരണം കൊണ്ടും തന്ത്രങ്ങൾ കൊണ്ടും അടവുകൾ കൊണ്ടും അടക്കി ഭരിച്ച് അവരെ നിത്യ അടിമകളാക്കുന്ന ദുരന്തത്തിനെതിരെ വിമോചന കാഹളം മുഴക്കുവാൻ കമില്ലോയെപ്പോലെ ക്രൈസ്തവർ തയ്യാറാകണം. ജനങ്ങളുടെയിടയിൽ യഥാർത്ഥ രാഷ്ട്രീയ പ്രബുദ്ധത സൃഷ്ടിക്കുവാൻ ക്രൈസ്തവർക്ക് കടമയുണ്ട്.

നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നർക്ക് എഞ്ചിനീയർമാർക്ക്, ഡോക്ടർ

www.malankaralibrary.com

മാർക്ക് സാമൂഹ്യബോധം തീരെയില്ല. മന്ത്രിക്ക് കൈക്കൂലി കൊടുത്ത് കൂടുതൽ കൈക്കൂലി കിട്ടുന്ന സ്ഥലത്തേക്ക് അവർ സ്ഥലം മാററം വാങ്ങും. മുടക്കിയ പണം രണ്ടാഴ്ചകൊണ്ട് അവർ സമ്പാദിക്കും. രാഷ്ട്രീയക്കാർ എന്നും അധികാരത്തിൽ പിടിച്ചു നിൽക്കുവാൻ ശ്രമിക്കും. അതിനുവേണ്ടി അവസരവാദപരമായ നിലപാടുകൾ അവർ അവലംബിക്കും. ചുവടുമാറി ചവിട്ടും. തത്വാധിഷ്ഠിതമായ നിലപാട് അവലംബിക്കുന്നതിലല്ല എടുത്ത നിലപാടിന്നനുകൂലമായി തത്വം കണ്ടെത്തുന്നതിലാവും അവരുടെ ശ്രദ്ധ.

ഈ പശ്ചാത്തലത്തിൽ, ഇന്ത്യയിലെ നിശ്ശബ്ദ ഭൂരിപക്ഷം വിമോചിതരാകണമെങ്കിൽ ക്രൈസ്തവർ സമഗ്രവിമോചനം ലക്ഷ്യമാക്കി, രാഷ്ട്രീയ പ്രവർത്തനം ഒരു പ്രേക്ഷിതപ്രവർത്തനമായി കണക്കിലെടുത്ത് പ്രവർത്തിക്കണം. നിഷ്ക്രിയരായിരിക്കുവാൻ നമുക്ക് സാദ്ധ്യമല്ല. ഭാരിച്ച ആ ഉത്തരവാദിത്വം ഏററെടുക്കുവാൻ ന്യൂനപക്ഷമായ ക്രൈസ്തവർ തയ്യാറാകണം. അതിനുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുവാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം. ലക്ഷ്യപ്രാപ്തിക്കുവേണ്ടി നമുക്ക് ഒന്നിച്ച് മുന്നോട്ട് നീങ്ങാം. അതിനായുള്ള പരിശ്രമത്തിൽ പങ്കുചേരാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
05–12–1997 — Sd/-

# 17. ഗവേഷണവിദ്യാർത്ഥികളോട്

പ്രിയ സഹപ്രവർത്തകരേ,

ഡിസംബർ 23–ാം തീയതി രാവിലെ ആനി മുകാലയിൽ എന്ന ഗവേഷണവിദ്യാർത്ഥി എന്നെ ടെലഫോണിൽ വിളിച്ചു. ആനി ഇപ്പോൾ സംസ്കൃത വിദ്യാലയത്തിൽ പഠിപ്പിക്കുകയാണെന്നും ഡോക്ടറേററിന് എടുക്കാൻ ഉദ്ദേശിക്കുന്ന ഗവേഷണ വിഷയം എ.കെ.സി.സി.യും നിവർത്തനപ്രക്ഷോഭണവും എന്നതാകാനാണ് ഉദ്ദേശിക്കുന്നതെന്നും അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച കാര്യത്തെപ്പററി സംസാരിക്കുവാൻ ആനി കോട്ടയത്ത് കത്തോലിക്കാ കോൺഗ്രസ്സ് ഓഫീസിൽ വന്നു. ഇങ്ങനെയൊരു വിഷയം തിരഞ്ഞെടുക്കാനുള്ള പ്രചോദനമെന്താണെന്ന് ഞാൻ ആ കുട്ടിയോട് ചോദിച്ചു. ചരിത്രത്തിൽ മറഞ്ഞുകിടക്കുന്ന സത്യങ്ങൾ പുറത്തുകൊണ്ടുവരുവാനുള്ള ആഗ്രഹമാണ് ഈ വിഷയം തിരഞ്ഞെടുക്കാൻ കാരണമെന്ന് ആനി പറഞ്ഞു. യഥാർത്ഥത്തിൽ വലിയ സന്തോഷമായി.

ക്രൈസ്തവ സമുദായം സാമൂഹ്യപുരോഗതിക്കുവേണ്ടി വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. ജനസംഖ്യയിൽ വെറും രണ്ടരശതമാനം മാത്രമാണെങ്കിലും ഭാരതത്തിന്റെ സാമൂഹ്യപുരോഗതിക്കുവേണ്ടി ക്രൈസ്തവരോളം വിലപ്പെട്ട സംഭാവനകൾ നൽകിയ മറെറാരു സമുദായമില്ല. ഈ ചരിത്ര വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരുവാൻ ക്രൈസ്തവർ ശ്രമിച്ചില്ല. ചരിത്രകാരന്മാർ ക്രൈസ്തവസംഭാവനകൾ വികലമാക്കി പ്രസിദ്ധീകരിക്കു

www.malankaralibrary.com

കയും പലതും അവഗണിക്കപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി നമ്മുടെ യുവജനങ്ങൾ നമ്മുടെ പ്രവർത്തനങ്ങളിൽ അഭിമാനമില്ലാത്തവരായി വളർന്നു.

ചരിത്രം എഴുതുന്നതിലും ആത്മകഥകൾ രചിക്കുന്നതിലും ക്രൈസ്തവർ ഒട്ടും തന്നെ താല്പര്യം കാണിക്കുന്നില്ല. അതിനാൽ ക്രൈസ്തവരുടെ സേവനങ്ങൾ ശരിയായി വിലയിരുത്തപ്പെട്ടിട്ടില്ല. എന്നതുതന്നെയുമല്ല പാഠപുസ്തകങ്ങളിൽ പോലും ക്രൈസ്തവ സംഭാവനകൾ തെററായ രീതിയിൽ രേഖപ്പെടുത്തിയിരിക്കുകയാണ്.

തെററായ ചരിത്രത്തിന്റെ കടയ്ക്കൽ ആഞ്ഞുവെട്ടി സത്യം പുറത്തു കൊണ്ടുവരുവാൻ നാം പരിശ്രമിക്കുക തന്നെ വേണം. ഡോക്ടറേററിന് പഠിക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ ഗവേഷണവിഷയം തിരഞ്ഞെടുക്കുമ്പോൾ ആനിയെപ്പോലെ സഭയുമായി ബന്ധപ്പെട്ട വിഷയങ്ങൾ തിരഞ്ഞെടുത്താൽ അതിന്റെ നേട്ടങ്ങൾ വലുതായിരിക്കും. സംശയമില്ല. നമ്മുടെ വൈദികരും കന്യാസ്ത്രീകളും അൽമായ സഹോദരങ്ങളും ഈ വഴിക്ക് ഒന്ന് ചിന്തിക്കണം. സഭാധികാരികളും സമുദായ നേതാക്കളും അതിന് പ്രോത്സാഹനം നൽകണം. മലയാളി മെമ്മോറിയൽ, റവന്യൂ ദേവസ്വം വിഭജന പ്രക്ഷോഭണം, നിവർത്തനപ്രക്ഷോഭണം, വിദ്യാഭ്യാസപ്രക്ഷോഭണം എന്നിവയിലെല്ലാം ക്രൈസ്തവർ വഹിച്ച പങ്ക് വെളിച്ചത്തുകൊണ്ടുവരുവാൻ ഗവേഷണവിദ്യാർത്ഥികളുടെ സഹായം കൂടിയേ തീരൂ.

ഈ വിഷയത്തിലേക്ക് സമുദായ സ്നേഹികളുടെ അടിയന്തര ശ്രദ്ധ പതിയണമെന്നഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
05-01-1998 — Sd/-

# 18. ദൈവം നൽകിയ അനുഗ്രഹങ്ങൾ

പ്രിയ സഹപ്രവർത്തകരേ,

ആത്മഹത്യകൾ ഒന്നിനൊന്ന് വർദ്ധിച്ചുവരുന്നതായി പത്രങ്ങൾ വായിക്കുമ്പോൾ തോന്നും. എന്താണ് ആത്മഹത്യ വർദ്ധിക്കുവാൻ കാരണം? പഠന വിഷയമാക്കേണ്ട ഒരു വിഷയമാണിതെന്നാണെന്റെ അഭിപ്രായം.

ജീവിതനൈരാശ്യമാണ് ആത്മഹത്യക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്നത്. സുഖസമൃദ്ധമായ ജീവിതമാണ് നാം എപ്പോഴും ആഗ്രഹിക്കുന്നത്. അത് എപ്പോഴും ലഭിച്ചെന്നു വരികയില്ല. നമ്മുടെ സുഖസമൃദ്ധമായ ജീവിതത്തിന്റെ മാനദണ്ഡം പലപ്പോഴും നാം അളക്കുന്നത് നമ്മേക്കാൾ സൗകര്യമുള്ളവരുടെ ജീവിതവുമായി താരതമ്യപ്പെടുത്തിയാണ്. നമ്മേക്കാൾ സൗകര്യമുള്ളവരെയോർത്ത് അവരെപ്പോലെ സുഖം നമുക്ക് ലഭിക്കണമെന്ന് വിചാരിക്കരുത്. അതു ലഭിക്കാത്തപ്പോൾ നാം ദുഃഖിക്കുകയുമരുത്. നമ്മേക്കാൾ വേദനിക്കുന്ന അനേകായിരങ്ങളെ ഓർത്ത് അവരുടെ ദുഃഖത്തിൽ നാം പങ്കുചേരണം. അപ്പോൾ മാത്രമെ നമുക്ക് ലഭിച്ച സൗകര്യങ്ങളെപ്പററി ഓർത്ത് സന്തോഷിക്കു

www.malankaralibrary.com

വാൻ നമുക്ക് സാധിക്കുകയുള്ളു.

ഒരു പാവപ്പെട്ട ഒരുവൻ ചെരുപ്പുവാങ്ങാൻ കഴിവില്ലാത്തതിനാൽ ദൈവത്തെ പഴിപറയുകയും ചെരിപ്പ് ധരിച്ചുപോകുന്നവരെ അസൂയയോടുകൂടി വീക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവന്റെ ദുഃഖം അമർഷമായി മാറി. അവൻ എല്ലാവരെയും വെറുപ്പോടെ വീക്ഷിച്ചു. അങ്ങനെ സ്വസ്ഥതയില്ലാതെ കഴിഞ്ഞുകൂടിയ അവൻ, കാലുകളില്ലാത്ത ഒരുവൻ താങ്ങുവടി കുത്തി ചാടി ചാടി നടന്നു പോകുന്നത് കണ്ടു. ചെരുപ്പു വാങ്ങാൻ കഴിവില്ലാത്തതിന്റെ പേരിൽ ദൈവത്തെ പഴിപറഞ്ഞും മററുള്ളവരെ വെറുപ്പോടെ വീക്ഷിച്ചും കഴിഞ്ഞവൻ കാലുകളില്ലാത്തവനെ കണ്ടപ്പോൾ, അവനോട് അലിവുതോന്നി. കാലുകളില്ലാത്തവൻ ദൈവത്തെ സ്തുതിച്ച് സന്തോഷത്തോടെ കടന്നുപോകുന്നത്, ചെരുപ്പുവാങ്ങാൻ സാധിക്കാത്തതിന്റെ പേരിൽ ദൈവത്തെ പഴിച്ചു നടന്നവൻ കാണുകയും അവന്റെ ചിന്തകളെ ശരിയായി തിരിച്ചുവിടുകയും ചെയ്തു. തനിക്ക് കാലുകൾ തന്നിട്ടും താൻ ദൈവത്തെ നിന്ദിക്കുകയാണല്ലോ ചെയ്തത് എന്ന് ഓർത്ത് അവൻ ദുഃഖിച്ചു. നാം എത്രയോ നിസ്സാരരാണെങ്കിലും ദൈവം നമുക്ക് നൽകിയ അനുഗ്രഹങ്ങളെ ഓർത്ത് സന്തോഷിച്ചാൽ നമ്മുടെ ജീവിതം സന്തോഷപ്രദമാകും.

ദൈവം സൃഷ്ടിച്ച എല്ലാവരും എന്തെങ്കിലും കഴിവുള്ളവരായിരിക്കും. ഉപയോഗശൂന്യമായിട്ടുള്ളതൊന്നും അവിടുന്ന് സൃഷ്ടിച്ചിട്ടില്ല. അമേരിക്കയിലെ ഡൻവർ നഗരത്തിൽ മദർ തെരേസായ്ക്ക് 1987–ൽ ഉജ്ജ്വലമായ ഒരു സ്വീകരണം നൽകി. പതിനായിരക്കണക്കിനാളുകൾ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. പൊക്കം കുറഞ്ഞ് വില്ലുപോലെ വളഞ്ഞ്, ദുർബലമായ കാലുകളുള്ള, ഭംഗിയില്ലാത്ത മുഖത്തോടുകൂടിയ ഒരു യുവാവ് മദർ തെരേസാ ഇരുന്ന സ്റ്റേജിലേക്ക് ഇഴഞ്ഞുകയറി. എഴുന്നേററ് നിൽക്കുവാൻ പോലും സാധിക്കാത്ത ആ യുവാവിനെ കണ്ടപ്പോൾ എല്ലാവർക്കും സഹതാപം തോന്നി. ചമ്രം പടിഞ്ഞ് തറയിൽ ഇരുന്നുകൊണ്ട് കാൽവിരൽ കൊണ്ട് ഗിത്താർ ചലിപ്പിച്ച് മനോഹരമായ ഒരു ഗാനം പാടി. മൈക്കിലൂടെ ആ ഗാനം കേട്ടപ്പോൾ ശ്രോതാക്കളെല്ലാം എഴുന്നേററ് നൃത്തം ചെയ്തു. പാട്ടുകഴിഞ്ഞപ്പോൾ ആ മനുഷ്യൻ ദൃഢസ്വരത്തിൽ മൈക്കിലൂടെ വിളിച്ചുപറഞ്ഞു "ഉപയോഗ ശൂന്യമായതൊന്നും ദൈവം സൃഷ്ടിക്കുന്നില്ലെന്നുള്ളതിന് ഞാൻ ജീവിക്കുന്ന അടയാളമാണ്".

സഹപ്രവർത്തകരെ, ചെരുപ്പ് വാങ്ങാൻ കഴിവില്ലാത്തവൻ ദൈവത്തെ പഴിച്ചപ്പോൾ കാലില്ലാത്തവൻ ദൈവത്തെ സ്തുതിച്ച് നടന്ന വസ്തുത നിങ്ങളുടെ ചിന്തയിൽ എന്നും ഉണ്ടായിരിക്കണം. നമുക്ക് ലഭിക്കാത്തതിനെ യോർത്ത് ദുഃഖിക്കുന്നവന് – പരാതിപ്പെടുന്നവന് ഒരിക്കലും ജീവിതത്തിൽ സംതൃപ്തിയുണ്ടാവുകയില്ല.

കാൽ വിരൽ കൊണ്ട് ഗിത്താർ ചലിപ്പിച്ച് സുന്ദരമായ ഗാനങ്ങൾ ആലപിച്ച് അനേകായിരങ്ങളെ സന്തോഷിപ്പിച്ച ഭംഗിയില്ലാത്ത മുഖത്തോടു കൂടിയ ആ മനുഷ്യൻ, തനിക്ക് വില്ലുപോലെ വളഞ്ഞ ദുർബലമായ കാലുകളും ഭംഗിയില്ലാത്ത മുഖവും തന്ന ദൈവത്തെ പഴിക്കുകയല്ല – വെറുക്കുകയല്ല ചെയ്തത്, പിന്നെയോ ദൈവം തനിക്ക് തന്ന അനുഗ്രഹങ്ങളിൽ സന്തോഷിക്കുകയാണ് ചെയ്തത്.

www.malankaralibrary.com

ഈ രണ്ടു സംഭവങ്ങൾ നമുക്ക് നൽകുന്ന സന്ദേശം നാം കേൾക്കാൻ തയ്യാറാകുമ്പോൾ നമ്മുടെ ജീവിതം ധന്യമാകും, സന്തോഷപൂർണ്ണമാകും.

നമ്മുടെ പ്രയാസങ്ങളെപ്പററിയൊക്കെ ഓർത്ത് എപ്പോഴും ദുഃഖിക്കുകയും പരാതിപ്പെടുകയും ചെയ്യുന്നവർക്ക് ഒരിക്കലും ശാശ്വതമായ സമാധാനം ലഭിക്കുകയില്ല. ഈ വസ്തുത നിങ്ങളുടെ മനസ്സിൽ ഉണ്ടാകട്ടെ. അതിനായി നമുക്ക് പ്രാർത്ഥിക്കാം

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
05-02-1998 Sd/-

# 19. രാഷ്ട്രപതിയുടെ മാതൃക

പ്രിയ സഹപ്രവർത്തകരേ,

മലയാളികളുടെ അഭിമാനഭാജനമായ രാഷ്ട്രത്തിന്റെ പ്രഥമപൗരൻ ശ്രീ. കെ. ആർ. നാരായണൻ ഫെബ്രു. 16-ാം തീയതി നടന്ന ലോകസഭാ തിരഞ്ഞെടുപ്പിൽ തന്റെ സമ്മതിദാനാവകാശം രേഖപ്പെടുത്തിയിരിക്കുന്നു. സ്വതന്ത്രഭാരതത്തിൽ ആദ്യമായാണ് ഒരു രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം വിനിയോഗിച്ചത്. സമ്മതിദാനാവകാശം വിനിയോഗിച്ച പ്രഥമരാഷ്ട്രപതിയെന്ന നിലയിൽ പ്രത്യേകമായ ഒരു ബഹുമതിയും അദ്ദേഹത്തിന് നൽകണമെന്ന അഭിപ്രായക്കാരനല്ല ഞാൻ. എന്നാൽ അദ്ദേഹം ഒരു സാധാരണ പൗരനെപ്പോലെ പോളിംഗ്ബൂത്തിലേക്ക് പോയതും ക്യൂവിൽ നിന്ന് വോട്ടു രേഖപ്പെടുത്തിയതും പ്രശംസാർഹമായ ഒരു നടപടിയാണെന്ന് പറയുന്നതിൽ തെററില്ല. രാഷ്ട്രപതി വോട്ടു ചെയ്യുവാൻ എത്തുമ്പോൾ ക്യൂവിൽ നിൽക്കണമെന്ന് ആരും പറയുകയില്ല. ബൂത്തിൽ ചെന്നെത്തുമ്പോൾ തന്നെ വോട്ടുചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുവാൻ എല്ലാവരും സഹകരിക്കും. എന്നാൽ രാഷ്ട്രപതി കെ.ആർ. നാരായണൻ പ്രത്യേകസൗകര്യങ്ങളൊന്നും ആഗ്രഹിച്ചില്ലെന്നതാണ് യാഥാർത്ഥ്യം. ഒരു സാധാരണ വോട്ടറെപ്പോലെ ക്യൂവിൽ നിന്ന് ക്രമം തെററാതെ വോട്ടു രേഖപ്പെടുത്തി എന്നത് പ്രത്യേകം എടുത്തു പറയേണ്ട ഒരു കാര്യമാണ്. ക്യൂവിൽ നിൽക്കാതെ ആദ്യം വോട്ടുചെയ്യുവാൻ സൗകര്യം ചെയ്തുകൊടുക്കാമെന്ന് പറഞ്ഞിട്ടും ആ പ്രത്യേക ആനുകൂല്യം തിരസ്കരിച്ച ശ്രീ. കെ.ആർ. നാരായണൻ നമ്മുടെ പൊതുപ്രവർത്തകർക്ക് ഒരു മാതൃകയാണ് കാട്ടിക്കൊടുത്തിരിക്കുന്നത്.

ചെറിയ ഒരു പദവി ലഭിക്കുമ്പോൾ, ആ പദവിയിലൂടെ ലഭ്യമാകുന്ന സ്വാധീനം ഉപയോഗിച്ച് ഏതു കാര്യവും നേടിയെടുക്കുവാൻ വെമ്പൽ കൊള്ളുന്ന പൊതുപ്രവർത്തകരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള പൊതുപ്രവർത്തകർക്ക് ശ്രീ. കെ.ആർ. നാരായണന്റെ ഈ മാതൃക ഒരു അനുഭവപാഠമായി തീരേണ്ടതാണ്.

ഈയടുത്ത നാളിൽ നടന്ന ഒരു സംഭവം ചൂണ്ടിക്കാണിക്കാൻ ഈ അവസരം വിനിയോഗിക്കട്ടെ. ഒരു ഇലക്ട്രിസിററി ഓഫീസിൽ ആ ഓഫീസിലെ പ്രധാന ഉദ്യോഗസ്ഥനെക്കണ്ട് എന്തോ കാര്യം പറയുവാൻ -

www.malankaralibrary.com

അപേക്ഷകൊടുക്കാൻ 35-ൽ പരം ആളുകൾ ക്യൂ നിൽക്കുകയാണ്. വയസ്സുചെന്നവരും കന്യാസ്ത്രീകളും വനിതകളുമെല്ലാം ക്യൂവിൽ ഉണ്ട്. രാവിലെ പത്തു മണി മുതൽ ക്യൂവിൽ നിൽക്കുകയാണവർ. ഉദ്ദേശം 13.30 ആയപ്പോൾ ഒരു മണ്ഡല ലവലിലുള്ള ഒരു രാഷ്ട്രീയ നേതാവ് ഒരു ഡയറിയും കക്ഷത്തിൽ വച്ച് ഓഫീസിനെ ലക്ഷ്യമാക്കി വന്നു. ക്യൂവിൽ നിൽക്കുന്നവരെയൊന്നും പരിഗണിക്കാതെ നേതാവ് അകത്തു കയറി. തന്റെ കൂട്ടത്തിൽ വന്ന രണ്ടുപേരോട് അകത്തു കയറിവരാൻ നേതാവ് കൽപിച്ചു. അവർ രണ്ടുപേരും അകത്തു കയറി. ഓഫീസറുമായി സംസാരിച്ച് കാര്യങ്ങൾ സാധിച്ചതിനുശേഷം നേതാവും രണ്ടു സിൽബന്ധികളും ക്യൂവിൽ നിൽക്കുന്ന ജനങ്ങളെ നോക്കി പുറത്തേക്കിറങ്ങിപ്പോയി. ക്യൂവിൽ നിന്നവർ പലരും ഈ നേതാവിന്റെ നടപടിയെ പഴിച്ചു. നേതാവിന്റെ കൂട്ടത്തിൽ വന്നവർ താഴെ ഇറങ്ങി ഒരു സിഗരററ് വലിച്ചുകൊണ്ട് റോഡിൽ നിന്ന് വൻ കാര്യം നേടിയ മട്ടിൽ പറയുകയാണ്. "ആണുങ്ങളുടെ കൂട്ടത്തിൽ വന്നാൽ കാര്യം കണ്ട് ഉടനെ പോകാം അല്ലെങ്കിൽ ആ നിൽക്കുന്നവരെപ്പോലെ വൈകിട്ടുവരെ നിൽക്കേണ്ടി വരും "

ഇവിടെ എന്താണ് പ്രശ്നം? നേതാവും നേതാവിന്റെ കൂട്ടത്തിൽ വന്നവരും മിടുക്കന്മാരായി. നിയമങ്ങൾ അവർക്ക് പ്രശ്നമല്ലാതായി. അവിടെ ക്യൂവിൽ നിന്നവരുടെ മുഴുവൻ അതൃപ്തിക്ക് അവർ വിധേയരായെങ്കിലും ക്യൂവിൽ നിന്നവരെ അവഗണിച്ച് ഓഫീസറെ കണ്ടതിൽ അവർ സംതൃപ്തരാണ്. അതേ സമയം നീതി നിഷേധിക്കപ്പെട്ടവർ ഈ നടപടിയെ പഴിക്കുന്നുവെന്ന വസ്തുത അവർ വിസ്മരിക്കുന്നു. അഥവാ ആ വസ്തുത മനസ്സിലായാലും തങ്ങൾ നേടിയത് ഒരു സാമർത്ഥ്യമായി അവർ കണക്കാക്കുന്നു.

ക്യൂവിൽ നിൽക്കാതെ അകത്തു കയറിയവരെ ഓഫീസർ തടയേണ്ടതായിരുന്നു. അങ്ങനെയൊരു നടപടിക്കു തുനിഞ്ഞാൽ ഒരു പക്ഷേ ഓഫീസർ അധികം താമസിയാതെ സ്ഥലം മാറേണ്ടി വരുമെന്ന ഭയം അദ്ദേഹത്തിനുണ്ടായേക്കാം. ഏതായാലും നമ്മുടെ നാട്ടിലെ കുട്ടിനേതാക്കന്മാർ നമ്മുടെ രാഷ്ട്രപതിയുടെ മാതൃക സ്വീകരിക്കാൻ തയ്യാറാകണം.

നീതിക്കുവേണ്ടി ശബ്ദിക്കുന്ന പലരും സ്വന്തം കാര്യം വരുമ്പോൾ അനീതി ചെയ്യുവാൻ തയ്യാറാകുന്ന കാഴ്ചയാണ് പലപ്പോഴും കാണുന്നത്. നീതി നിഷേധത്തിനെതിരെ ശബ്ദിക്കുന്ന പലരും സ്വാധീനം ഉപയോഗിച്ച് സ്വന്തം കാര്യങ്ങൾ നേടിയെടുക്കാൻ ഏതുമാർഗ്ഗവും സ്വീകരിക്കുന്നതായി കാണാം.

സ്വാർത്ഥത വെടിഞ്ഞ് മററുള്ളവർക്ക് ന്യായമായി ലഭിക്കേണ്ട കാര്യങ്ങൾ ലഭ്യമാക്കുവാൻ നാം ശ്രമിക്കുകയാണ് വേണ്ടത്. അതിനുള്ള വിവേകവും സന്മനസും പൊതു പ്രവർത്തക നേതാക്കൾക്കുണ്ടാകണം. ഈ കാര്യത്തിൽ നമ്മുടെ രാഷ്ട്രപതിയെ മാതൃകയാക്കാൻ നമുക്കു ശ്രമിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

5-3-1998 — Sd/-

www.malankaralibrary.com

# 20. പ്രവർത്തക ക്യാമ്പ്

പ്രിയ സഹപ്രവർത്തകരേ,

കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർക്കായി ഒരു ത്രിദിന ക്യാമ്പ് ചരൽകുന്ന് സ്റ്റുഡന്റ് സെന്ററിൽ 1998 ഏപ്രിൽ 24, 25, 26 തീയതികളിൽ നടത്തുകയാണ്. എ.കെ.സി.സി. സംഘടന പ്രവർത്തകർക്കായി 1982–ൽ ഒരു ക്യാമ്പ് സംഘടിപ്പിച്ചതിനുശേഷം ആദ്യമായാണ് ഇങ്ങനെയൊരു ക്യാമ്പ് സംഘടിപ്പിക്കുന്നത്. കത്തോലിക്കാ കോൺഗ്രസ്സിനെപ്പററി കൂടുതലായി പഠിക്കുന്നതിനും സമുദായ പ്രശ്നങ്ങളെപ്പററി അവബോധമുളവാക്കുന്നതിനും ഈ ക്യാമ്പ് സഹായകരമായിതീരും. കഴിയുന്നത്ര സംഘടനാപ്രവർത്തകർ ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ ശ്രമിക്കണമെന്നഭ്യർത്ഥിക്കുന്നു. കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നവർക്കും ഇപ്പോൾ സംഘടനയിൽ പ്രവർത്തിക്കാത്തവർക്കും ഈ ക്യാമ്പിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും.

സ്വാതന്ത്ര്യ പ്രാപ്തിയെ തുടർന്ന് ഗ്രീഷ്മകാല വിദ്യാലയങ്ങൾ നടത്തിക്കൊണ്ട് കത്തോലിക്കാ കോൺഗ്രസ്സ് യുവജനങ്ങൾക്ക് പ്രത്യേക പരിശീലനം നൽകികൊണ്ടിരുന്നു. ഷെവ. സി.ജെ. വർക്കിയെപ്പോലെ ഭാവനാസമ്പന്നരായ നേതാക്കളായിരുന്നു ഈ പദ്ധതിക്ക് രൂപം നൽകിയത്. ഒരാഴ്ച നീണ്ടുനിൽക്കുന്ന പഠനകളരികൾ വൻ വിജയം നേടാൻ സഹായിച്ചിരുന്നു. എന്നാൽ ആ പദ്ധതി അധികം നാൾ തുടർന്നുകൊണ്ടു പോകുവാൻ സാധിച്ചില്ല.

അനേകവർഷം കൂടി നടത്തുന്ന ഈ പ്രവർത്തക ക്യാമ്പിൽ കഴിയുന്നത്രയാളുകളെ പങ്കെടുപ്പിക്കുവാൻ ശ്രമിക്കണം. പുത്തൻ പുത്തൻ പ്രവർത്തകരെ സംഘടനയിലേക്ക് കൊണ്ടു വരുവാൻ രൂപതാ ഭാരവാഹികൾ ആത്മാർത്ഥമായി ശ്രമിച്ചാൽ ഈ ക്യാമ്പ് വൻ വിജയമായിതീരും. കോതമംഗലം, കാഞ്ഞിരപ്പള്ളി, പാലാ രൂപതകളിൽ കഴിഞ്ഞ ഏതാനും മാസങ്ങളിൽ നടന്ന പ്രവർത്തക കൺവെൻഷനുകളിൽ നൂറുകണക്കിന് യുവജനങ്ങൾ പങ്കെടുത്തുവെന്നത് സന്തോഷകരമാണ്. സംഘടനാ പ്രവർത്തനത്തിലേർപ്പെടുവാൻ തല്പരരായി നിരവധി യുവജനങ്ങൾ വരുന്നുണ്ടെന്നുള്ളത് അഭിമാനകരമാണ്. അങ്ങനെയുള്ള പുതുമുഖങ്ങളെയും പ്രവർത്തകക്യാമ്പിലേക്ക് പറഞ്ഞയക്കാൻ രൂപതാ വാഹികൾ ശ്രമിക്കണം.

യുവാക്കളെ സംഘടനാ പ്രവർത്തനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കാതെയും അവർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകാതെയും നിസംഗതാ മനോഭാവത്തോടെ പ്രവർത്തിക്കുന്ന സംഘടനാ പ്രവർത്തകരാണ് – നേതാക്കളാണ് – സംഘടനയുടെ വളർച്ചക്ക് വിലങ്ങുതടിയായി നിലകൊള്ളുന്നതെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. ഓരോ രൂപതയിൽ നിന്നും 25 പേരെങ്കിലും ക്യാമ്പിൽ ആദ്യന്തം പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു രൂപതയിൽ നിന്നും ചുരുങ്ങിയത് പത്തുപേരെയെങ്കിലും ക്യാമ്പിലേക്ക് പറഞ്ഞയക്കാൻ സാധിക്കാത്ത രൂപതാഭാരവാഹികൾ, തങ്ങളുടെ പ്രവർത്തനങ്ങളെപ്പററി സ്വയം ഒരു ആത്മപരിശോധന നടത്തുകതന്നെ വേണം.

www.malankaralibrary.com

എ.കെ.സി.സി. പ്രതിനിധി സമ്മേളനങ്ങളിൽ നിരന്തരമായി ഉണ്ടായ നിർദ്ദേശങ്ങളുടെയടിസ്ഥാനത്തിലാണ് വലിയ സാമ്പത്തികഭാരം ഏറ്റെടുത്തു കൊണ്ട് പ്രവർത്തക ക്യാമ്പ് നടത്തുന്നത്. ആ ക്യാമ്പിന്റെ ഉദ്ദേശം ഫലപ്രദമാകുന്നില്ലെങ്കിൽ അത് വലിയ നഷ്ടമായിരിക്കും.

രൂപതാ ഭാരവാഹികൾക്കും ശാഖാഭാരവാഹികൾക്കും ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കുകയില്ലെങ്കിൽ മററാരെയും പങ്കെടുപ്പിക്കേണ്ട എന്ന ഉദ്ദേശം മാററിവച്ചു സമർത്ഥരായ ആളുകളെ കണ്ടെത്തി പ്രവർത്തകക്യാമ്പിലേക്ക് അയക്കാൻ ശ്രമിക്കണം.

സ്വയം പ്രവർത്തിക്കുവാനും മററുള്ളവരെ സംഘടനയിലേക്ക് സ്വാഗതം ചെയ്ത് അവരുടെ സേവനങ്ങൾ സംഘടനക്ക് ഉപയോഗപ്പെടുത്തുവാനും എല്ലാ പ്രവർത്തകരും തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു. ഈ ക്യാമ്പിന്റെ വിജയം നിങ്ങളോരോരുത്തരിലുമാണെന്ന് ഓർമ്മിപ്പിക്കട്ടെ.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05–04–1998 — Sd/-

# 21. കുട്ടികൾ എങ്ങിനെ വളരണം

പ്രിയ സഹപ്രവർത്തകരേ,

രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകാനും അതേ സമയം യാതൊരു ബുദ്ധിമുട്ടും കൂടാതെ സുഖമായി അവർ കഴിയുവാനും ആഗ്രഹിക്കുന്നു. അതിനായി രക്ഷാകർത്താക്കൾ അവരുടെ കഴിവനുസരിച്ച് കാറിലോ, ഓട്ടോറിക്ഷയിലോ, ബസ്സിലോ വിദ്യാലയങ്ങളിലേയ്ക്ക് അയക്കുന്നു. മിഠായി, ഐസ്ക്രീം തുടങ്ങിയവ വാങ്ങാനായി പോക്കററുമണിയും കൊടുക്കുവാൻ രക്ഷകർത്താക്കൾ മടികാണിക്കുകയില്ല.

തങ്ങളുടെ കുട്ടികൾ പഠിക്കുന്ന ക്ലാസ്സിലെ മററു കുട്ടികൾ എങ്ങിനെയാണ് കഴിയുന്നതെന്ന് രക്ഷകർത്താക്കൾ ചിന്തിക്കാറില്ല. തങ്ങളുടെ സഹപാഠികൾ തങ്ങളെപ്പോലെയാണോ സ്കൂളിൽ വരുന്നതും പോകുന്നതും എന്നൊന്നും കുട്ടികളും അന്വേഷിക്കാറില്ല. സ്വന്തം മക്കളുടെ സുഖാന്വേഷണത്തിൽ മാത്രം ശ്രദ്ധിക്കുന്ന മാതാപിതാക്കളുടെ കുട്ടികൾ, തങ്ങളുടെ സഹപാഠികളുടെ വിവധ പ്രശ്നങ്ങളെപ്പററി ചിന്തിക്കാത്തതിൽ അത്ഭുതപ്പെടാനില്ല.

സമ്പന്നരുടെ കുട്ടികളുടെ ജീവിതരീതികണ്ട് നോക്കിനിൽക്കാൻ മാത്രം വിധിക്കപ്പെട്ട, പാവങ്ങളുടെ മക്കൾ സ്കൂളിൽ തന്നെയുണ്ട്. സ്കൂൾ വിട്ട് നനഞ്ഞൊലിച്ച കൊച്ചുടുപ്പ് ഒന്ന് ഉണങ്ങുന്നതിനുപോലും സാധിക്കാതെ പിറേറദിവസം അതുതന്നെ ധരിച്ചുകൊണ്ട് ക്ലാസ്സിൽ വരുന്നവർ, കുടയില്ലാത്തതുമൂലം കടത്തിണ്ണയിൽ കയറിനിന്നതിന്റെ ഫലമായി ക്ലാസ്സിൽ താമസിച്ചെത്തുന്നവർ, വീട്ടിലെ ദാരിദ്ര്യം മൂലം ഉച്ചക്ക് ഒന്നും കഴിക്കാതെ വെള്ളം മാത്രം

www.malankaralibrary.com

കുടിച്ച് തൃപ്തിപ്പെടുന്നവർ, പുസ്തകം വാങ്ങാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ക്ലാസ്സിൽ പുറത്തുപോകേണ്ടി വരുന്നവർ, ടിക്കറ്റെടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് സ്കൂളിൽ നടത്തുന്ന സിനിമപ്രദർശനം പോലും കാണാൻ കഴിയാതെ വീട്ടിലേക്ക് ദുഃഖത്തോടുകൂടി പോകുന്നവർ, തങ്ങളുടെ കുട്ടികൾ പഠിക്കുന്ന ക്ലാസ്സിൽ, തങ്ങളുടെ കുഞ്ഞുങ്ങളോടൊപ്പം പഠിക്കുന്നുണ്ടെന്ന് രക്ഷകർത്താക്കൾ മനസ്സിലാക്കുന്നുണ്ടോ? തങ്ങളോടൊപ്പം പഠിക്കുന്ന കുട്ടികളുടെ കരളലിയിക്കുന്ന കഥ കേൾക്കാനോ മനസ്സിലാക്കാനോ സാധിക്കാതെ സുഖജീവിതം നയിക്കുന്ന കുട്ടികൾ ഭാവിയിൽ നമ്മുടെ രാജ്യത്തിന് ഒരു ഭീഷണിയായിത്തീരുമെന്ന് അവർ ഗ്രഹിക്കുന്നുണ്ടോ?

താൻ ജീവിക്കുന്ന സാഹചര്യങ്ങൾ മനസ്സിലാക്കാതെ വളർന്നു വരുന്ന കുട്ടികൾ സ്വാർത്ഥരായിതീരും. അവർ രാജ്യത്തിന് ഒരു ഭാരവുമായിരിക്കും. തങ്ങളുടെ സഹപാഠികളുടെ ദുഃഖത്തിൽ പങ്കുചേരുവാനും അവരെ സഹായിക്കാനും തയ്യാറാകുന്ന കുട്ടികളും അവർക്കങ്ങനെ പരിശീലനം നൽകുന്ന രക്ഷകർത്താക്കളും വലിയ രാഷ്ട്രസേവനമായിരിക്കും നടത്തുക.

എ.കെ.സി.സി. മാനന്തവാടി രൂപതാ ട്രഷറർ പി.ഡി. മത്തായി പുളിയംമാക്കൽ സാധാരണ മനുഷ്യനാണ്. കഠിനാദ്ധ്വാനവും അർപ്പണമനോഭാവവും കൊണ്ട് സാമാന്യം നല്ല സമ്പത്തിന് ഉടമയായി തീർന്ന ഒരു വ്യക്തിയാണ് അദ്ദേഹം. എ.കെ.സി.സി.യുടെ പുരസ്കാരം ലഭിച്ച മത്തായി ചേട്ടനെ അനുമോദിക്കാൻ ചേർന്ന യോഗത്തിൽ നിരവധി വൈദികരും കന്യാസ്ത്രീകളും അൽമായരും പങ്കെടുത്തിരുന്നു. സ്കൂളിലെ ഒരു അദ്ധ്യാപിക (സിസ്റ്റർ) മത്തായി ചേട്ടനെ അനുമോദിച്ചുകൊണ്ട് പറഞ്ഞ ഏതാനും വാക്കുകൾ കുറിക്കട്ടെ. "മത്തായി ചേട്ടന്റെ മക്കൾ ഉച്ചക്ക് ഭക്ഷണം കഴിക്കുവാനായി വീട്ടിലേക്ക് സ്കൂളിൽ നിന്നും പോകുമ്പോൾ ആ സ്കൂളിൽ ഉച്ച ഭക്ഷണം കഴിക്കാതിരിക്കുന്ന കുട്ടികളെയും കൂട്ടി വീട്ടിൽ വരണമെന്ന് നിഷ്കർഷിച്ചിരുന്നു. ആ കുട്ടികൾ അതുപോലെ പ്രവർത്തിക്കുകയും ചെയ്തു." ഈ മത്തായി ചേട്ടനെപ്പോലെ എല്ലാവരും പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരാണ്. തങ്ങളുടെ കുട്ടികൾ കൂട്ടത്തിൽ പഠിക്കുന്നവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുമ്പോൾ മാത്രമാണ് സഹപാഠികളോട് ഒരു പ്രതിബദ്ധത അവർക്കുണ്ടാകുക.

ഈ മാതൃക നമുക്കൊക്കെ സ്വീകരിക്കാവുന്നതാണ്. അനാവശ്യമായ ചിലവുകൾ കുറക്കുവാനും അങ്ങനെ ലഭിക്കുന്ന പണം ഒരു നല്ല കാര്യത്തിനു വേണ്ടി വിനിയോഗിക്കാനുമുള്ള പരിശീലനം നമ്മുടെ കുട്ടികൾക്ക് നാം നൽകണം. അങ്ങനെ പരിശീലനം ലഭിച്ചു വളർന്നു വരുന്ന കുട്ടികൾ പിൽക്കാലത്ത് നല്ല ഫലങ്ങൾ പുറപ്പെടുവിക്കുക തന്നെ ചെയ്യും. നിറുത്തട്ടെ.

നിറുത്തട്ടെ

കോട്ടയം
5–5–1998

സ്നേഹപൂർവ്വം
Sd/-

www.malankaralibrary.com

# 22. രാഘവൻ എഴുതിയ കത്ത്

പ്രിയ സഹപ്രവർത്തകരേ,

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും രാഷ്ട്രീയ പ്രവർത്തകനും പ്രഭാഷകനും ചരിത്രലേഖകനുമാണ് ശ്രീ.കെ.എം. ചുമ്മാർ. ഇക്കഴിഞ്ഞ 24–ാം തീയത് അദ്ദേഹത്തിന്റെ വിപുലമായ ഗ്രന്ഥശേഖരം കാണുന്നതിനും ചില ഗ്രന്ഥങ്ങൾ ഒന്നു പഠനവിധേയമാക്കുന്നതിനും വേണ്ടി അദ്ദേഹത്തിന്റെ വസതിയിൽ എത്തി. ഞങ്ങൾ ദീർഘനേരം പല വിഷയങ്ങളെപ്പററിയും സംസാരിച്ചു. അദ്ദേഹം സമീപ സ്കൂളിൽ വാർഷികത്തിൽ അദ്ധ്യക്ഷത വഹിക്കാനെത്തിയപ്പോൾ കണ്ടുകിട്ടിയ ഒരു കത്തിനെപ്പററി പ്രത്യേകം സൂചിപ്പിക്കുകയുണ്ടായി. അക്കാര്യം നിങ്ങളുടെ ചിന്തക്കായി ഞാൻ കുറിക്കുകയാണ്.

തന്റെ മകൾ ലക്ഷ്മി എന്ന കുട്ടിക്ക് രാഘവൻ എന്ന പിതാവ് എഴുതി കൊടുത്ത അവധിക്കപേക്ഷയായിരുന്നു ആ കത്ത്. ക്ലാസ്മുറിയിൽ കിടന്നുകിട്ടിയ ആ കത്ത് ചുമ്മാർ എടുത്തു വായിച്ചു. ആ കത്തിൽ ഇപ്രകാരം എഴുതിയിരുന്നു. ലക്ഷ്മി ഇന്നലെ ക്ലാസിൽ വരാതിരുന്നത് ഒന്നും കഴിച്ചിട്ട് പോരാനില്ലാത്തതുകൊണ്ടായിരുന്നു. ടീച്ചർ അവധി നൽകണമെന്നഭ്യർത്ഥിക്കുന്നു. ഒരദ്ധ്യാപകൻ കൂടിയായിരുന്ന ശ്രീ. ചുമ്മാർ പറയുകയാണ് നിഷ്കളങ്കനായ ഒരു പിതാവിന്റെ കത്താണിത്. സത്യം അദ്ദേഹം തുറന്നു പറഞ്ഞു. മററൊരു രക്ഷകർത്താവാണെങ്കിൽ മററെന്തെങ്കിലും കാര്യം പറഞ്ഞ് അവധിക്കപേക്ഷ എഴുതിക്കൊടുക്കുമായിരുന്നു. ഒരു പക്ഷേ ലക്ഷ്മി ദിവസങ്ങളായി പട്ടിണിയിലായിരുന്നിരിക്കാം. പട്ടിണിയുടെ ക്ഷീണംകൊണ്ട് ക്ലാസിൽ തളർന്നു വീഴുമായിരിക്കാം. അതുകൊണ്ടായിരിക്കാം ലക്ഷ്മിയെ ക്ലാസിൽ അയക്കാതിരുന്നത്.

ഇതുപോലെ എത്രയോ ലക്ഷ്മിമാർ നമ്മുടെ വിദ്യാലയങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. അഭിമാനത്തിന്റെ പേരിൽ പലരും തങ്ങളുടെ പട്ടിണിയുടെ കഥ മറച്ചു വക്കുകയാണ്. ഇവരെപ്പററി ചിന്തിക്കുവാനും അവരുടെ പ്രശ്നപരിഹാരത്തിന് മാർഗ്ഗങ്ങൾ കണ്ടെത്തുവാനും നാമാരെങ്കിലും ശ്രമിക്കുന്നുണ്ടോ?

ഓരോ രാഷ്ട്രീയ പാർട്ടികളും തങ്ങളുടെ നിലനിൽപ്പിനുവേണ്ടിയുള്ള തന്ത്രങ്ങൾ മെനഞ്ഞെടുത്തുകൊണ്ടിരിക്കുകയാണ്. ചർച്ചകൾ നടത്തുന്നു. അടിസ്ഥാന പ്രശ്നങ്ങളെപററി അവർ ചിന്തിക്കുന്നുപോലുമില്ല.

ഏത് പള്ളിയാണ് പൊളിക്കേണ്ടത് എവിടെയാണ് അമ്പലം പണിയേണ്ടത് എന്ന് ചിലർ ചിന്തിക്കുന്നു. എവിടെയാണ് സമരം സംഘടിപ്പിക്കേണ്ടതെന്ന് ചിലർ ചിന്തിക്കുന്നു. ജാതിമത വർഗ്ഗവികാരങ്ങൾ ആളിക്കത്തിച്ചാണെങ്കിലും രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള മാർഗ്ഗങ്ങളെപററിയാണ് മററുചിലരുടെ ചിന്ത.

ഈ ചിന്തകൾക്കിടയിൽ ലക്ഷ്മിമാരുടെ പ്രശ്നങ്ങൾ നാം വിസ്മരിക്കുന്നു. ഇന്ത്യയെപ്പോലെ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു പ്രദേശത്തു

www.malankaralibrary.com

നിന്നും ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിച്ച് ജനങ്ങളുടെ പട്ടിണി ഇല്ലാതാക്കാനുള്ള കർമ്മപരിപാടികളെപ്പററി ചിന്തിക്കാൻ ഭരണകർത്താക്കൾക്കോ രാഷ്ട്രീയ പാർട്ടികൾക്കോ സമയമില്ല. അല്ല താൽപര്യമില്ല. പൊതു പ്രശ്നങ്ങളിലെങ്കിലും ഇന്ത്യൻ ജനതയുടെ ശബ്ദം ഏകമായിരിക്കാനുള്ള ഒരു നീക്കത്തിന് നേതൃത്വം നൽകുവാൻ ആരുമില്ല. ഭിന്നിപ്പിച്ചാണെങ്കിലും ഇന്ത്യയുടെ ഐക്യം തകർന്നിട്ടാണെങ്കിലും സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ ഭരണകർത്താക്കളും രാഷ്ട്രീയപാർട്ടികളും ഏർപ്പെടുമ്പോൾ, ഇവിടുത്തെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ജനങ്ങളുടെ കൂട്ടായ്മ വളർത്തിയെടുക്കുവാൻ നാം ശ്രമിക്കണം.

നമ്മുടെ വിദ്യാലയങ്ങളിൽ ആയിരക്കണക്കിന് ലക്ഷ്മിമാർ പട്ടിണിയനുഭവിച്ച് കഴിയുന്നുവെന്ന ചിന്ത നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കട്ടെ. അതിന് ഒരു പരിഹാരം കാണാൻ നാം ഓരോരുത്തരും പരിശ്രമിക്കുകതന്നെ വേണം. വിദ്യാലയം തുറന്നിരുക്കുന്ന ഈ സമയത്ത് ഇക്കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
5-6-1998 Sd/-

# 23. തൂങ്കുഴി പിതാവിന്റെ നിർദ്ദേശം

പ്രിയ സഹപ്രവർത്തകരേ,

തൃശൂർ അതിരുപതയുടെ പ്രഥമ ആർച്ച് ബിഷപ്പായിരുന്ന മാർ ജോസഫ് കുണ്ടുകുളത്തിന്റെ ആകസ്മികമായ വിയോഗം അക്ഷരാർത്ഥത്തിൽ ഭാരതീയരെ ദുഃഖത്തിലാഴ്ത്തുകയുണ്ടായി. പാവങ്ങളുടെ പിതാവ് എന്ന അപരനാമത്തിലറിയപ്പെട്ടിരുന്ന മാർ കുണ്ടുകുളത്തിന് ആദരാജ്ഞലികൾ അർപ്പിക്കുവാൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പതിനായിരക്കണക്കിനാളുകൾ തൃശൂർ എത്തിച്ചേരുകയുണ്ടായി. സ്വാഭാവികമായും റീത്തുകളുടെ ഒരു പ്രവാഹം തന്നെ അവിടെയുണ്ടാകുമായിരുന്നു.

ക്രാന്തദർശിയായ മാർ ജേക്കബ്ബ് തൂങ്കുഴി ആദരാഞ്ജലികൾ അർപ്പിക്കുവാൻ എത്തുന്നവരുടെ മുൻപിൽ ഒരു നിർദ്ദേശം വച്ചു"പിതാവിന് ആദരാഞ്ജലികൾ അർപ്പിക്കാൻ വരുന്നവർ ആരും റീത്ത് കൊണ്ടു വരണ്ടാ, അതിനുപകരം കച്ചയോ സാരിയോ കൊണ്ട് വന്ന് മൃതദേഹത്തിൽ അർപ്പിച്ച് ആദരവ് പ്രകടിപ്പിച്ചാൽ മതി. ആ കച്ചയും സാരിയും പാവങ്ങൾക്ക് ഉപയോഗിക്കാൻ കൊടുക്കുന്നതാണ്."

മാർ തൂങ്കുഴി പിതാവിന്റെ നിർദ്ദേശം ഇല്ലായിരുന്നുവെങ്കിൽ എല്ലാവരും റീത്തുമായി എത്തിചേരുമായിരുന്നു. വലിയ വിലപിടിപ്പുള്ള നിരവധി റീത്തുകൾ മൃതദേഹത്തിൽ സമർപ്പിക്കുകയും അതെല്ലാം ഏതാനും ദിവസങ്ങൾകൊണ്ട് നശിച്ചുപോവുകയും ചെയ്യുമായിരുന്നു.

www.malankaralibrary.com

തൃശൂരിൽ വരുത്തിയ ഈ മാററത്തെപ്പററി നാം ഏവരും ചിന്തിക്കേണ്ട താണ്. നമ്മുടെ നാട്ടിൽ തന്നെ എത്ര റീത്തുകളാണ് സിമിറററിയിൽ മഴയും വെയിലുമേററ് നശിച്ചുകൊണ്ടിരിക്കുന്നത്. ആ പണമെല്ലാം മനുഷ്യന് ഉപകാര പ്രദമായ സാധനങ്ങളാക്കി മാററിയിരുന്നുവെങ്കിൽ എത്രയോ പാവങ്ങൾക്ക് അതുകൊണ്ട് നേട്ടമുണ്ടാകുമായിരുന്നു. ഇന്ന് സാമാന്യം അറിയപ്പെടുന്ന ഒരു പൊതുപ്രവർത്തകൻ മരിച്ചാൽ ചുരുങ്ങിയത് 100 റീത്തെങ്കിലും സമർപ്പി ക്കപ്പെടും. ഏററം ചുരുങ്ങിയത് 7500 രൂപാ വിലവരുന്ന റീത്തു വെറുതെ ഉപയോഗമില്ലാതെ നശിച്ചുപോകും. ഈ നിലപാട് മാററാൻ ഓരോരുത്തരും തയ്യാറായി മുന്നോട്ടുവരണം. സമ്പന്നൻമാർ മരിക്കുമ്പോൾ ചരമപരസ്യം പത്ര ത്തിൽ കൊടുക്കുക സാധാരണമാണ്. ആ ചരമ അറിയിപ്പിൽത്തന്നെ ആരും റീത്തു സമർപ്പിക്കേണ്ട എന്നും കച്ചയോ സാരിയോ സമർപ്പിച്ചാൽ മതി എന്നും ഒരു കുറിപ്പുകൂടി ചേർത്താൽ മതി. വലിയ ഒരു സാമ്പത്തിക നഷ്ടം സമൂഹത്തിന് ഇല്ലാതാകും.

ഇതുപോലെ ചെറിയ പ്രവർത്തികൾകൊണ്ടും വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കും. തൃശൂർ മാർ. ജേക്കബ് തൂങ്കുഴി വെട്ടിത്തെളിച്ചു തന്ന പാതയിലൂടെ മുന്നോട്ടുപോകാൻ സമുദായ സ്നേഹികൾ തയ്യാറായി മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. നഗ്നത മറയ്ക്കുവാൻ വസ്ത്രമില്ലാതെ കഴിയുന്ന അനേകായിരങ്ങൾ ഈ കേരളത്തിലുണ്ട്. അവർക്കൊക്കെ വസ്ത്രം വാങ്ങിക്കൊടുക്കാൻ ആരും അത്ര താൽപര്യം കാണിക്കുകയില്ല. എന്നാൽ ഇതുപോലുള്ള സന്ദർഭങ്ങളിൽ ശരിയായ മാർഗ്ഗനിർദ്ദേശം നൽകിയാൽ വളരെയധികം ആളുകളെ വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ സഹായിക്കാൻ സാധിക്കും. കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ ഇങ്ങനെയുള്ള നീക്കങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05–07–1998 — Sd/-

# 24. പ്രസംഗകരോടും സംഘാടകരോടും

പ്രിയ സഹപ്രവർത്തകരെ,

പൊതുപ്രവർത്തകരായ നാം പലപ്പോഴും യോഗം സംഘടിപ്പിക്കുകയും വിവിധ യോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്യുമല്ലോ. നാം സംഘടിപ്പിക്കുന്ന യോഗം വിജയിപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെതന്നെ നാം പ്രസംഗിക്കാൻ എത്തുന്ന പരിപാടിയും വിജയിപ്പിക്കുന്നതിൽ സഹകരിക്കുവാൻ നമുക്ക് ബാദ്ധ്യതയുണ്ട്.

യോഗം സംഘടിപ്പിക്കുന്നവരും യോഗത്തിൽ പ്രസംഗിക്കുന്നവരും യോഗത്തിൽ പങ്കെടുക്കുന്നവരും സമയനിഷ്ഠയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം. യോഗം ആരംഭിക്കേണ്ട സമയത്ത് ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥികൾ എത്തിച്ചേരുന്നില്ലെങ്കിൽ സംഘാടകർക്കുണ്ടാകുന്ന പ്രയാസം

www.malankaralibrary.com

മനസ്സിലാക്കുവാൻ വിശിഷ്ടാതിഥികളായി എത്താമെന്നു സമ്മതിച്ചവർക്ക് കഴിയണം. ഒരു പ്രസംഗകൻ എത്താത്തതുകൊണ്ട് അനേകം ശ്രോതാക്കൾ അനേകസമയം പാഴാക്കിക്കളയേണ്ടിവരുന്നത് നിർഭാഗ്യകരമാണ്.

പ്രസംഗം ആരംഭിച്ചാൽ പ്രസംഗകൻ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. എത്ര സമയമാണ് യോഗത്തിനുവേണ്ടി മാററി വച്ചിരിക്കുന്നതെന്നും താൻ എത്ര സമയം പ്രസംഗിക്കണമെന്നാണ് സംഘാടകർ ആഗ്രഹിക്കുന്നതെന്നും മുൻകൂട്ടി ഗ്രഹിക്കണം. അതനുസരിച്ച് തന്റെ പരിപാടി ക്രമീകരിക്കുവാൻ തയ്യാറായെങ്കിൽ മാത്രമേ പരിപാടി വിജയിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പ്രാസംഗികൻ സമയത്ത് എത്താതിരിക്കുകയും എത്തിക്കഴിഞ്ഞ് പരിസരബോധമില്ലാതെ സംഘാടകരുടെ കണക്കുകൂട്ടലുകൾ തെററിച്ചുകൊണ്ട് പ്രസംഗിക്കുകയും ചെയ്യുന്നത് ഒരിക്കലും ശരിയല്ല. സംഘാടകർക്ക് പ്രസംഗകന്റെ ഈ അവിവേക പ്രസംഗത്തിൽ പ്രതിഷേധം ഉണ്ടെങ്കിലും മാന്യതയുടെ പേരിൽ അത് പ്രകടിപ്പിച്ചു എന്നു വരികയില്ല.

പല സന്ദർഭങ്ങളിലും സംഘാടകരുടെ ഭാഗത്തുനിന്നും പാളിച്ചകൾ ഉണ്ടാവുക സ്വാഭാവികമാണ്. ഒരു സ്ഥലത്ത് ഒരു യോഗത്തിൽ പ്രസംഗിക്കാൻ എന്നെ ക്ഷണിക്കുകയുണ്ടായി. ഒരിക്കലും സമയം തെററിക്കരുതെന്ന് നിർബന്ധ ബുദ്ധിയുള്ള ഞാൻ സംഘാടകൻ പറഞ്ഞതനുസരിച്ച് 3 മണിക്ക് തന്നെ സ്ഥലത്ത് എത്തിച്ചേർന്നു. യോഗാദ്ധ്യക്ഷനായിരുന്ന ഒരു വന്ദ്യ മോൺസിഞ്ഞോർ അച്ചനും 5 മിനിററുകഴിഞ്ഞ ഉടനെ എത്തിച്ചേർന്നു. സ്ഥലത്തെ വികാരിയച്ചനും ഏതാനും ആൾക്കാരും സ്ഥലത്തുണ്ട്. മൂന്നേമുക്കാൽ മണിയായപ്പോൾ ഞങ്ങളെ യോഗത്തിനു ക്ഷണിച്ച ആൾ എത്തി. സംഘാടകന്റെ താമസിച്ചുള്ള വരവ് വികാരിയെ അസംതൃപ്തനാക്കി. ഇത് ശരിയായില്ല എന്നു പറഞ്ഞു നിർത്തി. യാതൊരു ഭാവഭേദവുമില്ലാതെ നമ്മുടെയൊക്കെ നാടൻ സമയം മൂന്ന് എന്നു പറഞ്ഞാൽ 5 മണിയല്ലേ അച്ചോ എന്ന് സംഘാടകൻ പ്രത്യുത്തരിച്ചു. ക്ഷണിക്കപ്പെട്ടു വന്നവരോടും യോഗത്തിൽ പങ്കെടുക്കാൻ വന്നവരോടും യാതൊരു പ്രതിബദ്ധതയുമില്ലാതെയാണ് സംഘാടകൻ പ്രവർത്തിച്ചത്.

ചില സന്ദർഭങ്ങളിൽ സ്വാഗതം പറയുന്നവരും കൃതജ്ഞത പറയുന്നവരും സമ്മേളനത്തെ തന്നെ അപഹാസ്യമാക്കി തീർക്കാറുണ്ട്. സംഘാടകരാണല്ലോ സ്വാഗതവും കൃതജ്ഞതയും പറയുന്നത്. ഉദ്ഘാടകനോടും അദ്ധ്യക്ഷനോടും സമയം പോയതുകൊണ്ട് പത്തുമിനിട്ടിൽ പ്രസംഗം ഒതുക്കണമെന്നു പറയുന്ന സംഘാടകർ സ്വാഗതത്തിനായി അരമണിക്കൂറും കൃതജ്ഞതക്കായി 20 മനിട്ടും ഉപയോഗിക്കുന്നത് പലപ്പോഴും കാണാം.

സ്വാഗതം പലപ്പോഴും വിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത വിധത്തിൽ വിശിഷ്ടാതിഥികൾക്ക് സ്തുതിപറച്ചിലായി മാറാറുണ്ട്. കൃതജ്ഞതാ പ്രകാശനം യഥാർത്ഥത്തിൽ ഒരു ചടങ്ങുമാത്രമാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കാതെ ആകാശത്തിൽ കീഴിലുള്ള എല്ലാക്കാര്യങ്ങളെപ്പററിയും ആധികാരികമായി പ്രസംഗിക്കുന്ന കൃതജ്ഞതക്കാരനോട് സ്റ്റേജിൽ ഉപവിഷ്ടരായിരിക്കുന്നവർക്ക് വെറുപ്പാണ് ഉണ്ടാവുക. യോഗത്തിൽ സന്നിഹിത

www.malankaralibrary.com

രാകുന്നവർ പലരുടെയും കൃതജ്ഞത കേൾക്കുമ്പോൾ ചിരിച്ചുപോകും. ആ ചിരി തന്റെ കൃതജ്ഞതാപ്രകാശനത്തിന്റെ മഹത്വം കൊണ്ടാണെന്ന് ചിന്തിക്കുന്ന കൃതജ്ഞതക്കാരനോട് സഹതപിക്കുക മാത്രമേ കരണീയമായിട്ടുള്ളു.

പല കമ്മററി യോഗങ്ങളിലും യോഗം വിളിച്ചു കൂട്ടുന്നവർ താമസിച്ചു വരുന്നതായി കാണാം. താൻ ക്ഷണിച്ചുവരുത്തിയവരോട് യാതൊരു ആദരവുമില്ലാതെ പ്രവർത്തിക്കുകയും താമസിച്ചുവന്നത് ഒരു ക്രെഡിററായി കണക്കാക്കുകയും കുററബോധമില്ലാത്തവനെപ്പോലെ പെരുമാറുകയും ചെയ്യുന്നത് ദുഃഖകരമാണ്.

സംഘടനാ പ്രവർത്തകരായ നാം കൃത്യനിഷ്ഠയുള്ളവരായി വർത്തിക്കണം. സഹപ്രവർത്തകരെ ആദരിക്കുകയും അവരോട് വിനയമായി പെരുമാറുകയും ചെയ്യണം. തന്നെക്കാൾ അറിവ് ചിലകാര്യങ്ങളിലെങ്കിലും മററുള്ളവർക്കുണ്ടാകാമെന്ന് മനസ്സിലാക്കി മാന്യമായി പെരുമാറാൻ എങ്കിലും പഠിക്കണം. അഹങ്കാരം നമ്മുടെ ജനപ്രീതിയെ നശിപ്പിക്കുക തന്നെ ചെയ്യും.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
05–08–1998 Sd/-

# 25. സ്വാതന്ത്ര്യ കനകജൂബിലി

പ്രിയ സഹപ്രവർത്തകരേ,

ഭാരത സ്വാതന്ത്ര്യ കനക ജുബിലിയാഘോഷം ആഗസ്റ്റ് 15ന് സമാപിച്ചു. കനക ജൂബിലിയാഘോഷം രാജ്യത്ത് എന്തെങ്കിലും ചലനം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് നാം ഗൗരവമായി ചിന്തിക്കണം. രാജ്യം നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെപ്പററിയും അവയ്ക്കു പരിഹാരം കണ്ടെത്താനുള്ള മാർഗ്ഗങ്ങളെപ്പററിയും ഗൗരവമായ ഒരു ചർച്ച എവിടെയെങ്കിലും നടന്നിട്ടുണ്ടോ? നാം കഷ്ടപ്പെട്ട് നേടിയെടുത്ത സ്വാതന്ത്ര്യം അഭംഗുരം സംരംക്ഷിക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി ചർച്ച ചെയ്തോ? ഭാരതീയരുടെ ആത്മാഭിമാനത്തെ തട്ടിയുണർത്തുവാൻ എന്തു പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്?

സ്വാതന്ത്ര്യ കനകജൂബിലിയാഘോഷങ്ങളുടെ ഭാഗമായി ഇവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെങ്കിലും ക്രിയാത്മകമായ ഒരു പരിപാടി ആസൂത്രണം ചെയ്യുവാൻ സാധിച്ചോ? നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ ധീരമായ ചരിത്രങ്ങൾ പഠിപ്പിച്ച് ഭാവിതലമുറയെ ആത്മവീര്യമുള്ളവരാക്കിത്തീർക്കുവാൻ എന്തെങ്കിലും പരിപാടി ആസൂത്രണം ചെയ്തോ?

ഒന്നും നടത്തിയിട്ടില്ലെന്ന് ദുഃഖത്തോടെ പറയേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ സാധാരണ ഒരു സ്വാതന്ത്ര്യ ദിനത്തിന്റെ ആഘോഷത്തിൽ കവിഞ്ഞൊന്നും ഇത്തവണയും നടന്നിട്ടില്ല. രാജ്യം ഭരിക്കുന്നവർക്കോ, പ്രതിപക്ഷത്തിരിക്കുന്നവർക്കോ ഇക്കാര്യത്തിൽ യാതൊരു ശ്രദ്ധയുമില്ലാതിരുന്നുവെന്നതാണ് ഏറെ ദുഃഖകരം. അധികാരത്തിൽ ഇരുന്നുകൊണ്ട്

www.malankaralibrary.com

സ്വാർത്ഥ താല്പര്യങ്ങൾ സംരംക്ഷിക്കുവാൻ ഒരു വിഭാഗം ശ്രമിച്ചപ്പോൾ അധികാരത്തിൽ കയറി തങ്ങളുടെ താൽപര്യങ്ങൾ സംരംക്ഷിക്കുകയായിരുന്നു മറുഭാഗത്തിന്റെ താല്പര്യം. രാജ്യത്ത് നടമാടുന്ന അഴിമതി, സ്വജനപക്ഷ പാതം, ക്രമസമാധാന തകർച്ച്, വർഗ്ഗീയ സംഘട്ടനങ്ങൾ, വിഘടന വാദങ്ങൾ തുടങ്ങിയവയെപ്പററിയൊന്നും ചിന്തിക്കാൻ ആരും തയ്യാറായില്ല.

യഥാർത്ഥത്തിൽ സ്വാതന്ത്ര്യ ജൂബിലിയാഘോഷിക്കേണ്ടിയിരുന്നത് 1946 ആഗസ്റ്റ് മുതൽ 1997 ആഗസ്റ്റ് വരെയായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സ് പോലുള്ള സംഘടനകൾ സ്വാതന്ത്ര്യ കനക ജൂബിലിയാഘോഷിച്ചത് 1497ൽ അവസാനിക്കുന്ന വിധത്തിലായിരുന്നു. പക്ഷെ സർക്കാർ തലത്തിൽ ഈ കാലഘട്ടത്തിൽ ഒന്നും ചെയ്യാൻ സാധിച്ചില്ല. ആ കുററബോധത്തോടെയാണ് സ്വാതന്ത്ര്യ കനകജൂബിലി വർഷം 1947 ആഗസ്റ്റ് മുതൽ 1948 ആഗസ്റ്റ് വരെയെന്ന് പ്രഖ്യാപിച്ചത്. പുസ്തകപ്രസാധക കമ്പനിക്കാർ പ്രീ. പബ്ലിക്കേഷന് തുകയടക്കുന്നതിന് മാസങ്ങൾ സമയം നീട്ടിക്കൊടുക്കുന്നതുപോലെയുള്ള ഒരു – നടപടിയായി മാത്രമേ അതിനെ കാണാൻ സാധിക്കുകയുള്ളു.

ഗവൺമെന്റിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും ലക്ഷ്യബോധ മില്ലായ്മയും നിഷ്ക്രിയതാമനോഭാവവുമാണ് ഇതിന്റെയെല്ലാം പിന്നിൽ ദർശിക്കുക. ഈ സ്ഥിതിവിശേഷം നിലനിൽക്കുന്നത് അപകടകരമാണ്. ജനങ്ങളെ കൂടുതൽ സ്വാർത്ഥ ചിന്തകരാക്കി മാററുന്നതിനുമാത്രമേ അത് സഹായകരമാവുകയുള്ളു. ഈ സ്ഥിതി വിശേഷത്തിൽ നിന്നും മോചനം നേടുവാൻ പ്രബുദ്ധരായ ജനനേതാക്കൾ മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യ സമരം ആരംഭിക്കുന്നതിന് അനേകവർഷങ്ങൾക്കുമുമ്പ് ഇന്ത്യാക്കാരിൽ ദേശീയബോധം വളർത്തുവാനും അവരെ ആത്മബോധ മുള്ളവരും, ആത്മവീര്യമുള്ളവരുമാക്കി തീർക്കുന്നതിനും നമ്മുടെ സമുദായ രാഷ്ട്രീയ ചിന്തകർ ശ്രമിച്ചിരുന്നു. ആ ദൗത്യമാണ് നാമിന്ന് ഏറെറടുക്കേണ്ടത്. പരസ്പരം മല്ലടിക്കുന്ന ജനങ്ങൾ വസിക്കുന്ന ഒരു രാജ്യമാകരുത് ഭാരതം. വർഗ്ഗീയ സംഘട്ടനങ്ങൾ നടക്കുന്ന ഒരു രാജ്യമായിരിക്കരുത് നമ്മുടെ ഭാരതം. ജനങ്ങൾ ഏകോദരസഹോദരന്മാരെപ്പോലെ വർത്തിക്കുന്ന മഹാബലിയുടെ കാലത്തെ കേരളംപോലെയുള്ള ഒരു രാജ്യമായി നമ്മുടെ ഭാരതം ഉയരണം. കള്ളവും ചതിയുമില്ലാത്തൊരു വ്യവസ്ഥിതി നിലനിൽക്കുന്ന ഒരു രാജ്യ മാകണം നമ്മുടെ ഭാരതം. ആ നവഭാരത സൃഷ്ടിക്കുവേണ്ടി രാജ്യസ്നേഹ ത്താൽ പ്രചോദിതരായി മുന്നോട്ടുവരുവാൻ എല്ലാ രാജ്യസ്നേഹികളോടും ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ആ നവഭാരതസൃഷ്ടിക്കുവേണ്ടിയുള്ള യത്നത്തിൽ പങ്കുചേരാൻ, നേതൃത്വം നൽകുവാൻ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം

05-09-1998 Sd/-

www.malankaralibrary.com

# 26. ധീരമായി മുന്നേറുക

പ്രിയ സഹപ്രവർത്തകരെ,

സഭയും രാഷ്ട്രവും നിരവധി വെല്ലുവിളികളെ അനുദിനം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ വെല്ലുവിളികളെ ഫലപ്രദമായി നേരിടുവാൻ സഭാസ്നേഹികളും രാജ്യസ്നേഹികളും അരയും തലയും മുറുക്കി രംഗത്തിറങ്ങേണ്ട സമയം സമാഗതമായിരിക്കുന്നു. ക്രൈസ്തവസഹോദരങ്ങൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡിപ്പിക്കപ്പെടുന്നു. അതേസമയം സഭയിലെ അംഗങ്ങൾ സഭയ്ക്കുള്ളിൽനിന്ന് സഭാഘടനയെ തകർക്കാൻ ഗൂഢപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മറ്റുചിലബാഹ്യശക്തികളുടെ പിന്തുണയോടെയാണ് ഇവർ ഈ ഹീനപ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്.

രാഷ്ട്രീയരംഗത്താണെങ്കിൽ വിഘടനവാദവും, ഭീകരപ്രവർത്തനവും അനുദിനം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. ഭരണരംഗത്താകെ അഴിമതിയും, സ്വജനപക്ഷപാതവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രതിസന്ധിയിൽ സഭാസ്നേഹികളും രാജ്യസ്നേഹികളും നിസ്സംഗതാമനോഭാവത്തോടെ നോക്കിനിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

സഭയെ നന്നാക്കാനെന്ന വ്യാജേന സഭയെ തേജോവധം ചെയ്യാനും സഭയിലെ അച്ചടക്കം തകർക്കാനും ഒരു വിഭാഗം സഭാസ്നേഹികൾ(?) നടത്തുന്ന പ്രവർത്തനങ്ങളോട് ശരിയായി പ്രതികരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? ഭരണരംഗത്തും സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും നിലനിൽക്കുന്ന തിന്മകളെ നേരിടുവാൻ നാം ശ്രമിച്ചിട്ടുണ്ടോ? നാം ഒരോരുത്തരും നിസ്സംഗതാമനോഭാവത്തോടെ കഴിഞ്ഞുകൂടുകയാണ്. അതാണ് ഏറ്റവും വലിയ അപകടം.

നാട്ടിൽ എന്തുസംഭവിച്ചാലും അതിനോട് ഒന്നും പ്രതികരിക്കാതെ (പ്രതികരിച്ചാൽ ആരുടെയെങ്കിലും അതൃപ്തി നേരിടേണ്ടി വരുമെന്നുള്ളതുകൊണ്ടാണ്) എല്ലാവരും കഴുയുന്നതാണ് ഏറ്റവും വലിയ അപകടം. ഞാൻ എന്തിന് പ്രതികരിക്കണം, എനിക്കെല്ലാവരുടെയും സ്നേഹമാർജ്ജിക്കണം എന്ന ചിന്താഗതിയോടെയുള്ള പ്രവർത്തനമാണ് നമ്മെ നാശത്തിലേക്ക് നയിക്കുന്നത്.

നീതിക്കുവേണ്ടി വാദിക്കാനും അനീതിയ്ക്കെതിരെ ഗർജ്ജിക്കാനും നാം ഓരോരുത്തരും മുന്നോട്ടുവരണം. ഭീകരർക്കും, തഞ്ചം നോക്കികൾക്കും, അവസരവാദികൾക്കും സഭയേയോ, സമൂഹത്തേയോ, രാഷ്ട്രത്തേയോ രക്ഷിക്കാൻ സാധിക്കുകയില്ല.

നമുക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങളിൽ ഉറച്ചുനിൽക്കാനും, ധീരതയോടെ മുന്നേറുവാനും നമുക്ക് കഴിയണം. ആ ധീരമായ മുന്നേറ്റത്തിൽ നമുക്ക് പലതും ത്യജിക്കേണ്ടിവന്നേക്കാം. പല നഷ്ടങ്ങളും ഉണ്ടായേക്കാം. വ്യക്തിപരമായി നാം ഒട്ടേറെ ത്യാഗങ്ങൾ അനുഭവിക്കേണ്ടി വന്നേക്കാം. മറ്റുള്ളവർക്കുവേണ്ടി നഷ്ടം സഹിക്കേണ്ടിവരുമ്പോഴാണ് നമ്മുടെ ജീവിതം ധന്യമാകുന്നത്. എല്ലാവരുടേയും പ്രീതിയാർജ്ജിക്കാൻവേണ്ടി അവസരവാദപര

www.malankaralibrary.com

മായ നയം സ്വീകരിക്കുന്നത് വഴി നാം നമ്മെത്തന്നേയും, സമൂഹത്തേയും നശിപ്പിക്കുകയാണ് ചെയ്യുന്നത്.

എല്ലാ തിന്മകൾക്കും എതിരെ പോരാടാനുള്ള ശക്തി സംഭരിച്ചുകൊണ്ട് നമുക്ക് മുന്നേറാം. ആ മുന്നേറ്റത്തിൽ കാലിടറാതെ മുന്നോട്ടുനീങ്ങുവാൻ ദൈവാനുഗ്രഹം ലഭിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05-10-1998 — Sd/-

# 27. ഒരു വൻ ദുരന്തം

പ്രിയ സഹപ്രവർത്തകരെ,

എന്റെ ഇടവകാതിർത്തിയിൽ ഒരു വൻ ദുരന്തമുണ്ടായിരിക്കുന്നു. ഓടിക്കൊണ്ടിരുന്ന ഒരു ബസ്സ് നിയന്ത്രണം വിട്ട് ഒരു പോസ്റ്റിലും ഭിത്തിയിലും ചെന്നിടിച്ച് മറിയുകയും തുടർന്ന് അഗ്നിഗോളമുയരുകയും ബസ് കത്തി 18 പേർ മരണമടയുകയും ചെയ്തു. മരിച്ച 18 പേരും സ്ത്രീകളാണ്. ലോഹഭാഗ ങ്ങളൊഴികെ കത്തിയമർന്ന ബസ്സിനുള്ളിലാണ് 16 ജഡങ്ങളും കത്തിക്കരിഞ്ഞ് തിരിച്ചറിയാനാവാത്തവിധം കിടന്നിരുന്നത്. ദുരന്തവാർത്തയറിഞ്ഞ് അനേകാ യിരങ്ങൾ സംഭവസ്ഥലത്തേക്ക് പാഞ്ഞെത്തി. ഓടിക്കൂടിയവർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുഴുകി. ആദ്യം വന്നെത്തിയവർ ഏതാനും പേരെ രക്ഷിക്കാൻ ശ്രമിച്ചു. രക്ഷപെട്ടവരെ ആശുപത്രിയിലേക്കു കൊണ്ടുപോയി.

ബസ് വെട്ടിപ്പൊളിച്ച് കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ പുറത്തെടുക്കുക പ്രയാസമേറിയ ജോലിയായിരുന്നു. എല്ലാ പ്രയാസങ്ങളേയും അതിജീവിച്ച് പ്രവർത്തിക്കാൻ തയ്യാറായ എന്റെ നാട്ടുകാരുടെ സേവനമനോഭാവത്തെ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല.

സംഭവസ്ഥലം സന്ദർശിച്ച അനേകായിരങ്ങൾക്ക് നിസ്സഹായരായി നോക്കിനിൽക്കുവാൻ മാത്രമേ സാധിച്ചുള്ളു. അവർക്കെല്ലാം ചെയ്യാവുന്ന സേവനങ്ങൾക്ക് ഒരു പരിധി ഉണ്ടായിരുന്നു. മനുഷ്യൻ എത്ര ശക്തനായാലും ചില സമയങ്ങളിൽ പ്രവർത്തിക്കുന്നതിനൊക്കെ ഒരു പരിധി ഉണ്ട്.

ഈ ദുരന്തവാർത്ത എത്രയായിരം പേരെ ഉത്ക്കണ്ഠാകുലരാക്കി. രാവിലെ വീട്ടിൽനിന്നും പോയവർ ഈ വാഹനത്തിൽ പെട്ടിട്ടുണ്ടോ എന്ന് അന്വേഷിച്ചിറങ്ങിയവരുടെ മനസ്സ് എത്രമാത്രം നീറിപ്പുകഞ്ഞിരിക്കും. വലിയ പ്രതീക്ഷകളുമായി യാത്ര തിരിച്ചവർ ആ എല്ലാ പ്രതീക്ഷകളും അവസാനിപ്പിച്ച് ഒരു പുതിയ യാത്രക്ക് വിധേയമാകേണ്ടിവന്നു.

ഈ യാത്രയും യാത്രയുടെ അവസാനവും നമ്മെയൊക്കെ ഇരുത്തി ചിന്തിപ്പിക്കണം. നമ്മുടെ യാത്ര എവിടെച്ചെന്ന് അവസാനിക്കുമെന്ന് ഒരു നിശ്ചയവുമില്ലാതെയാണ് നാം പുറപ്പെടുക. എങ്കിലും പ്രത്യാശയോടെ നാം യാത്ര എന്നും തുടരുകയാണ്.

www.malankaralibrary.com

ആ ദുരന്തത്തിൽ മരണമടഞ്ഞവരിൽ ആരും ആ യാത്ര തുടങ്ങിയപ്പോൾ വൻദുരന്തത്തിലേക്കാണ് നയിക്കപ്പെടുന്നതെന്ന് വിചാരിച്ചിട്ടില്ല. എല്ലാം അപ്രതീക്ഷിതമായിരുന്നു. മരണമടഞ്ഞവരുടെ ബന്ധുക്കളും സുഹൃത്തുക്കളും അപ്രതീക്ഷിതമായി ആ വാർത്ത ശ്രവിച്ചപ്പോൾ എന്തുമാത്രം ദുഃഖം അനുഭവിച്ചിരിക്കും.

മരണം കള്ളനെപ്പോലെ വരും എന്ന ചൊല്ല് എത്ര ശരിയാണ്. കള്ളനെപ്പോലെ വരുന്ന ആ മരണത്തെ അഭിമുഖീകരിക്കുവാൻ നാം എന്നും തയ്യാറെടുക്കേണ്ടതുണ്ട്. മരണത്തെ ഇന്നല്ലെങ്കിൽ നാളെ നാം അഭിമുഖീകരിച്ചേ പററൂ. ഏതു സമയത്തും നാം ആ വെല്ലുവിളിയെ സ്വീകരിക്കണമെന്ന് അറിഞ്ഞ് അതിന് തയ്യാറെടുത്തുവേണം ജീവിക്കുവാൻ. തൊട്ടിൽ മുതൽ കുഴിമാടം വരെയുള്ള ജീവിതം ഹ്രസ്വമാണ്. അതിന്ശേഷം നിത്യമായ ഒരു ജീവിതമുണ്ട്. ആ ജീവിതത്തിനുള്ള ഒരുക്കമാണ് ഈ ലോക ജീവിതം. നിഴലുപോലെ നമ്മെ പിന്തുടരുന്ന തിന്മകൾക്ക് അടിപ്പെടാതെ ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും സന്തോഷവും പങ്കുവെച്ചുകൊണ്ടു ജീവിക്കാൻ നമുക്ക് സാധിച്ചാൽ നമ്മുടെ ജീവിതം ധന്യമാകും. ജീവിതം പോലെയിരിക്കും മരണാനന്തരജീവിതവും. നന്നായി ജീവിക്കാൻ ശ്രമിച്ചവർക്ക് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശവാഹകർക്കുള്ള പ്രതിഫലമാണ് സൗഭാഗ്യത്തിന്റെ പറുദീസ.

മരണം തീർച്ചയാണ്. അത് ഏതു സമയവുമാകാം. ഏപ്പോൾ ഏത് സാഹചര്യത്തിൽ ഏത് പ്രായത്തിൽ മരിക്കുമെന്ന് അറിഞ്ഞുകൂടാത്തതിനാൽ നാം അതിനായി എപ്പോഴും ഒരുങ്ങിയിരിക്കണം. എത്രനാൾ ജീവിച്ചുവെന്നത് ഒരു വലിയ കാര്യമല്ല. എങ്ങനെ ജീവിതം നയിച്ചു എന്നതാണ് പ്രധാനം. ഈ ലോകത്തിലെ നേട്ടങ്ങളും പ്രശസ്തികളും പ്രതാപവും നമ്മെ അകമ്പടി സേവിക്കുകയില്ല നാം ചെയ്ത പരോപകാരം, നന്മ പ്രവർത്തികൾ മാത്രമായിരിക്കും നമ്മുടെ സമ്പത്ത്. നന്മ തിന്മകളുടെ സമാഹാരമായ ഈ ലോകത്തിൽ നന്മ ചെയ്തു ജീവിക്കുകയാണ് നമ്മുടെ ധർമ്മം.

"ഞാൻ ആകുന്നു പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." എന്ന കർത്താവിന്റെ വാക്കുകൾ നമ്മെ ചിന്തിപ്പിക്കട്ടെ. നമുക്ക് ആശ്വാസം നൽകട്ടെ.

നാം എല്ലാം ഈ ലോകത്തിലെ തീർത്ഥയാത്രക്കാരാണ്. "ഞാൻ ആകുന്നു വഴിയും സത്യവും ജീവനും" എന്നരുൾ ചെയ്ത ക്രിസ്തുവിനെ പിന്തുടരുന്നവരാണ് ക്രൈസ്തവർ. യാത്ര ദീർഘിച്ചതോ, ഹ്രസ്വമോ ആകാം. വേദനകളുടേയും കഷ്ടപ്പാടുകളുടേയും ജീവിതത്തിന് അന്ത്യം കുറിച്ചുകൊണ്ട് വേദനകളും കഷ്ടപ്പാടുകളും ക്ലേശങ്ങളുമില്ലാത്ത നിത്യതയിലേക്ക് ഉള്ള നമ്മുടെ യാത്ര സന്തോഷകരമാകുന്നതിന് നമ്മുടെ ഈ ലോകജീവിതത്തെ ക്രമപ്പെടുത്താം. ഈ മഹാദുരന്തം നമ്മുടെ ചിന്തയെ ഉണർത്തട്ടെ!

നിറുത്തട്ടെ

കോട്ടയം
05-11-1998

സ്നേഹപൂർവ്വം
Sd/-

www.malankaralibrary.com

# 28. സ്വയം വിലയിരുത്തുക

പ്രിയ സഹപ്രവർത്തകരെ,

എ.കെ.സി.സി.യുടെ പൊതുതെരഞ്ഞെടുപ്പ് നടക്കുന്ന സന്ദർഭമാണിത്. തെരഞ്ഞെടുപ്പ് സമയത്ത് സംഘടനയെപ്പറ്റി കൂടുതൽ ചിന്തിക്കാൻ ശ്രമിക്കണം. ഇപ്പോഴത്തെ ഭരണസമിതി കഴിഞ്ഞ മൂന്ന് വർഷമായി തങ്ങളുടെ രൂപതയിൽ എങ്ങിനെ പ്രവർത്തിച്ചു? പ്രവർത്തനം തൃപ്തികരമായിരുന്നോ? കേന്ദ്രസമിതിയിൽനിന്നും നൽകിയിരുന്ന നിർദ്ദേശങ്ങൾ യഥാവിധി പാലിച്ച് നടപ്പിലാക്കിയോ? താനുൾപ്പെടുന്ന രൂപതയിൽ എത്ര അംഗങ്ങളെ സംഘടനയിൽ ചേർത്തു? പ്രവർത്തനരഹിതമായി കിടന്ന എത്ര ശാഖകൾ പുനരുജ്ജീവിപ്പിച്ചു? എത്ര ഇടവകകളിൽ പുതിയതായി ശാഖകൾ രൂപീകരിച്ചു?

ഓരോ പ്രവർത്തകനും മേൽപറഞ്ഞ കാര്യങ്ങളെപ്പറ്റി ആത്മപരിശോധന നടത്തി പുതിയ തെരഞ്ഞെടുപ്പിന് തയ്യാറാകണം. മൂന്ന് വർഷംമുമ്പ് തെരഞ്ഞെടുത്ത ശാഖാ-രൂപതാ കമ്മിറ്റികൾ ക്രമമായി കമ്മിറ്റിയോഗങ്ങളും പ്രതിനിധിസഭാ യോഗങ്ങളും വിളിച്ചുകൂട്ടിയിട്ടുണ്ടോ? സമകാലീന പ്രശ്നങ്ങൾ വിലയിരുത്തി സമുദായാംഗങ്ങൾക്ക് മാർഗ്ഗദർശനം നൽകിയിട്ടുണ്ടോ? രൂപതയുടെ വിവിധ ഭാഗങ്ങളിൽ ഫൊറോനാ കൺവെൻഷൻ വിളിച്ചുകൂട്ടി സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തണമെന്ന ആഹ്വാനം അനുസരിച്ച് പ്രവർത്തിച്ചിട്ടുണ്ടോ? പ്രവർത്തന സന്നദ്ധരായി രംഗത്തുവരുന്ന യുവത്തിടമ്പുകൾക്ക് പ്രവർത്തിക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുവാൻ തയ്യാറായിട്ടുണ്ടോ?

സമുദായത്തിന്റെ അഭിമാനസ്തംഭമായിരുന്ന തര്യതു കുഞ്ഞിത്തൊമ്മന്റെ 115-ാം ജന്മദിനത്തിൽ കോതമംഗലത്ത്‌വച്ച് ആയുഷ്ക്കാലമെമ്പർഷിപ്പ് വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തി. പക്ഷെ അതനുസരിച്ച് എത്ര രൂപതാസംഘങ്ങൾ ആയുഷ്ക്കാലമെമ്പർഷിപ്പ് നൽകി വിജയിപ്പിക്കാൻ ശ്രമിച്ചു. അതിന് എത്ര രൂപതാസംഘങ്ങൾ ആത്മാർത്ഥമായി പരിശ്രമിച്ചു. 4 രൂപതകളിൽ മാത്രമാണ് ചെറുതോതിലെങ്കിലും മെമ്പർഷിപ്പ് പ്രവർത്തനം നടത്തിയത്. എന്തുകൊണ്ട് സംഘടനയിൽ പുതിയതായി അംഗങ്ങളെ ചേർക്കുവാൻ ശ്രമിച്ചില്ല. നമ്മുടെ സമയക്കുറവാണോ? താല്പര്യക്കുറവാണോ? പുതിയ അംഗങ്ങളും ശാഖകളും സംഘടനയിൽ വന്നാൽ തങ്ങളുടെ നേതൃത്വം അപകടത്തിലാകുമെന്ന് ആരെങ്കിലും വിചാരിച്ചിട്ടുണ്ടോ?

വാർഷിക പ്രവർത്തന റിപ്പോർട്ട് അയച്ചുതരണമെന്നാവശ്യപ്പെട്ടിട്ട്, എത്ര ശാഖകൾ, എത്ര രൂപതാസംഘങ്ങൾ റിപ്പോർട്ട് അയച്ചുതന്നു. അയച്ചുതന്നവർത്തന്നെ ഈ വർഷത്തെ പ്രവർത്തങ്ങളെപ്പറ്റി വസ്തുനിഷ്ഠമായി ഒരു വിശകലനം നടത്തിയിട്ടുണ്ടോ? ഈ ചോദ്യങ്ങൾ എല്ലാം ഓരോ സംഘടനയിലെ അംഗവും അവനവനോട് തന്നെ ചോദിച്ച് ഉത്തരം കണ്ടു പിടിക്കണമെന്ന് മാത്രമേ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നുള്ളു. ഇതേ ചോദ്യം രൂപതയിലെ പ്രവർത്തകരും ഭാരവാഹികളും മാത്രമല്ല കേന്ദ്രതലത്തിലുള്ള പ്രവർത്തകരും തങ്ങളോട് തന്നെ ചോദിച്ച് ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കണം.

ഏതൊരു വ്യക്തിക്കും സമൂഹത്തോട് ചില കടപ്പാടുകളും ഉത്തരവാദ

www.malankaralibrary.com

ത്വങ്ങളും ഉണ്ട്. സംഘടനയിൽ പ്രവർത്തിക്കുന്നവർ സംഘടനയിലും, സംഘടനയിലൂടെ സമൂഹത്തിലും ചില പ്രവർത്തനങ്ങൾ ചെയ്യുവാൻ ബാദ്ധ്യസ്ഥരാണ്. അത് സന്തോഷത്തോടെ നിസ്വാർത്ഥമായി പ്രവർത്തിക്കുവാൻ നാം തയ്യാറാകണം. ഒരു സംഘടനയിൽ നമ്മെ ഏല്പിക്കുന്ന ചുമതലകൾ നിറവേറ്റുവാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അത് സമൂഹത്തോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹം ആയിരിക്കും. അതായിരിക്കും നാം ചെയ്യുന്ന ഒരു വലിയ പാപം.

കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പ് വേളയിൽ ഞാൻ ഉൾപ്പെടെ എല്ലാ സംഘടനാ പ്രവർത്തകരും മേലുന്നയിച്ച എല്ലാ ചോദ്യങ്ങളും അവനവനോട് തന്നെ ചോദിക്കണമെന്നഭ്യർത്ഥിക്കുന്നു.

പുതിയ വർഷത്തിൽ നിസ്സംഗത വെടിഞ്ഞ് ഒരു പുതിയ സമീപനത്തോടുകൂടി എല്ലാവരേയും സംഘടനയിലേക്ക് ആകർഷിക്കുവാനും, എല്ലാ ഇടവകകളിലും ശാഖകൾ സ്ഥാപിക്കുവാനും കൂടുതൽ അംഗങ്ങളെ സംഘടനയിലേക്ക് കൊണ്ടുവരുവാനും നമുക്ക് ശ്രമിക്കാം. അതിനുള്ള വിവേകവും, സന്മനസ്സും, വിശാലഹൃദയവും എനിക്കും നിങ്ങൾക്കും ഉണ്ടാകുന്നതിന് വേണ്ടി നമുക്ക് പ്രവർത്തിക്കാം.

നിറുത്തട്ടെ

കോട്ടയം
5-12-1998

സ്നേഹപൂർവ്വം
Sd/-

# 29. ഈ ആർഭാടം ശരിയോ?

പ്രിയ സഹപ്രവർത്തകരെ,

പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും ഭരണഘടനാ വിദഗ്ദ്ധനുമായ ഡോ. എം.വി. പൈലി വലിയ ഒരു സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധൻകൂടിയാണ്. ക്രൈസ്തവരുടെയിടയിൽ ഇന്ന് പ്രകടമായികാണുന്ന ആർഭാടങ്ങളെയും ധന ദുർവിനിയോഗത്തെപ്പറ്റിയും പലപ്പോഴും വിമർശിക്കുന്നത് കേൾക്കാൻ ഇടയായിട്ടുണ്ട്. ലാളിത്യപൂർണ്ണമായ ജീവിതം നാം നയിക്കണമെന്നും മാമ്മോദീസ, ഒത്തുകല്യാണം, കല്യാണം തുടങ്ങിയ ചടങ്ങുകളിൽ നാം ചിലവാക്കുന്ന ഭീമമായ പണം സൃഷ്ടിപരമായ കാര്യങ്ങളിലേക്ക് തിരിച്ചുവിടണമെന്നും അദ്ദേഹം തന്റെ പല പ്രസംഗങ്ങളിലും പ്രസ്താവിക്കുന്നത് കേൾക്കാൻ ഇടയായിട്ടുണ്ട്. പ്രൊഫ. പൈലി പറയുക മാത്രമല്ല അത് നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ്.

പ്രൊഫ. പൈലിയുടെ മകന്റെ കല്ല്യാണത്തിന് വലിയ സദ്യ ഒന്നും ഇല്ലായിരുന്നു. ചടങ്ങിൽ പങ്കെടുക്കാൻ വന്നവർക്ക് ഒരു ചായയും ഒരു കഷണം കേക്കും നൽകി. ആ നടപടി പൈലിയുടെ കുടുംബാംഗങ്ങൾക്കുപോലും ഇഷ്ടപ്പെട്ടുകാണുകയില്ല. എങ്കിലും അദ്ദേഹത്തിന്റെ ഉറച്ച നിലപാട് കാരണം കല്ല്യാണ സദ്യ ലളിതമാക്കുവാനും ചിലവ് ചുരുക്കുവാനും സാധിച്ചു. പ്രൊഫ. പൈലി അങ്ങനെ മാതൃക കാണിച്ചുകൊടുത്തു.

www.malankaralibrary.com

പ്രൊഫ. പൈലിയെപ്പോലെ വൻസദ്യകളും ആർഭാടങ്ങളും ഒഴിവാക്കണമെന്ന് ആഗ്രഹം പലർക്കുമുണ്ട്. പക്ഷെ എല്ലാവർക്കും ആ ആഗ്രഹം നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. കുടുംബാംഗങ്ങളുടെ, ബന്ധുമിത്രാദികളുടെ, നാട്ടുകാരുടെ വിമർശനത്തിന് മുമ്പിൽ തലകുനിക്കേണ്ടതായിവരും. ആഗ്രഹങ്ങൾ നടപ്പിലാക്കാതെ സ്വന്തപ്പെട്ടവരുടെ സമ്മർദ്ദത്തിന് വഴങ്ങുവാൻ പലരും നിർബന്ധിതരായിത്തീരുകയാണ്.

പൈലിസാറിനെ പോലെ പരിപാടി ലളിതമാക്കുവാൻ പലർക്കും സാധിച്ചെന്നുവരികയില്ല. എന്നാൽ സദ്യയുടെ വിഭവങ്ങൾ കുറെകുറച്ച് നൂറും നൂറ്റിയമ്പതും രൂപ ഒരു പ്ലെയ്റ്റിന് ചിലവാക്കാതെ സദ്യകൾ നടത്തിയാൽ അത് എത്രനേട്ടമാകും. കല്ല്യാണത്തിന് വധുവിന് വേണ്ടി വാങ്ങിക്കുന്ന വിരിപ്പാവുസാരികൾ പതിനായിരങ്ങളുടെ ആകണമെന്ന് എന്തിന് നിർബന്ധിക്കുന്നു? എന്തിന്, വെറും അരമണിക്കൂർനേരത്തെ ഉപയോഗത്തിന് തയ്യാറാക്കുന്ന കല്ല്യാണമണ്ഡപങ്ങൾക്ക് ഇരുപത്തയ്യായിരം രൂപവരെ ചിലവഴിക്കുന്നു. അതൊക്കെ അല്പം കൂടുതലല്ലേയെന്ന് ഒരു ആത്മപരിശോധന നടത്തി നോക്കണം.

നമ്മുടെ ചുറ്റും ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലാത്ത അനേകായിരങ്ങൾ അധിവസിക്കുമ്പോഴാണ് വിഭവസമൃദ്ധമായ സദ്യകൾ നടത്തി നാം നമ്മുടെ വലുപ്പം മറ്റുള്ളവരെ കാണിക്കുന്നത്. നമ്മുടെ ചുറ്റും നഗ്നതമറയ്ക്കാൻ വസ്ത്രം വാങ്ങുവാൻ കഴിവില്ലാത്ത അനേകർ കഴിയുമ്പോഴാണ് നാം അരമണിക്കൂർ നേരത്തേക്കുമാത്രമുള്ള കല്ല്യാണമണ്ഡപത്തിനുവേണ്ടി 25,000 രൂപവരെ ചിലവാക്കുന്നത്.

ഉള്ളവനല്ലേ ചിലവ് ചെയ്യുന്നത് എന്ന് പലരും ചോദിക്കുന്നത് കേട്ടിട്ടുണ്ട്. ഉള്ളവനാണെങ്കിലും അങ്ങനെ ദുർവ്യയം ചെയ്യാൻ ആർക്കും അവകാശമില്ലെന്ന ധാർമ്മികനീതി നാം വിസ്മരിച്ചുകൊണ്ടാണ് പലപ്പോഴും പ്രവർത്തിക്കുന്നത്. ഉള്ളവൻ ചിലവ് ചെയ്യുമ്പോൾ ഇല്ലാത്തവനും അതുപോലെ ചെലവ് ചെയ്യാൻ ഒരു പ്രേരണ ലഭിക്കുകയാണ്. അവർ നൽകുന്ന ഉതപ്പാണ് ഏറ്റവും വലിയ തിന്മകളിൽ ഒന്ന്. സമൂഹത്തോടുള്ള നമ്മുടെ പ്രതിബദ്ധത കുറഞ്ഞുവരുമ്പോഴാണ്, നമ്മളിൽ സ്വാർത്ഥത വളർന്നുവരുമ്പോഴാണ് സ്വന്തം പ്രൗഢിയും പ്രതാപവും കാണിക്കാൻ നാം വലിയ ചിലവ് ചെയ്ത് ധൂർത്ത് കാണിക്കുന്നത്.

പണ്ട് കല്ല്യാണം തുടങ്ങിയ ചടങ്ങുകൾക്ക് ബന്ധുക്കളും അയൽക്കാരുമാണ് ക്ഷണിക്കപ്പെട്ടിരുന്നത്. ഇന്ന് വ്യക്തികളുടെ സാമൂഹ്യബന്ധം വളർന്നതോടുകൂടി ക്ഷണിക്കപ്പെടുന്നവരുടെ എണ്ണം രണ്ടും മൂന്നും ആയിരം ആയി വർദ്ധിച്ചു. അവർക്ക് ശരിയായ ഒരു ഡിന്നർ നൽകുമ്പോൾ സദ്യ ചിലവ് തന്നെ രണ്ടുംമൂന്നും ലക്ഷമാകുന്നു. ലഹരിയുംകൂടിയാകുമ്പോഴത്തെ ചിലവ് ചിന്തിക്കാൻ പോലും സാധിക്കുന്നില്ല.

നല്ല അഭിപ്രായങ്ങൾ പുറപ്പെടുവിക്കുമ്പോൾ പോലും സ്വന്തം കാര്യത്തിൽ അവ നടപ്പിലാക്കാൻ സാധിക്കാത്തവർ ധാരാളമുണ്ട്. അതവരുടെ മാത്രം കുറ്റമല്ല. കുടുംബാംഗങ്ങളുടെ പ്രേരണയ്ക്ക് വഴങ്ങി പലപ്പോഴും തെറ്റെന്ന് തോന്നുന്നത് ചെയ്യാൻ പലരും നിർബന്ധിതരായിത്തീരുകയാണ്. സ്വന്തം മകൻ

www.malankaralibrary.com

ഭാര്യക്കുവേണ്ടി വാങ്ങിക്കുന്ന വിരിപ്പാവ് വിലകുറഞ്ഞതായിരിക്കണം, കല്യാണസദ്യ ലളിതമായിരിക്കണം. ആഭരണങ്ങൾ വേണ്ട എന്നൊക്കെ വിചാരിക്കുകയും അതിന് പ്രേരണ നൽകുകയും ചെയ്യുന്ന വ്യക്തികൾ പോലും കുടുംബാംഗങ്ങളുടെയും, ബന്ധുമിത്രാദികളുടെയും നാട്ടുകാരുടെയും സമ്മർദ്ദങ്ങൾക്കു മുമ്പിൽ തലകുനിക്കേണ്ടിവരും. അതിൽ അവർക്ക് ദുഃഖമുണ്ട്. സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കാത്ത കാര്യങ്ങൾ മറ്റുള്ളവരോട് പിന്നീട് പറയുവാൻ ശക്തിയില്ലാത്തവരായി അവർ തീരുകയും ചെയ്യുന്നു.

ഈ പ്രശ്നം സമുദായാംഗങ്ങൾ ഉറക്കെ ചിന്തിച്ച് സമുദായാംഗങ്ങളെ ലാളിത്യപൂർണ്ണമായ ജീവിതം നയിക്കാൻ പ്രേരിപ്പിക്കണം. ഇതിന് കൂട്ടായ യത്നം ആവശ്യമാണ്. ആഡംബരപൂർണ്ണമായ ജീവിതം, അഴിമതി തുടങ്ങിയ സാമൂഹ്യ തിന്മകളിലേക്ക് പലരെയും നയിക്കുന്നുണ്ടെന്ന സത്യം വിസ്മരിക്കരുത്. പ്രൊഫ. എം.വി. പൈലിയേപ്പോലെ ധീരമായ നിലപാട് സ്വീകരിക്കാൻ നമുക്ക് ശ്രമിക്കാം. സഹോദരങ്ങളുടെ കഷ്ടപ്പാടിൽ വേദനയുള്ളവരായിത്തീരാൻ ശ്രമിക്കാം. ലാളിത്യപൂർണ്ണമായ ജീവിതം എല്ലാ മേഖലകളിലും നമുക്ക് നയിക്കാൻ പരിശ്രമിക്കാം. എല്ലാവർക്കും പുതുവത്സരാശംസകൾ നേരുന്നു.

നിറുത്തട്ടെ

കോട്ടയം                                                            സ്നേഹപൂർവ്വം
05–02–1999                                                            Sd/-

# 30. നേതൃത്വത്തിലേക്കുള്ള വഴി

പ്രിയ സഹപ്രവർത്തകരെ,

ഒരു ജനാധിപത്യയുഗമാണിത്. ഈ കാലഘട്ടത്തിൽ പൊതുപ്രവർത്തനം ആകർഷകമാണ്. സംഘടനകളിൽ പ്രവർത്തിക്കുക, നേതൃസ്ഥാനത്ത് എത്തിച്ചേരുക, ജനങ്ങൾക്കുവേണ്ടി സേവനം അർപ്പിക്കുക, ആരും ആഗ്രഹിക്കുന്നതാണ്. സംഘടനയുടെ നേതൃസ്ഥാനത്തേക്ക് എടുത്തുകൊണ്ടുവരുന്നവരുടെ നേതൃത്വം എന്നും അംഗീകരിക്കപ്പെടണമെന്നുമില്ല. സംഘടനാരംഗത്ത് കഠിനമായി അദ്ധ്വാനിച്ച്, ഓരോ ചുവടും മുന്നോട്ട്വയ്ക്കുന്നവന് ഒരിക്കലും, നിരാശപ്പെടേണ്ടിവരികയില്ല. നല്ല സേവനം കാഴ്ചവയ്ക്കുന്നവനെ ഒരിക്കലും, ആർക്കും അവഗണിക്കാനാവില്ല.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം, പൊതുപ്രവർത്തകരിൽ ചില തെറ്റായ നീക്കങ്ങൾ വളർന്നുവരുന്നത് കാണാം. അദ്ധ്വാനിക്കാതെ, കഷ്ടപ്പെടാതെ നേതൃസ്ഥാനത്ത് എത്തിച്ചേരാനുള്ള കുറുക്കുവഴികളാണ് അവർ സ്വീകരിക്കുന്നത്. കുറുക്കുവഴികൾ തന്നെ പലവിധമുണ്ട്. യാതൊന്നും ചെയ്യാതെ നിലവിലുള്ള നേതൃത്വത്തിന്റെ സ്തുതിപാഠകരായിമാറി അവരെ സ്വാധീനിച്ച് നോമിനേഷനിലൂടെയും മറ്റും ഉന്നതസ്ഥാനം പിടിച്ചെടുക്കുക. തങ്ങളെ നേതൃസ്ഥാനത്തേക്ക് അവരോധിച്ചവരെ കുറ്റപ്പെടുത്തി സംസാരിച്ച് അവരെ തേജോവധം ചെയ്ത് സ്വന്തം താല്പര്യം നേടാൻ ശ്രമിക്കുക. അവർക്ക് പ്രസ്ഥാനത്തോട് യാതൊരു ആത്മാർത്ഥതയുമില്ല. സ്വന്തം പ്രശസ്തിയും, അംഗീകാരവുമാണ്

www.malankaralibrary.com

അവരുടെ ആഗ്രഹം, സാധിക്കുമെങ്കിൽ ധനസമ്പാദനവും.

ഈ പ്രവണത രാഷ്ട്രീയ സംഘടനകളിൽമാത്രമല്ല, സാമൂഹ്യസാമുദായിക സംഘടനകളിലേക്കും കടന്നുകയറിക്കൊണ്ടിരിക്കുകയാണ്. കത്തോലിക്കാ കോൺഗ്രസ്സ് ഒരു ജനാധിപത്യസംഘടനയാണ്. ധനവാനും, സാധാരണക്കാരനും, പാവപ്പെട്ടവനും ഈ സംഘടനയിൽ അംഗത്വമെടുത്ത് പ്രവർത്തിക്കാം. ശാഖാ, ഫൊറോനാ, രൂപതാതലങ്ങളിൽ പ്രവർത്തിച്ച് നേതൃത്വത്തിലേക്ക് വരാം. പക്ഷെ, പലരും അതിന് തയ്യാറില്ല, എങ്ങിനെയെങ്കിലും നേതൃത്വത്തിൽ കയറിപ്പറ്റണമെന്ന് ആഗ്രഹിക്കുന്നവർ നിരവധിയാണ്. ശാഖാതലം തൊട്ട് പ്രവർത്തിച്ച് വരുന്ന പ്രവർത്തകരെ, തഴഞ്ഞ് ഉന്നതസ്ഥാനങ്ങൾ നേടിയെടുക്കുവാൻ പുറംവാതിലിൽക്കൂടി ശ്രമിക്കുന്നതിൽ അവർക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല.

വളരെക്കൊല്ലങ്ങൾക്കുമുമ്പ്, അഭ്യസ്തവിദ്യനായ ഒരു വ്യക്തി എ.കെ.സി.സി.യിൽ പ്രവർത്തിക്കാൻ താല്പര്യം കാണിച്ചു. ഏതെങ്കിലും ചുമതല തനിക്ക് തരണമെന്ന് അഭ്യർത്ഥിച്ചു. അത്തവണ ചേർന്ന പ്രതിനിധി സമ്മേളനം അദ്ദേഹത്തെ ഒരു സബ്കമ്മിറ്റിയുടെ കൺവീനറായി നിയമിച്ചു. എ.കെ.സി.സി.യുടെ സാമ്പത്തികസ്ഥിതിയും മറ്റും നന്നായി അറിയാവുന്ന അദ്ദേഹം ഒരു മാസത്തിനകം അമ്പതിനായിരം രൂപയുടെ ഒരു ബഡ്ജറ്റുമായി വന്നു. അത് ശേഖരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഒന്നും നിർദ്ദേശിച്ചില്ല. വർക്കിംഗ് കമ്മിറ്റി ആ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ കൺവീനറുമായി സംസാരിച്ചു. അദ്ദേഹം ക്ഷുഭിതനായി, നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഇത്രയും പണം തരണം. അതൊന്നും ഉണ്ടാക്കുവാൻ എന്നെക്കൊണ്ടുപറ്റുകയില്ല. സംഘടനാ നേതൃത്വത്തിന്റെ ആത്മാർത്ഥതയെ അദ്ദേഹം കുറ്റപ്പെടുത്തി പ്രചരണം ആയി. ശാഖാതലംതൊട്ട് പ്രവർത്തിച്ച് നേതൃത്വത്തിലേക്ക് വരുന്ന ഒരാളായിരുന്നവെങ്കിൽ ഇത്തരം സമീപനം ഒരിക്കലും ഉണ്ടാവുകയില്ലായിരുന്നു.

കത്തോലിക്കാ കോൺഗ്രസ്സിലേക്ക് ഞങ്ങളെയാരും ഉൾപ്പെടുത്തുന്നില്ല, ഞങ്ങളേയും കൂടി ഉൾപ്പെടുത്തുകയെന്ന് പലരും പല സന്ദർഭങ്ങളിലും പറഞ്ഞു കേട്ടിട്ടുണ്ട്. ഒരിക്കൽ ഒരു ഉന്നതബിരുദധാരിയും, ഉന്നത ഉദ്യോഗസ്ഥനുമായ ഒരാൾ കത്തോലിക്കാ കോൺഗ്രസ്സിൽ പ്രവർത്തിക്കുവാൻ സന്തോഷപൂർവ്വം വന്നു. അദ്ദേഹത്തിന്റെ രൂപതയിലെ പ്രവർത്തകരുമായി ഞാനീവിവരം സംസാരിച്ചു. അവർ പറഞ്ഞു, അദ്ദേഹം വരുന്നെങ്കിൽവരട്ടെ, രൂപതാ പ്രസിഡണ്ട് പദവി കൊടുക്കാം, ഉന്നതജോലിയും, വിദ്യാഭ്യാസവും ഉള്ളവർ സംഘടനയിൽ വരുന്നത് സ്വാഗതാർഹമാണ്. നല്ല ഒരു സമീപനമാണ് അവർ സ്വീകരിച്ചത്. ഞാൻ ഈ വിവരം സുഹൃത്തിനെ അറിയിച്ചു. ഒരു ദിവസം ആ സുഹൃത്തിന്റെ വസതിയിൽ ആ രൂപതയിലെ പ്രവർത്തകർ രാത്രി 11 മണിക്ക് എത്തി അദ്ദേഹത്തെ സംഘടനയിലേക്ക് സ്വാഗതം ചെയ്തു. ആ സുഹൃത്തിന്റെ ഇടവകയിലെ ശാഖ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അത് ഒന്ന് പുനരുദ്ധരിക്കണമെന്നും, അടുത്ത ഞായറാഴ്ച രൂപതയിലെ പ്രവർത്തകർകൂടിവരുമെന്നും, സുഹൃത്തുംകൂടിവന്ന് ഇടവകയിലെ ആളുകളെ വിളിച്ചു

www.malankaralibrary.com

കൂട്ടണമെന്നും ആ ശാഖയിൽ നിന്നുള്ള പ്രതിനിധിയായി താങ്കൾ വരണമെന്നും പറഞ്ഞു.

നേതൃസ്ഥാനത്തേക്ക് വരാൻ ആഗ്രഹിച്ച സുഹൃത്തിന്റെ മുഖഭാവം മാറി. ശാഖയിൽ ഒന്നും പ്രവർത്തിക്കുവാൻ എന്നെക്കിട്ടുകയില്ല, രൂപതാ പ്രസിഡണ്ട് ആകാമെന്ന് പറഞ്ഞു. ശാഖാ പ്രവർത്തനത്തിൽ സഹകരിച്ചില്ലെന്നുമാത്രമല്ല, രൂപതാ പ്രസിഡണ്ട് സ്ഥാനം നൽകാത്തതിൽ പരാതിയുമായി അദ്ദേഹം മുന്നേറി. പിന്നീട് അദ്ദേഹം പല വേദികളിലുംവച്ച് പ്രസംഗിക്കുന്നത് കേട്ടിട്ടുണ്ട്, കത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വം പല പ്രഗത്ഭരുടെയും സേവനം ഉൾപ്പെടുത്തുന്നില്ലെന്ന്. കുറേപ്പേരുടെയിടയിലെങ്കിലും ചിന്താക്കുഴപ്പം സൃഷ്ടിക്കുവാൻ ഈ നടപടി ഇടയാകും.

നേതൃസ്ഥാനത്തേക്ക് വരുന്നവർ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കണം. പ്രസംഗവും, തത്വോപദേശവും, കുറ്റപ്പെടുത്തലുകളും, കാല്വാരലുമായി നടന്നാൽ ഒരിക്കലും ഒരിടത്തും ചെന്നെത്തുവാൻ സാധിക്കുകയില്ല. നേതൃത്വത്തിൽ വരുന്നവർ സ്വയം ത്യജിക്കുവാൻ തയ്യാറാകണം. അർപ്പണബോധത്തോടെ പ്രവർത്തിക്കുകയും വേണം. പിൻവാതിലിൽകൂടി അധികാരത്തിൽ കയറാൻ ശ്രമിക്കുന്നവർക്ക് ഒരിക്കലും പിടിച്ചുനിൽക്കുവാൻ സാധിക്കുകയില്ല. അവർ മറ്റുള്ളവരുടെ മുമ്പിൽ അപഹാസ്യരായിത്തീരും. ആ സത്യം മനസ്സിലാക്കുവാൻപോലും സാധിക്കാത്ത വിധത്തിൽ അവർ അന്ധതബാധിച്ചവരായിത്തീർന്നിരിക്കാം.

കത്തോലിക്കാ കോൺഗ്രസ്സ് പുതിയ പ്രവർത്തകസമിതി അധികാരമേറ്റെടുത്തിരിക്കുകയാണ്. ശാഖാ, രൂപതാ, കേന്ദ്രതലങ്ങളിലെ പ്രവർത്തകർ ഒത്തൊരുമിച്ച് സംഘടനയെ ശക്തിപ്പെടുത്തുവാൻ ശ്രമിക്കണം. അംഗീകാരം നമുക്ക് ആഗ്രഹിക്കാം, പ്രവർത്തിക്കാതെ അംഗീകാരം നേടിയെടുക്കാൻ കുറുക്കുവഴികൾ തേടുന്നവർ ഈ സമൂഹത്തിനും, രാഷ്ട്രത്തിനും ഒരുഭാരമായിരിക്കും.

നിങ്ങൾക്കോരോരുത്തർക്കും ലഭിച്ചിരിക്കുന്ന അവസരം ശരിക്കും വിനിയോഗിക്കുവാൻ ഓരോരുത്തരും തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
05–03–1999 — Sd/-

# 31. പ്രസംഗവും പ്രവൃത്തിയും

പ്രിയ സഹപ്രവർത്തകരെ,

ഞാനും എന്റെ ഒരു സുഹൃത്തുംകൂടി എറണാകുളത്തുനിന്നും തൃശ്ശൂർക്ക് പോകുവാൻ ബസ് കാത്ത് നിൽക്കുകയാണ്. ഓണക്കാലമായതിനാൽ യാത്ര ദുഷ്ക്കരമായിരുന്നു. ബസ്സിൽ വലിയ തിരക്കും. കുറേനേരം നിന്നപ്പോൾ ഒരു തൃശ്ശൂർ ബസ് സ്റ്റാൻഡിൽ വന്നുനിന്നു. തിക്കിതിരക്കി ആളുകൾ ബസ്സിനുള്ളിൽ കയറാൻ ശ്രമിച്ചു. ചിലർ തങ്ങളുടെ കൈവശമുള്ള

www.malankaralibrary.com

ബാഗ്, കുട മുതലായവ സീറ്റിൽവച്ച് സീറ്റ് ഉറപ്പാക്കാൻ ശ്രമിച്ചു. എന്റെ സുഹൃത്ത് തന്റെ കൈവശമുണ്ടായിരുന്ന ബാഗ് ഒരു സീറ്റിൽ വയ്ക്കാൻ ശ്രമിച്ചു. ബസ്സിനുള്ളിൽ കയറിയിരിക്കുന്നവരോട് ഒഴിവുള്ള ഒരു സീറ്റിൽ തന്റെ ബാഗ് വച്ച് ഒരു സീറ്റ് തരപ്പെടുത്തണമെന്നഭ്യർത്ഥിച്ചു. സീറ്റ് ഒന്നും കാലിയില്ലാതിരുന്നതിനാൽ ആ ശ്രമം വിജയിച്ചില്ല. സുഹൃത്തും ഞാനുംകൂടി തിരക്കിയഥാർത്ഥ വാതിലിൽകൂടി അകത്ത് പ്രവേശിച്ചു. എന്നാൽ ബാഗ് വച്ച് സീറ്റ് കരസ്ഥമാക്കിയവർ സാവധാനം ബസ്സിനുള്ളിൽ പ്രവേശിച്ചു. എന്റെ സുഹൃത്ത് ഒരു സീറ്റിൽ ബാഗ് ഇരിക്കുന്നതുകണ്ടു. ആ ബാഗ് സീറ്റിൽനിന്നും താഴേക്ക് തള്ളിയിട്ടുകൊണ്ട് അദ്ദേഹം ആ സീറ്റിൽ ഇരിപ്പുറപ്പിച്ചു. കൂട്ടത്തിൽ എനിക്ക് ഒരു മാർഗ്ഗനിർദ്ദേശവും നൽകി. അതിനപ്പുറത്തുള്ള ഒരു സീറ്റിൽ ഒരു കുട ആരോവച്ചിട്ടുണ്ട്, അതുമാറ്റി അവിടെ കയറിയിരുന്നുകൊള്ളുവാനായിരുന്നു എനിക്കു ലഭിച്ച ഉപദേശം. ഞാൻ ആ വിദഗ്ദ്ധോപദേശം സ്വീകരിച്ചില്ല.

സീറ്റിൽ ബാഗ് വച്ച്, സീറ്റ് ഉറപ്പായി എന്നകാരണത്താൽ സാവധാനം ബസ്സിനുള്ളിൽ പ്രവേശിച്ച യാത്രക്കാരൻ തന്റെ ബാഗ് താൻ വച്ച സീറ്റിൽകണ്ടില്ല. അദ്ദേഹം ബാഗ് അന്വേഷിച്ചു. താഴെ ബാഗ് കിടന്നത് അടുത്തിരുന്ന യാത്രക്കാരൻ കാണിച്ചുകൊടുത്തു. യാത്രക്കാരൻ എന്റെ സുഹൃത്തിനോട് സൗമ്യമായി പറഞ്ഞു. ഞാൻ ഈ സീറ്റിൽ ബാഗ്വച്ചിരുന്നതാണ്. അരോ അത് തട്ടിതാഴെയിട്ടതാണ്. അതുകൊണ്ട് ആ സീറ്റ് എനിക്ക് തരണം.

എന്റെ സുഹൃത്ത് പ്രതികരിച്ചതിങ്ങനെയാണ്. 'ഒരു ബാഗോ, കുടയോ സീറ്റിൽ വച്ചാൽ അത് ബുക്കിംഗ് ആവുകയില്ല, നേരത്തെ സീറ്റ് റിസർവ്വ് ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ ആദ്യം കയറുന്നവർ ഇരിക്കും. ഞാനും താങ്കളും ഒരേ ചാർജ്ജാണ് ബസ്സിൽ കൊടുക്കുന്നത് അതിനാൽ ആദ്യം കയറിയ എനിക്കാണ് അവകാശം.' ആ നിയമ വിശദീകരണത്തിനുമ്പിൽ ബാഗിന്റെ ഉടമസ്ഥൻ നിശ്ശബ്ദനായി. യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ എന്റെ സുഹൃത്ത് തൃശ്ശൂർവരെ ഇരുന്ന യാത്ര ചെയ്തു.

ഞങ്ങൾ തൃശ്ശൂരിൽ ബസ്സിറങ്ങി. കുറേനേരം കഴിഞ്ഞപ്പോൾ ഞാൻ എന്റെ സുഹൃത്തായ പ്രൊഫസ്സറോട് ചോദിച്ചു. 'ആ ബാഗ് താഴെ തള്ളിയിട്ട് സീറ്റ് കരസ്ഥമാക്കിയതിൽ എന്ത് ന്യായീകരണമാണുള്ളത്? താങ്കളും ബാഗുവച്ച് സീറ്റ് ബുക്ക് ചെയ്യാൻ ശ്രമിച്ചതല്ലെ? അതിന് സാധിക്കാതെവന്നപ്പോൾ താങ്കൾ ബസ്സിൽ ഇടിച്ചുകയറി മറ്റൊരാൾ കൈവശപ്പെടുത്തിയ സീറ്റിലെ ബാഗ് തള്ളിതാഴെയിട്ടത് ഒരു എഴാംതരക്കാരൻപോലും ചെയ്യാത്ത പ്രവൃത്തിയല്ലെ? താങ്കൾ ബാഗ് വച്ച് സീറ്റ് പിടിക്കാൻ ശ്രമിക്കാതിരുന്നയാളായിരുന്നുവെങ്കിൽ താങ്കൾ പറഞ്ഞവാദം പരിഗണിക്കാമായിരുന്നു? ഈ നടപടി അപലപനീയം തന്നെയാണ്.'

ഞാൻ ബാഗ് സീറ്റിൽവെക്കാൻ ശ്രമിച്ചതും അത് സാധിക്കാതെവന്നതും സാറിനല്ലെ അറിയത്തുള്ളു. അതേസമയം സീറ്റ് ലഭിക്കാതെ നിൽക്കുന്ന അനേകംപേർ ഇപ്രകാരമുള്ള സീറ്റ് ബുക്കിംഗിനെ എതിർക്കും. അതുകൊണ്ടാണ് മറ്റുള്ളവർ എന്നെ പഴിക്കാത്തത്. പിന്നെ തത്വം പറയുകയല്ലാതെ പ്രാവർത്തികമാക്കാൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കണം. ഇങ്ങനെയുള്ള

www.malankaralibrary.com

സന്ദർഭങ്ങളിൽ അവസരോചിതമായി പ്രവർത്തിച്ച് കാര്യംകാണണം, എന്നായിരുന്നു എന്റെ സുഹൃത്തിന്റെ വിശദീകരണം.

ഞങ്ങൾ ഇരുവരും എറണാകുളത്ത് ഒരു സെമിനാറിൽ പങ്കെടുത്തതിനുശേഷമാണ് ഒന്നിച്ച് യാത്രചെയ്തത്. ആ സെമിനാറിൽ എന്റെ സ്നേഹിതൻ പ്രസംഗിച്ചത്, മറ്റുള്ളവരെ നമുക്ക് എങ്ങനെ സഹായിക്കുവാൻ സാധിക്കുമെന്ന് ഓരോരുത്തരും ചിന്തിക്കണമെന്നും മറ്റൊരാൾക്ക് ഒരു ഉപകാരം ചെയ്യാത്ത ദിവസം തന്റെ ജീവിതത്തിലെ ശപിക്കപ്പെട്ട ദിവസമായി എല്ലാവരും കരുതണമെന്നുമാണ്. മറ്റുള്ളവരോട് മാന്യമായി എങ്ങനെ പെരുമാറണമെന്നും, മറ്റുള്ളവർക്കുവേണ്ടി എന്തു ത്യാഗവും സഹിക്കണമെന്നും തൊണ്ടയിടറി പ്രസംഗിച്ച എന്റെ സ്നേഹിതന്റെ പ്രവൃത്തിയും പ്രസംഗവും വായനക്കാർ വിലയിരുത്തട്ടെ.

എന്റെ സുഹൃത്ത് വച്ചുപുലർത്തുന്ന സ്വാർത്ഥതാപരമായ നീക്കം എത്രയോ നിർഭാഗ്യകരമാണ്. ഒന്നുപറയുക, മറ്റൊന്ന് പ്രവർത്തിക്കുക. മറ്റുള്ളവരുടെ മുമ്പിൽ ഇങ്ങനെയുള്ളവർ അണിയുന്ന പൊയ്മുഖമാണ് നമ്മുടെ സമൂഹത്തിന്റെ ശാപം.

ഈ രീതിയിലുള്ള പ്രവർത്തനശൈലി നമ്മുടെ സംഘടനാ പ്രവർത്തകർക്ക് ഉണ്ടാകരുത്. പറയുന്നതുപോലെ പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കണം. വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന ഒരു ജീവിതം നാമാരും ആഗ്രഹിക്കരുത്.

'മറ്റുള്ളവർക്ക് നന്മ ചെയ്യാൻ സാധിക്കാത്ത ഒരു ദിവസം എന്റെ ജീവിതത്തിലെ ശപിക്കപ്പെട്ട ദിവസം ആയിരിക്കട്ടെ' എന്ന എന്റെ സുഹൃത്തിന്റെ പ്രസംഗഭാഗം നമ്മുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുവാൻ ഇടയാകട്ടെ. ചെറിയ സ്വാർത്ഥ ലാഭത്തിനുവേണ്ടി അവസരവാദപരമായി പ്രവർത്തിക്കുമ്പോൾ നമ്മുടെ സഹോദരങ്ങളുടെ മുമ്പിൽ നാം അപഹാസ്യരായിത്തീരും എന്ന് ധരിക്കുവാനുള്ള വിവേകം നമുക്കുണ്ടാകട്ടെ.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

05–04–1999 — Sd/-

# 32. വഴിമാറികൊടുക്കുക

പ്രിയ സഹപ്രവർത്തകരെ,

കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തനം എല്ലാ ഇടവകകളിലും വ്യാപിപ്പിക്കുന്നതിനുള്ള കൂട്ടായ യത്നം ആവശ്യമാണ്. ശാഖാതലം തൊട്ട് കേന്ദ്രതലം വരെയുള്ള പ്രവർത്തകർ ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ മാത്രമേ കത്തോലിക്കാ കോൺഗ്രസ്സിനെ ഒരു സുശക്ത സംഘടനയായി മാറ്റുവാൻ സാധിക്കുകയുള്ളു. അതിന് കഴിഞ്ഞ കാലങ്ങളിൽ നാം എന്തു ചെയ്തു? നമ്മൾ ഓരോരുത്തരിലും ഭരമേൽപ്പിച്ച ചുമതലകൾ സത്യസന്ധതയോടും ആത്മാർത്ഥ

www.malankaralibrary.com

തയോടും കൂടി നാം ചെയ്തിട്ടുണ്ടോ? ഓരോ സംഘടനാപ്രവർത്തകരും ചിന്തിക്കുക തന്നെവേണം.

തിരഞ്ഞെടുപ്പുകാലങ്ങളിൽ സംഘടനയിൽ ഒരു ഔദ്യോഗിക സ്ഥാനം നേടുന്നതിനുവേണ്ടി തത്രപ്പെടുന്നവർ – ഓടി നടക്കുന്നവർ – തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ അവരിൽ നിഷിപ്തമായിരിക്കുന്ന ചുമതലകൾ ഭംഗിയായി നിർവ്വഹിക്കാൻ ശ്രമിക്കേണ്ടതാണ്. അതിനു തയ്യാറാകാതെ ഒരു അലങ്കാര വസ്തുവായി ഔദ്യോഗിക സ്ഥാനം കൈവശം വച്ചുകൊണ്ടിരിക്കുന്നത് ഭൂഷണമാണോ?

രാഷ്ട്രീയ സംഘടനകളിലും സമുദായ സംഘടനകളിലും പ്രവർത്തകരുടെ എണ്ണം അനുദിനം കുറഞ്ഞുവരികയാണ്. അതേസമയം സംഘടനകളുടെ നേതൃസ്ഥാനം കരസ്ഥമാക്കി അതിൽ നിന്ന് മുതലെടുക്കുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കുവാൻ ശ്രമിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കത്തോലിക്കാ കോൺഗ്രസ്സിന് മിക്ക രൂപതകളിലും 100–ൽ അധികം ശാഖകൾ ഉണ്ട്. അവയിൽ പലതും ഇന്ന് പ്രവർത്തനരഹിതമാണ്. നിലവിലുള്ള ശാഖകൾ പ്രവർത്തനത്തിൽ സജീവമാക്കുവാനെങ്കിലും ശ്രമിക്കേണ്ടതല്ലേ. ഒരു രൂപതാ സംഘം നിലനിൽക്കണമെങ്കിൽ സജീവമായി പ്രവർത്തിക്കുന്ന 10 ശാഖകൾ രൂപതയിൽ ഉണ്ടായിരിക്കണം. രൂപതാ സംഘത്തിന്റെ നിലനിൽപിന് ആവശ്യമായ 10 യൂണിറ്റുകളിൽ മാത്രം തിരഞ്ഞെടുപ്പ് നടത്തി രൂപതാസംഘം ഭാരവാഹിത്വം കൈവശംവച്ചുകൊണ്ടിരിക്കുന്നവരും ശാഖയിൽ പുതിയ അംഗങ്ങളെ ചേർക്കാതെ ശാഖാഭാരവാഹിത്വം കൈവശം വച്ചുകൊണ്ടിരിക്കുന്നവരും സംഘടനാ പ്രവർത്തനത്തിന് വേണ്ടി യാതൊന്നും പ്രവർത്തിക്കാതെ കേന്ദ്രഭാരവാഹിത്വവും വർക്കിങ്ങ് കമ്മിറ്റിയംഗത്വവും പോഷകസംഘടനകളുടെ ഭാരവാഹിത്വവും കൈവശം വച്ചുകൊണ്ടിരിക്കുന്നവരും തങ്ങളുടെ കടമ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ചിന്തിച്ചുനോക്കണം.

ശാഖാകമ്മറ്റികളും രൂപതാ സംഘം കമ്മറ്റികളും രണ്ടുമാസത്തിൽ ഒരിക്കലെങ്കിലും കൂടാതെ നിർജീവമായിട്ടിരിക്കുകയാണെങ്കിൽ അവിടെ സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ എന്തുമാർഗ്ഗം സ്വീകരിക്കണം? സംഘടനയെ സ്നേഹിക്കുന്നവർ ഇതിന് ഒരു പരിഹാരം നിർദേശിക്കുക തന്നെ വേണം.

സംഘടനയിൽ പ്രവർത്തിക്കാൻ സന്നദ്ധരായിവരുന്നവരെ സംഘടനയിലേക്ക് കൊണ്ടുവരുന്നതിന് യാതൊരു താല്പര്യവും കാണിക്കാതെ തങ്ങളുടെ നിലനിൽപ്പ് ഭദ്രമാക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് എത്ര ക്രൂരമായ പ്രവർത്തയായിരിക്കും.

ശാഖാതലം തൊട്ട് കേന്ദ്രതലംവരെയുള്ള പ്രവർത്തകർ 1999 വർഷത്തിലെ ആദ്യത്തെ നാലുമാസത്തിനിടയ്ക്ക് സംഘടനാരംഗത്ത് എന്ത് പ്രവർത്തിച്ചുവെന്ന് ഒന്നെഴുതി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാ ഇടവകകളിലും പ്രവർത്തക കൺവെൻഷൻ വിളിച്ചു കൂട്ടി സംഘടനയിലേക്ക്

www.malankaralibrary.com

കൂടുതൽ ആളുകളെ ചേർക്കാൻ ശ്രമിക്കാത്തവർ തങ്ങളുടെ ഔദ്യോഗികസ്ഥാനം മറ്റുള്ളവരെ ഏൽപിച്ച് സംഘടനാ പ്രവർത്തനത്തിൽ നിന്നും പിൻമാറുകയാണ് വേണ്ടത്. അനേവർഷങ്ങൾക്കു മുൻപ് ഒരു രൂപതയിലെ രൂപതാ സംഘം മൂന്ന് വർഷത്തിലൊരിക്കൽ ഒരു യോഗം പോലും ചേർന്നില്ല. മൂന്നുവർഷത്തിനുശേഷം നടന്ന തിരഞ്ഞെടുപ്പിൽ വീണ്ടും അവർതന്നെ ഔദ്യോഗിക ഭാരവാഹിയാകാൻ രംഗത്തെത്തി. അവരുടെ ലക്ഷ്യം എന്താണ്?

കേന്ദ്രഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങനോടനുബന്ധിച്ച് വിളിച്ചു കൂട്ടിയ ഉന്നതതലസമ്മേളനം ശരിയായ പ്രവർത്തനം കാഴ്ചവയ്ക്കാത്ത ഘടകങ്ങളുടെമേൽ നടപടികൾ സ്വീകരിക്കണമെന്നുവരെ അഭിപ്രായപ്പെടുകയുണ്ടായി. നടപടികളൊന്നും ആവശ്യമില്ല. സംഘടനാ പ്രവർത്തനത്തിലേക്ക് താല്പര്യം വരുന്നവർക്ക് വഴിമാറിക്കൊടുക്കുവാനുള്ള സന്മനസ്സ് എങ്കിലും അവർക്കുണ്ടാകണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

നിറുത്തട്ടെ

കോട്ടയം<br>05–05–1999

സ്നേഹപൂർവ്വം<br>Sd/-

# 33. നാം ദുഃഖിക്കേണ്ടിവരും

പ്രിയ സഹപ്രവർത്തകരേ,

യേശുക്രിസ്തുവിന്റെ രണ്ടായിരാം പിറന്നാളിൽ മെച്ചപ്പെട്ട ഒരു സമൂഹത്തെ രൂപപ്പെടുത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ വിപുലമായ പദ്ധതികൾ ആഗോളസഭ ആസൂത്രണം ചെയ്ത് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. കേരള സഭയും ഈ സംരംഭത്തോട് സജീവമായി സഹകരിച്ചു മുന്നേറുന്നുണ്ടുതാനും.

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള കേരള സഭക്ക് കഴിഞ്ഞ കാലങ്ങളിൽ അഭിമാനിക്കത്തക്ക പല നേട്ടങ്ങളുമുണ്ടായിട്ടുണ്ട്. ആ നേട്ടങ്ങളുടെയെല്ലാം കാരണം നമ്മുടെ സഭയിൽ നിലനിന്ന അച്ചടക്കവും സഭാ നേതൃത്വത്തോടുള്ള ആദരവുമായിരുന്നു. അച്ചടക്കമുള്ള ഒരു സമുഹമെന്ന നിലയിൽ കേരള സഭ മറ്റിതരരുടെയെല്ലാം അംഗീകാരവും പ്രശംസയും പിടിച്ചുപറ്റിയിരുന്നു. അധികാരികളോടുള്ള നമ്മുടെ പ്രവർത്തനശൈലി എല്ലാവർക്കും അനുകരണീയമായിരുന്നു. എന്നാൽ ആ പാരമ്പര്യം ഇന്ന് നഷ്ടമായികൊണ്ടിരിക്കുകയാണോയെന്ന് പരിശോധന നടത്തേണ്ട സമയമാണിത്.

എന്റെ ചെറുപ്പത്തിൽ ക്രൈസ്തവഭവനങ്ങളിൽ മെത്രാന്മാരെയോ വൈദികരെയോ കന്യാസ്ത്രീകളെയോ വിമർശിച്ച് സംസാരിക്കുന്നത് കേൾക്കാനിടയായിട്ടില്ല. എന്റെ ഭവനത്തിൽ മാത്രമല്ല സമീപത്തുള്ള ഭവനങ്ങളിലെയും സ്ഥിതി ഇതുതന്നെയായിരുന്നു ഏതെങ്കിലും കാരണവശാൽ കുടുംബത്തിലെ ഒരംഗം വൈദികനെയോ കന്യാസ്ത്രീയേയോ വിമർശിച്ചാൽ, വിമർശനം നടത്തുന്നയാൾ വീട്ടിലെ കാരണവരുടെ ശിക്ഷയ്ക്ക് വിധേയമാകുമായിരുന്നു. അതിനാൽ സൂക്ഷിച്ചുമാത്രമേ വൈദികരെയും കന്യാസ്ത്രീകളെയും പറ്റി സംസാരിക്കുകയുണ്ടായിരുന്നുള്ളു.

www.malankaralibrary.com

അദ്ധ്യാപകരുടെ നേരെയും സമൂഹത്തിലെ മുതിർന്നവരുടെ നേരെയും ഉള്ള സമീപനവും ഇതുതന്നെയായിരുന്നു. ഏതെങ്കിലും ഒരു അദ്ധ്യാപകനെ കുറ്റപ്പെടുത്തി സംസാരിക്കുവാൻ മാതാപിതാക്കൾ കുട്ടികളെ അനുവദിച്ചിരുന്നില്ല. ഏതു പ്രശ്നത്തിലും അദ്ധ്യാപകർ പറയുന്നത് രക്ഷാകർത്താക്കൾ വിശ്വസിക്കുകയും കുറ്റക്കാരായ കുട്ടികളെ ശിക്ഷിക്കുകയും ചെയ്തിരുന്നു.

നൂറ്റാണ്ടുകളായി നമ്മുടെ സമൂഹത്തിൽ നിലനിന്ന ഈ കീഴ്‌വഴക്കമാണ് നമ്മുടെ എല്ലാ വളർച്ചക്കും പുരോഗതിക്കും നിദാനമെന്ന വിശ്വാസമാണ് എനിക്കുള്ളത്. ലോകത്തെ മുഴുവൻ സുവിശേഷവൽക്കരിക്കാൻ കഴിവും സന്മനസുമുള്ള വൈദികരെയും കന്യാസ്ത്രീകളെയും കേരള സഭക്ക് സംഭാവന ചെയ്യാൻ സാധിച്ചതും നമ്മുടെ സമൂഹത്തിൽ നിലനിന്ന ഈ നല്ല വഴക്കം കൊണ്ടുമാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ നല്ല പാരമ്പര്യം നമ്മുടെ ഭവനങ്ങളിൽ നിന്ന് കുറച്ചെങ്കിലും മാറുന്നുണ്ടോയെന്ന് നാം പരിശോധിക്കണം. ഇന്ന് നമ്മുടെ പല ഭവനങ്ങളിലും വൈദികവിമർശനവും കന്യാസ്ത്രീകളെ ആക്ഷേപിക്കലും സാധാരണമായിട്ടുണ്ടോ? ഉണ്ടെന്ന പക്ഷക്കാരനാണ് ഞാൻ. കാരണങ്ങൾ പലതും നമുക്ക് പറയാനുണ്ടാകും. പലപ്പോഴും വിവേകമല്ല വികാരമാണ് നമ്മെ നയിക്കുന്നത്. അതിന്റെ ഫലമാണ് ഈ വിമർശനങ്ങൾ. വികാരം വെടിഞ്ഞ് വിവേകത്തിന് നാം വിധേയരായി തീരുമ്പോൾ മാത്രമേ നമ്മുടെ സമീപനത്തിൽ വ്യത്യാസം വരുകയുള്ളു.

നമ്മുടെ വിദ്യാലയങ്ങളിലും കലാശാലകളിലും അഡ്മിഷൻ കിട്ടാതെ വരുമ്പോൾ ഒരു ജോലി ലഭിക്കാതെ വരുമ്പോൾ നാം അസംതൃപ്തരായി തീരുകയും അധികാരികളെ വിമർശിക്കുകയും ചെയ്യുക സാധാരണമാണ്. സ്ഥലം മാറ്റം ഇഷ്ടപ്പെട്ട സ്ഥലത്തേക്ക് ലഭിക്കാതെ വരുമ്പോഴും പ്രൊമോഷൻ ലഭിക്കാതെ വരുമ്പോഴുമെല്ലാം അസംതൃപ്തരായിതീർന്ന് എല്ലാത്തിനും കാരണക്കാർ വൈദികരും സന്യാസികളുമാണെന്ന് പറഞ്ഞ് വിമർശിച്ച് തങ്ങളുടെ ദേഷ്യം തീർക്കുന്നത് പലപ്പോഴും കാണുവാൻ സാധിക്കും. തങ്ങളുടെ ഭവനത്തിൽ ഇരുന്ന് തങ്ങളുടെ മക്കളുടെ സാന്നിദ്ധ്യത്തിലാണ് ഈ വിമർശനങ്ങൾ നടക്കുക. മാതാപിതാക്കളുടെ വിമർശനങ്ങൾ കേട്ടുവളരുന്ന കുട്ടികളിൽ എങ്ങനെ വിശ്വാസം രൂഢമൂലമാക്കുവാൻ സാധിക്കും? അവരെ എങ്ങനെ സഭാസ്നേഹമുള്ളവരായി വളർത്താൻ സാധിക്കും? അവരിൽ നിന്നും എങ്ങനെ ദൈവവിളിയുണ്ടാകും? നാം ചിന്തിക്കുന്നില്ല.

ഏതാനും നാളുകളായി ആരാധനാക്രമത്തിന്റെ പേരിലും കുരിശ് പ്രതിഷ്ഠിക്കലിന്റെ പേരിലും സഭയുടെ സംവിധാനത്തിന്റെ പേരിലും സഭാംഗങ്ങൾ തമ്മിൽ തർക്കം ഉണ്ടാകുന്നുണ്ട്. ഏതെങ്കിലും കാരണത്തിന്റെ പേരിൽ അസംതൃപ്തരായി കഴിയുന്നവരാണ് ഇങ്ങനെയുള്ള പ്രശ്നങ്ങൾ ആളികത്തിച്ച് സഭയിൽ പിളർപ്പുണ്ടാക്കുവാൻ ശ്രമിക്കുന്നത്. ഈ പിളർപ്പിന് ആക്കം കൂട്ടുവാൻ അസംതൃപ്തരായ വൈദികരും പരമാവധി ശ്രമിക്കുന്നു എന്ന കാര്യം അംഗീകരിച്ചേ മതിയാകു.

നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ സഭാധികാരികളിൽ നിന്നും മറ്റിതര അധികാരികളിൽ നിന്നും പല അവഗണനകളും നമുക്കുണ്ടാകാം. ആ

www.malankaralibrary.com

അവഗണനയുടെ പേരിൽ നാം വികാരം കൊള്ളാതെ വിധേയത്വമുള്ളവരായി തീരുവാനും നമ്മുടെ കുട്ടികളെ സഭാവിദ്വേഷികളാക്കിത്തീർക്കുവാൻ സഹായിക്കുന്ന സംസാരങ്ങൾ ഒഴിവാക്കുവാനും നാം ശ്രമിക്കണം. സഭാധികാരികളെ കുറ്റപ്പെടുത്തികൊണ്ടുള്ള മാതാപിതാക്കളുടെ വാക്കുകൾ കേട്ട് വളർന്നു വരുന്ന കുട്ടികൾ ഭാവിയിൽ മാതാപിതാക്കൾക്കും കുടുംബത്തിനും സഭാധികാരികൾക്കും സഭക്കും രാഷ്ട്രത്തിനും ഒരു ഭാരമായിത്തീരും. ആ വസ്തുത മുൻകൂട്ടികാണുവാനുള്ള വിവേകം നമ്മുടെ കുടുംബനാഥന്മാർക്കുണ്ടാകണം.

നമ്മൾ ആരും പരിപൂർണ്ണരല്ല. തെറ്റുകൾ ഉണ്ടാകാം. നമ്മുടെ ജീവിതത്തിൽ എല്ലാകാര്യങ്ങളും നാം വിചാരിക്കുന്നതുപോലെ നടന്നുവെന്ന് വരികയില്ല. നമ്മുടെ പ്രതീക്ഷകൾക്ക് മങ്ങലേല്ക്കുന്ന പല സംഭവങ്ങളും നമ്മുടെ ജീവിതത്തിൽ ഉണ്ടാകാം. അതിൽ നാം നിരാശപ്പെടരുത്. ദൈവത്തിന്റെ പദ്ധതികൾ നമ്മളിൽ എങ്ങനെയാണ് നിറവേറുന്നതെന്ന് മനസ്സിലാക്കുവാൻ നമുക്ക് സാധിക്കാത്തതിന്റെ അനന്തര ഫലമാണിതെല്ലാം.

നമ്മുടെ ഭവനങ്ങളിൽ അധികാരികളെ വിമർശിക്കുന്നതും തേജോവധം ചെയ്യുന്നതുമായ സംസാരങ്ങൾ നാം ഒരിക്കലും അനുവദിക്കരുത്. നമ്മുടെ ഭാവിയെക്കരുതി – നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയെക്കരുതി – നമ്മുടെ രാഷ്ട്രത്തിന്റെ ഭാവിയെക്കരുതി – നമുക്ക് വിവേകത്തോടെ പെരുമാറാം, സംസാരിക്കാം. അതിന് നല്ലവനായ ദൈവം നമ്മെ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം.

നിറുത്തട്ടെ

സ്നേഹപൂർവ്വം

കോട്ടയം സ്നേഹപൂർവ്വം

05–06–1999 Sd/-

# 34. കുററകരമായ അനാസ്ഥ

പ്രിയ സഹപ്രവർത്തകരെ

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ബന്ധം വീണ്ടും വഷളായി കഴിഞ്ഞിരിക്കുന്നു. പ്രധാനമന്ത്രിയുടെ ലാഹോർ ബസ് യാത്രയെ തുടർന്ന് ഒരു സമാധാനാന്തരീക്ഷം സൃഷ്ടിക്കപ്പെടുമെന്നായിരുന്നു ഇന്ത്യൻ ജനത വിശ്വസിച്ചിരുന്നത്. ഇന്ത്യാചീന ഭായി ഭായി എന്ന് നാം ഉരുവിട്ടുകൊണ്ടിരുന്ന സന്ദർഭത്തിലാണ് വർഷങ്ങൾക്കുമുമ്പ് ഇന്ത്യയെ ചീന ആക്രമിച്ചത്. അതുപോലെ ലാഹോറിലേക്കുള്ള ബസ് യാത്ര നടത്തി ഇന്ത്യാ–പാക് ബന്ധം മെച്ചപ്പെട്ടുവെന്ന് നാം വിചാരിച്ച സന്ദർഭത്തിൽ യാഥാർത്ഥത്തിൽ പാക്കിസ്ഥാൻ ഇന്ത്യൻ മണ്ണിൽ കാലുറപ്പിച്ചു കഴിഞ്ഞിരുന്നു. ആ സത്യം ഗ്രഹിക്കാൻ നമുക്ക് സാധിച്ചില്ല. ഇത് എന്തുകൊണ്ട് സംഭവിച്ചു? നമ്മുടെ അതിർത്തിയിൽ കാവൽ നിന്നിരുന്ന സൈനീകർ അവരെ ഏല്പിച്ചിരുന്ന ഉത്തരവാദിത്വം ശരിക്കും നിർവ്വഹിച്ചില്ല എന്നതാണ് സത്യം. പാക് നുഴഞ്ഞുകയററക്കാർ അതിർത്തി രേഖ ലംഘിച്ച് പത്തുകിലോമീററോളം നമ്മുടെ മണ്ണിലേക്ക് കയറിയത് അതിർത്തികാവൽക്കാർ അറിയാതിരുന്നത് എന്തുകൊണ്ട്? നമ്മുടെ മണ്ണിൽ

www.malankaralibrary.com

ഹെലികോപ്ററർ പറന്നിറങ്ങാനുള്ള താവളങ്ങൾ നിർമ്മിച്ചതും നുഴഞ്ഞു കയററക്കാർക്ക് താമസിക്കാനുള്ള ഷെഡുകൾ നിർമ്മിച്ചതും, നാം തീർത്ത ബങ്കറുകളിൽ അവർ ആയുധങ്ങൾ ശേഖരിച്ച് താമസിച്ചതും ഒക്കെ അതിർത്തി കാവൽക്കാർ യഥാസമയം അറിഞ്ഞ് റിപ്പോർട്ടു ചെയ്തിരുന്നുവെങ്കിൽ നമ്മുടെ പ്രതിരോധം ശക്തിപ്പെടുത്തുവാൻ സാധിക്കുമായിരുന്നു. ഒരു പക്ഷേ അതിർത്തികാവൽക്കാർ വേണ്ടത്രജാഗ്രതയോടെ പ്രവർത്തിക്കാത്തതായിരിക്കാം. അതല്ലെങ്കിൽ അതിർത്തികാവൽക്കാർ പാക് നുഴഞ്ഞുകയററക്കാരുമായി എന്തെങ്കിലും രഹസ്യബന്ധം പുലർത്തിയതിന്റെ ഫലമായിരിക്കാം. യുദ്ധം കഴിഞ്ഞ് നമ്മുടെ സ്ഥലങ്ങൾ നാം പിടിച്ചെടുത്ത് കഴിഞ്ഞതിനുശേഷം ഇതിനെപ്പററി സമഗ്രമായ അന്വേഷണം നടത്തുകയും അതിർത്തികാവൽക്കാരുടെ വീഴ്ചയെപ്പററി പഠിക്കുകയും അടിന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കാം.

അതിർത്തികാവൽക്കാരുടെ നിരുത്തരവാദപരമായ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ എത്ര ജവാന്മാരുടെ ജീവൻ ബലിയർപ്പിക്കപ്പെടേണ്ടി വന്നു? എത്ര മേജർമാർ രണഭൂമിയിൽ രക്തം ചിന്തേണ്ടി വന്നു? നമ്മുടെ സ്ഥലങ്ങൾ തിരിച്ചുപിടിക്കുന്നതിനുവേണ്ടി എത്ര കോടി രൂപാ നാം ചിലവഴിക്കേണ്ടി വന്നു? ഏതാനും ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവർത്തനത്തിന്റെ ഫലമാണിതെല്ലാം സംഭവിച്ചത്. അവരുടെ നിരുത്തരവാദപരമായ. പ്രവർത്തനത്തിന്റെ ദുരിതങ്ങൾ ഇന്ത്യൻ ജനത മുഴുവൻ നേരിടേണ്ടി വന്നിരിക്കുകയാണ്.

നമ്മെയെല്ലാം ഓരോ ഉത്തരവാദിത്വം രാഷ്ട്രവും സമൂഹവും ഏല്പിക്കുന്നുണ്ട്. അതിന്റെ പ്രാധാന്യം നാം പലപ്പോഴും വിസ്മരിച്ചു കളയുന്നു. ആ പ്രാധാന്യം വിസ്മരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് നമ്മുടെ സ്വാർത്ഥത യാണ്. ആ സ്വാർത്ഥത ഏററം വലിയ പാപമാണെന്ന സത്യം നാം വിസ്മരിക്കുന്നു.

കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരിലും കുറേ ഉത്തരവാദിത്വങ്ങൾ സംഘടനയും സഭയും ഏല്പിക്കുന്നുണ്ട്. നമ്മളിൽ നിറഞ്ഞുനിൽക്കുന്ന സ്വാർത്ഥത സമൂഹം നമ്മളെ ഏല്പിക്കുന്ന ഉത്തരവാദിത്വം നിറവേററുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുന്നു. അതിന്റെ ദുരന്തഫലങ്ങൾ എത്ര ഭീകരമായിരിക്കുമെന്ന് ഇന്നു നാം ഗ്രഹിക്കുന്നില്ല. ഒരു പക്ഷെ നമ്മുടെ നിലനില്പിന്റെ തന്നെ പ്രശ്നമായി മാറാം.

ഭാരതത്തിൽ ക്രൈസ്തവർ വെറും ന്യൂനപക്ഷമാണ്. ക്രൈസ്ത്വരിൽ നല്ല ഭാഗം അധിവസിക്കുന്നത് കേരളത്തിലാണ്. ഇന്ത്യയിലെ ക്രൈസ്തവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കേരളത്തിലെ ക്രൈസ്തവർക്കാണ് സാധിക്കുക. അതിന് സുശക്തമായ ഒരു സംഘടന ആവശ്യമാണ്. അഖില കേരള കത്തോലിക്കാ കോൺഗ്രസ്സാണ് കഴിഞ്ഞകാലങ്ങളിൽ ആ ദൗത്യം നിർവ്വഹിച്ചത്. ഇനി ആ ദൗത്യം നിർവ്വഹിക്കേണ്ടതും കത്തോലിക്കാ കോൺഗ്രസ്സായിരിക്കും. ആ യാഥാർത്ഥ്യം മനസ്സിലാക്കി എ.കെ.സി.സി.യുടെ പ്രവർത്തകർ ഊർജ്ജസ്വലമായി പ്രവർത്തിക്കണം. ഞാൻ ഉൾപ്പെടെയുള്ള ഭാരവാഹികളും പ്രവർത്തകരും തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ

www.malankaralibrary.com

നിർവ്വഹിക്കാതെ നിരുത്തരവാദപരമായി പ്രവർത്തിക്കുകയാണെങ്കിൽ, നമ്മുടെ അതിർത്തികാവൽക്കാർ വരുത്തി വച്ച ദുരന്തങ്ങൾ ആയിരിക്കും നമ്മുടെ സമുദായത്തിന് നാമും വരുത്തി വയക്കുന്നത്.

ഓരോ സംഘടനാ പ്രവർത്തകനും ശാഖാരൂപതാ കേന്ദ്ര ഭാരവാഹികളും കമ്മററിക്കാരും ഞാനുൾപ്പെടെയുള്ള എല്ലാ പ്രവർത്തകരും കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുന്നതിന് എന്ത് ചെയ്തുവെന്ന് ആത്മപരിശോധനനടത്തണം. നമുക്ക് ലഭിച്ച സ്ഥാനമാനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാതെ സ്ഥാനമാനങ്ങൾ മാത്രം വച്ചുകൊണ്ടിരിക്കരുത്. നിരുത്തരവാദപരമായി പ്രവർത്തിച്ചാൽ ഇന്നല്ലങ്കിൽ നാളെ നമ്മുടെ സമൂഹം നമ്മെ കുററക്കാരായി വിധിക്കും. നമ്മുടെ അതിർത്തികാവൽക്കാർ ചെയ്ത തെററ് ചെയ്യാതെ, ഉത്തരവാദിത്വപൂർണ്ണമായി പ്രവർത്തിക്കുക. അതിന് സാധിക്കുന്നില്ലെങ്കിൽ പ്രവർത്തിക്കാൻ സന്നദ്ധരായി വരുന്നവർക്ക് വേണ്ടി വഴിമാറിക്കൊടുക്കുക.

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ന്യൂനപക്ഷമർദ്ദനം നമ്മുടെ കണ്ണ് തുറപ്പിക്കട്ടെ. നിസ്സംഗതാമനോഭാവം വെടിഞ്ഞ് ആത്മാർത്ഥത യോടെ സംഘടനയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻവേണ്ട ദൈവാനുഗ്രഹം ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

നിറുത്തട്ടെ

കോട്ടയം
05–07–1999

സ്നേഹപൂർവ്വം
Sd/-

# 35. അവരേപ്പോലെ നാമും നന്മ ചെയ്യണം

പ്രിയ സഹപ്രവർത്തകരെ,

നമ്മുടെ സ്വന്തം ആളുകൾ, അയൽക്കാർ, സ്നേഹിതർ ഒക്കെ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ നാം അവരെപ്പറ്റി നല്ല വാക്കുകൾ പറയാറുണ്ട്. അവരുടെ പ്രവർത്തികളെ നാം സ്തുതിച്ച് സംസാരിക്കുകയും ചെയ്യും. എന്നാൽ അവർ ചെയ്യുന്ന നല്ല പ്രവർത്തികൾ ചെയ്യാൻ നമുക്ക് അവസരം ലഭിക്കുമ്പോൾ നാം ചെയ്യാറുണ്ടോ? നമ്മുടെ മക്കൾ, സഹോദരങ്ങൾ, ഭാര്യ, ഭർത്താവ് ഇവരൊക്കെ അതേ നല്ല പ്രവർത്തികൾ ചെയ്യാൻ തയ്യാറാകുമ്പോൾ നാം അവരെ അതിൽനിന്നും പിന്തിരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടോ? അതോ അവർക്ക് പ്രോത്സാഹനം നൽകിയോ? നാം ഓരോരുത്തരും സ്വയം നമ്മോടുതന്നെ ചോദിച്ച് ഉത്തരം കണ്ടുപിടിക്കേണ്ടതാണ്.

ഒരിക്കൽ ഒരു വിദ്യാർത്ഥി, തന്റെ സഹപാഠികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ കണ്ട് മനസ്സലിഞ്ഞ് അവരെ സഹായിക്കുവാൻ ആഗ്രഹിച്ചു. ഉച്ചഭക്ഷണം കഴിക്കാത്തവർക്ക് ഉച്ചഭക്ഷണം നൽകാൻ ഫണ്ട് ശേഖരിച്ചു. ആഡംബരങ്ങൾക്കും മറ്റും ചിലവാക്കാൻ ലഭിക്കുന്ന ചെറിയ ചെറിയ തുകകൾ, മിഠായി വാങ്ങിക്കുന്നതിനായി ലഭിക്കുന്ന തുകകൾ, എല്ലാം ക്ലാസദ്ധ്യാപകന്റെ സഹകരണത്തോടെ സമാഹരിച്ച് വിതരണം ചെയ്തു. പല കുട്ടികളും രണ്ടും

www.malankaralibrary.com

മുന്നും കിലോമീറ്ററുകൾ കാൽ നടയായി യാത്ര ചെയ്ത് ബസുകൂലി സാമൂഹ്യപ്രവർത്തനങ്ങൾക്കായി മാറ്റി വച്ചു. ഒരു സാമൂഹ്യവിപ്ലവം തന്നെയവിടെ ആരംഭിച്ചു. ഈ പ്രവർത്തനത്തിന് എല്ലാം നേതൃത്വം നൽകിയത് സാധാരണ കുടുംബങ്ങളിലെ അംഗങ്ങൾ ആയിരുന്നു. സമ്പന്ന കുടുംബങ്ങളിലെ കുട്ടികളുടെ മാതാപിതാക്കൾ ഈ കാര്യങ്ങൾ മനസ്സിലാക്കി. അവരും ഈ കുട്ടികളെ അനുമോദിച്ചു. നല്ല മാതൃകയാണെന്ന് അവരും സമ്മതിച്ചു.

ബിജു എന്ന കുട്ടിയുടെ മാതാപിതാക്കൾ ഈ വസ്തുതയറിഞ്ഞ് ആ കുട്ടികളുടെ പ്രവർത്തനത്തിൽ അഭിനന്ദിച്ച് സംസാരിച്ചു. അത് ബിജുവിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിത്തീർന്നു. ബിജു ഒരു സമ്പന്നകുടുംബത്തിലെ അംഗമായിരുന്നു. മറ്റുള്ള കുട്ടികളുടെ സാമൂഹ്യപ്രവർത്തനത്തിൽ സന്തുഷ്ടി പ്രകടിപ്പിച്ച മാതാപിതാക്കൾ, താനും ആ രീതിയിൽ പ്രവർത്തിച്ചാൽ മാതാപിതാക്കൾ സന്തോഷിക്കുമെന്ന് ധരിച്ചു. വണ്ടിക്കൂലിക്കായി നൽകിയ പണം അവൻ സാമൂഹ്യക്ഷേമനിധിയിലേയ്ക്ക് സംഭാവന ചെയ്ത് സ്കൂളിലേക്ക് നടന്നു. തിരിച്ചു വീട്ടിലേക്കും നടന്നു. മിഠായി, ഐസ്ക്രീം മുതലായവ വാങ്ങിക്കാൻ മാതാപിതാക്കൾ നൽകിയ തുകയും അവൻ സാമൂഹ്യക്ഷേമനിധിയിലേക്ക് നൽകി. ആഡംബരങ്ങൾ അവൻ ഉപേക്ഷിച്ചു. ബിജുവിന്റെ ഈ സ്വഭാവമഹിമ എല്ലാവരുടെയും ചർച്ചയിൽ വന്നു. ബിജു ഒരു മാതൃകാവിദ്യാർത്ഥി എന്ന പേരിനർഹനായിത്തീർന്നു.

ബിജുവിന്റെ ഈ സാമൂഹ്യസേവന തൃഷ്ണ മാതാപിതാക്കൾ വൈകിയാണറിഞ്ഞത്. നീ സുഖമായി ജീവിക്കുവാനാണ് ഞങ്ങൾ കഠിനാദ്ധ്വാനം ചെയ്ത പണം ഉണ്ടാക്കിത്തരുന്നത്. അതു മറ്റുള്ളവർക്കു കൊടുക്കുവാനല്ല എന്നു പറഞ്ഞ് മാതാപിതാക്കൾ ബിജുവിനെ ശകാരിച്ചു. ഇനി ഇതു ആവർത്തിക്കരുതെന്ന് ബിജുവിന് താക്കീതും നൽകി.

ബിജു തന്റെ മാതാപിതാക്കളോട് വിനീതമായി ചോദിച്ചു. ഞാൻ ഈ ചെയ്തത് തെറ്റാണെങ്കിൽ എന്തുകൊണ്ട് മറ്റുകുട്ടികൾ ഞാൻ ചെയ്തതുപോലെ ചെയ്തപ്പോൾ നിങ്ങൾ അവരെ സ്തുതിച്ചു. അവർ ചെയ്ത നല്ല കാര്യങ്ങൾ ഞാൻ ചെയ്തപ്പോൾ എങ്ങിനെ തെറ്റായി? ശരി എന്നും ശരിയും തെറ്റ് എന്നും തെറ്റും ആയിരിക്കുകയില്ലേ?

ആ ചോദ്യം മാതാപിതാക്കളുടെ മനസ്സാക്ഷിയുടെ നേർക്ക് എറിഞ്ഞ ഒരു ചോദ്യമായിരുന്നു. ആ ചോദ്യം മാതാപിതാക്കളെ കൂടുതൽ കോപിഷ്ഠരാക്കി. ഇനി ഇവനെ ഈ സ്കൂളിൽ പഠിപ്പിച്ചാൽ നന്നാവുകയില്ലായെന്ന് പറഞ്ഞ് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി മറ്റൊരു സ്കൂളിലേക്ക് മാറ്റി.

മറ്റുള്ള കുട്ടികൾ നന്മ ചെയ്തപ്പോൾ അംഗീകരിക്കുന്നവർ തന്റെ കുട്ടികൾ അതേ നന്മ ചെയ്യുമ്പോൾ എന്തുകൊണ്ട് അംഗീകരിക്കുന്നില്ല? മറ്റുള്ളവർ ത്യാഗം ചെയ്ത് നന്മ ചെയ്യട്ടെ എന്റെ കുട്ടികൾ സുഖമായി ജീവിക്കട്ടെയെന്ന മനോഭാവമാണ് പലർക്കും. മറ്റുള്ളവരുടെ നന്മ പ്രവർത്തികളെ ഇത്തരക്കാർ പ്രശംസിക്കുന്നത് വെറും ഭംഗിക്കുവേണ്ടി മാത്രമാണ്. ആത്മാർത്ഥതയോടെയല്ല.

www.malankaralibrary.com

നിങ്ങൾ സമൂഹത്തിൽ നന്മ ചെയ്യുന്നവരെ പ്രശംസിക്കുക പതിവാണ്. പക്ഷെ അതേ നന്മ നിങ്ങൾ ചെയ്യാൻ തയ്യാറാണോ? നിങ്ങളുടെ മക്കൾ, സഹോദരങ്ങൾ, ഭാര്യ, ഭർത്താവ് അതേ നന്മ ചെയ്യുമ്പോൾ നിങ്ങൾ അതിനെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ? അതെയോ പിന്തിരിപ്പിക്കുവാനാണോ ശ്രമിച്ചിട്ടുള്ളത്.

മന്ദബുദ്ധികളെയും രോഗികളെയും ശുശ്രൂഷിക്കാൻ താല്പര്യം പ്രകടിപ്പിച്ച് അതിലേക്ക് ഇറങ്ങി തിരിച്ചയാളെ കുടുംബാംഗങ്ങൾ കുറ്റപ്പെടുത്തുകയും ഭത്സിക്കുകയും ചെയ്ത സംഭവമെനിക്കറിയാം. എന്നാൽ അതേ ജീവകാരുണ്യ പ്രവർത്തനങ്ങൾ മറ്റുള്ളവർ ചെയ്തപ്പോൾ അതേ കുടുംബാംഗങ്ങൾ ആ നല്ല പ്രവർത്തിയെ പ്രശംസിക്കുന്നതും കേൾക്കാനിടയായി.

നന്മ മറ്റുള്ളവർ ചെയ്യട്ടെ, ഞാനും എന്റെ മക്കളും ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ച് നന്മ ചെയ്യാൻ തയ്യാറില്ല. ഈ മനോഭാവം പലരിലും വളർന്നു വരുന്നത് കാണാം. നാം ചെയ്യാൻ ഇഷ്ടപ്പെടാത്ത നല്ല കാര്യങ്ങൾ മറ്റുള്ളവർ ചെയ്യുമ്പോൾ പ്രശംസിക്കുന്നത് ആത്മാർത്ഥതയോടെയല്ല. ഈ മനോഭാവം നമ്മളിലും നമ്മളുടെ കുടുംബാംഗങ്ങളിലും വളരാൻ അനുവദിക്കരുത്.

മറ്റുള്ളവർ ചെയ്യാൻ നാം ആഗ്രഹിക്കുന്ന നന്മ പ്രവർത്തികൾ ചെയ്യുവാൻ നാമും തയ്യാറാകണം. ആ മനോഭാവം എല്ലാവരിലും വളർത്തിയെടുക്കാൻ ശ്രമിക്കുക തന്നെ വേണം. അതിനായി നമുക്ക് ശ്രമിക്കാം.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
05-08-1999 Sd/-

# 36. നമ്മുടെ അഭിപ്രായം അടിച്ചേൽപ്പിക്കരുത്

പ്രിയ സഹപ്രവർത്തകരെ,

പരസ്പരം ബന്ധപ്പെട്ടും സഹകരിച്ചും പ്രവർത്തിക്കേണ്ടവരാണ് നാമെല്ലാം. ബന്ധപ്പെട്ടും സഹകരിച്ചും പ്രവർത്തിക്കുമ്പോൾ പരസ്പരം അഭിപ്രായങ്ങൾ തുറന്നു പറയുവാൻ നാം തയ്യാറാകണം. പറയുന്ന കാര്യങ്ങൾ ചിലപ്പോൾ കേൾവിക്കാരന് അത്ര ഇഷ്ടപ്പെട്ടുവെന്ന് വരുകയില്ല. പരസ്പരം സംസാരിക്കുകയും ആശയപരമായ കാര്യങ്ങളിൽ തർക്കിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പോലും വിവേകം കൈവിടാതെ സംസാരിക്കുവാൻ തയ്യാറാകണം.

പലകാര്യങ്ങളെപ്പറ്റിയും ആധികാരികമായി സംസാരിക്കുവാൻ നമുക്ക് സാധിച്ചെന്നുവരും. എന്നാൽ എല്ലാ കാര്യങ്ങളെപ്പറ്റിയും ആധികാരികമായി സംസാരിക്കുവാൻ വേണ്ട കഴിവ് നമുക്ക് ഉണ്ടായെന്നു വരുകയില്ല. ആ യാഥാർത്ഥ്യം നാം തുറന്നുസമ്മതിക്കുമ്പോൾ മാത്രമേ പക്വതയോടെ സംസാരിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. നമ്മുടെ കഴിവുകളെപ്പറ്റിയുള്ള അമിതമായ ബോദ്ധ്യം നമ്മുടെ സംസാരങ്ങളിൽ വിവേകമില്ലാതെ പെരുമാറാനിടനൽകും.

www.malankaralibrary.com

എല്ലാ കാര്യങ്ങളെപ്പറ്റിയും മറ്റാരെയുംകാൾ ആധികാരികമായി പറയുവാൻ നമുക്ക് കഴിവുണ്ടെന്ന തോന്നലോടുകൂടിയ സംസാരം കേൾവിക്കാരിൽ അതൃപ്തി വളർത്തുന്നതിനുമാത്രമേ സാധിക്കുകയുള്ളൂ. ആ തോന്നൽ, പലപ്പോഴും നമ്മേക്കാൾ വലിയവരോടുപോലും വിവേകരഹിതമായി പെരുമാറുവാൻ ഇടയാക്കും സംശയമില്ല. നാം ആരോടെങ്കിലും സംസാരിക്കുമ്പോൾ ചില കാര്യങ്ങളിലെങ്കിലും അവർക്ക് നമ്മേക്കാൾ അറിവ് കൂടുതലുണ്ടാകും എന്ന പ്രതീക്ഷയോടെ സംസാരിക്കുവാൻ ശ്രദ്ധിക്കണം. അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങൾ പോലും പരസ്പര ചർച്ചയിൽ തുറന്നു പറയുന്നത് നല്ലതാണ്. പക്ഷെ ആ തുറന്നുപറച്ചിലിൽ ഞാൻ പറഞ്ഞത് മാത്രമാണ് ശരിയെന്ന് മുൻവിധിയോടുകൂടി നിലകൊള്ളുന്നതും തന്റെ അഭിപ്രായങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുന്നതും ശരിയല്ല.

തന്റെ അഭിപ്രായങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതും താൻ പറയുന്നതുപോലെ മാത്രം മറ്റുള്ളവർ പ്രവർത്തിച്ചു കൊള്ളണമെന്ന് ശഠിക്കുന്നതും അല്പത്വത്തിന്റെ ലക്ഷണമാണ്. അങ്ങനെയുള്ളവരെ സമൂഹം അവജ്ഞയോടെ മാത്രമേ വീക്ഷിക്കുകയുള്ളൂ.

ക്രൈസ്തവ സമുദായം ഇന്ന് പല വെല്ലുവിളികളെയും നേരിടുകയാണ്. ആ വെല്ലുവിളികളെപ്പറ്റിയുള്ള സംവാദങ്ങൾ ആവശ്യമാണ്. എല്ലാ തലങ്ങളിലും ചർച്ചകൾ നടക്കട്ടെ. ആ ചർച്ചകളെല്ലാം താൻ പറയുന്നതുപോലെ മാത്രം ആയിരിക്കണമെന്നും തീരുമാനങ്ങൾ താൻ പറയുന്നതുപോലെ മാത്രം ആയിരിക്കണമെന്നും ആരെങ്കിലും നിർബന്ധിച്ചാൽ ആ ചർച്ചകൾക്കൊണ്ട് എന്തുപ്രയോജനമാണുണ്ടാവുക? ചർച്ചകളിൽ പങ്കെടുത്ത് തന്റെ അഭിപ്രായങ്ങൾ തുറന്നുപറഞ്ഞ് കാര്യങ്ങൾ മറ്റുള്ളവരെ വിനയപൂർവ്വം പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കേണ്ടതിനുപകരം, തന്റെ അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കുവാൻ ആരെങ്കിലും ശ്രമിച്ചാൽ, അതിന്റെ ഭവിഷ്യത്തുകൾ എന്തായിരിക്കുമെന്ന് നാം ഒന്നാലോചിക്കണം. മുൻവിധിയോടുകൂടിയുള്ള സമീപനം ഒരിക്കലും ഭൂഷണമല്ല.

കഴിഞ്ഞമാസം നടന്ന വിശാല കത്തോലിക്കാ സമ്മേളനം നിരവധി പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്തു. പല പ്രമേയങ്ങളും അംഗീകരിച്ചു. ഭാവി പരിപാടികൾക്ക് രൂപം കൊടുക്കുവാൻ ഒരു ആക്ഷൻ കൗൺസലിന് രൂപം കൊടുത്തു. അതിന്റെ തുടർന്നുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സമുദായത്തിലെ വിവിധ തലങ്ങളിൽ ഉള്ളവരുമായി ബന്ധപ്പെടുന്നതിനും ചർച്ച ചെയ്യുന്നതിനും ഞാൻ ശ്രമിക്കുകയുണ്ടായി. ആ ചർച്ചകളിലോ മറ്റു പ്രവർത്തനങ്ങളിലോ ഒരു കടിഞ്ഞാണിടുവാൻ ഒരു വൈദികമേലദ്ധ്യക്ഷനും ശ്രമിച്ചിട്ടില്ലായെന്ന സത്യം തുറന്നു പറയുവാൻ ആഗ്രഹിക്കുന്നു. കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്ത് സമുദായാംഗങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കുവാനും അവരുടെ നിർദ്ദേശങ്ങൾ ഗ്രഹിക്കുവാനും ഉള്ള കർമ്മ പരിപാടികൾ തുടർന്നുകൊണ്ടുപോകണമെന്ന് മാത്രമാണ് അഭിവന്ദ്യ തിരുമേനിമാർ അഭിപ്രായപ്പെട്ടത്. എന്നിട്ടും അവരെ വിമർശന വിധേയരാക്കുവാൻ സമുദായത്തിലെ ചില നേതാക്കന്മാർ മുന്നോട്ടു വന്നുവെന്നത് വേദനാജനകമാണ്. മുൻവിധിയോടുകൂടി എന്നും പ്രവർത്തിക്കുന്ന ഇത്തരം സമുദായ നേതാക്കൾ സഭയിലെ അച്ചട

www.malankaralibrary.com

ക്കത്തെ തകർക്കുവാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഇത്തരം സമുദായ നേതാക്കളുടെ മുൻകാല ചരിത്രം നോക്കുമ്പോൾ അവരുടെ പ്രവർത്തനത്തിൽ അത്ഭുതപ്പെടേണ്ട കാര്യമില്ലെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

അതേസമയം സഭയോടൊത്ത് ചിന്തിക്കുന്ന – സഭയുടെ ഭാഗമായി നിലകൊള്ളുന്നുവെന്നവകാശപ്പെടുന്ന – ചിലർ തങ്ങളുടെ നിലപാട് മാത്രമാണ് ശരിയെന്നും ആ രീതിയിൽ പ്രവർത്തിച്ചില്ലെങ്കിൽ ഞങ്ങളുടെ കൈവശമുള്ള സംവിധാനമുപയോഗിച്ച് എല്ലാം തകർക്കുമെന്നും ടെലഫോണിലും അല്ലാതെയും ഭീഷണിപ്പെടുത്തിയത് ഞാൻ ഓർമ്മിക്കുകയാണ്. മെത്രാന്മാരേക്കാൾ ആദ്ധ്യാത്മികകാര്യങ്ങളിലും, സംഘടനാപ്രവർത്തകരേക്കാൾ സംഘടനാകാര്യങ്ങളിലും കഴിവും പ്രാമാണ്യവും തങ്ങൾക്കുണ്ടെന്ന അത്തരക്കാരുടെ നിലപാട് ആണ് കൂടുതൽ അപകടകരമെന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം പറയുവാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ അവർക്ക് പലമേഖലകളിലും കൂടുതൽ സ്വാധീനമുണ്ടാകാം. ആ സ്വാധീനം ഒരു ജനസമൂഹത്തിന്റെ വികാരങ്ങളെ മുഴുവൻ അടിച്ചമർത്തുവാനാണ് വിനിയോഗിച്ചതെങ്കിൽ – അവരായിരിക്കാം സഭയുടെ ഏറ്റവും വലിയ ശത്രുക്കൾ. സമുദായത്തിലെ, ആ സമുദായ താല്പര്യ സംരക്ഷകർ ജനവികാരങ്ങൾക്ക് യാതൊരു മാന്യതയും കാണുന്നില്ല. അവർ വിചാരിക്കുന്നതുപോലെ ജനം നീങ്ങാൻ തയ്യാറാകാത്തപക്ഷം ഒരു പക്ഷെ വിധ്വംസകമായ രീതിയിൽ അവർ പ്രവർത്തിച്ചുവെന്നു വരാം. അതിനെ നേരിടാൻ നാം തയ്യാറാകുക തന്നെ വേണം. അതിനുള്ള ശക്തി സംഭരിക്കുവാൻ നാം നിർബന്ധിതരായിത്തീരുന്നു.

വിശാല കത്തോലിക്കാ നേതൃസമ്മേളനത്തെ ആദ്യം സംശയ ദൃഷ്ടിയോടെ വീക്ഷിച്ചവർ, അതിന്റെ വിജയം കണ്ടപ്പോൾ അതിനെ ഒരു പരിധിവരെ ഒതുക്കാൻ സ്വാർത്ഥതാല്പര്യത്തോടെ ശ്രമിച്ചുവോയെന്ന് ഞങ്ങൾ സംശയിക്കുന്നു. മനഃപൂർവ്വമായോ അല്ലാതെയോ ആരെങ്കിലും അങ്ങനെ ശ്രമിച്ചിട്ടുണ്ടെങ്കിൽ അതു ദുഃഖകരമാണ്. മെത്രാന്മാരെ ഭയപ്പെടുത്താമെന്നും സംഘടനാപ്രവർത്തകരെ ഞെക്കിക്കൊല്ലാമെന്നും ആരെങ്കിലും വിചാരിച്ചാൽ അത് നടപ്പിലാവുകയില്ലെന്ന് നാം തെളിയിക്കുക തന്നെ വേണം. അതിന് ബോധപൂർവ്വം നാം പ്രവർത്തിക്കണം.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
5–9–1999 Sd/-

# 37. ഹൃദയവിശുദ്ധിയുള്ളവരുടെ പ്രാർത്ഥന

പ്രിയ സഹപ്രവർത്തകരെ,

മഹാജൂബിലിക്കായുള്ള ഒരുക്കങ്ങൾ തകൃതിയായി ആഗോളതലത്തിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. അതിന്റെ ചലനങ്ങൾ വ്യക്തികളിലും കുടുംബങ്ങളിലും ഉണ്ടാകുകതന്നെ വേണം. ജൂബിലിക്ക് ഒരുക്കമായുള്ള പ്രത്യേക പ്രാർത്ഥനകളും സൽപ്രവർത്തികളും നാം ഒരു പരിധിവരെ നടത്തിക്കൊണ്ടിരിക്കുകയുമാണ്. നമ്മുടെ പ്രാർത്ഥനകളും സൽപ്രവർത്തി

www.malankaralibrary.com

കളും എല്ലാം നമ്മുടെ ഹൃദയത്തെ ഇളക്കിമറിക്കുന്നതായിരിക്കണം. നാം പ്രാർത്ഥിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്യുമ്പോൾ നമ്മുടെ അനുദിന പ്രവർത്തികളിലും അതിന്റെ ഫലങ്ങൾ കാണുവാൻ സാധിക്കണം. എന്നാൽ പലപ്പോഴും നമ്മുടെ പ്രവർത്തനങ്ങൾ ഉപരിപ്ലവമായി മാത്രം തീരുന്നുണ്ടോയെന്ന് ആത്മപരിശോധന നടത്തുകയും വേണം.

ശാന്തനും പക്വമതിയുമായ ഒരു യുവാവായിരുന്നു ജയിംസ്. നാട്ടുകാർക്കെല്ലാം പ്രിയപ്പെട്ടവൻ. എന്നാൽ ഏതാനും നാളുകളായി ഭക്തകൃത്യങ്ങളിൽ നിന്നും കഴിയുന്നത്ര അകന്നുതുടങ്ങി. എല്ലാററിനോടും വെറുപ്പ്. സന്ധ്യാപ്രാർത്ഥനക്ക് പങ്കെടുക്കുന്നതും ദിവ്യബലിയിൽ പങ്കെടുക്കാൻ പോകുന്നതും എല്ലാം ഒരു ചടങ്ങായി മാത്രം അവൻ കണ്ടു. പല ദിവസങ്ങളിലും ആ ഭക്തകൃത്യങ്ങളിൽനിന്നും ഒഴിഞ്ഞു മാറുവാൻ ശ്രമിച്ചു. മാതാപിതാക്കളുടെ നിർബന്ധംകൊണ്ടുമാത്രം പള്ളിയിൽപോകുവാനും പ്രാർത്ഥിക്കുവാനും തയ്യാറായി. അവന്റെ പ്രവർത്തനങ്ങൾ ഒന്നും വിശ്വാസത്തോടെയല്ലായിരുന്നു.

ജയിംസിന്റെ ഈ സ്വഭാവമാററം മാതാപിതാക്കളെ വല്ലാതെ വേദനിപ്പിച്ചു. മാതാപിതാക്കളുടെ ഉപദേശങ്ങൾപോലും അവൻ പരിഗണിക്കാതെയായി. എന്തോ ഒരു അരക്ഷിതാവസ്ഥ അവനിൽ കുടികൊള്ളുന്നതായി അവർക്കു തോന്നി. ചില അയൽക്കാർക്കും അത് ബോദ്ധ്യപ്പെട്ടു.

ഭക്തകൃത്യങ്ങളിൽ വളരെ താത്പര്യപൂർവ്വം പങ്കെടുത്തുകൊണ്ടിരുന്ന ജെയിംസിന്റെ മാതാപിതാക്കൾ ദുഃഖിച്ചു. ജെയിംസിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങൾ അവർ ഇടവകവികാരിയെ അറിയിച്ചു. എങ്ങനെയെങ്കിലും തന്റെ മകനെ ഒന്നുവിളിച്ച് ഉപദേശിച്ച് നല്ലവഴിയെ നടത്തുവാൻ ശ്രമിക്കണമെന്നവർ അഭ്യർത്ഥിച്ചു. അനുദിനം പ്രാർത്ഥിക്കുകയും ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്യുന്ന മാതൃകാദമ്പതികളുടെ ദുഃഖം വികാരിയച്ചൻ മനസ്സിലാക്കി. ജെയിംസിനെ സമീപിച്ച് അവനിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങളെപ്പററി പഠിക്കണമെന്നും അവനെ നേർവഴിക്ക് നയിക്കണമെന്നും മാതാപിതാക്കളുടെ ദുഃഖത്തിന് വിരാമമുണ്ടാക്കണമെന്നും വികാരിയച്ചൻ ആത്മാർത്ഥമായി ആഗ്രഹിച്ചു.

ജെയിംസിനെ ഒററയടിക്ക് നന്നാക്കാനല്ല വികാരിയച്ചൻ ശ്രമിച്ചത്. അതിന് കുറെ സാവകാശം വേണമെന്ന് അച്ചൻ തീരുമാനിച്ചു. എല്ലാദിവസവും ജെയിംസുമൊന്നിച്ച് വൈകിട്ട് നടക്കാൻ പോകും. ലോകകാര്യങ്ങളെപ്പററി ഒക്കെ അവർ തമ്മിൽ സംസാരിക്കും. ഭക്തികാര്യങ്ങളെപ്പററി പറഞ്ഞുവരുമ്പോൾ പേവിഷം ബാധിച്ചവൻ വെള്ളം കാണുമ്പോൾ ഞെട്ടുന്നതുപോലെയൊരനുഭവം ജയിംസിൽ അച്ചൻ ദർശിച്ചു. അവനുമായി വ്യക്തിപരമായി സ്നേഹമാണെങ്കിലും ആദ്ധ്യാത്മികകാര്യങ്ങളെപ്പററിയുള്ള ഉപദേശം കേൾക്കാൻ അവന് താത്പര്യമില്ലെന്ന് അച്ചനു മനസ്സിലായി. എങ്കിലും അവനുമായി നല്ല ഒരു ബന്ധം നിലനിർത്തുവാൻ അച്ചനു സാധിച്ചു.

ഒരു ദിവസം അച്ചൻ ജയിംസിനോടു പറഞ്ഞു, "ഞാൻ പറയുന്ന കാര്യങ്ങൾ ജയിംസ് ഒന്നു ശ്രദ്ധിച്ചു കേൾക്കണം. നിന്റെ മാതാപിതാക്കൾ നിന്നെ എത്ര താത്പര്യപൂർവ്വമാണ് വളർത്തിയത്. അവർ എന്നും പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

ദിവ്യബലിയിൽ പങ്കെടുക്കുന്നു. എല്ലാവർക്കും മാതൃകയായി ജീവിക്കുന്നു. അവർ നയിക്കുന്ന പ്രാർത്ഥനാജീവിതം എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപററുന്നു. ആദ്ധ്യാത്മികകാര്യങ്ങളിൽ ജയിംസിനുള്ള താത്പര്യക്കുറവ് അവരെ വല്ലാതെ വേദനിപ്പിക്കുന്നു. മാതാപിതാക്കളെ വേദനിപ്പിക്കുന്നത് ഒരിക്കലും ശരിയല്ല ജെയിംസ്."

ജെയിംസിന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർത്തുള്ളികൾ ഇററിററു വീണു. വികാരിയച്ചനുമായി സംസാരിക്കാൻ ശക്തിയില്ലാതെ പിന്നെ കാണാം എന്നു പറഞ്ഞ് അവൻ അവിടെനിന്നു പോയി.

രാത്രി പത്തുമണിക്ക് അവൻ വികാരിയച്ചന്റെ മുറിയിൽ ചെന്നു വാതിൽക്കൽ മുട്ടിവിളിച്ചു. ജയിംസ് അവന്റെ ഹൃദയംതുറന്ന് വികാരിയച്ചനുമായി സംസാരിക്കാൻ തുടങ്ങി. "എന്റെ മാതാപിതാക്കളുടെ പ്രാർത്ഥനാ ജീവിതം എന്നെ വിശ്വാസിയല്ലാതാക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കുടുംബം അനുദിനം തകർന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായല്ല. ധാർമ്മികമായി...." ജയിംസ് അച്ചനോടു പറഞ്ഞു. വികാരിയച്ചൻ എല്ലാം തുറന്നുപറയുവാൻ ആവശ്യപ്പെട്ടു. അവർ ദീർഘനേരം സംസാരിച്ചു. ജെയിംസ് എല്ലാം തുറന്നു പറഞ്ഞു. "എന്റെ മാതാപിതാക്കളുടെ ഇളയമകനാണു ഞാൻ. രണ്ടു സഹോദരിമാരും ഒരു സഹോദരനും എനിക്കുണ്ട്. സഹോദരിമാർ രണ്ടുപേരെയും കല്യാണം കഴിച്ചയച്ചു. സഹോദരൻ കല്യാണം കഴിച്ചു. സഹോദരന്റെ ഭാര്യ നല്ല ഒരു ചേച്ചിയായിരുന്നു. എന്റെ അമ്മയ്ക്ക് അവൾ അനുസരണയില്ലാത്തവളായിരുന്നു. എന്നും അവളോടു വഴക്കു പറയും. ജ്യേഷ്ഠന് ജോലി എറണാകുളത്തായിരുന്നു. ചേച്ചി എല്ലാം സഹിച്ച് വീട്ടിൽ കഴിഞ്ഞുകൂടി. ചേട്ടൻ വരുമ്പോൾ വീട്ടിലെ പ്രയാസങ്ങളൊന്നും അറിയിക്കാതെ ഒരുത്തമഭാര്യയായി വീട്ടിൽ കഴിഞ്ഞു. ചേച്ചിയുടെ പ്രയാസങ്ങൾ സഹോദരിമാർ അറിഞ്ഞു. അവർ വന്ന് അമ്മയെ ഉപദേശിച്ചു. ചേച്ചിയെ വേദനിപ്പിക്കരുതെന്നു പറഞ്ഞു. അതോടെ ചേച്ചിമാർ അമ്മയ്ക്ക് ഇഷ്ടപ്പെടാത്തവരായി തീർന്നു. ചേട്ടൻ അവസാനമാണ് വിവരങ്ങൾ അറിയുന്നത്. ചേട്ടൻ ചേച്ചിയേയും കുട്ടി എറണാകുളത്ത് പോയി താമസിച്ചു. വാടകവീട്ടിൽ. ചേച്ചി എന്തുമാത്രം സഹിച്ചു. ചേച്ചിയെ അമ്മ ദ്രോഹിക്കുമ്പോഴും അമ്മയുടെ പ്രാർത്ഥനയ്ക്ക് ഒരു കുറവുമില്ലായിരുന്നു. എന്തിനാണീ പ്രാർത്ഥന? എനിക്ക് മനസ്സിലാകുന്നില്ല. ഇന്ന് എന്റെ സഹോദരിമാരും ചേട്ടനും ചേച്ചിയും അമ്മയ്ക്ക് ഇഷ്ടപ്പെടാത്തവർ ആണ്.

എന്റെ ചെറുപ്പത്തിൽ എന്റെ വല്യപ്പനും വല്യമ്മയും മരിച്ചു. അവർ പല ദിവസവും കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്തിനാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. ഇന്നും എന്റെ അമ്മ, വല്യപ്പന്റെയും വല്യമ്മയുടെയും കുററങ്ങൾ പറയുന്നതു കേൾക്കാം. അവരെപ്പററി ഒരു നല്ലവാക്കു പറയുന്നത് കേൾക്കുവാൻ എനിക്ക് സാധിച്ചിട്ടില്ല. ഒരു പക്ഷേ എന്റെ മാതാപിതാക്കളുടെ സമീപനം കൊണ്ടായിരിക്കാം വല്യപ്പനും വല്യമ്മച്ചിയും കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചത് എന്ന് ഞാൻ ഊഹിക്കുന്നു.

ഞങ്ങളുടെ കുടുംബം വലിയ സമ്പത്തുള്ളതായിരുന്നില്ലെങ്കിലും

www.malankaralibrary.com

കുടുംബാംഗങ്ങൾ തമ്മിൽ നല്ല സ്നേഹബന്ധം നിലനിർത്തിയിരുന്നു. എന്നാൽ ഇന്ന് അതെല്ലാം തകർന്നുകൊണ്ടിരിക്കുന്നു. എന്റെ പിതൃസഹോദരന്മാരും സഹോദരികളും ഒന്നും ഇന്ന് ഇവിടെ വരുന്നില്ല. അവരോട് എല്ലാം എന്റെ മാതാപിതാക്കൾക്ക് വെറുപ്പാണ്. അവർ എല്ലാം സ്വാർത്ഥന്മാരാണെന്നാണ് എന്റെ മാതാപിതാക്കളുടെ അഭിപ്രായം. എല്ലാ നന്മകളുടെയും ഉറവിടമാണ് തങ്ങളെന്നും അവരുടെ പ്രാർത്ഥനയുടെ ശക്തികൊണ്ടാണ് ഈ കുടുംബം നിലനിൽക്കുന്നതെന്നും ആണ് അവരുടെ അഭിപ്രായം. സ്വന്തം സഹോദരന്റെ, സഹോദരിയുടെ, മക്കളുടെ, കുററങ്ങൾ മാത്രം കാണുകയും അവരിൽ ഒരു നന്മയും കാണാതിരിക്കുകയും ചെയ്തുകൊണ്ട് ജീവിക്കുന്നവരുടെ പ്രാർത്ഥനയുടെ തത്വം എനിക്ക് മനസ്സിലാകുന്നില്ല. ഈ പ്രാർത്ഥനാജീവിതം എനിക്കാവശ്യമില്ല. സഹോദരീ സഹോദരങ്ങളെയും മാതാപിതാക്കളെയും മക്കളെയും എന്നും കുററപ്പെടുത്തി സംസാരിച്ചിട്ടും അവരുടെ പ്രാർത്ഥനയ്ക്കാണ് ഈശ്വരൻ വിലകല്പിക്കുന്നതെങ്കിൽ ആ ഈശ്വരന്റെ ആനുകൂല്യം-സ്നേഹം എനിക്കു വേണ്ട. എന്നെ ഉപദേശിക്കുവാൻ അച്ചനെ മാതാപിതാക്കൾ ചുമതലപ്പെടുത്തിയല്ലോ. ലോകത്താരെപ്പററിയെങ്കിലും എന്റെ മാതാപിതാക്കൾ ഒരു നല്ല വാക്കു പറയുമോ എന്ന് അച്ചൻ പരിശോധിക്കുക." ജയിംസ് അച്ചനോട് യാത്ര പറഞ്ഞിറങ്ങി.

മാതാപിതാക്കളുടെ ആത്മാർത്ഥതയില്ലാത്ത പ്രാർത്ഥനയാണ് ജയിംസിനെ ഇന്നത്തെ നിലയിൽ എത്തിച്ചതെന്ന് അച്ചനു മനസ്സിലായി.

നാം പ്രാർത്ഥിച്ചതുകൊണ്ടായില്ല. പ്രാർത്ഥന ഹൃദയത്തിൽനിന്നുള്ളതായിരിക്കണം. ഹൃദയവിശുദ്ധിയുള്ളവരുടെ പ്രാർത്ഥന മാത്രമേ ദൈവം കേൾക്കുകയുള്ളു. കപടവേഷങ്ങളും അഭിനയങ്ങളും താൽക്കാലിക വിജയത്തിന് ഉപകരിക്കുമെങ്കിലും അത് ഒരിക്കലും ശാശ്വതമായിരിക്കുകയില്ല. മററുള്ളവരിൽ നന്മ ദർശിക്കാതെ മററുള്ളവരുടെ കുററങ്ങൾ മാത്രം കണ്ടെത്തുന്നവരെ സ്വന്തം മക്കൾപോലും വിശ്വസിക്കുകയില്ല.

മററുള്ളവരുടെ നന്മകൾ കണ്ടെത്തുവാനായി നമുക്ക് പരിശ്രമിക്കാം. അതിനുള്ള ദൈവാനുഗ്രഹം നമുക്ക് ലഭിക്കട്ടെ.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
05-10-1999 — Sd/-

# 38. സഹസ്രാബ്ദങ്ങൾക്കു മുൻപ്

പ്രിയ സഹപ്രവർത്തകരെ,

വടക്കേ അമേരിക്കയിലെ സീറോ-മലബാർ സഭാംഗങ്ങളുടെ പ്രഥമ ദേശീയ കൺവെൻഷൻ ആഗസ്റ്റ് മാസത്തിൽ ഫിലാഡൽഫിയായിൽ നടന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുവാൻ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് എന്ന നില

www.malankaralibrary.com

യിൽ എന്നെയും ക്ഷണിക്കുകയുണ്ടായി. കൺവെൻഷന്റെ ഉൽഘാടന സമ്മേളനത്തിൽ ആശംസാ പ്രസംഗം നടത്താൻ എനിക്ക് അവസരം ലഭിച്ചു. രണ്ടാം ദിവസം സമ്മേളനം ആരംഭിക്കുന്നത് എന്റെ പ്രസംഗത്തോടുകൂടിയായിരുന്നു.

സീറോ-മലബാർ സഭയെപ്പറ്റിയും അതിന്റെ ചരിത്രത്തെപ്പറ്റിയും സീറോ-മലബാർ സഭയുടെ പൈതൃകം വീണ്ടെടുക്കുന്നതിനുവേണ്ടി നടത്തിയ യത്നങ്ങളെപ്പറ്റിയും, സീറോ-മലബാർ സഭാംഗങ്ങൾ രാഷ്ട്രത്തിനുവേണ്ടി അർപ്പിച്ച സേവനങ്ങളെപ്പറ്റിയുമെല്ലാം ചുരുങ്ങിയ വാക്കുകളിൽ കൺവെൻഷനിൽ അവതരിപ്പിക്കുവാൻ സാധിച്ചു. വിദ്യാഭ്യാസാനന്തരം ജോലി തേടി അമേരിക്കയിൽ എത്തിയ നമ്മുടെ സഹോദരങ്ങൾക്ക് സഭയുടെ ചരിത്രത്തെപ്പറ്റി കാര്യമായി പഠിക്കാനുള്ള സൗകര്യം ലഭിച്ചിരുന്നില്ല. എങ്കിലും സീറോ-മലബാർ സഭയുടെ പൈതൃകത്തിൽ അവർ അഭിമാനം കൊണ്ടിരുന്നു. എന്റെ പ്രസംഗത്തിനുശേഷം നമ്മുടെ സഹോദരങ്ങൾ നമ്മുടെ സഭയുടെ ചരിത്രത്തെപ്പറ്റിയും ഭാരതത്തിലെ ക്രൈസ്തവസഭയുടെ സംഭാവനകളെപ്പറ്റിയും കൂടുതൽ അറിയുവാൻ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. വടക്കേ അമേരിക്കയിലെ പല പ്രസിദ്ധീകരണങ്ങളുടെയും പ്രതിനിധികൾ അഭിമുഖത്തിനായി എന്നെ സമീപിച്ചു. കേരളാ എക്സ്പ്രസ്സ് പോലുള്ള പത്രങ്ങൾ അവരുടെ ഓഫീസിൽ എന്നെ ക്ഷണിച്ച് സ്വീകരിക്കുകയും ഞാനുമായി നടത്തിയ അഭിമുഖ സംഭാഷണം വളരെ പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുകയും ചെയ്തു. അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിനെപ്പറ്റിയും നമ്മുടെ പ്രവർത്തനങ്ങളെപ്പറ്റിയും എല്ലാം അവരോട് സംസാരിക്കുവാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

ഫിലാഡൽഫിയായിൽനിന്നും ചിക്കാഗോ, ഡിറ്ററോയിറ്റ് ലെയ്ക്ക്, ഡാളസ്, ഡിറ്ററോയിറ്റ്, ന്യൂയോർക്ക് തുടങ്ങിയ പ്രദേശങ്ങളിൽ സഞ്ചരിക്കാനും നമ്മുടെ സഹോദരങ്ങളുമായി ആശയവിനിമയം നടത്തുവാനും സാധിച്ചു. സീറോ-മലബാർ സഭയുടെ ഇടവകപള്ളികളിൽ പ്രസംഗിക്കുന്നതിനും എനിക്ക് ബഹു:വികാരിമാർ അവസരം നൽകി.

150 വർഷത്തെ പ്രയത്നം കൊണ്ടാണ് അമേരിക്ക ഇത്രമാത്രം ഉന്നതിയെ പ്രാപിച്ചത്. സാമ്പത്തികമായും സൈനീകമായും വലിയ പുരോഗതി കൈവരിക്കുവാൻ അമേരിക്കക്ക് ഇന്ന് സാധിച്ചിട്ടുണ്ട്. വൻപുരോഗതി കരസ്ഥമാക്കിയ അമേരിക്കയിലാണ് സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുള്ള ഭാരതീയർ കുടിയേറി പാർത്തത്. ലോകമതങ്ങളുടെ മടിത്തട്ടാണ് ഭാരതം. രാമായണവും മഹാഭാരതവും രചിച്ചത് ഇവിടെയാണ്. വിമാനം, അന്തർവാഹിനി മുതലായ ചിന്താഗതികൾ സഹസ്രാബ്ദങ്ങൾക്കു മുമ്പേ ഭാരതത്തിൽ നിലനിന്നിരുന്നുവെന്ന് നമ്മുടെ പുരാണഗ്രന്ഥങ്ങളിൽ നമുക്ക് കാണാം. ഇന്നുണ്ടായിട്ടുള്ള എല്ലാ പുരോഗതിയും സഹസ്രാബ്ദങ്ങൾക്ക് മുൻപു തന്നെ ഭാരതീയർ മനസ്സിലാക്കിയിരുന്നുവെന്നതിന് തെളിവാണ് നമ്മുടെ ഗ്രന്ഥങ്ങൾ.

ഭാരതത്തിന്റെ മഹത്തായ പാരമ്പര്യത്തിൽ അഭിമാനം കൊണ്ടുകൊണ്ടാണ് നമ്മുടെ സഹോദരങ്ങൾ അമേരിക്കയിൽ കഴിഞ്ഞുകൂടുന്നത്. ലോകത്തിന്റെ ഏതുഭാഗത്ത് അധിവസിക്കുന്നവരും ഇതുപോലെ വർത്തിക്കേണ്ടതാ

www.malankaralibrary.com

ണ്. അതുപോലെ തന്നെ നമ്മുടെ സഭയിലും അവർ അഭിമാനം കൊള്ളണം.

നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിലും സീറോ–മലബാർ സഭയുടെ പൈതൃകത്തിലും നാം അഭിമാനം കൊള്ളണമെങ്കിൽ അതിന്റെ ചരിത്രം പഠിക്കണം. ചരിത്രം പഠിക്കാത്തവരാണ് നിസംഗതാമനോഭാവത്തോടെ പെരുമാറുന്നത്.

ഫിലാഡൽഫിയാ കൺവെൻഷൻ ചരിത്രപരമായ ഒരു അവബോധം നമ്മുടെ ഇളംതലമുറക്കുകൂടി പകരാൻ ഒരു പരിധിവരെ സഹായിച്ചുവെന്നാണ് എന്റെ വിശ്വാസം. എന്നാൽ ഇന്ന് കേരളത്തിൽ അധിവസിക്കുന്ന സീറോ–മലബാർ സഭാംഗങ്ങൾ ചരിത്രപരമായ വിജ്ഞാനം നേടുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നുണ്ടോയെന്ന് സംശയിക്കണം. കഴിഞ്ഞകാലങ്ങളിൽ, ജനസംഖ്യയിൽ ഒരു ചെറിയ അംശം മാത്രമാണ് ക്രൈസ്തവരെങ്കിലും അവർ ഈ സമൂഹത്തിന് നൽകിയ സേവനങ്ങൾ വിലപ്പെട്ടതാണ്. അത് നമ്മുടെ സഭാംഗങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള ശ്രമം കുടുതലായി നടത്തണം. ഈ സഭയേയും ഈ രാജ്യത്തെയും നാം സ്നേഹിക്കണമെങ്കിൽ ഈ സഭയുടെയും രാജ്യത്തിന്റെയും ചരിത്രം നാം പഠിക്കണം.

പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന നാം ചരിത്രപരമായ പഠനത്തിന് കൂടുതൽ ഊന്നൽ നൽകണമെന്നഭ്യർത്ഥിക്കുന്നു. അതിനുള്ള ശ്രമങ്ങൾ കത്തോലിക്കാ കോൺഗ്രസ്സ് പല സന്ദർഭങ്ങളിലും നടത്തിയെങ്കിലും അതു പൂർണ്ണവിജയത്തിലെത്തിക്കുവാൻ സാധിച്ചിട്ടില്ല. നിരാശപ്പെടാതെ കൂടുതൽ കരുത്തോടെ ഈ ശ്രമത്തിൽ നമുക്ക് ഏർപ്പെടാം. അതിന് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
05–11–1999 — Sd/-

# 39. അധികാരികളുടെ പ്രീതി നേടാൻ

പ്രിയ സഹപ്രവർത്തകരെ,

മററുള്ളവരുടെ സ്നേഹാദരവുകൾ നേടിയെടുക്കണമെന്ന് പലർക്കും –എല്ലാവർക്കുംതന്നെ ആഗ്രഹമുണ്ട്. ഒരു ഓഫീസിലാണെങ്കിൽ മേലധികാരിയുടെ പ്രീതി നേടിയെടുക്കുവാൻ പലപ്പോഴും പല തന്ത്രങ്ങളും പ്രയോഗിക്കാറുണ്ട്. മാതൃകാപരമായി തന്നെ ഏല്പിച്ചിരിക്കുന്ന ജോലി നിർവ്വഹിച്ചാൽ മേലധികാരിയുടെ ആദരവുകൾ നേടിയെടുക്കാൻ സാധിക്കും. അതാണ് നല്ല മാർഗ്ഗവും. എന്നാൽ അതിന് കഴിവും താല്പര്യവും ഇല്ലാത്തവർ തന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാതെ ചില കുറുക്കുവഴികളിലൂടെ ആദരവുകൾ നേടിയെടുക്കാൻ ശ്രമിക്കുന്നത് കാണാം.

സഹപ്രവർത്തകരുടെ കുററങ്ങൾ മേലധികാരിയെ പറഞ്ഞു കേൾപ്പിക്കുക. മേലധികാരി പറയുന്നത് ശരിയായാലും തെററായാലും അതിനെ

www.malankaralibrary.com

അനുകൂലിച്ച് പറയുക. പലപ്പോഴും പലരും ഈ വിദ്യ സ്വീകരിക്കാറുണ്ട്. ഇത്തരക്കാർ നല്ലയാളുകളുടെ മേലും കുററങ്ങൾ ആരോപിച്ച് സ്വയം നല്ലവനാകാൻ ശ്രമിക്കുന്നത് കാണാം. ഈ പെരുമാററം ഉദ്യോഗമണ്ഡലങ്ങളിൽ മാത്രമല്ല, രാഷ്ട്രീയപ്രവർത്തകരിലും സംഘടനാപ്രവർത്തകരിലും കാണുവാൻ സാധിക്കും. സത്യം ഒരിക്കലും പുറത്തുവരികയില്ലായെന്ന പ്രതീക്ഷയാണ് ഈ നിലപാടുകാർ സ്വീകരിക്കുക.

സുവിശേഷ ഭാഗത്തിലെ നല്ല ഇടയന്റെ കഥ ഇവിടെ പ്രസക്തമാണ്. എത്ര പറഞ്ഞാലും തീർന്നു പോകാത്ത ആശയമുൾക്കൊള്ളുന്ന ഈ സുവിശേഷ ഭാഗങ്ങളിൽ പല കാര്യങ്ങളും ക്രിസ്തുനാഥൻ ചൂണ്ടിക്കാട്ടുന്നു. "ക്രിസ്തുവാണ് ആടുകളുടെ വാതിൽ. പിൻവാതിലിലൂടെ കടന്നുവരുന്നവൻ കള്ളനും കൊള്ളക്കാരനുമാണ്. ക്രിസ്തുവിലൂടെ പ്രവേശിക്കുന്നവൻ നല്ല മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുക മാത്രമല്ല ജീവൻ സമൃദ്ധമായി നല്കുകകൂടി ചെയ്യുന്നു." ഈ കാര്യം ആഴത്തിൽ നാം പഠിക്കണം. മററുള്ളവരുടെ കുററം പറഞ്ഞ് അധികാരികളുടെ പ്രീതി സമ്പാദിക്കുവാൻ ശ്രമിക്കുന്നവർ പിൻവാതിലിലൂടെ കടന്നുവരുന്ന കള്ളനും കൊള്ളക്കാരനുമാണ്.

ഇങ്ങനെ പിൻവാതിലിലൂടെ കയറിവരുന്ന കള്ളന്മാരും കൊള്ളക്കാരും ആണ് കുടുംബങ്ങളിൽ കലഹം ഉണ്ടാക്കുന്നത്. ഭരണസമിതിയിൽ കലഹം ഉണ്ടാക്കുന്നത്. പള്ളികളിലും യോഗശാലകളിലും കലഹം സൃഷ്ടിക്കുന്നത്. സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ സംഘടനകളിൽ സമാധാനമില്ലായ്മ സൃഷ്ടിക്കുന്നത്.

അമ്മായിയമ്മയുടെ കുററംപറഞ്ഞ് ഭർത്താവിനെ സ്വാധീനിക്കാൻ ശ്രമിക്കുന്ന മരുമകളും, മരുമകളുടെ കുററം പറഞ്ഞ് സ്വന്തം മകനെ സ്വാധീനിച്ച് മകനെ ഭാര്യക്ക് എതിരാക്കാൻ ശ്രമിക്കുന്ന അമ്മായിയമ്മയും സെക്രട്ടറിയുടെ കുററം പറഞ്ഞ് പ്രസിഡണ്ടിനെ സ്വാധീനിക്കാൻ ശ്രമിക്കുന്ന സംഘടനാ പ്രവർത്തകനും ഒക്കെ കലഹം സൃഷ്ടിക്കാൻ പിൻവാതിലിലൂടെ കടന്നുവരുന്ന കള്ളന്മാരും കൊള്ളക്കാരുമാണ്.

എന്തിന് ആദ്ധ്യാത്മികമേഖലയിലും ഇതുതന്നെ നമുക്ക് കാണാം. ഭക്തസംഘടനകളിൽ കുത്തിത്തിരുപ്പുണ്ടാക്കാൻ നുണപ്രചരണങ്ങൾ നടത്തുന്ന സംഘടനാ പ്രവർത്തകനും വികാരിയെ തെററിദ്ധരിപ്പിക്കാൻ വൈദികരുടെയും യോഗക്കാരുടെയും കുററം പറഞ്ഞ് നടക്കുന്ന സമുദായ നേതാക്കളും കള്ളന്മാരുടെ ഭാഗം അഭിനയിക്കുകയാണ്. ചെറിയ നിസ്സാരമായ കാര്യസാദ്ധ്യത്തിനുവേണ്ടി ഇപ്രകാരം തെററുകൾ ചെയ്യുന്നവർ സമൂഹത്തിൽ വരുത്തിവയ്ക്കുന്ന അപകടങ്ങളെപ്പററി മനസ്സിലാക്കുകതന്നെ വേണം.

നമുക്ക് ശാശ്വതമായ ആദരവ് ലഭിക്കാൻ മററുള്ളവർ നമ്മെ പഴിക്കാതിരിക്കാൻ സത്യസന്ധമായ രീതിയിൽ പ്രവർത്തിക്കുകയാണാവശ്യം. അത് എന്നും നിലനിൽക്കും. തെററിദ്ധരിപ്പിച്ചും നുണപ്രചരണം നടത്തിയും നടത്തുന്ന ശ്രമങ്ങൾ എന്നെങ്കിലും പുറത്തുവരും. അപ്പോൾ നാം എല്ലാവരിൽ നിന്നും ഒററപ്പെടും.

www.malankaralibrary.com

സംഘടനാപ്രവർത്തകരായ നാം സത്യത്തിന് സാക്ഷ്യം വഹിക്കുകയും പരസ്പരം ചെളിവാരിയെറിയാതെ ആത്മാർത്ഥതയോടെ എല്ലാവരോടും സമീപിക്കുകയും വേണം. അപ്പോൾ നല്ല ഇടയൻ നമ്മെ അനുഗ്രഹിക്കുകയും നമുക്ക് ജീവൻ സമൃദ്ധിയായി നൽകുകയും ചെയ്യും. ആ നല്ല മാർഗ്ഗം പിന്തുടരാം. മററുള്ളവരെ അതിന് പ്രേരിപ്പിക്കാം.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
05-12-1999 Sd/-

# 40. സഹോദരന്റെ കാവൽക്കാരനോ

പ്രിയ സഹപ്രവർത്തകരെ,

നാം പുതുവത്സരത്തിലേക്ക് പ്രവേശിക്കുകയാണ്. ഈ വർഷത്തെ പുതുവത്സരത്തിലേക്കുള്ള പ്രവേശനം പുതുനൂററാണ്ടിലേക്കും പുതു സഹസ്രാബ്ദത്തിലേക്കും ഉള്ള പ്രവേശനംകൂടിയാണ്. ഏവർക്കും പുതുവത്സരത്തിന്റെയും പുതുനൂററാണ്ടിന്റെയും പുതുസഹസ്രാബ്ദത്തിന്റെയും ആശംസകൾ ആദ്യമായി നേരട്ടെ.

രണ്ടായിരാമാണ്ട് മഹാജൂബിലി വർഷമാണല്ലോ. ഈ മഹാജൂബിലി വർഷം മാനവസമഗ്രവിമോചന വർഷമായി ആചരിക്കുകയാണ്. മാനവസമഗ്ര വിമോചനവർഷാചരണം വിജയിപ്പിക്കുവാൻ കോൺഗ്രസ് പ്രവർത്തകർ സജീവമായി രംഗത്തിറങ്ങി പ്രവർത്തിക്കണം. അനീതിപൂർവ്വമായ സംവിധാനങ്ങളിൽ മർദ്ദിതരും അടിച്ചമർത്തപ്പെടുന്നവരുമായ മനുഷ്യരുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുവാനും നീതിപൂർവ്വകമായ ഒരു സാമൂഹ്യ വ്യവസ്ഥിതിക്ക് രൂപം കൊടുക്കുവാനും ഈ മഹാജൂബിലി വർഷത്തിൽ ശ്രമിക്കണം. എല്ലാവിധ ബന്ധനത്തിൽനിന്നും മനുഷ്യവർഗ്ഗത്തെ മുഴുവൻ വിമോചിപ്പിച്ച് സ്വാതന്ത്ര്യത്തിന്റെ മുഖ്യധാരയിലേക്ക് എല്ലാവരെയും കൊണ്ടുവരുവാനാണ് നാം ശ്രമിക്കേണ്ടത്.

പുതുസഹസ്രാബ്ദത്തിലേക്ക് ഉള്ള പ്രവേശത്തിന് വലിയ ഒരുക്കങ്ങൾ ലോകവ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ ക്രൈസ്തവസഭ മുന്നിൽതന്നെയാണ് നിലകൊള്ളുന്നത്. ഇന്നലെകളിൽ നാം വെച്ചുപുലർത്തിയ നല്ല പാരമ്പര്യങ്ങളെ തള്ളിക്കളയാൻ പാടില്ല. സ്വാർത്ഥത വെടിഞ്ഞ് സമൂഹ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ച ഒരുപിടി നേതാക്കളെ നാം കഴിഞ്ഞകാലത്ത് സംഭാവന ചെയ്തിട്ടുണ്ട്. ഇന്ന് ആഗോളവൽക്കരണത്തിന്റെ തള്ളിക്കയററത്തിൽ സ്വാർത്ഥപൂർണ്ണമായ ജീവിതത്തിലേക്ക് നാം അറിയാതെതന്നെ പ്രവേശിച്ചുപോവുകയാണ്. സഹോദരനുവേണ്ടി എന്തും സഹിക്കുവാൻ തയ്യാറായ ഒരു തലമുറ നമുക്കുണ്ടായിരുന്നു. ഇന്ന് നമ്മുടെ അനുദിന ജീവിതത്തിൽ ആ ചൈതന്യം നാം നിലനിർത്തുന്നുണ്ടോ? നമ്മുടെ വീടുകളിൽ, നമ്മുടെ ഗ്രാമങ്ങളിൽ, നാം പ്രവർത്തിക്കുന്ന മേഖലകളിൽ എല്ലാം പണ്ട് ഒരു

www.malankaralibrary.com

കൂട്ടായ്മ ദൃശ്യമായിരുന്നു. ഇന്ന് ആ കൂട്ടായ്മ യഥാർത്ഥത്തിലുണ്ടോ? ദേവാലയങ്ങളെ കേന്ദ്രീകരിച്ച് ഇന്ന് കുടുംബകൂട്ടായ്മകൾ വളർന്നുവരുന്നുണ്ട്. ഈ കൂട്ടായ്മ സംവിധാനം നിലവിൽ വരുന്നതിന് മുൻപുള്ള കൂട്ടായ്മ നമ്മളിൽ ഇന്നുണ്ടോ?

കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം ഇന്ന് എങ്ങിനെയാണ്? ഒരു കാലത്ത് അമ്മായിയമ്മയും മരുമകളും തമ്മിൽ, നാത്തൂനും നാത്തൂനും തമ്മിൽ, സഹോദരങ്ങൾ തമ്മിൽ വഴക്കിടുന്നത് നാട്ടിൽപോലും പലരും അറിയുമായിരുന്നു. അങ്ങനെ നാട്ടിൽ പാട്ടായ വഴക്ക് നിലനിൽക്കുന്ന വീടുകളിൽപ്പോലും വ്യക്തിബന്ധങ്ങൾ ഇന്നത്തേക്കാൾ സുദൃഢമല്ലായിരുന്നോ? ഇന്ന് എന്താണ് സ്ഥിതി. പുറമേ എല്ലാം ഭംഗി. അകത്തു പ്രവേശിക്കുമ്പോൾ എവിടെയാണ് നമുക്ക് സമാധാനം ലഭിക്കുക.

ഒരു കുടുംബത്തിൽ ഉള്ള നേട്ടങ്ങളുടെ മുഴുവൻ അവകാശം സ്വയം ഏറ്റെടുക്കുകയും കോട്ടങ്ങളുടെയെല്ലാം ഉത്തരവാദിത്വം മററുള്ളവരിൽ ആരോപിക്കുകയും ചെയ്യുന്ന പ്രവർത്തനം ഇന്ന് വളർന്നു വരികയല്ലേ. ഇതേ പ്രവർത്തനശൈലിയല്ലേ, പൊതുരംഗങ്ങളിലും കാണുന്നത്?

കായേൻ തന്റെ സഹോദരനായ ആബേലിനെ വധിച്ചു. കായേന്റെ മുമ്പിൽ എത്തിയ ദൈവം നിന്റെ സഹോദരനെവിടെ എന്ന് ചോദിച്ചു. എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ എന്നാണ് കായേൻ തിരിച്ചു ചോദിച്ചത്. എല്ലാ മനുഷ്യരും തങ്ങളുടെ സഹോദരങ്ങളുടെ കാവൽക്കാരനും സംരക്ഷകരുമായിരിക്കണമെന്ന തത്വമാണ് ദൈവത്തിന്റെ ആ ചോദ്യത്തിലൂടെ നമ്മുടെ മുൻപിൽ അവതരിപ്പിച്ചത്.

കായേൻ ചോദിച്ച ചോദ്യമല്ലേ നാം പലപ്പോഴും ചോദിക്കുന്നത്. എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ? ഈ ചോദ്യം ഇനി ആരും ചോദിക്കുകയില്ലെന്ന് ഈ മഹാജൂബിലി വർഷത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം. എല്ലാ മനുഷ്യരും തങ്ങളുടെ സഹോദരങ്ങളുടെ കാവൽക്കാരനും സംരക്ഷകരുമാണെന്ന് നമ്മുടെ ജീവിതത്തിലൂടെ നാം കാണിച്ചുകൊടുക്കണം. ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ (യോഹ. 13:34) എന്ന പ്രഖ്യാപനംവഴി യേശു മനുഷ്യബന്ധങ്ങളെ സംബന്ധിച്ച അടിസ്ഥാന നിയമം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയാണ് ചെയ്തത്.

യേശുവിന്റെ ആ പുതിയ കല്പന നാം സ്വീകരിക്കുമ്പോൾ മാനവ സമഗ്രവിമോചനം യാഥാർത്ഥ്യമാകും. അതിനായി നമുക്ക് പ്രവർത്തിക്കാം. ഒരിക്കൽക്കൂടി പുത്തനാണ്ടിന്റേയും പുത്തൻ നൂററാണ്ടിന്റേയും പുത്തൻ സഹസ്രാബ്ദത്തിന്റേയും ആശംസകൾ നേർന്നുകൊള്ളുന്നു. നിറുത്തട്ടെ.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
5-01-2000 — Sd/-

# 41. ആയിരം ഗുണങ്ങളുള്ള ഭർത്താവ്

പ്രിയ സഹപ്രവർത്തകരേ,

ജനകീയചക്രവർത്തിയെന്ന പേരിലറിയപ്പെട്ട നെപ്പോളിയൻ ഒരു ദിവസം കുതിരപ്പുറത്ത് സഞ്ചരിക്കുമ്പോൾ സുന്ദരിയായ ഒരു സാധുസ്ത്രീ കരയുന്നതു കാണുവാനിടയായി. അവളുടെ മകളും കൂടെയുണ്ട്. കരയുന്ന സ്ത്രീയെക്കണ്ട് നെപ്പോളിയൻ ചോദിച്ചു. നിങ്ങൾ എന്തിനാണ് കരയുന്നത്. ആ സ്ത്രീ ഒന്നും മിണ്ടിയില്ല. എന്നാൽ മകൾ ചാടിക്കയറി പറഞ്ഞു. അച്ഛൻ അമ്മയെ കൂടെക്കൂടെ തല്ലും.നെപ്പോളിയൻ ആ സ്ത്രീയോട് വീണ്ടും ചോദിച്ചു. നിങ്ങളുടെ ഭർത്താവിന്റെ പേരെന്താണ്? ആരാണ് ചോദിച്ചതെന്ന് ആ സ്ത്രീക്ക് മനസ്സിലായില്ല. എങ്കിലും ഒരു പട്ടാളമേധാവിയായിരിക്കാമെന്ന് അവൾ ഊഹിച്ചു. അവൾ ഭർത്താവിന്റെ പേരു പറയുവാൻ തയ്യാറായില്ല. വീണ്ടും ചക്രവർത്തി അവളോടു ചോദിച്ചു നിന്റെ ഭർത്താവിന്റെ പേരെന്താണ്?

എന്റെ ഭർത്താവിന്റെ പേര് ഞാൻ പറയുകയില്ല. പറഞ്ഞാൽ അങ്ങ് അയാളെ ശിക്ഷിക്കും. എന്നെ എന്നും എന്റെ ഭർത്താവ് തല്ലുമെങ്കിലും ആയിരം ഗുണങ്ങളുള്ളയാളാണ് എന്റെ ഭർത്താവ്. തല്ലുകൊണ്ട വേദനിച്ച് കരയുമ്പോഴും തന്റെ ഭർത്താവിന്റെ നല്ല ഗുണങ്ങൾ അംഗീകരിക്കുകയും ഭർത്താവിനെ സ്നേഹിക്കുകയും ചെയ്തിരുന്നു.

വീണ്ടും നെപ്പോളിയൻ ആ സ്ത്രീയോട് ചോദിച്ചു. നിന്റെ ഭർത്താവിന്റെ പേരെന്താണ്? ആ സ്ത്രീ വീണ്ടും തുടർന്നു. അങ്ങ് ചക്രവർത്തിയാണെന്നുവച്ചാൽക്കൂടി ഞാൻ പറയില്ല. ആ സ്ത്രീയുടെ ഭർതൃസ്നേഹം മനസ്സിലാക്കിയ നെപ്പോളിയൻ കുതിരപ്പുറത്തു യാത്ര തുടർന്നു. തന്റെ അനുയായികളോട് നെപ്പോളിയൻ പറഞ്ഞു. പാവം പെണ്ണ്. ആ ചെറുപ്പക്കാരനെ ഒന്ന് ഉപദേശിക്കാമെന്നു വിചാരിച്ചാണ് പേരു ചോദിച്ചത്!

നെപ്പോളിയന്റെ അടുത്ത സേവകയോദ്ധാക്കളിൽ ഒരാളാണ് ആ സ്ത്രീയുടെ ഭർത്താവ് എന്ന് അകമ്പടിക്കാർ പറഞ്ഞു. ആ യുവാവ് അടുത്ത സേവകയോദ്ധാവായിരുന്നുവെങ്കിലും നെപ്പോളിയനും ആ യോദ്ധാവും തമ്മിൽ നേരിട്ടു പരിചയമില്ലായിരുന്നു. പരസ്പരം അറിയുകയുമില്ലായിരുന്നു.

നെപ്പോളിയൻ ആ യുവാവിനെ വിളിച്ചുവരുത്തി. യുവാവിനോടു ചോദിച്ചു. താൻ ഭാര്യയെ എപ്പോഴും മർദ്ദിക്കുന്നത് എന്തിനാണ്? അവൾ എത്രയോ നല്ല സ്ത്രീയാണ്. ആ ചോദ്യം യുവാവിന് രസിച്ചില്ല. ക്ഷുഭിതനായ യുവാവ് പറഞ്ഞു, എന്റെ ഭാര്യ എന്റെയാണ്. എന്റെ കുടുംബകാര്യങ്ങളിൽ തലയിടാൻ ചക്രവർത്തിയെപ്പോലും ഞാൻ സമ്മതിക്കില്ല.

നെപ്പോളിയൻ ആ യുവാവിന്റെ തോളിൽ സ്നേഹപൂർവ്വം തട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു, താൻ ചക്രവർത്തിയോടാണ് സംസാരിക്കുന്നതെന്ന് മനസ്സിലാക്കണം.

ക്ഷമിക്കണം സാർ, അങ്ങയെ ഞാൻ അനുസരിച്ചുകൊള്ളാം. നെപ്പോളിയൻ യുവാവിനോട് പറഞ്ഞു. സ്നേഹിത തന്റെ ഭാര്യയുടെ സ്വഭാവം തനിത്ത

ങ്കമാണ്. എനിക്കത് നേരിട്ടറിയുവാൻ കഴിഞ്ഞു. തന്റെ തല്ലേററു കരഞ്ഞിരുന്ന അവൾ എത്ര നിർബന്ധിച്ചിട്ടും തന്റെ പേർ പറഞ്ഞില്ല. തല്ലുമെങ്കിലും അയിരം ഗുണങ്ങളുള്ളവനാണ് എന്റെ ഭർത്താവ് എന്ന് അവൾ അഭിമാനപൂർവ്വം പറഞ്ഞു. തന്റെ ഭാര്യയിൽ സംശയം ജനിച്ചിരുന്ന ആ യുവാവ് തന്റെ ഭാര്യയുടെ സ്നേഹം മനസ്സിലാക്കി. അവർ തമ്മിൽ വളരെ യോജിപ്പോടെ വളർന്നു. നല്ല ഒരു കുടുംബം. തെററിദ്ധാരണകളിൽനിന്നു വിമുക്തി നേടിയ കുടുംബം.

നമ്മുടെ കുടുംബങ്ങളിലും ഗ്രാമങ്ങളിലും രാഷ്ട്രത്തിലും പല പ്രശ്നങ്ങളുണ്ടാകാം. എല്ലാം സംശയത്തിൽനിന്നും രൂപം കൊണ്ടവയാകാം. തുറന്ന മനസ്സോടെ പ്രശ്നങ്ങളെ സമീപിക്കുമ്പോൾ എല്ലാം ഭംഗിയാകും. സത്യം കണ്ടെത്തി, സത്യത്തിന് സാക്ഷ്യം വഹിച്ച് നമുക്ക് മുന്നേറാം. അപ്പോൾ എല്ലാ പ്രയാസങ്ങളും എല്ലാ പ്രശ്നങ്ങളും മാറിക്കൊള്ളും.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
5-02-2000 Sd/-

# 42. ഭാരതസഭയുടെ ഭാവി

പ്രിയ സഹപ്രവർത്തകരെ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 53 വർഷം പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. സ്വതന്ത്രഭാരതത്തിലെ പല ഭരണാധികാരികളും മതസ്വാതന്ത്ര്യത്തിനെതിരായും മതപരിവർത്തനത്തെ അധിക്ഷേപിച്ചും പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അൻപതുകളിൽ ഇവിടെ സാമൂഹ്യസേവനം നടത്തിയ പല വിദേശ ക്രൈസ്തവ മിഷനറിമാരെയും ഈ നാട്ടിൽനിന്നും പുറത്താക്കിയിട്ടുണ്ട്. പല സംസ്ഥാന ഗവൺമെന്റുകളും നിയമനിർമ്മാണത്തിലൂടെ ക്രൈസ്തവ മിഷനറിമാരുടെ ശ്രമങ്ങളെ നിരോധിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. 1955-ൽ മദ്ധ്യപ്രദേശ് ഗവൺമെന്റ് നിയമിച്ച നിയോഗി കമ്മററി സമർപ്പിച്ച റിപ്പോർട്ട് മതസ്വാതന്ത്ര്യത്തെ നിരോധിക്കുന്നതായിരുന്നു.

ഇതിനെല്ലാം എതിരായി ശക്തമായ ബഹുജന പ്രക്ഷോഭണമുയർന്നത് കേരളത്തിൽ നിന്നായിരുന്നു. കേന്ദ്രസംസ്ഥാനഗവൺമെന്റുകളുടെ മതസ്വാതന്ത്ര്യവിരുദ്ധപ്രവർത്തനങ്ങൾക്കെതിരായി കേരളത്തിൽനിന്നും ഉയർന്ന ബഹുജനമുന്നേററം ഇന്ത്യയൊട്ടാകെ ചർച്ചാവിഷയമാവുകയും കേന്ദ്രസംസ്ഥാന ഗവൺമെന്റുകളെ അവരുടെ നിലപാട് പുനഃപരിശോധിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. 1979-ൽ ഒ.പി. ത്യാഗി ബില്ലിനെതിരായി കേരളത്തിൽ ഉയർന്നുവന്ന ബഹുജനപ്രക്ഷോഭണം ഇന്ത്യൻ ജനതയുടെ മനസ്സാക്ഷിക്കുമുമ്പിൽ ഒരു ചോദ്യചിഹ്നമായി ഉയർന്നു നിന്നു. കേരളത്തിൽ ഉയർന്നുവന്ന ഈ ബഹുജനപ്രക്ഷോഭണങ്ങളെല്ലാം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന ക്രൈസ്തവർക്ക് ആത്മധൈര്യം പകർന്നു നൽകുകയുണ്ടായി.

www.malankaralibrary.com

ഇന്ത്യയിലെ ക്രൈസ്തവരിൽ നല്ലൊരുഭാഗവും കേരളത്തിലാണ് അധിവസിക്കുന്നത്. ഭാരതക്രൈസ്തവർക്ക് വേണ്ടി ശക്തമായി നിലകൊള്ളാൻ കേരള ക്രൈസ്തവർക്കു മാത്രമേ സാധിക്കുകയുള്ളു. ഭാരതസഭയുടെ ഭാവി കേരളീയ ഹസ്തങ്ങളിൽ തന്നെയാണ് നിലകൊള്ളുന്നത്. ആ വസ്തുത മനസ്സിലാക്കിക്കൊണ്ടായിരുന്നു കഴിഞ്ഞ കാലങ്ങളിൽ നാം പ്രവർത്തിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് ആ കർത്തവ്യം ശരിക്കും നിർവ്വഹിക്കുന്നുണ്ടോ? ഓരോ കേരളീയ ക്രൈസ്തവനും ആത്മപരിശോധന നടത്തേണ്ട സമയമാണിത്.

കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര മിഷനറിമാരാണ് (വൈദികരും കന്യാസ്ത്രീകളും) ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കൊല ചെയ്യപ്പെട്ടത്. മർദ്ദനങ്ങൾക്ക് വിധേയരായത്. എത്ര പേരാണ് ചുട്ടുകരിക്കപ്പെട്ടത്. നമ്മുടെ എത്ര സ്ഥാപനങ്ങളാണ് ആക്രമണവിധേയമായത്. ഇതിനോടെല്ലാം നാം കാര്യമായി പ്രതികരിച്ചോ? ഇല്ലെന്നുതന്നെയാണ് എന്റെ അഭിപ്രായം.

ഒരു കാലത്ത് നമ്മുടെയിടയിൽ സുദൃഢമായിരുന്ന ക്രൈസ്തവകൂട്ടായ്മയ്ക്ക് ഇന്ന് എന്തുപററി? ആ ക്രൈസ്തവ കൂട്ടായ്മ വീണ്ടെടുക്കുവാൻ നമുക്ക് സാധിക്കുകയില്ലേ? ഇന്നത്തെ ഈ സ്ഥിതിവിശേഷത്തിന് ഉത്തരവാദികൾ ആരാണ്? ഈ നിസ്സംഗതാമനോഭാവത്തിന് നാം ഓരോരുത്തരും ഒരു പരിധിവരെയെങ്കിലും ഉത്തരവാദികളല്ലേ?

മാർത്തോമ്മാക്രിസ്ത്യാനികൾ സ്വയംഭരണത്തിനുവേണ്ടി ദീർഘനാൾ നടത്തിയ സമരത്തിന്റെ അനന്തരഫലം വിദേശക്രൈസ്തവമിഷനറിമാരോട് കൂട്ടുചേർന്ന് നിന്നിരുന്ന ലത്തീൻ ക്രിസ്ത്യാനികളിലുള്ള വിശ്വാസരാഹിത്യമായിരുന്നു. ഒരേ വിശ്വാസവും ഒരേ മാമോദീസായും ഒരേ കർത്താവും ഒരേ തലവനുമുള്ളവനെങ്കിലും ഈ മണ്ണിന്റെ മക്കൾ തന്നെയായ അവർ രണ്ടുഭിന്ന ചേരികളിൽ നിൽക്കാനിടയായത് ക്രൈസ്തവസമുദായത്തിന്റെ രാഷ്ട്രീയമായ ശക്തിക്ഷയത്തിന് കാരണമായി.

ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ ആരാധനാക്രമം ഭരണസംവിധാനം കുരിശ് വിവാദം തുടങ്ങിയ കാര്യങ്ങളിൽ വളർന്നുവന്ന അഭിപ്രായവ്യത്യാസം നമ്മുടെ ശക്തിക്ഷയത്തിന് കാരണമായി. സമുദായ നേരിടുന്ന പൊതുപ്രശ്നങ്ങളെ ഒന്നിച്ചുനിന്ന് നേരിടുവാനുള്ള കൂട്ടായ്മ നമ്മിൽനിന്നും നഷ്ടപ്പെട്ടു.

ഈ സാഹചര്യം അപകടകരമാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ നഷ്ടപ്പെട്ടുപോയ ക്രൈസ്തവകൂട്ടായമ പുനഃസ്ഥാപിക്കാൻ നമുക്ക് കഴിയണം. അതിന് നമുക്ക് സാധിക്കുന്നില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതായിരിക്കും.

ഈ പ്രതിസന്ധിയിൽ സടകുടഞ്ഞെഴുന്നേററ് സമുദായത്തിന് ശക്തി പകർന്ന് കൊടുക്കാൻ എ.കെ.സി.സി.യുടെ എല്ലാ പ്രവർത്തകരും തയ്യാറായി മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം
05–03–2000

സ്നേഹപൂർവ്വം
Sd/-

www.malankaralibrary.com

# 43. മാപ്പ് ചോദിക്കാം

പ്രിയ സഹപ്രവർത്തകരെ,

നാമെല്ലാം ബലഹീനരാണ്. നമുക്കൊക്കെ തെററുപററുക സ്വാഭാവികമാണ്. നമുക്ക് തെററുപററിയാലും അതു സമ്മതിക്കുവാനും തെററു തിരുത്തുവാനും നാം പലപ്പോഴും തയ്യാറാവുകയില്ല. നമ്മുടെ ദൈനംദിന പ്രവർത്തികളിൽ തെററുകൾ പററാറുണ്ട്. അയൽക്കാരോടുള്ള സമീപനത്തിൽ, സുഹൃത്തുക്കളോടുള്ള സമീപനത്തിൽ, അധികാരികളോടുള്ള സമീപനത്തിൽ എല്ലാം തെററുകൾ പററുക സ്വാഭാവികമാണ്. നമ്മെ ഓരോരുത്തരെയും ഏല്പിക്കപ്പെട്ടിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കാതിരിക്കുന്നതും തെററാണ്.

തെററുകൾ മാനുഷികമാണെന്ന് പറഞ്ഞ് ന്യായീകരിക്കാനല്ലാതെ വന്നുപോയ തെററുകൾക്ക് പരസ്യമായി മാപ്പ് ചോദിച്ച് ഹൃദയശുദ്ധിവരുത്തുവാൻ പലപ്പോഴും നാം തയ്യാറില്ല. നമ്മളിൽ കുടിയിരിക്കുന്ന അഹംഭാവമാണ് അതിന് പ്രധാനകാരണം. കാലിത്തൊഴുത്തിൽ ജനിച്ച്, അപമാനകരമായ കുരിശുമരണം വരിച്ച്, സ്വയം എളിയവനായിത്തീർന്ന യേശുവിന്റെ കാരുണ്യം ഉണ്ടെങ്കിൽ മാത്രമേ നമ്മളിൽ നിഴലിച്ചു നിൽക്കുന്ന അഹംഭാവത്തെ പുറംതള്ളുവാൻ സാധിക്കുകയുള്ളു.

ലോകത്തിലെ ഏററവും വലിയ സംഘടിത മതമാണ് കത്തോലിക്കാ സഭ. അതിന്റെ പരമാധ്യക്ഷനാണ് മാർപ്പാപ്പ. ഇത്രയധികം ജനപ്രീതിയുള്ള അംഗീകാരമുള്ള, ലോകം മുഴുവൻ ആദരിക്കുന്ന മറെറാരു വ്യക്തിയെ ലോകത്ത് നമുക്ക് കണ്ടുമുട്ടുവാൻ സാധിക്കുകയില്ല. ആ മഹാപുരോഹിതനാണ് ലോകൈക ധാർമ്മിക സമ്രാട്ടായ മഹാപുരോഹിതനാണ് – മഹാജൂബിലി വർഷത്തിലെ വലിയ നോമ്പിന്റെ പ്രഥമ ഞായറാഴ്ച, ക്രൂശിതരൂപത്തിൽ കരം ചേർത്തുപിടിച്ചുകൊണ്ട് പാപങ്ങൾ ഏററുപറയുകയും ക്ഷമയാചിക്കുകയും ചെയ്തത്. 2000 വർഷത്തിനിടയിൽ മാർപ്പാപ്പമാർ ചെയ്ത തെററുകൾക്കെല്ലാം മാപ്പുചോദിച്ചത്. സഭയിലെ എല്ലാ അധികാരികളും വിശ്വാസികളും ചെയ്ത തെററുകൾക്കും കൂടിയാണ് മാർപ്പാപ്പ മാപ്പിരന്നത്.

സാർവ്വത്രികസഭയുടെ തലവൻ മാപ്പിരന്നുവെങ്കിൽ വെറും സാധാരണക്കാരായ നമുക്ക് എന്തുകൊണ്ട് തെററുകൾ ഏററുപറയുവാൻ സാധ്യമല്ല. തെററുകൾ ഏററുപറയുകയും, പശ്ചാത്തപിക്കുകയും, ചെയ്ത തെററിന് മാപ്പിരക്കുകയും ചെയ്യുമ്പോൾ മാത്രമേ നമ്മുടെ ജീവിതം ധന്യമാവുകയുള്ളു. അപ്പോൾ മാത്രമേ സഹപ്രവർത്തകരോട് – സഹോദരങ്ങൾ – അയൽക്കാരോട് സ്നേഹത്തിന്റെ ഭാഷയിൽ സംസാരിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു.

പാപ്പായെപ്പോലെ എളിമയാൽ താഴ്ന്നിറങ്ങി നിന്നുകൊണ്ട് പ്രവർത്തിക്കുമ്പോൾ മാത്രമേ നമ്മുടെ ജീവിതം ധന്യമാവുകയുള്ളു. സംഘടനാ പ്രവർത്തകരായ നാം ഓരോരുത്തരും മാപ്പിരക്കാൻ ബാദ്ധ്യതയുള്ളവരാണ്.

കഴിഞ്ഞ കാലങ്ങളിൽ സംഘടന നമ്മെ ഏല്പിച്ച ജോലികൾ നാം ചെയ്തിട്ടുണ്ടോ? നമ്മുടെ കഴിഞ്ഞകാല നേതാക്കൾ ചെയ്തിട്ടുണ്ടോ? പാപ്പാ

www.malankaralibrary.com

യെപ്പോലെ നാമും കഴിഞ്ഞകാല തെററുകളെപ്പററി ചിന്തിക്കണം പശ്ചാത്തപിക്കണം. നാമും നമ്മുടെ മുൻതലമുറക്കാരും സംഘടനാരംഗത്ത് എന്തെങ്കിലും തെററുകൾ ചെയ്തിട്ടുണ്ടെങ്കിൽ, വീഴ്ചകൾ വരുത്തിയിട്ടുണ്ടെങ്കിൽ, സംഘടനയുടെ വളർച്ചക്ക് വിഘാതമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ നമുക്ക് മാപ്പിരക്കാം. അതിനുള്ള നല്ല ഹൃദയം എനിക്കും നിങ്ങൾക്കും ഉണ്ടാകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം

05-05-2000 Sd/-

# 44. പഠിക്കാനും പങ്കുവയ്ക്കുവാനും

പ്രിയ സഹപ്രവർത്തകരെ,

സെമിനാറുകളും ക്യാമ്പുകളും എല്ലാം ഇന്ന് സർവ്വസാധാരണമാണ്. രാഷ്ട്രീയ പാർട്ടികളും വിവിധ സംഘടനകളുമെല്ലാം സെമിനാറും ക്യാമ്പുകളും നടത്തുന്നതിൽ മത്സരം തന്നെ നടത്തുകയാണ്. എന്നാൽ ഈ രംഗത്ത് ആദ്യം പ്രവർത്തനം ആരംഭിച്ചത് കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. ഒരാഴ്ച നീണ്ടുനിൽക്കുന്ന പ്രവർത്തനപരിപാടികളായിരുന്നു ഈ ക്യാമ്പിൽ അന്ന് നടത്തിയിരുന്നത്. ഈ ക്യാമ്പിന് ഗ്രീഷ്മകാല വിദ്യാലയം എന്നായിരുന്നു പേര്. രണ്ടുമൂന്നു വർഷം മാത്രമേ ആ ക്യാമ്പ് നടത്തുവാൻ സാധിച്ചിട്ടുള്ളു. പിന്നീട് പല വർഷങ്ങളിലും പ്രവർത്തകക്യാമ്പ് നടത്തുവാൻ സാധിച്ചെങ്കിലും ഗ്രീഷ്മകാലവിദ്യാലയത്തിന്റെ ചൈതന്യം മുഴുവൻ ഉൾക്കൊള്ളാൻ സാധിച്ചില്ല.

എ.കെ.സി. അടുത്തമാസം ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ഈ ക്യാമ്പിൽ പങ്കെടുക്കുന്നവർ ഒരു യഥാർത്ഥ ഭാരതീയനായി രൂപാന്തരപ്പെടണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ രാജ്യത്തിന്റെ സംസ്കാരത്തെപ്പററിയും ഈ രാജ്യത്തിന്റെ ദേശീയ സ്വാതന്ത്ര്യസമരത്തിൽ വിവിധ മതവിഭാഗങ്ങൾ അനുഷ്ഠിച്ച സേവനങ്ങളെപ്പററിയും ഇന്ന് നമ്മുടെ രാഷ്ട്രം നേരിടുന്ന മതമൗലികവാദമുൾപ്പെടെയുള്ള വെല്ലുവിളികളെപ്പററിയുമെല്ലാം ശരിയായ ഒരു അവബോധം പൊതുപ്രവർത്തകർക്ക് ലഭിക്കുവാൻ വേണ്ടിയാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്.

ഇന്ന് നമ്മുടെ രാജ്യത്ത് സംഭവിക്കരുതാത്ത പലതും സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടാണിത് സംഭവിക്കുന്നത്. ഭാരതം ലോകത്തിന് സംഭാവനചെയ്ത വേദോപനിഷത്തുകളെപ്പററിയും ഇതിഹാസപുരാണങ്ങളെപ്പററിയും ഇന്നത്തെ തലമുറയെ പഠിപ്പിക്കാൻ നമുക്ക് സാധിക്കാത്തതിന്റെ പരിണതഫലങ്ങളാണ് നാമിന്നനുഭവിക്കുന്നത്.

ഭാരതത്തിലെ എല്ലാ മതവിഭാഗങ്ങളെപ്പററിയും നാം പഠിക്കണം. വിവിധ മതവിഭാഗങ്ങൾ ഈ രാജ്യത്തിന് നൽകിയ സംഭാവനകളെപ്പററിയും നാം പഠിക്കണം. പൂർണ്ണമായും നാം പഠിച്ചുകഴിയുമ്പോൾ തെററിദ്ധാരണകൾ മാറും. പരസ്പരം സ്നേഹത്തോടെ പെരുമാറുവാൻ നമുക്ക് സാധിക്കും.

ഇന്ന് പൊതുപ്രവർത്തകർ, അഴിമതി, സ്വജനപക്ഷപാതം, കൃത്രിമരേഖ

www.malankaralibrary.com

ചമയ്ക്കൽ തുടങ്ങിയ സാമൂഹ്യതിന്മകൾക്ക് അടിമപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. അവരെ നയിക്കുന്ന സ്വാർത്ഥതയാണ് ഈ തിന്മകൾ നമ്മളിൽ വളരാൻ കാരണം.

എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ പ്രവർത്തക ക്യാമ്പിൽ പങ്കെടുക്കുന്നവർ പഠിപ്പിക്കുവാനല്ല, പഠിക്കുവാനാണ് വരുന്നത്. നമ്മുടെ മനസ്സിൽ ഉള്ള ആശയങ്ങൾ മാത്രമാണ് ശരിയെന്നും അത് മററുള്ളവരെ പറഞ്ഞുബോദ്ധ്യപ്പെടുത്തുവാനുള്ള കഴിവ് തനിക്കുമാത്രമേയുള്ളുവെന്നും വിചാരിക്കുന്നവർ ക്യാമ്പിൽ പങ്കെടുത്തതുകൊണ്ട് പ്രയോജനമില്ല. നമ്മുടെ കഴിവുകളും അറിവുകളും വളരെ പരിമിതമാണെന്നും മററുള്ളവരുടെ അറിവുകൾ സ്വീകരിക്കുവാനാണ് ക്യാമ്പിൽ പങ്കെടുക്കുന്നതെന്നും ഉള്ള ബോധ്യത്തോടുകൂടിയായിരിക്കണം നാം ക്യാമ്പിലേക്ക് പങ്കെടുക്കാൻ വരേണ്ടത്.

ഒരു വിഷയത്തെപ്പററിയും ആധികാരികമായി പറയുവാൻ കഴിവില്ലെങ്കിലും ഏതുവിഷയത്തെപ്പററിയും എത്ര മണിക്കൂർ വേണമെങ്കിലും പറയാൻ കഴിവുള്ളവരാണ് പലരും. ക്യാമ്പിലേക്ക് വരുന്നവർ അത്തരക്കാരാകാതിരിക്കട്ടെ.

പഠിക്കാനും പങ്കുവെയ്ക്കാനുമാകട്ടെ ക്യാമ്പിലേക്ക് വരുന്നത്. എല്ലാവർക്കും ക്യാമ്പിലേക്ക് സ്വാഗതം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
05–06–2000 — Sd/-

# 45. വിസ്മൃതിയിൽ കഴിയുന്നവർ

പ്രിയ സഹപ്രവർത്തകരെ,

നാമെല്ലാം പൊതുപ്രവർത്തകരാണ്. നമ്മേപ്പോലുള്ള പൊതുപ്രവർത്തകരെയുദ്ദേശിച്ചാണ് ഇക്കഴിഞ്ഞമാസം നാം ഒരു നേതൃത്വ പരിശീലനക്യാമ്പ് സംഘടിപ്പിച്ചത്. പൊതുപ്രവർത്തകരിൽ സത്യസന്ധത പൊതുവെ കുറഞ്ഞുവരികയാണ്. കോഴ, അഴിമതി, കള്ളരേഖചമയ്ക്കൽ തുടങ്ങിയ പ്രവർത്തികൾ നടത്തിയ മന്ത്രിമാർ ഇപ്പോൾ കോടതി കയറിയിറങ്ങുന്ന കാഴ്ചയാണ് നാം കാണുന്നത്. പ്രശസ്തിക്കുവേണ്ടിയുള്ള പരക്കം പാച്ചിലിലാണ് പൊതുപ്രവർത്തകർ ഏർപ്പെട്ടിരിക്കുന്നത്. പൊതുപ്രവർത്തനം ധനസമ്പാദനത്തിനുള്ള മാർഗ്ഗമായും പലരും കണക്കിലെടുക്കുന്നു. ഇതിന് ഒരു മാററം വന്നേ മതിയാവൂ. മൂല്യബോധമുള്ള പൊതുപ്രവർത്തകരെ വാർത്തെടുക്കുകയെന്നതാണ് നമ്മുടെ ക്യാമ്പിന്റെ ലക്ഷ്യം. സ്വന്തം നാടിനെപ്പററിയും നമ്മുടെ സംസ്കാരത്തെപ്പററിയും നമ്മുടെ മതങ്ങളെപ്പററിയും മതങ്ങൾ നാടിനു നൽകിയ സംഭാവനകളെപ്പററിയും പഠിച്ച് അവയെപ്പററിയെല്ലാം അഭിമാനബോധമുള്ളവരാക്കി പൊതുപ്രവർത്തകരെ മാററണം. എങ്കിൽ മാത്രമേ അവർ നമ്മുടെ സാംസ്ക്കാരിക പാരമ്പര്യം നിലനിർത്തുകയുള്ളു.

പൊതുപ്രവർത്തകർ സ്വതവേ പ്രശസ്തിയർഹിക്കുന്നവരാണ്. അതിൽ

www.malankaralibrary.com

തെററ് പറയാനില്ല. പ്രശസ്തിക്ക് മാത്രമായി പൊതുപ്രവർത്തനം നടത്തുന്നവരെ പ്രോത്സാഹിപ്പിക്കുവാൻ സാദ്ധ്യമല്ല.

നമ്മുടെ രാജ്യം ത്യാഗമതികളായ നിരവധിയാളുകളെ സമൂഹത്തിന് സംഭാവനചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ട് കാരാഗ്രഹ വാസമനുഭവിച്ചവരും ലാത്തിയടി ഏററവരും, വെടിയുണ്ടയുടെ മുൻപിൽ നിന്ന് നിർഭയം പൊരുതി വീരമരണം പ്രാപിച്ചവരും ഒളിവിൽ കഴിഞ്ഞവരും നിരവധിയാണ്. അവരൊക്കെ കാരാഗ്രഹത്തിൽ കിടന്നതും ലാത്തിയടിക്ക് വിധേയമായതും വെടിയുണ്ടയുടെ മുൻപിൽനിന്ന് നിർഭയം പൊരുതി വീരമരണം പ്രാപിച്ചതും ഒളിവിൽ കഴിഞ്ഞതും പിറേറദിവസത്തെ പത്രത്തിൽ വാർത്തവരുമെന്ന് പ്രതീക്ഷിച്ചല്ല. മറിച്ച് പത്രത്തിൽ വരരുതെന്നായിരുന്നു അവരുടെ ആഗ്രഹം. അങ്ങനെ ത്യാഗങ്ങൾ സഹിച്ച്, രാഷ്ട്രത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച എത്രയെത്രസേനാനികളാണ് ഇന്ന് വിസ്മൃതിയിൽ കഴിയുന്നത്. അവർക്കതിൽ ദുഃഖമില്ല. അവർക്കൊരു ലക്ഷ്യമുണ്ടായിരുന്നു. ആ ലക്ഷ്യത്തിൽ എത്തുന്നതുവരെ അവർ പോരാടി.

അങ്ങനെ ത്യാഗമനുഭവിച്ച കുറേപ്പേരെയെങ്കിലും പിൻതലമുറ മനസ്സി ലാക്കി ആദരിച്ചു. ആദരവ് പ്രതീക്ഷിച്ചുകൊണ്ടല്ല അവർ സഹനജീവിതം നയിച്ചത്.

തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരം നയിച്ചത് ഒരിക്കൽപോലും സ്റ്റേജിൽ കയറാത്ത, ഒരിക്കൽപോലും സ്വീകരണവും ആദരവുകളും സ്വീകരിക്കാൻ തയ്യാറാകാത്ത, പൂമാലകൾക്കും പുച്ചെണ്ടുകൾക്കും വേണ്ടി കഴുത്തും തലയും നീട്ടാത്ത ശ്രീ.എം.എം. വർക്കിയായിരുന്നുവെന്ന സത്യം നാം ഗ്രഹിക്കണം. എന്തിനുവേണ്ടി ആ മനുഷ്യസ്നേഹി ത്യാഗപൂർണ്ണമായ ജീവിതം നയിച്ചു. ശ്രീ. വർക്കിക്കുവേണമെങ്കിൽ എല്ലാ സ്റ്റേജുകളിലും കയറിനിന്ന് പ്രസംഗിക്കാമായിരുന്നു. പൂമാലകളും പുച്ചെണ്ടുകളും സ്വീകരിച്ച് പ്രശംസ പിടിച്ചുപററാമായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം, പാർട്ടി യിലോ, ഭരണഘടകങ്ങളിലോ ഏതെങ്കിലും ഔദ്യോഗികസ്ഥാനം സ്വീകരിച്ച് നാടുനീളെ ചുററിസഞ്ചരിച്ച് പ്രസംഗിക്കാമായിരുന്നു. പത്രമാദ്ധ്യമങ്ങളിൽക്കൂടി നല്ല പ്രശസ്തി നേടുവാൻ ശ്രമിക്കാമായിരുന്നു. പക്ഷെ അതിനൊന്നും വർക്കി തയ്യാറായില്ല. അദ്ദേഹം അതാ ആഗ്രഹിച്ചുമില്ല.

ശ്രീ. വർക്കിയുടെ പാത പിന്തുടരുന്നവരെ നാളത്തെസമൂഹം ആദരിക്കും. സ്വയം പ്രശസ്തരാകാൻ ആഗ്രഹിക്കാത്തവന് മററുള്ളവരുടെ ആദരവ് ഏററുവാങ്ങുവാൻ സാധിക്കും.

ഇന്നത്തെ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന യോഗങ്ങളിൽ നാല്പതും അൻപതും പ്രസംഗ കരെയാണ് നാം കാണുക. എന്തിനാണിത്? എല്ലാവരെയും തൃപ്തിപ്പെടു ത്തുവാൻ മാത്രം. ഈ പ്രവർത്തനശൈലിക്ക് ഒരു മാററം വരുത്തുക തന്നെ വേണം. ഒരു നേതാവ് മരിച്ചാൽ റീത്ത്വക്കാതെ റീത്ത് വച്ചുവെന്ന് പത്രത്തി ലേക്ക് ന്യൂസ് എഴുതിക്കൊടുക്കുന്ന സംസ്കാരമാണ് ഇന്ന് വളർന്നുവരുന്നത്.

www.malankaralibrary.com

ഈ ആധുനിക സംസ്കാരത്തിന് അറുതിവരുത്തുവാൻ നാം ശ്രമിക്കണം. സേവനമെന്ന ലക്ഷ്യത്തോടെ നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന പതിനായിരം പൊതുപ്രവർത്തകർക്ക് അടുത്ത മൂന്നുവർഷത്തേക്ക് രൂപം കൊടുക്കുവാനുള്ള നേതൃത്വപരിശീലനക്യാമ്പ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് നടത്തണമെന്നാണ് എന്റെ ആഗ്രഹം. ഈ യജ്ഞത്തോട് സഹകരിക്കുവാൻ എല്ലാ നല്ലയാളുകളുടെയും സംഘടനാപ്രവർത്തകരുടെയും സഹകരണം പ്രവർത്തിക്കുന്നു.

നിറുത്തട്ടെ

കോട്ടയം
05–08–2000

സ്നേഹപൂർവ്വം
Sd/-

# 46. അമേരിക്കയിലെ ഇന്ത്യാക്കാരുടെ അഭിമാന ഭാജനം

പ്രിയ സഹപ്രവർത്തകരെ,

1989 ലാണ് എന്റെ ആദ്യത്തെ വിദേശപര്യടനം. ആ യാത്രയ്ക്കിടയിലെ പല സംഭവങ്ങളും ഇന്നു എന്റെ സ്മരണയിൽ തങ്ങി നിൽക്കുന്നു. അതിൽ പ്രധാനപ്പെട്ടതാണ് ന്യൂയോർക്കിനു സമീപമുള്ള ലോംഗ് ഐലന്റിൽ വച്ച് നടന്ന ഇന്ത്യൻ കാത്തലിക് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ 10–ാമത് വാർഷികം. അമേരിക്കയിലെ ഇന്ത്യൻ കത്തോലിക്കരുടെ ഒരു മഹാ സംഗമമായിരുന്നു അത്. വാർഷികത്തോടനുബന്ധിച്ച് ഇന്ത്യൻ കാത്തലിക് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ യൂത്ത് ഫാറത്തിന്റെ ഒരു സമ്മേളനവും നടന്നു. ആ സമ്മേളനത്തിൽ പങ്കെടുക്കുവാൻ എനിക്ക് സാധിച്ചത്. ഒരു മഹാഭാഗ്യമായി ഞാൻ കരുതുകയാണ്. യൂത്ത് ഫോറത്തിന്റെ ചെയർപേഴ്സൺ കരിങ്കുന്നം സ്വദേശി വി.എം.ചാക്കോ വെള്ളരിങ്ങാടന്റെ മകൾ ജീനയായിരുന്നു.

ഭാരതത്തിന്റെ മഹത്തായ സാംസ്കാരികപൈതൃകത്തിൽ അഭിമാനം കൊണ്ടിരുന്ന ജീന, ആ മഹാസമ്മേളനത്തിൽ നടത്തിയ പ്രസംഗം രണ്ടായിരത്തിലധികം വരുന്ന ഇന്ത്യൻ കത്തോലിക്കരെ ആവേശഭരിതരാക്കി. അമേരിക്കൻ മണ്ണിൽ വച്ച് ഇന്ത്യൻ സംസ്കാരത്തിന്റെ മഹനീയതയെപ്പററി ഉൽഘോഷിച്ച് നടത്തിയ പ്രസംഗം, സ്വാമി വിവേകാനന്ദൻ വർഷങ്ങൾക്കുമുൻപ് അമേരിക്കയിൽ വച്ച് നടത്തിയ പ്രസംഗത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടുള്ളതായിരുന്നു.

അമേരിക്കൻ മാർട്ടിയേഴ്സ് സ്കൂളിൽനിന്നും അക്കാഡമിക് എക്സലൻഡ് അവാർഡ് നേടി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ജീന, ബ്രോൻക്സ് ഹൈസ്കൂൾ ഓഫ് സയൻസിലാണ് തന്റെ വിദ്യാഭ്യാസം തുടർന്നത്. എക്സ്ട്രാ കരിക്കുലർ ആക്ടിവിററീസിൽ സജീവമായി പങ്കെടുത്തിരുന്ന ജീന സ്കൂളിലെ മന്ത്രിസഭയിൽ അംഗമായിരുന്നു. നാടകസംഘങ്ങൾ രൂപീകരിച്ച് നേതൃത്വം നൽകുകയും ചെയ്തു. പ്രഗത്ഭമതിയായ ഒരു കേരള

www.malankaralibrary.com

പെൺകുട്ടിയിൽ അഭിമാനം കൊണ്ടാണ് ഞാൻ തിരികെപോരുന്നത്.

16-മത്തെ വയസ്സിൽ ആ മലയാളിപെൺകുട്ടി അമേരിക്കൻ സാമൂഹ്യജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ഉറപ്പിച്ചുകഴിഞ്ഞിരുന്നു.

അമേരിക്കയിലെ ഇന്ത്യക്കാരുടെ അഭിമാനഭാജനമായി ജീന മാറിയിരുന്നു. വെള്ളക്കാരും ജീനയുടെ കഴിവിനെ ആദരിച്ചിരുന്നു. ഡയലിംഗ് എന്ന ന്യൂയോർക്ക് ദിനപത്രം പ്രശസ്തവിദ്യാർത്ഥികൾക്ക് നൽകി വരുന്ന അവാർഡിന് ജീനയെയാണ് 1990-91 ൽ തിരഞ്ഞെടുത്തത്. 1990 ൽ യൂണിവേഴ്സിററി ഓഫ് ടെക്സാസ് പ്രകൃതിസംരക്ഷണത്തെപ്പററി നടത്തിയ സെമിനാറിൽ തന്റെ സ്കൂൾ ടീമിനെ നയിച്ച ഈ പെൺകുട്ടി സംഘാടകരുടെ പ്രശംസയ്ക്ക് അർഹയായി. ഫ്ളോറിഡായിലെ ഒർലാൻഡോയിൽ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക എന്ന സംഘടന അതിന്റെ 1990-ലെ കൺവെൻഷനോടനുബന്ധിച്ച് നടത്തിയ മിസ് കേരളാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ജീന വിവിധ സംഘടനകൾക്ക് നേതൃത്വം നൽകി പോന്നു. തന്റെ കഴിവുകളും സിദ്ധികളും പ്രവർത്തന വൈദഗ്ദ്ധ്യവും കൊണ്ട് ശക്തമായ ഒരു യുവജനനിര പടുത്തുയർത്തുകയുണ്ടായി.

ടെലിവിഷനിൽ നടന്ന രാഷ്ട്രീയ ചർച്ചയിൽ ഉന്നത നിലവാരം പുലർത്തിയ ജീന 16-ാം വയസ്സിൽത്തന്നെ രാഷ്ട്രീയരംഗത്ത് അംഗീകരിക്കപ്പെട്ട ഒരു വ്യക്തിയായി മാറി. അതുകൊണ്ടാണ് മാൻഹാട്ടിലെ കോൺഗ്രസ്സ് മാൻ (കേരളത്തിലെ എം.എൽ.എ. യുടെ സ്ഥാനം) റൈറഡ് വൈസ് എന്ന രാഷ്ട്രീയനേതാവ് തന്റെ ഓഫീസിലേക്ക് ജീനയെ ജോലിക്കായി ക്ഷണിച്ചത്. ജീനയുടെ രാഷ്ട്രീയ പ്രബുദ്ധത അമേരിക്കൻ നിവാസികളുടെ പ്രശംസയ്ക്കും ആദരവിനും ഇടയാക്കി.

ഇന്ത്യൻ സംസ്ക്കാരത്തിന്റെ മഹനീയത ലോകസമക്ഷം ഉയർത്തിക്കാട്ടുന്നതിനുവേണ്ടി – ഇന്ത്യയിലേക്ക് യുവജനങ്ങളുടെ ഒരു പഠനയാത്ര നടത്താൻ നേതൃത്വം നൽകികൊണ്ടിരിക്കവെ 1991 ജൂലായ് 27-ന് ഒരു വാഹനാപകടത്തിൽ ജീന അന്തരിച്ചു. ജീനയുടെ നിര്യാണം പിതാവ് ചാക്കോയേയും മാതാവ് ഡോ.ലിസ്സിയേയും ഏകസഹോദരൻ ടോമിയേയും എന്തുമാത്രം ദുഃഖത്തിലാഴ്ത്തിയെന്ന് വിവരിക്കുവാൻ വാക്കുകളില്ല. അമേരിക്കയിലെ ഇന്ത്യൻ സമൂഹം ഒരു ഞെട്ടലോടെയാണ് ആ വാർത്ത ശ്രവിച്ചത്. അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തെ ഇത്രമാത്രം സ്പർശിച്ച മററൊരു ജീവിതത്തെപ്പററി ചിന്തിക്കാനാവില്ല.

ഇക്കഴിഞ്ഞ ആഗസ്റ്റിൽ ന്യൂയോർക്കിലെ ജീനയുടെ ഭവനം സന്ദർശിക്കുവാനും ചാക്കോ-ലിസ്സി ദമ്പതികളുടെ ഹൃദയവേദന മനസ്സിലാക്കാനും എനിക്ക് സാധിച്ചു. ആ ദുരിതത്തിലും പ്രത്യാശകൈവിടാതെ എല്ലാം ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് ആ കുടുംബം മുന്നേറുന്നുവെന്ന് മനസ്സിലായി. ഈ ദുഃഖം സഹിക്കാവതായിരുന്നില്ല. സംഭവിച്ചതെല്ലാം ദൈവേഷ്ടത്തിന് കീഴ്പ്പെട്ട് ജീവിക്കാൻ ശക്തിതരണമെന്ന് ഞാൻ പ്രാർത്ഥിച്ചു. ആ പ്രാർത്ഥന ദൈവം കേട്ടു ചാക്കോച്ചനും ലിസ്സിയും പറഞ്ഞു. "ജീവിച്ചിരിക്കുന്ന മക്കളെപ്പററി ഓർത്ത് ദുഃഖിക്കുന്നവർ നിരവധിയാണ്. അവരുടെ ദുഃഖങ്ങൾ മനസ്സിലാക്കി ഈ

www.malankaralibrary.com

ദുഃഖം ഞങ്ങൾ സഹിക്കുന്നു" ലിസ്സി പറഞ്ഞു. പ്രത്യാശയോടുകൂടിയുള്ള ആ ജീവിതം ആരുടെയും ഹൃദയപരിവർത്തനത്തിന് വഴിതെളിക്കുമെന്ന് എനിക്ക് ബോദ്ധ്യമുണ്ട്.

ഒരു ദിവസം വെള്ളിയാഴ്ച ഞങ്ങൾ ന്യൂയോർക്ക് പട്ടണത്തിലൂടെ കാറിൽ യാത്ര ചെയ്യുകയാണ്. "സമയം മൂന്നുമണിയായി നമുക്ക് കരുണ കൊന്ത ചൊല്ലാം" ഡോ.ലിസ്സി ചാക്കോച്ചനോട് പറഞ്ഞു. കരുണകൊന്ത ചൊല്ലി. ഞാനും സഹകരിച്ചു. കരുണകൊന്തയെപ്പററി എനിക്കറിയില്ലായിരുന്നു. അവ വിശദീകരിച്ച് ഡോ.ലിസ്സി പറഞ്ഞുതന്നു.

അമേരിക്കൻ ജനത സുഖലോലുപതയിൽ മുഴുകി ജീവിക്കുമ്പോഴും പ്രാർത്ഥനയിൽ ശരണം പ്രാപിച്ച് ജീവിക്കുന്ന ചാക്കോ – ലിസ്സി ദമ്പതികളുടെ പ്രാർത്ഥനാജീവിതത്തിൽ ഞാൻ അഭിമാനം കൊണ്ടു. ചാക്കോ ഒന്നാന്തരം ബിസ്സിനസ്സുകാരൻ, ലിസ്സി ഒരു ഡോക്ടർ. ഒരു സമ്പന്നകുടുംബം തന്നെയാണ വരുടേത്. ആ സമ്പത്തിലും സുഖത്തിലും, അവർ പ്രാർത്ഥനാജീവിതം നയിക്കുകയാണ്. തന്റെ മകളുടെ വിയോഗത്തിൽ നിരാശപ്പെട്ടു ജീവിക്കുകയല്ല, പ്രത്യാശയോടുകൂടി ജീവിക്കുകയാണ്. അവരുടെ ആ ജീവിതം മാതൃകയാക്കുവാൻ നമുക്ക് സാധിക്കുമോ? ചെറിയ സൗകര്യങ്ങളും പദവികളും ലഭിക്കുമ്പോൾ ദൈവത്തെ മറന്ന് അഹങ്കരിച്ച് നടക്കുന്ന ഞാനും നിങ്ങളും ഈ കുടുംബത്തെ മാതൃകയാക്കി ജീവിക്കുവാൻ ശ്രമിക്കുക തന്നെ വേണം.

ഇന്ത്യൻ യുവത്വത്തിന്റെ പ്രതീക്ഷയുടെ പ്രതീകം, മലയാളികളുടെ സൂപ്പർസ്റ്റാർ, ബുദ്ധിയും സൗന്ദര്യവും ഒന്നിച്ചു സമ്മേളിച്ച വിനയാന്വിത, മായാത്ത പുഞ്ചിരികൊണ്ട് എല്ലാവരുടെയും ഹൃദയത്തിൽ സ്ഥാനം പിടിച്ച കൊച്ചുമിടുക്കി, അനുയായികൾക്ക് ആവേശം പകരുന്ന വശ്യശക്തിയുള്ള നേതാവ്, ആരും ചോദ്യം ചെയ്യാതെ അംഗീകരിച്ചിരുന്ന പ്രതിഭ – ഇതൊക്കെയാണ് ജീനയെപ്പററി ഓർക്കുമ്പോൾ പെട്ടെന്ന് മനസ്സിൽ വരിക – ആ മഹാപ്രതിഭയുടെ സ്മരണ നമ്മുടെ ഹൃദയത്തിൽ കാത്തുസൂക്ഷിച്ചുകൊണ്ട് ദൈവേഷ്ടത്തിന് വിധേയമായി പ്രാർത്ഥനയാണ് ഏററവും വലിയ ആയുധം എന്ന് മനസ്സിലാക്കി നമുക്ക് ജീവിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
05–10–2000 — Sd/-

# 47. കൂരാച്ചുണ്ട് കർഷക സമരം

പ്രിയ സഹപ്രവർത്തകരെ,

കേരളം ഒരു കർഷകരാജ്യമാണ്. ഇവിടുത്തെ ജനങ്ങളിൽ എൺപതു ശതമാനവും കൃഷിയെ മാത്രം ആശ്രയിച്ചാണ് ജീവിക്കുന്നത്. കേരളത്തിലെ കർഷകജനത ഒരു വലിയ സാമ്പത്തികപ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നാണ്യവിളകളുടെ വിലയിടിവും നിത്യോപയോഗസാധനങ്ങളുടെ വിലക്കയററവും ജീവിതം ദുസ്സഹമാക്കി തീർത്തിരിക്കുന്നു.

www.malankaralibrary.com

റബ്ബറിന്റെ വിലയിടിവിലൂടെ തളർന്ന കർഷകർ നടത്തിയ സമരങ്ങൾ എല്ലാ അർത്ഥത്തിലും വിജയിച്ചില്ല. റബ്ബർ കർഷകരുടെ പ്രശ്നപരിഹാരത്തിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ യാതൊന്നും തന്നെ പ്രവർത്തിച്ചിട്ടില്ല. തുടർച്ചയായി നടത്തിക്കൊണ്ടിരുന്ന റബ്ബർ ഇറക്കുമതി റബ്ബർവില ഉയരുന്നതിന് തടസ്സമായി. റബ്ബർ വിലയിടിവുമൂലം സാമ്പത്തികപ്രതിസന്ധിയിലായ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് അറുതിവരുത്തണമെന്ന മുറവിളി നടന്നുകൊണ്ടിരിക്കുമ്പോഴാണ് കൊപ്രായുടെയും അടയ്ക്കായുടെയും കാപ്പിയുടെയും എല്ലാം വില ഇടിഞ്ഞത്.

കാർഷിക വിളകളുടെയെല്ലാം വില കുത്തനെ ഇടിഞ്ഞിട്ടും സർക്കാർ അനങ്ങുന്നില്ല. ഈ നില തുടർന്നാൽ കേരളത്തിലെ കർഷകർ സമീപഭാവിയിൽ എങ്ങനെ കഴിയുമെന്ന് ചിന്തിക്കാൻപോലും സർക്കാർ ശ്രമിക്കുന്നില്ല.

അളമുട്ടിയാൽ ചേരയും കടിക്കുമെന്നാണല്ലോ ചൊല്ല്. അതാണ് ഇന്ന് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഭാവനാശാലികളായ കൂരാച്ചുണ്ട് ഗ്രാമത്തിലെ ജനങ്ങൾ കൊപ്രായുടെ വിലയിടിവിനെതിരെ ഒരു പുതിയ സമരമുറ ആരംഭിച്ചിരിക്കുന്നത് ഇതിനൊദാഹരണമാണ്. പാമോയിൽ ബഹിഷ്കരണമെന്ന മാതൃക ഇന്ന് കേരളമാകെ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കൂരാച്ചുണ്ടിലെ സമരമുറ മദ്ധ്യതിരുവിതാംകൂർ വരെ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു.

ഇളനീർ ഉപയോഗപ്രചരണവും മററിതരപാനീയങ്ങൾ ബഹിഷ്ക്കരണവും നാടാകെ പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്നു. ആരോഗ്യത്തിനുപോലും ഹാനികരമാകുന്ന കോളകളുടെ ഉപയോഗം ഇതോടെ കുറയും. ലാഭത്തിനുവേണ്ടി പരക്കംപായുന്ന കച്ചവടക്കാരുടെയും വ്യവസായികളുടെയും പിന്നാലെ മനുഷ്യൻ ഇന്ന് പരക്കം പായുകയാണ്. ഈ പോക്ക് അപകടകരമാണെന്ന് മനസ്സിലാക്കുവാൻ നമുക്ക് സാധിക്കണം.

കർഷകർ നടത്തുന്ന ഈ സമരം, കൂരാച്ചുണ്ട് ഗ്രാമത്തിൽ ആരംഭിച്ച സമരം, കേരളത്തിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവ് ആയി തീരട്ടെ. മഹാത്മജി സ്വാതന്ത്ര്യസമരകാലത്ത് പ്രഖ്യാപിച്ച വിദേശവസ്ത്ര ബഹിഷ്കരണത്തിന്റെ ചൈതന്യമാണ് ഈ കർഷകസമരത്തിന്റെ പിൻപിലും നമുക്ക് ദർശിക്കുവാൻ സാധിക്കുക. ഈ കർഷകസമരത്തോട് അനുഭാവം പ്രകടിപ്പിച്ചാൽ മാത്രംപോരാ, ആ സമരത്തിന്റെ മുന്നണിയിൽ അണിനിരക്കുവാൻ നാം തയ്യാറാകണം.

അനേക വർഷങ്ങളായി ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കർഷകരുടെ അവകാശസംരക്ഷണത്തിനായി ഒരു ബഹുജനമുന്നേററം സൃഷ്ടിക്കുവാൻ നമുക്ക് ശ്രമിക്കാം. അതിന് നേതൃത്വം നൽകുവാൻ എ.കെ.സി.സി.യുടെ ഓരോ പ്രവർത്തകനും തയ്യാറായി മുന്നോട്ടുവരണം.

നിറുത്തട്ടെ

കോട്ടയം
05-11-2000

സ്നേഹപൂർവ്വം
Sd/-

www.malankaralibrary.com

# 48. മഹാജൂബിലിയാഘോഷം എന്തുനേടി?

പ്രിയ സഹപ്രവർത്തകരെ,

രണ്ടായിരാമാണ്ട് മഹാജൂബിലി വർഷമായി സഭയും സമൂഹത്തിലെ വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും ആഘോഷിക്കുകയുണ്ടായി. കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് നടന്ന എക്യുമനിക്കൽ സമ്മേളനവും കോഴിക്കോട്ടുനടന്ന മതസംഗമവും എറണാകുളത്തുചേർന്ന ദിവ്യകാരുണ്യ കോൺഗ്രസ്സും മഹാജൂബിലി വർഷത്തിലെ പ്രധാന സംഭവങ്ങളായിരുന്നു.

ക്രിസ്തു ജയന്തി പ്രമാണിച്ച് കഴിഞ്ഞ പത്തു വർഷമായി ലോകമാസകലം നടന്നു വരുന്ന വിവിധങ്ങളായ പരിപാടികളാണ് ഈ ഡിസംബർകൊണ്ട് അവസാനിക്കുന്നത്. നമ്മുടെ ആഘോഷപരിപാടികളുടെ പ്രധാന ലക്ഷ്യം ഒരു നല്ല സമൂഹത്തിന്റെ സൃഷ്ടിയായിരുന്നു. ക്രൈസ്തവസാക്ഷ്യം വഹിക്കുന്ന ഒരു പുതിയ തലമുറയുടെ ഉത്ഥാനമായിരുന്നു നാം പ്രതീക്ഷിച്ചത്. സഭാപരമായ പ്രവർത്തനങ്ങളിൽ താല്പര്യപൂർവ്വം പങ്കെടുക്കുന്ന ഒരു സ്ഥിതി വിശേഷം സംജാതമാക്കണമെന്നായിരുന്നു നമ്മുടെ ആഗ്രഹം. പക്ഷേ അത് സാധിച്ചുവെന്ന് നമുക്ക് അഭിമാനിക്കാമോ? നാളിതുവരെ നാം തുടർന്നു പോരുന്ന പ്രവർത്തനശൈലിക്ക് ഒരു നല്ല മാററം വരുത്തുവാൻ നമുക്ക് സാധിച്ചോ? വ്യക്തിപരമായി നാം കൂടുതൽ യേശുവിലേക്ക് അടുത്തുവോ? സഭയോടും സഭാപരമായ പ്രവർത്തനങ്ങളോടും മുൻപിലത്തേക്കാൾ കൂടുതലായി നല്ല ഒരു മനോഭാവം നമ്മളിൽ വളർന്നോ?

നമ്മളിൽ മാത്രമല്ല നമ്മുടെ സ്ഥാപനങ്ങളിൽ, സന്യാസസന്യാസിനി ഭവനങ്ങളിൽ, വൈദികരിൽ, സന്യസ്തരിൽ എന്തുമാററം വന്നു ഈ മഹാജൂബിലി വർഷം കൊണ്ട്? മാററങ്ങളൊന്നും വന്നില്ലെങ്കിൽ ഈ വർഷാചരണവും മഹാജൂബിലിയാഘോഷവും പാഴായി തീർന്നുവോ?

നാം ഏതവസ്ഥയിലാണോ ആ അവസ്ഥയിൽനിന്നുകൊണ്ട് മുകളിൽ പറഞ്ഞ കാര്യങ്ങളെപ്പററി ചിന്തിക്കുക തന്നെ വേണം. കേരളത്തിൽ കോട്ടയം, കോഴിക്കോട്, എറണാകുളം കേന്ദ്രങ്ങളിൽ നടന്ന ആഘോഷപരിപാടികളിൽ ജനപങ്കാളിത്തം എന്തുമാത്രം ഉറപ്പാക്കുവാൻ സംഘാടകസമിതികൾക്ക് സാധിച്ചു? വെറും ഉപരിപ്ലവമായ ആഘോഷമായിത്തീർന്നുവോ? എന്തുകൊണ്ടാണ് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാതിരുന്നത്? ലഭിച്ച വിവരങ്ങൾ സംഘാടക നേതാക്കൾ തങ്ങൾക്ക് ലഭിച്ച പദവികൾ വൺമാൻ ഷോ പോലെ ഉപയോഗിക്കുകയായിരുന്നുവോ? കേരളാ കാത്തലിക് ഫെഡറേഷനും അതിലെ അംഗസംഘടനകൾക്കും അവയുടെ ഭാരവാഹികൾക്കും ഉണ്ടായ അനുഭവങ്ങൾ പരസ്യമായ വിവാദത്തിനിടയാക്കാൻ ആഗ്രഹിക്കുന്നില്ല.

എങ്കിലും സഭയെ സ്നേഹിക്കുന്നവർ സഭയുടെ ഭാഗമായി പ്രവർത്തിക്കുന്നവർ ബന്ധപ്പെട്ടവരുമായി ഈ പ്രശ്നം ചർച്ച ചെയ്യുന്നതും വേണ്ട തിരുത്തലുകൾക്ക് വിധേയമാക്കാൻ ശ്രമിക്കുന്നതും നല്ലതാണ്. വളരെ

www.malankaralibrary.com

ധൃതിയിൽ പരിപാടികൾ നടത്തുന്നതുകൊണ്ട് കുറെയൊക്കെ പാളിച്ചകൾ സംഭവിച്ചുവെന്നു പറഞ്ഞ് ഉത്തരവാദപ്പെട്ടവർ ഒഴിഞ്ഞുമാറുന്നതു ശരിയല്ല. ദശവത്സരപദ്ധതിയുടെ ഭാഗമായിരുന്ന പരിപാടികൾ വളരെ നേരത്തെ പ്ലാൻ ചെയ്തതുമായിരുന്നു. ഇത് ഇത്രയൊക്കെ മതിയെന്ന ചിന്താഗതിയോടെ പ്രവർത്തിച്ചുവെങ്കിൽ ആ നടപടി അങ്ങേയററം പ്രതിഷേധാർഹമാണ്.

മാററത്തിനുവേണ്ടിയാണ് നാം ഈ ആഘോഷങ്ങൾ സംഘടിപ്പിച്ചത്. അതിനനുയോജ്യമായവിധം പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതായിരുന്നു. നാം എന്തുദ്ദേശത്തോടുകൂടിയാണ് ഈ പരിപാടികൾ സംഘടിപ്പിച്ചത്. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി നമുക്കോരോരുത്തർക്കും പ്രവർത്തിക്കാം. ആഘോഷപരിപാടികളിൽനിന്നും ലഭിക്കാതെ പോയത് നേടിയെടുക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. സംഘാടകസമിതികൾ അവർക്കു വന്ന പാളിച്ചകൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിന് ശ്രമിക്കുമെന്ന് പ്രതീക്ഷിക്കാം.

നിറുത്തട്ടെ

കോട്ടയം<br>
05–12–2000

സ്നേഹപൂർവ്വം<br>
Sd/-

# 49. നിസ്സംഗതാ മനോഭാവം

പ്രിയ സഹപ്രവർത്തകരേ,

പുതിയ സഹസ്രാബ്ദത്തിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. പുത്തൻ സഹസ്രാബ്ദത്തിൽ ആദ്യമുണ്ടായ ഭൂചലനം ലോകജനതയെ മുഴുവൻ വേദനിപ്പിച്ചിരിക്കുകയാണ്. ആയിരക്കണക്കിന് ആളുകളുടെ മരണത്തിനും, ലക്ഷക്കണക്കിന് ആളുകളുടെ തീരാദുഃഖത്തിനും ഇടയാക്കിയ ഭൂചലനത്തെപ്പറ്റി ഒരു വിലയിരുത്തലും പഠനവും നടത്തുവാൻ നാം തയ്യാറാവുക തന്നെ വേണം.

ഇത്രയധികം ആളുകൾ മരണപ്പെടുകയും തീരാദുരിതങ്ങൾക്ക് വിധേയമാവുകയും ചെയ്തിട്ടും മരണപ്പെട്ടവരുടെ ബന്ധുക്കളുടെയും ദുരിതമനുഭവിക്കുന്നവരുടെയും പ്രയാസങ്ങളിൽ പൂർണ്ണമായും പങ്കുചേരുവാൻ നമുക്ക് സാധിച്ചോ? ഈ ഭീകര ദുരന്തത്തിന് ഇന്ത്യൻ ജനത വിധേയമായിട്ടും ഒരു നിസംഗതാമനോഭാവം നമ്മളെ നയിക്കുന്നില്ലേ? 2001 ജനുവരി 26–ാം തീയതി ദീപിക എഴുതിയ മുഖപ്രസംഗത്തിലെ ഏതാനും ഭാഗം നിങ്ങളുടെ ഓർമ്മയ്ക്കായി ഒന്നുകൂടി പകർത്തട്ടെ. “ഭോപ്പാൽ ദുരന്തത്തിനു ശേഷം രാജ്യം നേരിടേണ്ടി വന്ന ഏറ്റവും വലിയ കൂട്ടസംഹാരമാണ് ഗുജറാത്തിലേത്. ഭോപ്പാലിലേത് മനുഷ്യസ്വാർത്ഥതയുടെ ഫലമായിരുന്നുവെങ്കിൽ ഇത് ഒരു മനുഷ്യശക്തിക്കും തടയാനോ, പ്രതിരോധിക്കാനോ കഴിയാത്ത പ്രകൃതി ദുരന്തം തന്നെ. ലാത്തൂർ ഭൂചലനവും ഒറീസ്സയിലെ ഭീകരചുഴലിയും കടന്ന് ഗുജറാത്തിലെ സർവ്വനാശത്തിലെത്തി നിൽക്കുന്ന രാജ്യം മഹാദുഃഖത്തിനു നടുവിലും ചിലതൊക്കെ ചിന്തിക്കാൻ ബാദ്ധ്യസ്ഥമാണ്.

www.malankaralibrary.com

ജാതിയുടെയും മതത്തിന്റെയും സമുദായത്തിന്റെയും ഭാഷയുടെയു മൊക്കെ പേരിൽ തമ്മിലടിച്ചും കൊലവിളിച്ചും കഴിയുന്ന മനുഷ്യന് തന്റെ നിസ്സാരത ബോദ്ധ്യപ്പെടാൻ ഇത് അവസരമായെങ്കിൽ! നിർഭാഗ്യവശാൽ ഇത്തരം വിഭാഗീയതയുടെ വലിയ ഭീഷണി രാജ്യം നേരിടുന്നുണ്ടിപ്പോൾ. രാഷ്ട്രപിതാവിന്റെ ജന്മഭൂമിയായ ഗുജറാത്താകട്ടെ മതവിദ്വേഷത്തിന്റെയും പീഡനത്തിന്റെയും വേദിയായി മാറിയിരിക്കുന്നു.

ഇത്തരം ഭിന്നതകൾ മറന്നും തിന്മകൾ വെടിഞ്ഞും ഒറ്റക്കെട്ടാകാൻ ഗുജറാത്തിലെ വൻദുരന്തം ഭാരതീയർക്കാകമാനം പ്രേരണയാകുമെങ്കിൽ മണ്ണടിഞ്ഞ ആയിരങ്ങളുടെ ജീവബലി വ്യഥാവിലാവില്ല. അവരുടെ ദുഃഖിതരായ കുടുംബാംഗങ്ങളുടെ വേദനകൾ അർത്ഥരാഹിത്യവും ആയി മാറില്ല.

പരസ്പരം ആക്രമിക്കാൻ ആയുധങ്ങൾക്ക് മൂർച്ച കൂട്ടുന്നവരും വിദ്വേഷം പ്രചരിപ്പിക്കുന്നവരും ഭാരതസമൂഹത്തെ ഭീഷണിപ്പെടുത്തുകയാണ്. അതെല്ലാം ഉപേക്ഷിച്ച് മനുഷ്യസ്നേഹത്തിലും മനുഷ്യനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിലും വ്യാപരിക്കാൻ പ്രകൃതിയെയും നിയന്ത്രിക്കുന്ന പരാശക്തി ഓരോ പൗരനോടും ആവശ്യപ്പെടുന്നു."

ദീപികയുടെ ഈ വാക്കുകൾ ഓരോ പൗരന്റെയും ചിന്തയ്ക്ക് വിഷയീഭവിച്ചെങ്കിൽ. ഗുജറാത്തിൽ ഉണ്ടായ ഈ ദുരന്തം ഒരു ദേശീയദുരന്തമായി നാം കാണണം. രാജ്യത്തെ ഒന്നായി ബാധിക്കുന്ന ദുഃഖവും നാശവുമായി കണക്കാക്കി എല്ലാവിധ സഹായങ്ങളും എത്തിക്കാൻ കേന്ദ്രസംസ്ഥാനസർക്കാരുകളും ഭാരതത്തിലെ നൂറുകോടി ജനതയും തയ്യാറാകണം. ഭാരതീയരുടെ കൂട്ടായ്മയുടെ ശക്തി കാണിച്ചുകൊടുക്കുവാനുള്ള സന്ദർഭമാണിത്.

നമ്മുടെ മനുഷ്യത്വവും സഹജീവിസ്നേഹവും പ്രകടിപ്പിക്കുവാനും ഈ മഹാദുഃഖത്തിൽ പങ്കുചേർന്ന് നമ്മുടെ ഉത്തരവാദിത്വം നിറവേറ്റുവാനും നമുക്ക് ശ്രമിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

10–02–2001 — Sd/-

# 50. നന്മ ചെയ്തിട്ടും......

പ്രിയ സഹപ്രവർത്തകരേ,

നാമൊക്കെ നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്നവരാണ്. ചില സാഹചര്യങ്ങളിൽ നാം തിന്മ പ്രവർത്തിച്ചുവെന്നും വരാം. എങ്കിലും നന്മചെയ്ത് കടന്നുപോകുവാനായിരിക്കും നാം ആഗ്രഹിക്കുക. നന്മ മാത്രം ചെയ്ത് ജീവിക്കുന്നവർക്കും ചിലപ്പോൾ വേദനജനകങ്ങളായ അനുഭവങ്ങൾ ഉണ്ടായേക്കാം. നമ്മുടെ പ്രവർത്തനങ്ങളുടെ ഉദ്ദേശശുദ്ധി മനസ്സിലാക്കിയവർപോലും നമ്മെ സമൂഹമദ്ധ്യത്തിൽ ആക്ഷേപിക്കാൻ ശ്രമിക്കുന്നതും നമുക്ക് കാണുവാൻ സാധിക്കും. സത്യം ഗ്രഹിച്ചിട്ടും അസത്യങ്ങൾ പ്രചരിപ്പിച്ച് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുന്നവരും ഉണ്ടാകും.

www.malankaralibrary.com

ഇങ്ങനെയുള്ള അനുഭവങ്ങൾ നമുക്ക് ഉണ്ടാകുമ്പോൾ നമുക്ക് വേദന തോന്നിയിട്ടില്ലേ ? നന്മമാത്രം ചെയ്ത് കടന്നുപോകുമ്പോൾ നമുക്ക് തിന്മ യാണ് സംഭവിക്കുന്നതെങ്കിൽ നാമതിൽ പരിഭവിച്ചിട്ടില്ലേ? നാം നമ്മെത്തന്നെ കുറ്റപ്പെടുത്തിയിട്ടില്ലേ? കുറ്റപ്പെടുത്തലുകളും അതിൽനിന്നുണ്ടാകുന്ന പ്രയാസങ്ങളും എത്രപേരുടെ ജീവനെയാണ് അപഹരിച്ചിരിക്കുന്നത്.

നന്മചെയ്യുമ്പോഴും നമുക്ക് തിന്മയാണ് സംഭവിക്കുന്നതെങ്കിൽ, നമ്മെ നമ്മുടെ സഹപ്രവർത്തകർ തള്ളിപ്പറയുകയും, നീതിയുടെ പക്ഷത്തുനിന്ന് നമുക്ക്വേണ്ടി നമ്മുടെ സഹപ്രവർത്തകർ വാദിക്കുകയും ചെയ്യാത്തപ്പോൾ, അവസരവാദപരമായി പ്രവർത്തിക്കുമ്പോൾ, അതിൽ ദുഃഖിച്ച് നാം അവരെ പഴിക്കുന്നത് സാധാരണമാണ്. ഏത് വിപത്ഘട്ടത്തിലും ദൈവത്തിലുള്ള നമ്മുടെ ശരണവും വിശ്വാസവും ഒരിക്കലും കൈവെടിയരുത്. നമ്മുടെ ദുഃഖങ്ങൾക്കിടയിലും പ്രയാസങ്ങൾക്കിടയിലും ദൈവമേ അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയണം. അപ്പോൾ മാത്രമാണ് നമ്മുടെ സൽപ്രവർത്തികൾ ഫലമണിയുക.

നമുക്ക് പ്രയാസങ്ങളുണ്ടാകുമ്പോൾ ബൈബിളിൽ നാം വായിക്കുന്ന തോബിത്തിന്റെ കഥ നമുക്ക് പ്രചോദനം നൽകും. എന്നും നന്മ ചെയ്ത് മാത്രം ജീവിച്ചയാളായിരുന്നു തോബിത്ത്. തന്റെ കുടുംബക്കാരെല്ലാം സത്യദൈവത്തെ ഉപേക്ഷിച്ച് വിഗ്രഹാരാധനയുടെ പുറകെ പോയപ്പോഴും വിശ്വാസം വെടിയാതെ ജീവിച്ച തോബിത്ത് അനുഭവിച്ച വേദനയുടെ കഥ ബൈബിളിൽ നമുക്ക് കാണാം. ബി.സി. 721–ൽ ഇസ്രായേൽക്കാരോടൊപ്പം നിനവേയിലേക്ക് അടിമയായി തോബിത്തിനെ കൊണ്ടുപോയി. രാജകൊട്ടാരത്തിൽ ഒരു പ്രധാനസേവകനായിട്ടാണ് തോബിത്ത് പ്രവർത്തിച്ചത്. അന്നത്തെ നിനവേ രാജാവ് അകാരണമായി വധിച്ച യഹൂദരുടെ മൃതദേഹങ്ങൾ രഹസ്യമായി സംസ്കരിച്ചതിന്റെ പേരിൽ തോബിത്തിനെ വധിക്കാൻ രാജാവ് ഉത്തരവിട്ടു. തോബിത്ത് അവിടെനിന്നും ഓടി രക്ഷപെട്ടു. രാജാവിന്റെ മരണശേഷം അദ്ദേഹം സ്വഭവനത്തിൽ തിരിച്ചെത്തി സുഖമായി ജീവിച്ചു. തന്റെ നന്മ പ്രവർത്തികൾ തുടർന്നു. ഒരിക്കൽ ഒരു മൃതദേഹം സംസ്കരിച്ചതിനുശേഷം വീട്ടിൽ കിടന്നുറങ്ങി. ഉറക്കം തെളിഞ്ഞപ്പോൾ തന്റെ കാഴ്ച നഷ്ടപ്പെട്ടതായി അനുഭവപ്പെട്ടു. ചികിത്സയും പ്രാർത്ഥനയുമൊന്നും കാഴ്ചശക്തി തിരികെ ലഭിക്കുന്നതിന് സഹായിച്ചില്ല. യാതൊരു ജോലിയും ചെയ്യാതെ വീട്ടിൽ കഴിഞ്ഞുകൂടേണ്ടിവന്നു. തന്റെ ഭാര്യ ചെയ്യുന്ന ജോലിയുടെ പ്രതിഫലമായിരുന്നു അവരുടെ വരുമാനമാർഗ്ഗം. ഒരു ദിവസം തന്റെ ജോലിക്ക് പ്രതിഫലമായി ഒരു ആട്ടിൻകുട്ടിയെയാണ് ഭാര്യയ്ക്ക് ലഭിച്ചത്. അവൾ ആ ആട്ടിൻകുട്ടിയെ മോഷ്ടിച്ചതാണെന്ന് തോബിത്ത് വിചാരിച്ചു. ഉടമസ്ഥന് ആട്ടിൻകുട്ടിയെ തിരിച്ചുകൊടുക്കണമെന്ന് തോബിത്ത് ഭാര്യയോട് പറഞ്ഞു. ഭാര്യ തോബിത്തിനോട് ദേഷ്യപ്പെട്ടു. നിങ്ങളുടെ പുണ്യപ്രവർത്തികൾകൊണ്ട് എന്തുഫലം എന്ന് ചോദിച്ചു. അവൾ തോബിത്തിനെ പരിഹസിച്ചു.

ആ പരിഹാസവാക്കുകൾ തോബിത്തിനെ വല്ലാതെ വേദനിപ്പിച്ചു. ദൈവപ്രമാണങ്ങൾ പാലിച്ചും പുണ്യപ്രവർത്തികൾ ചെയ്തും ജീവിച്ച തോബിത്ത് ഹൃദയവേദനയോടെ പ്രാർത്ഥിച്ചു. കർത്താവേ നീ നീതിമാനാകുന്നു; നിന്റെ എല്ലാവഴികളും എല്ലാ പ്രവർത്തികളും കാരുണ്യവും സത്യവും

www.malankaralibrary.com

നിറഞ്ഞതാണ്. എക്കാലവും നീ സത്യസന്ധവും നീതിയുക്തവുമായ വിധി നൽകുന്നു. നീ എന്നെ അനുസ്മരിച്ച് കാരുണ്യപൂർവ്വം കടാക്ഷിക്കണമേ..... ഇനി നിന്റെ തിരുവിഷ്ടം അനുസരിച്ച് എന്നോട് പ്രവർത്തിച്ചുകൊള്ളുക. എന്റെ ജീവൻ വേർപെടുത്തണമേ. അങ്ങനെ ഞാൻ മരിച്ച് മണ്ണായിതീരട്ടെ. ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് ഭേദം. കാരണം മിഥ്യാപവാദങ്ങൾക്കു പാത്രമായി എന്റെ ഉള്ളിൽ ദുഃഖം നിറഞ്ഞിരിക്കുന്നു. ഈ ദുരിതത്തിൽനിന്ന് വിമുക്തനായി പോകാൻ കല്പിച്ചാലും; നീ എന്നിൽനിന്നും മുഖം തിരിക്കരുതേ. (തോബിത്ത് 3:2-6)

തോബിത്തിനെപ്പോലെ പ്രയാസങ്ങളെ നേരിടുമ്പോൾ മറ്റുള്ളവർ നമ്മെ പരിഹസിക്കുമ്പോൾ നാമും ദൈവത്തോട് പ്രാർത്ഥിച്ചുവെന്നു വരും, തന്റെ ജീവൻ തിരികെയെടുക്കണമെയെന്ന് തോബിത്തിന്റെ പ്രാർത്ഥന ദൈവം കേട്ടില്ല. ദൈവത്തിന് തോബിത്തിനെക്കൊണ്ട് വേറെ പ്ലാനുണ്ടായിരുന്നു. അവിടുന്ന് തോബിത്തിന് കാഴ്ച തിരികെ നൽകുകയും, ഒരു മാലാഖയെ അയച്ച് തോബിത്തിന്റെ ജീവിതം സന്തോഷപൂർണ്ണമാക്കുകയും ചെയ്തു.

നമ്മുടെ ജീവിതം ദുരിതപൂർണ്ണമാകുമ്പോൾ, നാം അപഹസിക്കപ്പെടുമ്പോൾ, നമ്മെ മറ്റുള്ളവർ തേജോവധം ചെയ്യുമ്പോൾ നാമും തോബിത്തിനെപ്പോലെ പ്രാർത്ഥിച്ചുവെന്നുവരും. അപ്പോഴും നമുക്ക് ദൈവത്തിലുള്ള നമ്മുടെ ശരണവും വിശ്വാസവും കൈവെടിയരുത്. ദൈവമേ അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെയെന്ന് പ്രാർത്ഥിക്കുവാൻ ശ്രമിക്കണം. ദൈവത്തിന്റെ തിരുവിഷ്ടം നമ്മുടെ നന്മതന്നെയാണ് എന്ന കാര്യത്തിൽ ഒരിക്കലും നാം സംശയിക്കണ്ട. ഈ ലോകത്തിൽ നമ്മെ സഹായിക്കാൻ ബാദ്ധ്യസ്ഥരായ ആരും നമ്മെ സഹായിക്കാൻ എത്തിയെന്നുവരില്ല. നന്മ ചെയ്യുമ്പോഴും തിന്മയാണ് സംഭവിക്കുന്നതെങ്കിൽ അത് ദൈവത്തിന്റെ തിരുവിഷ്ടമായി കാണുവാനുള്ള അനുഗ്രഹം നൽകണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം. നിറുത്തട്ടെ.

നിറുത്തട്ടെ

കോട്ടയം
10-04-2001

സ്നേഹപൂർവ്വം
Sd/-

# 51. വഞ്ചിക്കരുത്

പ്രിയ സഹപ്രവർത്തകരെ

സാമൂഹ്യജീവിയായ മനുഷ്യൻ പരസ്പരം സഹകരിച്ച് പ്രവർത്തിക്കേണ്ടവരാണ്. എത്ര സമ്പന്നനായാലും പണ്ഡിതനായാലും പാമരനായാലും പരസ്പരം സഹകരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥമാണ്. പൊന്നുംതുമ്പയുള്ളവന് ഇരുമ്പുതുമ്പയുള്ളവന്റെ ആവശ്യം വരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

പരസ്പരവിശ്വാസത്തോടെ നാം സഹകരിച്ച് പ്രവർത്തിച്ചാൽ എല്ലാവരുടെയും ജീവിതം ഭദ്രമാകും. പരസ്പരവിശ്വാസത്തിന് കോട്ടം സംഭവിച്ചാൽ സഹകരിച്ചുള്ള പ്രവർത്തനം ഒരിക്കലും വിജയിക്കുകയില്ല. നാം നമ്മുടെ

www.malankaralibrary.com

അയൽക്കാരോട്, ബന്ധുക്കളോട്, സ്വന്തം സഹോദരനോട് സഹകരിച്ച് പ്രവർത്തിക്കുമ്പോൾ വിശ്വാസവഞ്ചന കാട്ടിയിട്ടുണ്ടോ? നാം കാട്ടിയ വിശ്വാസവഞ്ചന, അയൽക്കാരൻ, ബന്ധു, സഹോദരൻ അറിഞ്ഞില്ലായെന്നു കരുതി തന്റെ വിശ്വാസവഞ്ചനയിൽ നാം അഭിമാനം കൊണ്ടിട്ടുണ്ടോ? നാം ഓരോരുത്തരും ആത്മശോധനചെയ്യേണ്ട കാര്യമാണിത്.

നമ്മെ വിശ്വാസമുള്ളവർ പലപ്പോഴും പലകാര്യങ്ങളും ചെയ്യുവാൻ ഏല്പിച്ചെന്നുവരും. അങ്ങനെയുള്ള സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടായിട്ടുണ്ടാകും. നമ്മെ വിശ്വാസത്തിലെടുത്ത് ചെയ്യാൻ ഏല്പിച്ച കാര്യങ്ങൾ നാം സത്യസന്ധമായി ചെയ്തിട്ടുണ്ടോ? അതിനിടയിൽ സ്വാർത്ഥതയോടെ നാം പ്രവർത്തിച്ചിട്ടുണ്ടോ?

എന്റെ ഒരു സ്നേഹിതന് ഒരു കാർ വില്ക്കാനുണ്ടായിരുന്നു. കാർ വില്ക്കാനുണ്ടെന്ന് പത്രത്തിൽ പരസ്യം കൊടുത്തു. പലരും വന്ന് കാറുകൾ കണ്ട് വിലപറഞ്ഞു. വില പറയുവാൻ വന്നവരിൽ പലരും ബ്രോക്കർമാരായിരുന്നു. അവർക്ക് ഇരുകക്ഷികളിൽ നിന്നും കമ്മീഷൻ വാങ്ങുക, വില സത്യം പറയാതെ (കബളിപ്പിക്കാൻ പറ്റുന്നവരാണെങ്കിൽ) വിലകൂട്ടി വാങ്ങുക എന്നത് സർവ്വസാധാരണമാണ്.

സ്വന്തം ആവശ്യത്തിന് വേണ്ടിയെന്ന് പറഞ്ഞ് ഒരാൾ വന്ന് കാറിന് വില പറഞ്ഞു. കച്ചവടം നടക്കുന്ന സമയത്ത് എന്നെക്കൂടി സുഹൃത്ത് ക്ഷണിച്ചു. ഞങ്ങൾ ഒന്നിച്ചിരുന്ന വിലപേശി ഒരു ലക്ഷത്തിമുപ്പതിനായിരം രൂപയ്ക്ക് കച്ചവടം ഉറപ്പിച്ചു. സ്വന്തം ആവശ്യത്തിനുവേണ്ടിയെന്നാണ് പറഞ്ഞതെങ്കിലും സ്വന്തം സഹോദരനുവേണ്ടിയായിരുന്നു വണ്ടി ഏർപ്പാടാക്കിയത്. തന്റെ സഹോദരന് കഴിയുന്നത്ര വില കുറച്ചുവാങ്ങിക്കൊടുക്കുവാനുള്ള താല്പര്യത്തെ ഞാൻ മനസ്സിൽ അഭിനന്ദിച്ചു. ആ സഹോദരസ്നേഹത്തെ പ്രശംസിക്കാൻ തന്നെ തോന്നി.

കാറിന് വിലപറഞ്ഞ് ഉറപ്പിച്ചയാളുടെ സഹോദരൻ വിദേശത്ത് ജോലിയാണ്. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും നാട്ടിൽ താമസിക്കാൻ എത്തിയിട്ടുണ്ട്. കുട്ടികളെ സ്ക്കൂളിൽ അയക്കാനും മറ്റാവശ്യങ്ങൾക്കുമായി ഒരു കാർ വാങ്ങണം. അതു വാങ്ങാനാണ് സഹോദരനെ ഏൽപിച്ചത്.

വണ്ടികൊണ്ടുപോകാനും കാറിന്റെ വിലതരാനുമായി സഹോദരഭാര്യയോടൊന്നിച്ച് കച്ചവടം ഉറപ്പിച്ചയാൾ വന്നു. വണ്ടിയുടെ ഗുണഗണങ്ങൾ വളരെ ഭംഗിയായി സഹോദരഭാര്യ ലിസിയെ പറഞ്ഞു കേൾപ്പിച്ചു. ഞങ്ങളല്ല പറഞ്ഞത്, സ്വന്തം സഹോദരൻതന്നെ. ലിസിക്ക് വണ്ടി നന്നേ ഇഷ്ടപ്പെട്ടു. ബാഗിൽ നിന്നും രൂപ എണ്ണിയെടുക്കാൻ തുടങ്ങി. അപ്പോൾ സഹോദരൻ വണ്ടി ഉടമസ്ഥനോട് പറഞ്ഞു ഒരു അയ്യായിരം രൂപായെങ്കിലും കുറക്കണമെന്ന്. നിർബന്ധിച്ചു. സാദ്ധ്യമല്ലെന്ന് ഞങ്ങളും പറഞ്ഞു. വണ്ടി വിലക്കുറച്ച് വാങ്ങിക്കുവാൻ സഹോദരൻ കാണിച്ച താല്പര്യത്തെയോർത്ത് ലിസിയും സന്തോഷിച്ചിരിക്കും. ഭർതൃസഹോദരന്റെ ആത്മാർത്ഥതയിൽ സംശയിക്കേണ്ട കാര്യമില്ലല്ലോ.

ലിസി ഒരു ലക്ഷത്തി അമ്പത്തയ്യായിരം രൂപ എണ്ണി സഹോദരനെ

www.malankaralibrary.com

ഏൽപിച്ചു. 500 ന്റെ മൂന്ന് കെട്ടും 50–ന്റെ ഒരുകെട്ടുമായിരുന്നു. സഹോദരൻ അകത്തുകയറി രൂപ വണ്ടി ഉടമസ്ഥനെ ഏല്പിച്ചിട്ട് ഒരുലക്ഷത്തിഅൻപതിനായിരം രൂപയുണ്ടെന്നും ഇപ്പോൾ ഞങ്ങൾ ഒരു സ്ഥലം വരെ പോവുകയാണെന്നും അത് ഇവിടെയൊരാൾക്ക് കൊടുക്കാനുള്ളതാണെന്നും ബാക്കി തുക വൈകിട്ട് വന്ന് വാങ്ങിക്കൊള്ളാമെന്നും പറഞ്ഞു. കാറുമായി അവർ പോവുകയും ചെയ്തു. നല്ല ഒരു വണ്ടി ലഭിച്ചതിലുള്ള സന്തോഷമായിരുന്നു ലിസിക്ക്. അവൾ തന്നെ വണ്ടി ഓടിച്ചു പോവുകയും ചെയ്തു. സഹോദരനോട് നന്ദിയും പറഞ്ഞുകാണും.

വൈകുന്നേരം വന്ന് സഹോദരൻ ബാക്കി തുകവാങ്ങി. 25,000 രൂപ സ്വസഹോദരനെ കളിപ്പിക്കുകയായിരുന്നുവെന്ന വസ്തുത അപ്പോഴാണ് ഞങ്ങൾ അറിയുക. സ്വന്തം സഹോദരനെ വിശ്വസ്തതയോടെ ഏല്പിച്ച ചുമതല, ഭംഗിയായി നിർവ്വഹിച്ചുവെന്ന് ബോദ്ധ്യപ്പെടുത്തി, ഇരുപത്തയ്യായിരം രൂപ തട്ടിയെടുത്ത സഹോദരന്റെ നിലപാട് എത്ര കുറ്റകരമാണ്. ആർക്ക് ആരെ വിശ്വസിച്ച് ഒരു കാര്യം ഏല്പിക്കുവാൻ സാധിക്കും.

പിതാവിന്റെ സന്തോഷത്തിനുവേണ്ടി ജീവിതകാലം മുഴുവൻ കല്ല്യാണം കഴിക്കുകയില്ലെന്ന് ഉറപ്പുകൊടുത്ത മക്കളിവിടെയുണ്ടായിരുന്നു. സ്വന്തം സഹോദരനുവേണ്ടി ജീവൻ തന്നെ ത്യജിക്കാൻ തയ്യാറായി വനവാസം അനുഷ്ഠിക്കാൻ തയ്യാറായ സഹോദരൻ ഈ നാട്ടിൽ ഉണ്ടായിരുന്നു. ഈ ഒരു പൈതൃകമായിരുന്നു നമ്മുടേത്. ഇന്നതല്ലാം ആഗോളവൽക്കരണത്തിന്റെ ആവിർഭാവത്തോടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വിശ്വാസവഞ്ചന ഏറ്റവും വലിയ പാപമാണ്. ആ പാപത്തിൽ വീഴാതിരിക്കാൻ നമുക്ക് ശ്രമിക്കാം. നിറുത്തട്ടെ.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
10–05–2001 Sd/-

# 52. തീരുമാനമെടുക്കേണ്ടത് എങ്ങനെ?

പ്രിയ സഹപ്രവർത്തകരേ,

മനുഷ്യരെല്ലാം വ്യത്യസ്ത സ്വഭാവക്കാരാണ്. എങ്കിലും പൊതുവായ ചില ഗുണവിശേഷങ്ങൾ മനുഷ്യനുണ്ട്. മൃഗങ്ങളിൽനിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത് ആ ഗുണവിശേഷങ്ങളാണ്. ഏതെങ്കിലും ഒരു സംഭവം നടക്കുമ്പോൾ അതിനോട് അനുകൂലമോ പ്രതികൂലമോ ആയ അഭിപ്രായം നമുക്കുണ്ടാവുക സാധാരണമാണ്. പെട്ടെന്ന് നാമത് പ്രകടിപ്പിക്കുകയും ചെയ്തെന്നു വരാം. പെട്ടെന്നുള്ള പ്രതികരണം ചിലപ്പോൾ തെറ്റിപ്പോയെന്നു വരാം. ചിലപ്പോൾ ശരിയുമായിരിക്കാം.

എന്റെ ഒരു സ്നേഹിതൻ പ്രമോഷൻ കിട്ടി ഒരു സ്ഥാപനത്തിന്റെ അധിപനായി പോവുകയാണ്. അദ്ദേഹത്തിന് നല്ലൊരു യാത്രയയപ്പ് നൽകുവവാൻ സഹപ്രവർത്തകർ തീരുമാനിച്ചു. ഉന്നതസ്ഥാനം ലഭിച്ചതിൽ അനുമോ

www.malankaralibrary.com

ദിച്ചുകൊണ്ട് പഴക്കവും ഇരുത്തവും ചെന്ന പരിണതപ്രജ്ഞനായ ഒരാൾ പറഞ്ഞു, അങ്ങ് ഒരു സ്ഥാപനത്തിന്റെ അധിപനായി പോവുകയാണ്. പലരെ കൂട്ടിയിണക്കി ഒരുമിപ്പിച്ചുകൊണ്ടുപോകേണ്ട വലിയ ഒരു ചുമതലയാണ് അങ്ങേയ്ക്കുള്ളത്. ഏതൊരു കാര്യത്തെപ്പറ്റിയും ഒരു തീരുമാനമെടുക്കേണ്ടത് വളരെ ആലോചിച്ചുവേണം. പെട്ടെന്ന് ഒരു തീരുമാനമെടുക്കരുത്. ഒരു തീരുമാനമെടുക്കുമ്പോൾ രണ്ടുമൂന്നു പ്രാവശ്യമെങ്കിലും സാവധാനം ആലോചിച്ച് ചിന്തിച്ച് മാത്രമേ തീരുമാനമെടുക്കാവൂ.

ആ അനുമോദനപ്രസംഗം ഒരു ഉപദേശം കൂടിയായിരുന്നു. അവിടെ കൂടിയിരുന്ന എല്ലാവരും ആ ഉപദേശം ശ്രവിച്ചു. എല്ലാവർക്കും വളരെ പ്രയോജനപ്രദമായിരുന്നു ആ അഭിപ്രായം. നാം നമ്മുടെ ജീവിതത്തിൽ ഒരു തീരുമാനമെടുക്കുന്നതും അഭിപ്രായം പുറപ്പെടുവിക്കുന്നതും വളരെ ആലോചിച്ചാണോ? പെട്ടെന്നുള്ള തീരുമാനമെടുത്ത് സഹപ്രവർത്തകരുടെ മുൻപിൽ നാം എന്നെങ്കിലും സ്വയം അപഹാസ്യരായി തീർന്നിട്ടുണ്ടോ? പെട്ടെന്നുള്ള തീരുമാനം വഴി നാം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന് ആക്ഷേപാർഹമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ?

എന്റെ ഒരു സ്നേഹിതൻ തന്റെ അനുഭവം പങ്കുവയ്ക്കുകയുണ്ടായി. ഒരു വ്യക്തി അദ്ദേഹത്തിന് പേഴ്സണൽ എന്നെഴുതി രണ്ടു വർഷത്തിനിടെ 28 കത്തുകൾ അയക്കുകയുണ്ടായി. അതെല്ലാം അദ്ദേഹം ഭദ്രമായി സൂക്ഷിച്ചു വച്ചിട്ടുണ്ട്. ആ കത്തുകൾ എല്ലാം പെട്ടെന്നുള്ള വികാരവിക്ഷോഭമാണെന്ന് വായിക്കുന്ന ആർക്കും മനസ്സിലാക്കുവാൻ സാധിക്കും. ഒന്നുകൂടി ആലോചിച്ചിട്ടാണെങ്കിൽ അദ്ദേഹം അത്രയും നിലവാരം കുറഞ്ഞരീതിയിൽ എഴുതുകയില്ലായിരുന്നു. പെട്ടെന്നുള്ള എഴുത്തിലെ കാര്യങ്ങൾ അദ്ദേഹത്തിന്റെ മാനസികനില വിളിച്ചറിയിക്കുകയാണ് ചെയ്യുന്നത്.

തനിക്ക് ഒരിക്കലും തെറ്റുപറ്റുകയില്ലെന്നും താൻ പറയുന്നത് മുഴുവൻ ശരിയാണെന്നുമുള്ള ചിന്തയാണ് പലപ്പോഴും പലരെയും ഇങ്ങനെയൊക്കെ എഴുതുവാൻ പ്രേരിപ്പിക്കുന്നത്. തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോൾ മാന്യമായ പദങ്ങൾ പോലും ഉപയോഗിക്കാതെ ശാപവാക്കുകളും പരുഷമായ പ്രയോഗങ്ങളും ഉപയോഗിക്കുന്നത് പെട്ടെന്നുള്ള വികാരപ്രകടനത്തിന്റെ ഫലമായിട്ടാണ്. ഒന്നുകൂടി ആലോചിച്ചിട്ടാണ്, ചിന്തിച്ചിട്ടാണ് എഴുതുന്നതെങ്കിൽ അതിൽ പലതും നാം തന്നെ മാറ്റിക്കളയുമായിരുന്നു. നമ്മെപ്പോലെ മറ്റുള്ളവർക്കും കഴിവുണ്ടെന്നും ഒരുപക്ഷേ നമ്മളേക്കാൾ കൂടുതൽ കഴിവ് ചില രംഗങ്ങളിലെങ്കിലും മറ്റുള്ളവർക്കുണ്ടെന്നും സമ്മതിക്കുവാനുള്ള വിവേകം നമുക്കുണ്ടാകണം. ആ വിവേകം നമുക്കുണ്ടാകുമ്പോഴാണ് നമ്മെ മറ്റുള്ളവർ ആദരിക്കാൻ തയ്യാറാകുന്നത്. ആ തിരിച്ചറിവ് സംഘടനാപ്രവർത്തകരായ നമുക്ക് ഒക്കെ ഉണ്ടാകണം. അതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നിറുത്തട്ടെ.

നിറുത്തട്ടെ

കോട്ടയം
05–06–2001

സ്നേഹപൂർവ്വം
Sd/-

www.malankaralibrary.com

# 53. ആഗോള മദ്യലോബി

പ്രിയ സഹപ്രവർത്തകരേ,

ജൂലൈ 30–ാം തീയതിയിലെ ദീപിക പത്രത്തിൽ ഒന്നാം പേജിൽ വന്ന ഒരു വാർത്ത നിങ്ങളിൽ പലരും വായിച്ചു കാണും. ആഗോള മദ്യലോബി യുടെ ലക്ഷ്യം കേരളം എന്നാണ് പ്രസ്തുത വാർത്തയുടെ തലക്കെട്ട്. ആ വാർത്തയിൽ ഇങ്ങനെ കാണുന്നു. അന്താരാഷ്ട്ര മദ്യലോബി കേരളത്തെ ലക്ഷ്യം വെയ്ക്കുന്നതായി ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയി ട്ടുണ്ട്.

മൂന്നാം ലോകരാജ്യങ്ങളിൽ മദ്യവില്പന സജീവമാക്കുന്നതിന്റെ ഭാഗ മായാണ് ഈ പദ്ധതി. ഇക്കാര്യത്തിൽ ഇന്ത്യയ്ക്കാണ് മുന്തിയ പരിഗണന നൽകിയിരിക്കുന്നത്. ഉയർന്ന ഉപഭോക്തൃസംസ്ക്കാരമുള്ള ഒരു സംസ്ഥാന മെന്ന നിലയിലാണ് കേരളത്തെ മദ്യവില്പനയിലും മുൻപന്തിയിലെത്തിക്കാൻ മദ്യലോബി കണ്ടുവെച്ചത്. കേരളത്തിലെ ബിയറിന്റെയും വൈനിന്റെയും വിപണിയ്ക്ക് അനന്തസാദ്ധ്യതകളുണ്ടെന്ന് മദ്യലോബിയുടെ ഗവേഷണങ്ങളിൽ കണ്ടെത്തിയ കാര്യവും ലോകാരോഗ്യസംഘടന സൂചിപ്പിച്ചിട്ടുണ്ട്. വളരെ ഗൗരവപൂർവ്വം നാം കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണിത്. മദ്യവില്പന വർദ്ധിപ്പിക്കുന്നതിനുള്ള ഹ്രസ്വദീർഘകാല ശാസ്ത്രീയ പദ്ധതികളും മദ്യ ലോബി ആസൂത്രണം ചെയ്തു കഴിഞ്ഞുവെന്നും വിവേകപൂർണ്ണമായ മദ്യ പാനം പ്രോത്സാഹിപ്പിക്കുകയാണ് ഇവരുടെ പ്രധാന പദ്ധതിയെന്നും തന്ത്രപ രമായ ഒരു സമീപനത്തിന്റെ ഭാഗമാണിതെന്നും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടു ണ്ട്. മദ്യത്തിനെതിരെയുള്ള ബോധവത്കരണം എന്ന വ്യാജേന സംശയങ്ങൾക്ക് ഇടനൽകാത്തവിധം പ്രോത്സാഹിപ്പിക്കുകയാണ് ഈ രീതിയെന്നും ഈ ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുവാൻ വൻകിട മദ്യമുതലാളിമാരുടെ നേതൃത്വത്തിൽ രൂപീകൃതമായ സാസ്പി എന്ന സംഘടനയുടെ ഘടകം കേരളത്തിലും പ്രവർത്തനം ആരംഭിച്ചുവെന്നുമാണ് റിപ്പോർട്ട്.

മദ്യലോബിയുടെ പ്രവർത്തനം സർക്കാരിനെ വരെ സ്വാധീനിച്ചിട്ടുണ്ടോ യെന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിലേറിയ ഒരു ഗവൺമെന്റ് 55 വിദേശമദ്യഷാപ്പുകൾ ആരംഭിച്ചതും 500 ലേറെ വിദേശമദ്യഷാപ്പുകൾ സംസ്ഥാ നത്തൊട്ടാകെ ആരംഭിക്കാൻ പ്ലാനിടുന്നതും ഈ മദ്യലോബിയുടെ സംഘ ടിത പ്രവർത്തനത്തിന്റെ ഫലമായിട്ടാണോ?

കേരളത്തിലെ ക്രൈസ്തവസമൂഹം മദ്യവിരുദ്ധ പ്രചരണത്തിൽ ഏർപ്പെ ട്ടിട്ട് കാലങ്ങളേറെയായി. ആ പ്രവർത്തനം പൂർണ്ണമായി വിജയിച്ചിട്ടില്ല. ഈ പ്രശ്നം സംബന്ധിച്ച് കത്തോലിക്കരായ രാഷ്ട്രീയ പ്രവർത്തകർ ഉറച്ചനിലപാ ടെടുക്കാത്തത് എന്തുകൊണ്ടാണ്? എ.കെ.സി.സി.യുടെ ഓരോ പ്രവർത്ത കനും ഈ പ്രത്യേക സാഹചര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കണമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

കേരളത്തിൽ 55 വിദേശമദ്യഷാപ്പുകൾ ആരംഭിച്ചു. മുസ്ലീംങ്ങളുടെ കേന്ദ്രമായ മലപ്പുറം ജില്ലയിൽ ഒരൊറ്റ വിദേശമദ്യഷാപ്പുപോലും ആരംഭിച്ചില്ല. മുസ്ലീം മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ഉറച്ച നിലപാടാണ് ഇതിന് കാരണമെന്ന് പറയപ്പെടുന്നു. ക്രൈസ്തവ എം.എൽ.എ മാരും മന്ത്രിമാരും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ വിദേശമദ്യഷാപ്പുകൾ ഇഷ്ടംപോലെ ആരംഭിക്കുമ്പോൾ അതിനോട് പ്രതികരിക്കുവാൻ എന്തുകൊണ്ട് നമ്മുടെ നേതാക്കൾക്ക് സാധിക്കുന്നില്ല.

നമ്മുടെ രാഷ്ട്രീയ നേതാക്കളുടെ ഈ മനോഭാവം അപകടകരം തന്നെയാണ്. ഈ മദ്യലോബിയുടെ സ്വാധീനത്തിൽനിന്നും കേരളജനതയെ മോചിപ്പിക്കാനുള്ള ദൗത്യമാണ് ഓരോ ക്രൈസ്തവനും ഏറ്റെടുക്കേണ്ടത്. എ.കെ.സി.സി. പ്രവർത്തകരും അതിനുള്ള പ്രവർത്തനത്തിൽ പങ്കുചേരണം.

മദ്യവിമുക്ത കേരളത്തിനുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. നിറുത്തട്ടെ.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
10-08-2001 — Sd/-

# 54. കൂട്ടായ പ്രവർത്തനത്തിന്റെ നേട്ടം

പ്രിയ സഹപ്രവർത്തകരേ,

നമ്മളൊക്കെ പൊതുപ്രവർത്തകരാണ്. നമ്മൾ എത്ര സമർത്ഥരാണെങ്കിലും ഒറ്റക്കൊന്നും കാര്യമായി ചെയ്യുവാൻ സാധിച്ചെന്നു വരികയില്ല. കൂട്ടുത്തരവാദിത്വത്തോടെ സഹകരിച്ചു പ്രവർത്തിക്കുമ്പോഴാണ് നല്ല കാര്യങ്ങൾ ഭംഗിയായും എളുപ്പമായും ചെയ്യാൻ സാധിക്കുന്നത്. കൂട്ടായി പ്രവർത്തനം നടത്തുമ്പോൾ അതിൽ പ്രവർത്തിക്കുന്നവർ തമ്മിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുകയില്ല. ഒരാളുടെ പോരായ്മ പരിഹരിക്കുവാൻ മറ്റുള്ളവർക്ക് സാധിക്കുക തന്നെ ചെയ്യും.

ഒന്നിച്ചു പ്രവർത്തിക്കുന്നവർതന്നെ തമ്മിൽതമ്മിൽ ഭിന്നിച്ച് പോരടിക്കുന്ന കാഴ്ച നമുക്ക് പലപ്പോഴും കാണുവാൻ സാധിക്കും. രാഷ്ട്രീയമണ്ഡലത്തിലായാലും മറ്റിതര മണ്ഡലങ്ങളിലായാലും അത് വളരെ വ്യക്തമായി നമുക്ക് കാണാവുന്നതാണ്. 1950-കളിൽ വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെയും യുവജനപ്രസ്ഥാനങ്ങളിലൂടെയും വളർന്നുവന്നവർ - ഒന്നിച്ച് പ്രവർത്തിച്ചുവന്നവർ - അധികം കഴിയുന്നതിനുമുമ്പ് പരസ്പരം പോരടിക്കുന്നത് നാം കാണേണ്ടിവന്നു. രാഷ്ട്രീയരംഗത്ത് പിച്ചവെപ്പിച്ചവരെ തള്ളിപ്പറയാനും പലർക്കും ഒരു മടിയും ഇല്ലായിരുന്നു. സ്വാർത്ഥതയാണ് ഇതിനവരെ പ്രേരിപ്പിച്ചത്.

അതേ സ്വാർത്ഥതയാണ് എല്ലാ മേഖലകളിലേക്കും ഇന്ന് വ്യാപിച്ചുകൊണ്ടിരിക്കുന്നത്. പൊതുപ്രവർത്തനരംഗത്ത് ഒന്നുമല്ലാതിരുന്നവരെ കൈപിടിച്ചുയർത്തി ഉന്നതസോപാനങ്ങളിലേക്ക് ഉയർത്തിയവരെ തള്ളിപ്പറയാൻ മടി

www.malankaralibrary.com

ക്കാത്ത ഒരു യുവതലമുറയാണ് ഇന്ന് വളർന്നുവരുന്നത്. തങ്ങൾ എല്ലാം തികഞ്ഞവരാണെന്നും തങ്ങളുടെ കഴിവിന്റെ നേട്ടങ്ങളാണ് തങ്ങളുടെ വളർച്ചയുടെ പിന്നിലുള്ളതെന്നും വിശ്വസിച്ച് പ്രവർത്തിക്കുന്നവർ കൂട്ടുത്തരവാദിത്വത്തിന്റെ നേട്ടങ്ങൾ വിസ്മരിക്കുകയാണ്. നമ്മുടെ എല്ലാ നേട്ടങ്ങളും സഹപ്രവർത്തകരുടെ സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അപ്പോൾ നമ്മുടെ പൊതുപ്രവർത്തനം കൂടുതൽ ധന്യമാകും. നല്ല ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും. കൂടുതൽ കൂടുതൽ സ്ഥാനമാനങ്ങൾ നാമാകെ പ്രതീക്ഷിക്കുക സ്വാഭാവികമാണ്. പുതിയ പടവുകൾ ചവുട്ടിക്കയറാൻ ശ്രമിക്കുമ്പോൾ, അതിനുള്ള വഴികളും സംശുദ്ധമായിരിക്കുവാൻ ശ്രമിക്കണം. നേരായ വഴികളിലൂടെ ചവിട്ടിക്കയറുന്നവർക്കു മാത്രമേ ജനഹൃദയങ്ങളിൽ ശാശ്വത പ്രതിഷ്ഠ ലഭിക്കുകയുള്ളു. ഈ സത്യം ഗ്രഹിച്ച് പൊതു പ്രവർത്തകരായ ഓരോരുത്തരും നീങ്ങുകതന്നെവേണം.

നിറുത്തട്ടെ

കോട്ടയം
10–10–2001

സ്നേഹപൂർവ്വം
Sd/-

## 55. ആരാണ് ഇടയന്മാർ

പ്രിയ സഹപ്രവർത്തകരേ,

ഇടയൻ എന്നു കേൾക്കുമ്പോൾ നാം സാധാരണ ചിന്തിക്കുന്നത് മെത്രാന്മാരെപ്പററിയോ, വൈദികരെപ്പററിയോ ആണ്. എന്നാൽ തങ്ങൾക്ക് ഏല്പിക്കപ്പെട്ടവരെ സംബന്ധിച്ചിടത്തോളം എല്ലാ വ്യക്തികളും ഇടയന്മാരാണ് എന്ന യാഥാർത്ഥ്യം നാം മറക്കരുത്. മാതാപിതാക്കൾ കുടുംബങ്ങൾക്ക്; അദ്ധ്യാപകർ വിദ്യാർത്ഥി ലോകത്തിന്; ഭരണാധികാരികൾ രാജ്യത്തിന് പൊതുപ്രവർത്തകർ അവർ നേതൃത്വം നൽകുന്ന സംഘടനകൾക്ക്, ഡോക്ടർമാരും നേഴ്സുമാരും രോഗികൾക്ക്, വ്യവസായികളും കച്ചവടക്കാരും പൊതുജനത്തിന്, ഉദ്യോഗസ്ഥർ തങ്ങളുടെ സേവനം അർഹിക്കുന്നവർക്ക് ഇടയന്മാരാണ്.

ക്രിസ്തുവിന്റെ പ്രവർത്തനം തുടരേണ്ടത് ഇന്നത്തെ നേതാക്കന്മാരിലൂടെയാണ്. നേതാവിന്റെ വാചാലതയിലല്ല പ്രവർത്തിയിലാണ് നാം വിശ്വാസം വയ്ക്കേണ്ടത്. രാജ്യം ഭരിക്കുന്ന മന്ത്രിയും കുടുംബം നയിക്കുന്ന കുടുംബനാഥനും സംഘടനകളെ നയിക്കുന്ന നേതാക്കന്മാരും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ആദർശം സ്വീകരിക്കാതെ ക്രിസ്തുവിനെ പിന്തുടരുക സാദ്ധ്യമല്ല. അധികാരഗർവ്വില്ലാതെ, നീചലാഭം നോക്കാതെ, മററുള്ളവരുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കാതെ, നണ പ്രചാരണം നടത്താതെ, സേവനമനസ്ഥിതിയോടെ തങ്ങളുടെ കീഴിലുള്ളവർക്ക് മാതൃകനൽകാൻ നാമെല്ലാം ശ്രമിച്ചിരുന്നുവെങ്കിൽ ലോകം എത്ര മെച്ചപ്പെട്ടേനേ. തങ്ങളെ ഏല്പിക്കപ്പെട്ടിരിക്കുന്ന കർത്തവ്യങ്ങളും ചുമതലകളും ശരിക്ക് നിർവ്വഹിക്കാത്തവർ നല്ല ഇടയന്മാരല്ല എന്ന് പറയേണ്ടിയിരിക്കുന്നു.

www.malankaralibrary.com

പൊതുപ്രവർത്തകരായ നാമെല്ലാം നമ്മെ ഏല്പിച്ച ജോലികൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിച്ചെങ്കിൽ മാത്രമെ നല്ല ഇടയന്മാരായി തീരുവാൻ സാധിക്കുകയുള്ളൂ. സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാത്തവർ ഗ്രൂപ്പുകൾ ഉണ്ടാക്കി, മററുള്ളവരിൽ കുററം ചുമത്തി തടി തപ്പുവാൻ ശ്രമിക്കുന്നതായി പലപ്പോഴും കാണാം. സഹപ്രവർത്തകരെ അധിക്ഷേപിച്ചും അവഹേളിച്ചും ലഘുലേഖകൾ അടിച്ചിറക്കുന്നവരും താൻ ചെയ്യേണ്ടകാര്യങ്ങൾ ചെയ്യാതെ മററുള്ളവരെ കുററപ്പെടുത്തി തൻപ്രമാണിത്തം കാണിക്കാൻ ശ്രമിക്കുന്നവരും നല്ല ഇടയന്റെ ഭാഗം ശരിയായി അഭിനയിക്കുന്നില്ല.

ഇന്ന് കേരളജനത വൻ സാമ്പത്തിക തകർച്ചയിലാണ്. ഇവിടെ ജനങ്ങൾ സംഭീതരായി കഴിയുന്നു. ജീവിതനൈരാശ്യംമൂലം പലരും ആത്മ ഹത്യ ചെയ്യുന്നു. ഇത്രമാത്രം ജനങ്ങൾ കഷ്ടപ്പെട്ട ഒരു ചരിത്രം കേരളത്തി ലുണ്ടാവുകയില്ല. ഈ സന്ദർഭത്തിൽ സമുദായത്തിന് സുശക്തമായ നേതൃത്വം നൽകുവാൻ ശാഖാതലം തുടങ്ങി സംസ്ഥാനതലം വരെയുള്ള നേതാക്കൾക്ക് സാധിച്ചിട്ടുണ്ടോ? എന്തെങ്കിലും പ്രവർത്തിക്കുന്നവരെ നിരുത്സാഹപ്പെടുത്തി അവരെ ആക്ഷേപിച്ച് ഒന്നും ചെയ്യാൻ സാധിക്കാത്ത ഒരു സാഹചര്യം സംഘടനയിൽ ശാഖാതലത്തിലും സംസ്ഥാനതലത്തിലും ഉണ്ടായിട്ടുണ്ടോ? നാമോരോരുത്തരും ഗാഢമായി ചിന്തിക്കേണ്ട ഒരു പ്രശ്നമാണിത്?

സമകാലീനപ്രശ്നങ്ങളോട് പ്രതികരിക്കുന്നതിൽ കത്തോലിക്കാ കോൺഗ്രസ്സ് എന്നും സജീവമായിരുന്നു. രാഷ്ട്രീയ താല്പര്യങ്ങൾക്കതീതമായി എന്നും പ്രതികരിക്കുകയും ചെയ്തിരുന്നു. എക്കാലവും എല്ലാവരും അത് തുറന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ആ പാരമ്പര്യം നിലനിർത്താൻ, ശാഖാപ്രവർത്തകർക്ക്, രൂപതാതല പ്രവർത്തകർക്ക്, സംസ്ഥാനതല നേതാ ക്കൾക്ക് സാധിച്ചിട്ടുണ്ടോ? ഓരോ പ്രവർത്തകനും ആത്മശോധന നടത്തേണ്ട സമയമാണിത്.

ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇൻഫാം ഇന്ന് സജീവ മായി രംഗത്തുണ്ട്. ഇൻഫാം പ്രവർത്തനങ്ങളോട് സഹകരിച്ച് ഈ രാജ്യത്തെ ലക്ഷോപലക്ഷം ജനങ്ങളുടെ അവകാശസംരക്ഷണത്തിൽ പങ്കുചേരാൻ എല്ലാ വരോടും വിനീതമായി അഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം

10-11-2001 Sd/-

## 56. ക്രൈസ്തവ - ആർ.എസ്സ്.എസ്സ്. ചർച്ച

പ്രിയ സഹപ്രവർത്തകരേ,

ക്രൈസ്തവ ആർ.എസ്സ്.എസ്സ്. ചർച്ചയിൽനിന്ന് കത്തോലിക്കാ മെത്രാന്മാർ വിട്ടുനിന്നത് ഒട്ടേറെ വിവാദം സൃഷ്ടിച്ചിരിക്കുകയാണല്ലോ. ആ ചർച്ചയിൽ മെത്രാന്മാർ പങ്കെടുക്കാതിരുന്നത് ശരിയായില്ലെന്ന് ഒററനോട്ടത്തിൽ നമുക്ക് തോന്നിയേക്കാം. അങ്ങനെയുള്ള പ്രശ്നങ്ങളെപ്പററി നാം ഒരു

www.malankaralibrary.com

വിധിയെഴുതുന്നതിനു മുൻപ് സത്യം എന്താണെന്ന് ഗ്രഹിക്കുവാൻ ശ്രമിക്കണം. മുൻവിധിയോടുകൂടി നാമൊരു അഭിപ്രായം പ്രകടിപ്പിക്കുന്നത് പക്വതയില്ലായ്മ മൂലമാണ്.

നാം ആരോടാണ് ചർച്ച ചെയ്യേണ്ടത്. ഹിന്ദുസമുദായത്തിൽപ്പെട്ട ആളുകൾ ചേർന്ന് രാഷ്ട്രീയലക്ഷ്യംവെച്ച് രൂപീകരിച്ച് പ്രവർത്തിക്കുന്ന നിരവധി രാഷ്ട്രീയ സംഘടനകൾ ഉണ്ട്. അവരോടെല്ലാം ചർച്ചയ്ക്ക് തയ്യാറാകണമെന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. എല്ലാ രാഷ്ട്രീയസംഘടനകളുടെയും മുൻപിൽ കത്തോലിക്കാ മെത്രാൻമാരെ അണിനിരത്തി ചർച്ച ചെയ്യിക്കാമെന്ന് ആരെങ്കിലും വിചാരിച്ചാൽ അത് നടക്കുന്ന കാര്യമല്ല. സംവാദം നടത്തേണ്ടത് വിശ്വാസ്യതയുള്ള സംഘടനകളുമായിട്ടാണ്. ഫാസിസ്റ്റ് നിലപാടുകൾ പുലർത്തുന്ന സംഘടനകളെ അകററി നിർത്തിയാണ്മതേതരത്വം സംരംക്ഷി ക്കേണ്ടത്. അതിനുള്ള വിവേകമാണ് ചർച്ചയ്ക്ക് നേതൃത്വം കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടത്.

ന്യൂനപക്ഷ കമ്മീഷൻ എല്ലാ മതന്യൂനപക്ഷങ്ങളെയും ഒന്നിച്ചിരുത്തി ഭൂരിപക്ഷമതനേതാക്കളുമായി സംവാദം സംഘടിപ്പിക്കുകയാണ് വേണ്ടത്. മതനേതാക്കളുമായിട്ടല്ലാതെ, വർഗ്ഗീയത വളർത്തി അതിലൂടെ രാഷ്ട്രീയ ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന സംഘടനകളുമായി ചർച്ചചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ആ തിരിച്ചറിവ് നമ്മുടെ ക്രൈസ്തവമെത്രാൻ മാർക്ക് ഉണ്ടായതുകൊണ്ടാണ് അവർ ചർച്ചയിൽ പങ്കെടുക്കാതിരുന്നതെന്ന് നാം മനസ്സിലാക്കണം.

ന്യൂനപക്ഷകമ്മീഷൻ അംഗം ജോൺ ജോസഫ് ഈ സംവാദത്തെപ്പററി ചർച്ച ചെയ്യുവാൻ ചില മെത്രാന്മാരുമായി ഫോണിൽകൂടിയും നേരിട്ടും സംസാരിച്ചിരുന്നു. ഡിസംബർ ആദ്യം കേരളത്തിലെ ബിഷപ്സ് ഒരു യോഗം ചേരുന്നുണ്ടെന്നും അവിടെവച്ച് ഈ സംവാദത്തെപ്പററിയുള്ള തങ്ങളുടെ നിലപാട് ചർച്ചചെയ്ത് വിവരം അറിയിക്കാമെന്നും ജോൺ ജോസഫിനോട് പറഞ്ഞതാണ്. മെത്രാന്മാരുടെ അഭിപ്രായം സ്വീകരിച്ചുപോയ ജോൺ ജോസഫ് തന്റെ നിലപാട് പെട്ടെന്ന് മാററുകയും സംവാദം സംഘടിപ്പിക്കുകയുമാണ് ചെയ്തത്. ഇതിന്റെ പിന്നിൽ ഒരു ഗൂഢാലോചനയുണ്ട്.

ഈ ആലോചനയിൽ പങ്കെടുക്കാൻ ചില ക്രൈസ്തനാമധാരികളെ ജോൺ ജോസഫ് ക്ഷണിക്കുകയുണ്ടായി. കത്തോലിക്കാ സമുദായ ത്തിനെതിരായ നിലപാട് സ്വീകരിക്കുന്ന അക്കൂട്ടരെ വിളിച്ചുവരുത്തി അവരുടെ യരുകിൽ മെത്രാന്മാരെയിരുത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്ന് വിചാരിച്ചവർക്ക് തെററുപററി.

വ്യക്തമായ ഒരു അജണ്ടയില്ലാതെ, കത്തോലിക്കാ സമുദായത്തെ പ്രതിനിധീകരിച്ച് ആരൊക്കെ ചർച്ചയിൽ പങ്കെടുക്കണമെന്ന് മുൻകൂട്ടി നിശ്ചയിക്കാതെ നടത്തുന്ന ചർച്ചകൾ ഫലമണിയുകയില്ല. കത്തോലിക്കാ താല്പര്യങ്ങൾക്കെതിരെ എന്നും നിലകൊള്ളുന്നവരെ, കത്തോലിക്കരുടെ പ്രതിനിധിയായി അംഗീകരിക്കുന്നവരുടെയും ലക്ഷ്യം മറെറാന്നാണ്.

ഇത്രയും ഞാനെഴുതാൻ കാരണം ശുദ്ധഗതിക്കാരായ പലരും പ്രശ്ന ത്തിന്റെ വിവിധവശങ്ങൾ മനസ്സിലാക്കാതെകൊണ്ട് സംസാരിക്കുന്നത് കേട്ടതു

www.malankaralibrary.com

കൊണ്ടാണ്. അനുഭവസമ്പത്തും ദീർഘവീക്ഷണവുമുള്ള മെത്രാന്മാരുടെ പ്രവർത്തനങ്ങളിൽ വിശ്വാസമുള്ളവരായി നാം പ്രവർത്തിക്കുകയാണ് വേണ്ടത്. അപ്പോൾ മുൻവിധിയില്ലാതെ പ്രശ്നങ്ങളെ വിലയിരുത്താൻ നമുക്ക് സാധിക്കും. അതിനുള്ള പക്വത നമുക്കെല്ലാവർക്കും ഉണ്ടാകാൻ പ്രാർത്ഥിക്കാം.

നിറുത്തട്ടെ

കോട്ടയം
10-12-2001

സ്നേഹപൂർവ്വം
Sd/-

# 57. ഇതെല്ലാം നിനക്ക് തരാം

പ്രിയ സഹപ്രവർത്തകരേ,

വിശുദ്ധ മത്തായിയുടെ സുവിശേഷം നാലാം അദ്ധ്യായം 8 മുതൽ 11 വരെയുള്ള വാക്യങ്ങൾ ഉദ്ധരിക്കട്ടെ. "തുടർന്ന് പിശാച് യേശുവിനെ വളരെ ഉയർന്ന ഒരു മലയുടെ മുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ പ്രതാപവും കാണിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു, നീ സാഷ്ടാംഗം വീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം ഞാൻ നിനക്ക് തരും. അപ്പോൾ യേശു കല്പിച്ചു, സാത്താനേ പോകൂ; നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം, അവനെ മാത്രമേ സേവിക്കാവൂ. എന്ന് വിശുദ്ധ ലിഖിതങ്ങളിൽ ഉണ്ടല്ലോ. അപ്പോൾ പിശാച് അവനെ വിട്ടകന്നു. മാലാഖമാർ വന്ന് അവനെ പരിചരിച്ചു."

വിശുദ്ധ മത്തായി എഴുതിയ ഈ സുവിശേഷ ഭാഗങ്ങൾ പൊതുപ്രവർത്തകർ വളരെ സൂക്ഷ്മതയോടെ ചിന്തിച്ച് പഠിക്കേണ്ടതാണ്. സർവ്വാധിരാജനായ യേശുവിനെ മലമുകളിൽ നിർത്തിയിട്ട് പിശാചാണ് അവനോട് പറയുന്നത് സാഷ്ടാംഗം വീണ് ആരാധിച്ചാൽ ഇതെല്ലാം നിനക്ക് തരാമെന്ന്. ആരാണ് യേശു? ആരാണ് പിശാച്? നമുക്കെല്ലാം അറിയാം. യേശുവിനോട് പിശാച് പറഞ്ഞതുപോലെ നാം ആരോടെങ്കിലും പറഞ്ഞിട്ടുണ്ടോ? നീ എല്ലാം ഉപേക്ഷിച്ചാൽ നിനക്ക് വലിയ സ്ഥാനമാനങ്ങൾ നൽകാം. അതു പറയാനുള്ള അവകാശം അധികാരം നിനക്കുണ്ടോ? പിശാചു പറഞ്ഞതുപോലെ നാം പറയുന്നുവെങ്കിൽ നാം പിശാചിന്റെ ഭാഗം അഭിനയിക്കുകയാണ്.

നമ്മേക്കാൾ വലിയവരോട്, നമ്മേക്കാൾ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്നവരോട് പിശാച് പറഞ്ഞതുപോലെ നാം പറയുന്നുവെങ്കിൽ നമ്മെപ്പറ്റി ശരിയായ ഒരു ബോദ്ധ്യം ഇല്ലാത്തതുകൊണ്ടാണ് നാം അങ്ങനെ പറയുന്നത്. നാം നമ്മെപ്പറ്റി തന്നെ ആദ്യം വിലയിരുത്തണം. മറ്റുള്ളവരെ ഉപദേശിക്കുവാൻ, അവനെ പഠിപ്പിക്കുവാൻ എനിക്ക് എന്തു യോഗ്യതയാണുള്ളത്. ആ ചോദ്യത്തിന് ഉത്തരം നാം കണ്ടുപിടിക്കുമ്പോൾ പിശാചിന്റെ ഭാഗം നാം അഭിനയിക്കേണ്ടി വരികയില്ല. പൊതുപ്രവർത്തകരായ നാം യാഥാർത്ഥ്യബോധമുള്ളവരായി തീരാൻ ശ്രമിക്കണം. അതിന് നമുക്ക് പരിശ്രമിക്കാം.

നിറുത്തട്ടെ

കോട്ടയം
10-02-2002

സ്നേഹപൂർവ്വം
Sd/-

www.malankaralibrary.com

# 58. അക്രമം ഒന്നിനും പരിഹാരമല്ല

പ്രിയ സഹപ്രവർത്തകരേ,

ഗുജറാത്തിൽ ഇതെഴുതുമ്പോൾ കലാപം കത്തിപ്പടരുകയാണ്. 550ലധികം ആളുകൾ കൊല്ലപ്പെട്ടുവെന്നാണ് ഔദ്യോഗിക കണക്ക്. ഗുജറാത്തിലെ ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണ്. ജനങ്ങൾ നാടും വീടും വിട്ടുപോകുന്നു. എന്തിന്റെ പേരിലാണ് ഈ കലാപം. അക്രമംകൊണ്ട് എന്തുനേടി? ഇതൊക്കെ നാം ശാന്തമായി ഒന്ന് ചിന്തിക്കുക തന്നെ വേണം. അടിസ്ഥാനപരമായി ചിന്തിക്കുമ്പോൾ അക്രമം ഒന്നിനും പരിഹാരമല്ലെന്ന് നമുക്ക് ബോദ്ധ്യമാകും. വികാരമാണ് പലപ്പോഴും നമ്മെ കലാപത്തിന് പ്രേരിപ്പിക്കുന്നത്. വികാരത്തിനടിപ്പെട്ട് ഒരുപറ്റം ആളുകൾ ഒന്നിച്ചുകൂടി കലാപം നടത്തുമ്പോൾ കലാപത്തിന്റെ ശക്തി വർദ്ധിക്കും. തെറ്റിദ്ധാരണകളും ദുഷ്പ്രചരണങ്ങളും അക്രമത്തിന് മൂർച്ചകൂട്ടും. കലാപം പൊട്ടിപ്പുറപ്പെടുമ്പോൾ തന്മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെപ്പറ്റി ആരും ചിന്തിക്കാറില്ല. നാടിന്റെ – സമൂഹത്തിന്റെ പ്രതിച്ഛായയാണ് നഷ്ടപ്പെടുക.

ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ ചില്ലറ പ്രശ്നങ്ങളെച്ചൊല്ലി മല്ലടിക്കുന്നതും പരസ്പരം കൊലപ്പെടുത്തുന്നതും നമുക്ക് കാണുവാൻ സാധിക്കും. അല്പനേട്ടങ്ങൾക്കുവേണ്ടി, സമ്പത്തിനുവേണ്ടിയായിരിക്കാം ഈ അക്രമങ്ങൾ നടക്കുക. അനന്തരഫലം എന്താണ്? കുടുംബങ്ങൾ തകരുന്നു. മാതാപിതാക്കൾ നഷ്ടപ്പെട്ട മക്കളെയായിരിക്കും നമുക്ക് കാണുവാൻ സാധിക്കുക. പക്ഷെ പെട്ടെന്നുള്ള വികാരമായിരിക്കും ഈ കൊടുംകൃത്യത്തിന് നമ്മെ പ്രേരിപ്പിക്കുക. അതുകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നതാണ് സത്യം.

ഈ അക്രമവാസന സംഘടനകളിലേക്കും പ്രസ്ഥാനങ്ങളിലേക്കും വ്യാപിക്കുകയാണിന്ന്. തങ്ങൾ വിചാരിക്കുന്നതുപോലെ നടക്കാത്ത സന്ദർഭങ്ങളിൽ സംഘടനയുടെ നിലനിൽപ്പിനെ തന്നെ തകരാറാകുംവിധത്തിൽ അക്രമങ്ങളിലേക്കു നീങ്ങുന്ന കാഴ്ച പലപ്പോഴും കാണാം. പക്ഷെ സംഘടനയുടെ പ്രതിച്ഛായ നഷ്ടപ്പെടുത്തുവാൻ മാത്രമേ ഇത് സഹായിക്കൂ.

സ്വാർത്ഥതയിൽനിന്ന് മോചനംനേടി സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ നാമോരോരുത്തരും തയ്യാറാകണം. അക്രമം ഒന്നിനും പരിഹാരമല്ല എന്നതു നാം മനസ്സിലാക്കുമ്പോൾ മാത്രമേ, നമുക്ക് ശരിയായ പാതയിലൂടെ മുന്നേറുവാൻ സാധിക്കുകയുള്ളൂ. അതിന് നമുക്ക് ശ്രമിക്കാം.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
10–03–2002 Sd/-

www.malankaralibrary.com

# 59. വ്യവസ്ഥാപിത മാർഗ്ഗങ്ങൾ സ്വീകരിക്കുക

പ്രിയ സഹപ്രവർത്തകരേ,

എ.കെ.സി.സി. പൊതുതിരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ സംഭവവികാസങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. തിരഞ്ഞെടുപ്പുകളെപ്പറ്റി പരാതിയുണ്ടാകാം. അത് നിയമപരമായ രീതിയിൽ കൈകാര്യം ചെയ്യുകയാണ് വേണ്ടത്. ഇലക്ഷൻ നടപടികൾ സ്റ്റേ ചെയ്യണമെന്ന് ഒരു ആയുഷ്കാലസാമാജികൻ കോട്ടയം മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തു. ആ കേസ് തള്ളിക്കളയുകയാണുണ്ടായത്. തുടർന്നാണ് തിരഞ്ഞെടുപ്പ് നടന്നത്.

തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ തെരഞ്ഞെടുപ്പിനെപ്പറ്റി എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഇലക്ഷൻ ട്രൈബ്യൂണലിന് മുമ്പിൽ പരാതി സമർപ്പിക്കുകയാണ് ചെയ്യേണ്ടത്. അതിന് തയ്യാറാകാതെ പത്രപ്രസ്താവനകളുമായി മുന്നിട്ടിറങ്ങിയതും ക്രിമിനൽ സ്വഭാവത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ചിലർ നടത്തിയതും ഒരിക്കലും ഭൂഷണമല്ല.

കേരളത്തിലെ ബിഷപ്പുമാർ ജലന്ധറിൽ നടക്കുന്ന സി.ബി.സി.ഐ. സമ്മേളനത്തിൽ പങ്കെടുത്തശേഷം തിരിച്ചെത്തുമ്പോൾ എ.കെ.സി.സി.യിലെ പ്രശ്നം അവരുടെ മുമ്പിൽ അവതരിപ്പിക്കാമെന്ന് പറഞ്ഞിട്ടും അതിനുപോലും കാത്തുനിൽക്കാതെ സംഘടനയുടെ പ്രതിച്ഛായ നഷ്ടപ്പെടുംവിധം ചിലർ നടത്തുന്ന നീക്കം ദുഃഖകരവും പ്രതിഷേധാർഹവുമാണ്.

എത്ര പ്രകോപനമുണ്ടായാലും സംഘടനയുടെ പ്രതിച്ഛായ നഷ്ടപ്പെടുത്തുന്ന യാതൊരു നടപടികളും ആരും സ്വീകരിക്കരുതെന്നും തികഞ്ഞ ആത്മസംയമനത്തോടെ മുന്നോട്ടുനീങ്ങണമെന്നും എല്ലാ പ്രവർത്തകരോടും പ്രസിഡന്റ് എന്ന നിലയിൽ ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം
10-04-2002

സ്നേഹപൂർവ്വം
Sd/-

# 60. വർഗ്ഗീയതയ്ക്കെതിരെ പോരാടുക

പ്രിയ സഹപ്രവർത്തകരേ,

നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വർഗ്ഗീയതയുടേതാണ്. ഈ വെല്ലുവിളിയെ ഫലപ്രദമായി നേരിടാൻ നമുക്ക് സാധിച്ചില്ലെങ്കിൽ ഭാരതത്തിന്റെ ഭാവി ദുഃഖപൂർണ്ണമായിരിക്കും. ഇന്ത്യൻ ജനതയ്ക്കുനേരെയും ജനാധിപത്യവ്യവസ്ഥിതിക്കുനേരെയും ആർ.എസ്.എസ്., വി.എച്ച്.പി., ബജറംഗ്ദൾ തുടങ്ങിയ സംഘടനകൾ നടത്തുന്ന കുതിരകയറ്റം അപകടകരമാണ്. ഈ സന്ദർഭത്തിൽ സമഗ്രമോചനം മാസികയിൽ ഫാ.വടക്കൻ എഴുതിയ ഏതാനും വാക്കുകൾ ഉദ്ധരിക്കട്ടെ.

www.malankaralibrary.com

"ഇന്ത്യാക്കാരുടെ ഇന്നത്തെ ഏറ്റം വലിയ ശത്രു വർഗ്ഗീയതയാണ്. ഇത് ക്രിസ്ത്യാനികൾക്ക് എതിരെ ഉണ്ടായ ചില ആക്രമണങ്ങളെയും കൈയേറ്റങ്ങളെയുംവെച്ച് പറയുകയാണെന്ന് കരുതരുത്. അതിരുകടന്ന ഹിന്ദു വർഗ്ഗീയത ഇന്ത്യക്ക് കടുത്ത ആപത്താകും. ഇന്ത്യ ലോകരാജ്യങ്ങളിൽനിന്നു തന്നെ ഒറ്റപ്പെടാനാണ് സാദ്ധ്യത. പഴയകാല ജന്മിത്വത്തിലേക്കും അതിന്റെ വിഭാഗീയതയിലേക്കുമുള്ള പോക്കാണ് ചിലർ ലക്ഷ്യം വയ്ക്കുന്നത്. ഇതിൽ ബി.ജെ.പി നേതാവായ വാജ്പേയ്, അഡ്വാനി, രാജഗോപാൽ തുടങ്ങിയവരുടെ വ്യക്തിപരമായ ഗുണങ്ങൾ ഒരു പ്രശ്നമല്ല. ഇവരെയൊക്കെ നിയന്ത്രിക്കുന്ന തീവ്ര വർഗ്ഗീയവാദികളായ ശിവസേനയും, വിശ്വഹിന്ദു പരിഷത്തും ബജറംഗ്ദളും മററും കൂടുതൽ പിടിമുറുക്കുകയാണ്. അവരെ നേരിടാൻ ഒരു ഐക്യശക്തി എങ്ങനെ രൂപപ്പെടുത്തും എന്നതാണ് ഇന്നത്തെ മുഖ്യപ്രശ്നം. കൃത്യമായ ഒരു സ്കീം അതിന് വേണം. കോൺഗ്രസ്സിന് ഇതുസംബന്ധിച്ച് ഒരു അഖിലേന്ത്യാ പരിപാടിയും ആശയവ്യക്തതയും ഉണ്ടാകണം. കോൺഗ്രസ്സിന്റെ അവ്യക്തത വർഗ്ഗീയശക്തികൾക്കാണ് ഗുണകരമാകുന്നത്. തങ്ങളുടെ കളിക്ക് ബി.ജെ.പി പോരെന്ന് തോന്നിയാൽ അതിനെത്തന്നെ പുറത്താക്കി വിശ്വഹിന്ദുപരിഷത്തും, ആർ.എസ്.എസും ഉൾപ്പെടുന്ന മതതീവ്രവാദികൾ അധികാരം പിടിച്ചെടുക്കുന്നതിലേക്ക് അവർ മാറും." വടക്കനച്ചന്റെ ഈ വാക്കുകൾ അർത്ഥപൂർണ്ണമാണ്.

അധികാരം നിലനിർത്തുന്നതിനുവേണ്ടി തത്വങ്ങൾ എല്ലാം ബലികഴിക്കുവാൻ എല്ലാ രാഷ്ട്രീയ കക്ഷികളും ഇന്ന് തയ്യാറാണ്. രാഷ്ട്രീയകക്ഷികളുടെ ഈ നിലപാട് ഭാരതത്തെ അപകടത്തിലേക്ക് നയിക്കുക തന്നെ ചെയ്യും. ഇതിന് പരിഹാരം കാണാൻ എല്ലാ വിഭാഗീയ ചിന്തകളും വെടിഞ്ഞ് ഭാരതീയർ ഒറ്റക്കെട്ടായി നിലനിൽക്കണം. അതിന് നേതൃത്വം നൽകുവാൻ കത്തോലിക്കാ കോൺഗ്രസ്സിന്റെ ഓരോ പ്രവർത്തകരും തയ്യാറാകുകതന്നെ വേണം.

നിറുത്തട്ടെ

കോട്ടയം
10-05-2002

സ്നേഹപൂർവ്വം
Sd/-

# 61. നന്ദികേട് തന്നെ

പ്രിയ സഹപ്രവർത്തകരേ,

ഷെവലിയർ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മന്റെ 120-ാം ജന്മവാർഷികദിനമാണ് ജൂലായ് 28. കുഞ്ഞിത്തൊമ്മൻ ആരായിരുന്നുവെന്ന് ഇന്നത്തെ തലമുറയ്ക്ക് നിശ്ചയമില്ല. ഇന്നത്തെ തലമുറയെ അക്കാര്യം പഠിപ്പിക്കുന്നതിൽ നാം താല്പര്യം കാണിച്ചതുമില്ല. മരണം മാടിവിളിക്കുന്നതിന് നാലു ദശാബ്ദങ്ങൾക്കുമുമ്പ് ഉള്ള കാലഘട്ടത്തിൽ കേരള കത്തോലിക്കാ സമുദായത്തിൽ ഉണ്ടായിട്ടുള്ള രാഷ്ട്രീയവും സാമൂഹ്യവുമായ എല്ലാ പ്രസ്ഥാനങ്ങൾക്കും നേതൃത്വം നൽകിയിരുന്ന കുഞ്ഞിത്തൊമ്മൻ തനിക്കുള്ളതെല്ലാം സമുദായനന്മയ്ക്കുവേണ്ടി വിനിയോഗിച്ച ഒരു ത്യാഗിയായിരുന്നുവെന്ന വസ്തുത ഇന്നത്തെ തലമുറ ഗ്രഹിച്ചിട്ടുണ്ടോ? ചിത്രമെഴുത്ത് കെ.എം. വർഗ്ഗീ

www.malankaralibrary.com

സിന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ; "പൗരസമത്വവാദ പ്രക്ഷോഭണത്തെ മുന്നണിയിൽനിന്നു നയിച്ച നേതാക്കന്മാരിൽ ഒരു പ്രമുഖ സേനാനിയായിരുന്നു കുഞ്ഞിത്തൊമ്മൻ. തിരുവിതാംകൂറിലെ അവർണ്ണസമുദായങ്ങളിൽപ്പെട്ട ഹിന്ദുക്കളും അഹിന്ദുക്കളുമായ അവശസമുദായങ്ങൾക്ക് രാജ്യത്തെ റവന്യൂവകുപ്പിലും പട്ടാളവകുപ്പിലും പ്രവേശം സിദ്ധിപ്പാൻ അടക്കപ്പെട്ടിരുന്ന ആ ഉരുക്കുവാതിൽ തകർത്തു പൊളിപ്പാൻ അദ്ദേഹം രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റെയറ്റംവരെ സിംഹനാദം മുഴക്കി.

കത്തോലിക്കാ സമുദായം എന്നൊന്ന് ഇവിടെയുണ്ടെന്ന് ഈ രാജ്യത്തെ പൗരമണ്ഡലത്തെയും ഭരണാധികാരികളെയും ശരിക്കു ഗ്രഹിപ്പിച്ചതാരാണ്? വെൺകളിയിട്ട പള്ളിക്കുപുറമെ കത്തോലിക്കന്റെ ശബ്ദം ഉയർത്തിയതാരാണ്? കത്തോലിക്കർ ഈ രാജ്യത്തെ പൗരന്മാരാണെന്നും അവർക്കിവിടെ ചില രാഷ്ട്രീയാവകാശങ്ങളുണ്ടെന്നും, ഇവിടുത്തെ ചതഞ്ഞ കത്തോലിക്കന്റെ ഞരമ്പിൽ തീത്തൈലം കുത്തിവെച്ച വിദഗ്ദ്ധ ഭിഷക് ആരായിരുന്നു? കത്തോലിക്കാ സമുദായം മണൽപൊടിയിൽനിന്ന് ചിറകുകുടഞ്ഞെഴുന്നേൽക്കുവാൻ അതിന്റെ ചങ്കിൽ ആശയും ആവേശവും ആണത്തവും കുത്തിവെച്ച കർമ്മധീരൻ ആരായിരുന്നു? മി. കുഞ്ഞിത്തൊമ്മൻ."

സമുദായത്തിനുവേണ്ടി ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ച, പിന്നോക്ക വിഭാഗങ്ങളുടെ സമഗ്രമോചനത്തിനുവേണ്ടി പടവെട്ടിയ കുഞ്ഞിത്തൊമ്മനെ 1952–ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തി. എന്തിന്, മരിക്കുന്നതിന് ഒരു മാസം മുമ്പു നടന്ന എ.കെ.സി.സി. പ്രസിഡന്റ് തിരഞ്ഞെടുപ്പിലും അദ്ദേഹത്തെ തോല്പിച്ചു. കത്തോലിക്കാ സമുദായമെന്നൊന്ന് ഇവിടെയുണ്ടെന്ന് ഈ രാജ്യത്തെ പൗരമണ്ഡലത്തെയും ഭരണാധികാരികളെയും ഗ്രഹിപ്പിച്ച കുഞ്ഞിത്തൊമ്മനോട് നന്ദി കാട്ടിയില്ലെന്നു മാത്രമല്ല നന്ദികേട് കാണിക്കുകകൂടി ചെയ്തു.

തിരുവിതാംകൂറിൽ നടന്ന ഉത്തരവാദഭരണ പ്രക്ഷോഭണത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുത്ത് ജയിലിൽ കയറാതെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും തുറന്ന ജയിലിൽ ജീവിച്ച അസാധാരണ മനുഷ്യനായിരുന്നു ശ്രീ. എം.എം. വർക്കി. 1920–നുശേഷം തിരുവിതാംകൂറിലുണ്ടായിട്ടുള്ള എല്ലാ ജനകീയ പ്രക്ഷോഭണങ്ങളുടെയും ശക്തി സ്രോതസ്സായിരുന്നു ശ്രീ. എം.എം. വർക്കി. അദ്ദേഹത്തെ നന്ദിപൂർവ്വം സ്മരിക്കാൻപോലും നാം തയ്യാറാകുന്നില്ല.

മോട്ടിലാൽ നെഹ്റുവിനോടും മഹാത്മജിയോടും ജവഹർലാൽ നെഹ്റുവിനോടും ഒപ്പം നിന്ന് പ്രവർത്തിച്ച സ്വാതന്ത്ര്യസമര സേനാനിബാരിസ്റ്റർ ജോർജ്ജ് ജോസഫിനെ ഇന്ന് ആരറിയുന്നു?

കഴിഞ്ഞ തലമുറയിലെ സമുദായ സ്നേഹികൾ അനുഷ്ഠിച്ച ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായാണ് ഇന്ന് നാം ഈ നിലയിൽ എത്തിയതെന്ന സത്യം അംഗീകരിക്കണം. അവരെപ്പറ്റി പഠിച്ച് അവരിൽ നിന്ന് ചൈതന്യം ഉൾക്കൊണ്ട് ഭാവിയെ കരുപിടിപ്പിക്കുവാൻ നമുക്ക് ശ്രമിക്കാം. നന്ദികാണിച്ചില്ലെങ്കിലും നന്ദികേട് കാണിക്കാതിരിക്കാനെങ്കിലും നമുക്ക് കഴി

www.malankaralibrary.com

യണം. കുഞ്ഞിത്തൊമ്മന്റെ ഒരു സമ്പൂർണ്ണ ജീവചരിത്രം ജുലായ് 28-ന് പ്രകാശനം ചെയ്യുകയാണ്. ആ ജീവചരിത്രഗ്രന്ഥം ആ കാലഘട്ടത്തിന്റെ ചരിത്രം കുടിയാണ്. ചരിത്രപഠനത്തിൽ നമുക്ക് താല്പരരാകാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം
10-06-2002 — Sd/-

# 62. സത്യം ഉയിർത്തെഴുന്നേൽക്കും

പ്രിയ സഹപ്രവർത്തകരേ,

നാമൊക്കെ പൊതുപ്രവർത്തകരാണ്. വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്നവരുമാണ്. ഇന്ന് വ്യക്തികളെ തേജോവധം ചെയ്ത് അവരെ സമൂഹത്തിന് മുൻപിൽ അപഹാസ്യരാക്കി ചിത്രീകരിക്കാൻ പലരും ശ്രമിക്കുന്നുണ്ട്. തെറ്റായ കാര്യങ്ങൾ ആണ് പ്രചരിപ്പിക്കുന്നതെങ്കിലും ഒരു വിഭാഗം ആളുകൾ അത് ശരിയാണെന്ന് വിശ്വസിക്കും. രാഷ്ട്രീയ പ്രവർത്തകരിലാണ് വ്യക്തിപരമായ തേജോവധം ചെയ്യൽ കുടുതൽ പ്രകടമായി കാണുന്നത്. എന്നാൽ സാമൂഹ്യ-സാമുദായിക പ്രവർത്തകരിലും ഈ പ്രവൃത്തി വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് ഇഷ്ടപ്പെടാത്തവരെ തേജോവധം ചെയ്യാൻ ലഘുലേഖകൾ പേരുപോലും വയ്ക്കാതെ അടിച്ചിറക്കുന്നവർ ഉണ്ട്. അത് പ്രചരിപ്പിക്കുന്നതവരും ഉണ്ട്. ആ ദുഷ്ടപ്രചരണം എന്നും നിലനിൽക്കുമെന്നാരും വിചാരിക്കേണ്ട. കാലത്തിന്റെ തികവിൽ സത്യം ഉയർത്തെഴുന്നേൽക്കും. ദുഷ്പ്രചരണം നടത്തുന്നവരെ സമൂഹം തിരിച്ചറിയുന്ന ഒരു സമയം ഉണ്ടാകും സംശയമില്ല.

പൊതുപ്രവർത്തകർ വിമർശനം കേൾക്കാൻ തയ്യാറാകണം. സൃഷ്ടിപരമായ വിമർശനങ്ങളെ സ്വാഗതം ചെയ്യുകയും വേണം. തെറ്റായ വിമർശനങ്ങളോട് പ്രതികരിക്കണം. ആ പ്രതികരിക്കുന്നതൊന്നും നാം പ്രവർത്തിക്കുന്ന സംഘടനയുടെ പ്രതിച്ഛായ നഷ്ടപ്പെടുന്ന വിധത്തിലായിരിക്കരുത്. സംഘടന സമൂഹത്തിന്റെ മുൻപിൽ അപഹാസ്യമാകരുതെന്നു കരുതി ചിലപ്പോൾ നാം മൗനമവലംബിക്കേണ്ടിവരും. ആ മൗനം ഒരു ബലഹീനതയായി ആരും കാണരുത്. സംഘടനയെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർ ചിലപ്പോൾ എല്ലാ അപവാദങ്ങളും സഹിച്ചുകൊണ്ട് വിമർശനങ്ങളെ നേരിട്ടെന്ന് വരും.

കത്തോലിക്കാ കോൺഗ്രസ്സിനെ സംബന്ധിച്ച് പലതെറ്റായ വാർത്തകളും പത്രത്തിൽ വരുമ്പോൾ അതിനോട് എന്തുകൊണ്ട് പ്രതികരിക്കുന്നില്ലായെന്ന് ചോദിക്കുന്ന പലരും ഉണ്ട്. ഉടൻ ഉടൻ വിശദീകരണം നൽകണമെന്ന് പറയുന്നവർ നിരവധിയാണ്. സംഘടനയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ മാധ്യമങ്ങളിൽകൂടി വാദപ്രതിവാദരൂപേണ പ്രചരിപ്പിക്കുന്നതിനോട് എനിക്ക് വിയോജിപ്പാണുള്ളത്. കത്തോലിക്കാ കോൺഗ്രസ്സിനെ സംബന്ധിച്ചുള്ള വിവാദങ്ങൾ ഒന്നും പത്രമാധ്യമങ്ങളിൽകൂടി പ്രചരിപ്പിക്കുന്നതിനോട് യോജിക്കുവാൻ സാധ്യമല്ല.

www.malankaralibrary.com

നാളിതുവരെ എ.കെ.സി.സി.യെ സംബന്ധിച്ചുള്ള വിവാദപ്രസ്താവനകൾ ഒന്നും പത്രമാധ്യമങ്ങളിൽ കുടി വരാതിരിക്കുവാൻ ഇപ്പോഴത്തെ കമ്മറ്റി പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ആവശ്യം വേണ്ടുന്ന വിശദീകരണങ്ങൾ എ.കെ.സി.സി.യുടെ ഔദ്യോഗിക ജിഹ്വയായ ബുള്ളറ്റിനിൽകുടി മാത്രം പ്രസിദ്ധീകരിക്കുക എന്ന നയമാണ് നാം സ്വീകരിക്കുന്നത്. അത് വ്യക്തിപരായ ചിലർക്ക് ക്ഷീണം ചെയ്യുമെന്ന കാര്യം സമ്മതിക്കുന്നു. സംഘടനയ്ക്കാണിവിടെ പ്രാധാന്യം. സംഘടനയുടെ നന്മയെക്കരുതി കുറെയൊക്കെ സഹിക്കാൻ നാം തയ്യാറാകണം. ദുഃഖകരമാണെങ്കിലും അത് സന്തോഷത്തോടെ നാം സഹിക്കണം. അപ്പോഴാണ് പ്രസ്ഥാനത്തോടുള്ള നമ്മുടെ പ്രതിബദ്ധത വ്യക്തമാകുന്നത്.

തെറ്റായ പ്രചരണങ്ങൾ എന്നും വിജയിക്കുമെന്ന് ആരും കരുതണ്ട. സത്യം എന്നെങ്കിലും ഉയിർത്തെഴുന്നേൽക്കും. അത് ചിലപ്പോൾ കുറെ താമസിച്ചാകും. അതിനാൽ നാം പ്രയാസപ്പെടേണ്ട. ദൈവം നമ്മുടെ ആത്മാർത്ഥതയെ ഒന്ന് പരീക്ഷിക്കുകയായിരിക്കും. എല്ലാ പ്രതിസന്ധികളിലും വിവേകം വിടാതെ പ്രവർത്തിക്കാൻ നമുക്ക് ശക്തി തരുന്നതിന് ഈശ്വരനോട് പ്രാർത്ഥിക്കാം. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് കത്തോലിക്കാ കോൺഗ്രസ്സിനെ മുന്നോട് നയിക്കാൻ എല്ലാ പ്രവർത്തകരും ശാഖാ രൂപതതല പ്രവർത്തകരും തയ്യാറായി മുന്നോട്ട് വരണമെന്നഭ്യർത്ഥിക്കുന്നു.

നിറുത്തട്ടെ

കോട്ടയം സ്നേഹപൂർവ്വം
10-08-2002 Sd/-

# 63. ഭരണകക്ഷിയിലെ ഭിന്നിപ്പ്

പ്രിയ സഹപ്രവർത്തകരെ,

1957-ലാണ് ലോകത്താദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടി ബാലറ്റ് പെട്ടിയിലൂടെ അധികാരത്തിൽ കയറുന്നത്. ആ സംഭവം ഈ കൊച്ചു കേരളത്തിലാണ് നടന്നത്. കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഭരണം ഒരു ഭീകര ഭരണമായിരുന്നു. ആ ഭരണത്തിനെതിരെ ജനം സംഘടിച്ചു. കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ കർകദ്രോഹ നടപടികളും കുടിയിറക്കുകളും വിദ്യാഭ്യാസ നയങ്ങളുമെല്ലാം ആ ഗവൺമെന്റിനെതിരെ ജനങ്ങളെ അണിനിരക്കുവാൻ പ്രേരിപ്പിച്ചു. ആ കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ നടന്ന വിമോചനസമരം ലോകശ്രദ്ധയാകർഷിച്ചതായിരുന്നു. വിമോചനസമരത്തിൽ ഏർപ്പെട്ടവരെ വെടിവെച്ചുകൊന്നും ജനങ്ങളെ ഭീഷണിപ്പെടുത്തിയും സമരത്തെ നേരിടുവാനാണ് സർക്കാർ തീരുമാനിച്ചത്. "അമ്മേ ഞങ്ങൾ പോകുന്നു. വന്നില്ലെങ്കിൽ കരയരുതേ"യെന്ന് പറഞ്ഞുകൊണ്ട് സമരരംഗത്തേക്ക് അടിവച്ച് നീങ്ങിയ ലക്ഷക്കണക്കിന് യുവതിടമ്പുകളുടെ ആവേശപൂർവ്വമായ സമരത്തെ തുടർന്ന് കേരളത്തിൽ ക്രമസമാധാനനില തകരുകയും കേന്ദ്ര ഗവണ്മെന്റ് കേരളസർക്കാരിനെ ഡിസ്മസ് ചെയ്യുകയും കേരളത്തിൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുകയും ചെയ്തു.

www.malankaralibrary.com

1960–ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ജനാധിപത്യ കക്ഷികൾ ചേർന്ന് രൂപംകൊടുത്ത ഐക്യമുന്നണിയെ വൻഭൂരിപക്ഷത്തോടെ അധികാരത്തിലേറ്റി. തങ്ങളെ അധികാരത്തിലേറ്റാൻ കഷ്ടതകൾ സഹിച്ചവർ, ബന്ധുമിത്രാദികൾ നഷ്ടപ്പെട്ടവർ, ഒരു സൽഭരണം പ്രതീക്ഷിച്ചു. ജനവികാരങ്ങൾ മനസ്സിലാക്കാതെയാണവർ ഭരണം നടത്തിയത്. ഘടകകക്ഷികൾ തമ്മിലുള്ള ഭിന്നതകൾ ആദ്യം തന്നെ പുറത്തുവന്നു. കുടിയിറക്കുകളും മേൽചാർത്തുകളും ജനങ്ങളെ ഭയവിഹ്വലരാക്കി. ഉടുമ്പൻചോലയിലെയും ചുരുളി – കീരിത്തോട്ടിലെയും കുടിയിറക്കും അമരാവതിയിലെ കുടിയിരുത്തും സർക്കാരിന്റെ പ്രതിഛായതന്നെ നഷ്ടപ്പെടുത്തി. അധികാരത്തിൽ കയറിക്കൂടിയവർ ജനവികാരം മനസ്സിലാക്കുകയുണ്ടായില്ല. മുന്നണികൾക്കുള്ളിലും പാർട്ടികൾക്കുള്ളിലും ഉണ്ടായ ഭിന്നിപ്പുകൾ ആ മന്ത്രിസഭയെ കാലാവധി പൂർത്തിയാകുംവരെ ഭരിക്കുവാൻ അനുവദിച്ചില്ല.

1960–ൽ അധികാരമേറ്റെടുത്ത മന്ത്രിസഭയുടെ ജനദ്രോഹനടപടികൾക്കെതിരെയുള്ള വിധിയെഴുത്തായിരുന്നു 1965–ലെയും 1967–ലെയും തെരഞ്ഞെടുപ്പ്. ഐക്യമുന്നണിയെ നയിച്ച കോൺഗ്രസ്സ് പാർട്ടി വെറും 7 അംഗങ്ങളെക്കൊണ്ട് നിയമസഭയിൽ പ്രതിപക്ഷത്തിരിക്കേണ്ടിവന്നു. ജനങ്ങൾ എന്തുമാത്രം ആ സർക്കാരിനെ വെറുത്തിരുന്നുവെന്നുള്ളതിന് തെളിവായിരുന്നു തെരഞ്ഞെടുപ്പുഫലം.

1996–ൽ അധികാരമേറ്റെടുത്ത നായനാർ സർക്കാരിന്റെ ദുർഭരണവും ജനങ്ങൾ സഹിച്ചില്ല. അവരെ അധികാരത്തിൽനിന്നും താഴെയിറക്കി ജനാധിപത്യ മുന്നണിയെ അധികാരത്തിൽ ഏറ്റി. ആ സർക്കാരാണ് ഇന്ന് ഭരിക്കുന്നത്. ഈ സർക്കാരിനോട് ബഹുജനങ്ങൾക്കുള്ള അഭിപ്രായം അറിയണമെങ്കിൽ ഒരു തെരഞ്ഞെടുപ്പാണ് വേണ്ടത്.

ഭരണകക്ഷികൾ തമ്മിലും ഭരണത്തിന് നേതൃത്വം നൽകുന്ന കോൺഗ്രസ്സ് പാർട്ടിയിലെ വിവിധ ഗ്രൂപ്പുകൾ തമ്മിലും ഉള്ള ഭിന്നതകൾ ഈ ഗവൺമെന്റിന്റെ പ്രതിഛായ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷമുള്ള കർഷകദ്രോഹനടപടികൾ, നികുതി വർദ്ധനവുകൾ, വ്യാജരേഖ ചമയ്ക്കൽ തുടങ്ങിയവയെല്ലാം ജനങ്ങളിൽ ഉളവാക്കിയിരിക്കുന്ന ചിന്തകൾ എന്താണെന്ന് മനസ്സിലാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ ദുർഭരണം നടത്തുന്ന സർക്കാരിന് 1960–ലെ സർക്കാരിനുണ്ടായ അനുഭവമായിരിക്കും ലഭിക്കാൻ പോകുന്നത്.

ഈ ദുർഭരണത്തിനെതിരെ പ്രതികരിക്കുവാനുള്ള രോഷം നമുക്ക് നഷ്ടപ്പെട്ടുവോ. തിന്മകൾക്കെതിരെ, അനീതിക്കെതിരെ, ദുർഭരണത്തിനെതിരെ ബഹുജനമുന്നേറ്റം സംഘടിപ്പിക്കുവാൻ എല്ലാ ജനാധിപത്യവിശ്വാസികളും തയ്യാറാകണം. അതിന് നേതൃത്വം നൽകുവാൻ എ.കെ.സി.സി. പ്രവർത്തകർ മുന്നോട്ടുവരണം. ആ ഉത്തരവാദിത്വം നാം ഏറ്റെടുക്കുന്നില്ലെങ്കിൽ എന്റെയും നിങ്ങളുടെയും നമ്മുടെ രാജ്യത്തിന്റെയും ഭാവി ഇരുളടഞ്ഞതായിരിക്കും.

നിറുത്തട്ടെ

കോട്ടയം
10–12–2002

സ്നേഹപൂർവ്വം
Sd/-

www.malankaralibrary.com

# 64. റെയ്ഡ് സത്യം വെളിച്ചത്ത് കൊണ്ടുവന്നു

പ്രിയ സഹപ്രവർത്തകരെ,

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഏതാനും രജിസ്റ്റർഓഫീസുകൾ റെയ്ഡ് നടത്തിയവാർത്ത പത്രത്തിൽ വായിച്ചിരിക്കുമല്ലോ. ആയിരക്കണെക്കിന് രൂപാ ഓരോദിവസവും രജിസ്റ്റർ ഓഫീസുകളിലെ ജോലിക്കാർക്ക് കൈക്കൂലിയായി ലഭിക്കുന്നുണ്ടെന്നാണ് കണ്ടെത്തൽ. റെയ്ഡ് നടത്തിയവർ ഇപ്പോഴാണിതറിയുന്നതെങ്കിലും ഈ സത്യം സാധാരണക്കാർക്ക് പണ്ടെ അറിയാവുന്നതായിരുന്നു.

ഈ രാജ്യത്തുള്ള സകല നിയമങ്ങളും ഉദ്യോഗസ്ഥന്മാർക്ക് അഴിമതി നടത്താൻ സൗകര്യപൂർവ്വം ഉണ്ടാക്കിയിട്ടുള്ളതാണെന്നാണ് ജനങ്ങളുടെ കണ്ടെത്തലുകൾ. കേരളത്തിലെ ഏത് ഡിപ്പാർട്ടുമെന്റിലാണ് അഴിമതിയും കൈക്കൂലിയും ഇല്ലാത്തത്. രജിസ്റ്റർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആധാരം സമർപ്പിക്കുമ്പോൾ ആരും കൈക്കൂലി കൊടുക്കുന്നില്ല. പക്ഷെ കൈക്കൂലി ആരും അറിയാതെ കൊടുക്കുവാൻ പ്രത്യേക സംവിധാനം ഉദ്യോഗസ്ഥർ ഏർപ്പാടാക്കിയിട്ടുണ്ട്. ആധാരമെഴുത്തുകാരെയാണ് സംസ്ഥാനത്തുടനീളം അതിന് ഏർപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്റർ ഓഫീസിൽ കുറെ ചിലവുണ്ട് എന്നുപറഞ്ഞ് ഒരു തുക ആധാരം എഴുത്തുകാരൻ വാങ്ങിക്കുന്നു. ആ തുകയിൽ ഒരു വിഭാഗം എഴുത്തുകാരനും കൈക്കൂലിയായിട്ട് ഒരു തുക ഓഫീസിലെ ഓഫീസർമാരെയും ഏല്പിക്കുന്നു. എത്ര എളുപ്പം കാര്യങ്ങൾ നടക്കുമെന്ന് ചിന്തിക്കുക!

ഈ കൈക്കൂലി – അഴിമതി സംവിധാനത്തെ എതിർക്കുവാൻ സാമാന്യജനത്തിന് ശക്തിയില്ല. എത്രയും വേഗം കാര്യങ്ങൾ കാണാൻ, അനർഹമായ കാര്യങ്ങൾ നേടിയെടുക്കുവാൻ എല്ലാം കൈക്കൂലികൊടുക്കാൻ ജനം നിർബന്ധിതരായി തീരുന്നു. അനർഹമായ കാര്യങ്ങൾ ഒരു വിഭാഗം നേടിയെടുക്കുമ്പോൾ അർഹർ പുറന്തള്ളപ്പെടുന്നുവെന്ന കാര്യം നാം ഓർക്കണം. അർഹരെ പുറന്തള്ളിയാണെങ്കിലും സ്വന്തം കാര്യം നേടിയെടുക്കണമെന്ന ചിന്ത നമ്മളിൽ കുടികൊള്ളുമ്പോൾ കൈക്കൂലി കൊടുക്കാൻ നാം നിർബന്ധിതരായി തീരുന്നു.

സ്വാർത്ഥതയാണ് കൈക്കൂലി നല്കുവാനും വാങ്ങുവാനും ഓരോരുത്തരെയും പ്രേരിപ്പിക്കുന്നത്. ഈയടുത്ത നാളുകളിൽ പബ്ലിക്ക് ഓഡിറ്റിംഗ് കമ്മറ്റി നടത്തിയ ഓഡിറ്റിംഗിന്റെ റിപ്പോർട്ട് പരസ്യപ്പെടുത്തിയപ്പോൾ എത്ര കോടിയുടെ വെട്ടിപ്പുകളാണ് പുറത്തുവന്നിരിക്കുന്നത്. ഇതിനെ ഫലപ്രദമായി നേരിടണമെങ്കിൽ ബഹുജനപിന്തുണ ഉണ്ടാകണം. മിക്ക സർക്കാരുദ്യോഗസ്ഥനും അവന് ലഭിക്കുന്ന ശമ്പളത്തിന്റെ പതിന്മടങ്ങ് മറ്റുവിധത്തിൽ സമ്പാദിക്കുന്നുണ്ടെന്നുള്ള സത്യം പരസ്യമാണ്.

അനർഹമായി സമ്പാദിച്ച സ്വത്തുക്കൾ കണ്ടുകെട്ടുമെന്നും അവർക്ക് കഠിനശിക്ഷ നൽകുമെന്നും ഉള്ള നിലപാട് ഉണ്ടായാൽ അനധികൃതമായി

www.malankaralibrary.com

സ്വത്ത് സമ്പാദിക്കാനുള്ള വ്യഗ്രത കുറയും. ഇവിടത്തെ സ്ഥിതി അതല്ല. അനധികൃതമായി സ്വത്തു സമ്പാദിക്കുന്നവരെ സംരക്ഷിക്കുവാൻ ഭരണ നേതൃത്വം ശ്രമിക്കുന്നു എന്നുള്ളതാണ് ഗുരുതരകമായ പ്രശ്നം. ആര് എന്ത് തെറ്റുചെയ്താലും അവരെ സംരക്ഷിക്കാൻ ഭരണനേതൃത്വം തയ്യാറാവുകയാണെങ്കിൽ തെറ്റ് ചെയ്യുന്ന വാസന വർദ്ധിച്ചുകൊണ്ടിരിക്കും.

സത്യസന്ധരായ പൊതുപ്രവർത്തകർ ഈ സംവിധാനത്തിനെതിരെ പടപൊരുതണം. അതിന് കുറെ ത്യാഗങ്ങൾ അനുഭവിക്കേണ്ടിവരും. ലാഭത്തേക്കാൾ നഷ്ടം നേരിടേണ്ടിവരുകയും ചെയ്യും. സത്യസന്ധമായ ഒരു തലമുറയെ വാർത്തെടുക്കുവാൻ ആദർശശുദ്ധിയുള്ള കുറേപ്പേരെങ്കിലും രംഗത്തിറങ്ങണം, സ്വയം എരിഞ്ഞടങ്ങുവാൻ അവർ തയ്യാറാകണം.

സകല സർക്കാർ ഓഫീസുകളിലും ഏതുവിധമാണ് അഴിമതികൾ നടക്കുന്നതെന്ന് മനസ്സിലാക്കി അതിനെ നേരിടുവാൻ ഓരോ വ്യക്തിയും മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുന്നു. അതിന് എ.കെ.സി.സി. യൂണിറ്റുകളും പ്രവർത്തകരും തയ്യാറായി മുന്നോട്ടു വരുകതന്നെ വേണം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

11–12–2002 — Sd/-

## 65. നമ്മെ നയിക്കേണ്ടത് വിവേകം

പ്രിയ സഹപ്രവർത്തകരെ,

കത്തോലിക്കാ കോൺഗ്രസ്സിന് ദീർഘകാലത്തെ ചരിത്രമുണ്ട്. അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും അവകാശങ്ങൾക്കുവേണ്ടി നടത്തിയ പോരാട്ടത്തിന്റെ ചരിത്രമാണത്. ആ ചരിത്രമറിയാവുന്നവർക്കുമാത്രമേ, സംഘടനയെ സ്നേഹിക്കാനും സംഘടനയിൽ അഭിമാനംകൊള്ളുവാനും സാധിക്കുകയുള്ളു. സംഘടനയെ സ്നേഹിക്കുന്ന ആരും സംഘടനയെ അപഹാസ്യമാക്കാനുള്ള ശ്രമത്തിലേർപ്പെടുകയില്ല. സംഘടനയെ സ്നേഹിക്കാത്തവരും സ്വാർത്ഥതാൽപര്യത്തിനുവേണ്ടി മാത്രം സംഘടനയിൽ പ്രവർത്തിക്കുന്നവരും മാത്രമേ, സംഘടനയെ സമൂഹത്തിനുമുൻപിൽ അപഹാസ്യമാക്കാൻ ശ്രമിക്കുകയുള്ളു. ഈ വിധത്തിലുള്ള പ്രവർത്തനം നടത്തുമ്പോൾ സംഘടനയെ സ്നേഹിക്കുന്നവർ ദുഃഖിക്കുകതന്നെ ചെയ്യും.

ഒരു കുന്നിന് ഒരിറക്കമുണ്ടല്ലോ. നമുക്ക് ഇന്ന് ദുഃഖം വരാം. നാളെ അത് കൂടുതൽ സന്തോഷത്തിന് വക നൽകിയെന്നും വരാം. ഒരിക്കലും ചഞ്ചലപ്പെടാതെ അധൈര്യപ്പെടാതെ എല്ലാ ദുഃഖങ്ങളും സഹിക്കാൻ നാം തയ്യാറാവുകയാണ് വേണ്ടത്. സംഘടനയെ ക്ഷീണപ്പെടുത്തുവാൻ ആരെങ്കിലും ശ്രമിക്കുമ്പോൾ നമ്മുടെ ദുഃഖത്തിന്റെ അളവ് നാം സംഘടനയെ എന്തുമാത്രം സ്നേഹിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. കൂടുതൽ സ്നേഹിക്കുന്നവർ കൂടുതൽ ദുഃഖിക്കും. സംശയത്തിന് അവകാശമില്ല.

www.malankaralibrary.com

ഒരു കുഞ്ഞിനുവേണ്ടി തർക്കമുണ്ടായപ്പോൾ സോളമൻ രാജാവ് കുഞ്ഞിനെ നടുവേ കീറി അവകാശം ഉന്നയിച്ച രണ്ടുപേർക്കുമായി നൽകാമെന്നു പറഞ്ഞപ്പോൾ കുഞ്ഞിന്റെ യഥാർത്ഥ അമ്മ കുഞ്ഞിനെ കീറരുത് എന്നും മറ്റേ സ്ത്രീ കുഞ്ഞിനെ കീറണമെന്നും പറഞ്ഞ കഥ കേട്ടിട്ടുണ്ടല്ലോ. അത് തന്നെയാണ് സംഘടനാ പ്രവർത്തനത്തിലും സംഭവിക്കുന്നത്.

കത്തോലിക്കാ കോൺഗ്രസ്സ് നാമെല്ലാവരും സ്നേഹിക്കുന്ന നമ്മുടെ ഒരു കുഞ്ഞാണ്. ആ കുഞ്ഞിനെ വേദനിപ്പിക്കുന്ന ഒന്നും നാം ചെയ്യരുത്. ഒരു പോറൽ പോലും ഏല്പിക്കാതിരിക്കുവാൻ നമുക്ക് ശ്രമിക്കാം. രണ്ട് കയ്യും കൂടി ചേർത്ത് കൊട്ടിയാൽ മാത്രമേ ശബ്ദം ഉണ്ടാവുകയുള്ളു. ഒച്ചയുണ്ടാക്കുന്ന ശ്രമത്തിൽ നാം ഏർപ്പെടരുത്.

ജനാധിപത്യവ്യവസ്ഥിതിയാണ് നാം എല്ലാക്കാര്യത്തിലും അവലംബിക്കേണ്ടത്. ജനാധിപത്യവ്യവസ്ഥിതിയിൽ ഭൂരിപക്ഷം ആളുകളുടെ അഭിപ്രായത്തിന് അനുസരിച്ച് കാര്യങ്ങൾ നീങ്ങുകയാണ് നല്ലത്. ഭൂരിപക്ഷത്തെ മാനിക്കാതെ ബലപ്രയോഗത്തിലൂടെയും ഭീഷണിയിലൂടെയും ജനാധിപത്യത്തിന്റെ അന്തസത്തയെ തകർക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അതിനെ അംഗീകരിക്കുവാൻ സാധിക്കുകയില്ല.

വികാരമല്ല വിവേകമാണ് നമ്മെ നയിക്കേണ്ടത്. വികാരത്തിനടിമപ്പെടാതെ പ്രശ്നങ്ങളെ നേരിടാൻ നമുക്ക് ശക്തി നൽകുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

നിറുത്തട്ടെ

കോട്ടയം — സ്നേഹപൂർവ്വം

13-03-2003 — Sd/-

# 66. നൂറ്റാണ്ടിന്റെ അൽമായ പ്രേഷിതൻ

പ്രിയ സഹപ്രവർത്തകരെ,

നൂറ്റാണ്ടിന്റെ അൽമായ പ്രേഷിതൻ പി.സി. അബ്രാഹം (കുഞ്ഞേട്ടൻ) അവാർഡിന് ഇദംപ്രഥമമായി തിരഞ്ഞെടുക്കപ്പെട്ടത് കുടിയേറ്റ കർഷകനും വിദ്യാഭ്യാസ പ്രവർത്തകനുമായ ശ്രീ. മാത്യു കണ്ടം അവർകളാണ്. പ്രസ്തുത അവാർഡ് തലശ്ശേരി അതിരൂപതയുടെ എപ്പാർക്കിയിൽ അസംബ്ലിയുടെ സമാപനസമ്മേളനത്തിൽ വച്ചാണ് നൽകപ്പെട്ടത്. അതിരൂപതയിലെ തിരഞ്ഞെടുക്കപ്പെട്ട പ്രാതിനിദ്ധ്യസ്വഭാവമുള്ള ഒരു സമിതിയിൽ വച്ച് അവാർഡ് നൽകുവാൻ സാധിച്ചത് ഒരു ഭാഗ്യം തന്നെയാണ്. ആ സമ്മേളനത്തിൽ വച്ച് അവാർഡു നൽകിയ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം തിരുമേനിയും സമ്മേളനത്തിൽ അനുമോദന പ്രസംഗം നടത്തിയ മോൺ മാത്യു ചാലിൻ അവർകളുമടക്കമുള്ളവരും അവാർഡിന് ശ്രീ. മാത്യുവിനെ തിരഞ്ഞെടുക്കപ്പെട്ടത് സമുചിതമാണെന്നഭിപ്രായപ്പെടുകയുണ്ടായി. സദസ്സിൽ സംബന്ധിച്ചവർ ഒറ്റക്ക് കണ്ടപ്പോഴും അതേ അഭിപ്രായം തന്നെ പ്രകടിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

സർവ്വസമ്മതനായ ഒരാളെ അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടതിൽ കത്തോലിക്കാകോൺഗ്രസ്സിന് സന്തോഷമുണ്ട്. സാധാരണഗതിയിൽ ഒരാൾക്ക് അവാർഡ് കൊടുക്കുമ്പോൾ ആരെങ്കിലും അസൂയാലുക്കൾ അതിനെ രഹസ്യമായെങ്കിലും എതിർത്തുവെന്നുവരും. പക്ഷെ മാത്യു കണ്ടത്തിലിന് അവാർഡ് കൊടുക്കുന്നതിൽ എല്ലാവരും സംതൃപ്തരായിരുന്നു. കണ്ടത്തിലിന് അവാർഡ് നൽകുന്നുവെന്ന വിവരം അറിഞ്ഞപ്പോൾ ആ തിരഞ്ഞെടുപ്പിനെ അഭിനന്ദിച്ചുകൊണ്ട് തലശ്ശേരി അതിരൂപതയുടെ എ.കെ.സി.സി. പ്രസിഡന്റ് ശ്രീ. കെ.വി. മാണി കവിയിൽ കളപ്പുരയ്ക്കൽ അയച്ച കത്ത്, മാത്യു കണ്ടത്തിലിന് ജനഹൃദയങ്ങളിൽ ഉള്ള സ്ഥാനം വിളിച്ചറിയിക്കുന്നതായിരുന്നു.

ഖദർ മുണ്ടും ഷർട്ടും ധരിച്ച്, ചെരുപ്പോ, വാച്ചോ, ഒന്നും ധരിക്കാതെ കൃത്യസമയത്ത് എവിടെയും എത്തിച്ചേരുന്ന മാത്യുസാർ കൈവയ്ക്കാത്ത മേഖലകൾ മലബാറിലില്ല. ദീർഘനാൾ അദ്ദേഹം മതാദ്ധ്യാപകനായിരുന്നു. ചെറുപുഷ്പമിഷൻ ലീഗിന്റെ രൂപത സെക്രട്ടറിയായി ദീർഘനാൾ പ്രവർത്തിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റിമെമ്പറായും തലശ്ശേരി രൂപതാ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മലബാറിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാത്യു മദ്യവിരുദ്ധ പ്രവർത്തനങ്ങളിലാണ് ഇന്ന് ശ്രദ്ധ കൂടുതലായി ചെലുത്തിയിരിക്കുന്നത്. തലശ്ശേരി അതിരുപതയിലെ മദ്യവർജ്ജന പ്രസ്ഥാനം ഇന്ന് രജത ജൂബിലിയാഘോഷിക്കുകയാണ്. ആ പ്രസ്ഥാനത്തിന്റെ ചരിത്രം മാത്യു കണ്ടത്തിന്റെ ചരിത്രം കൂടിയാണ്. ക്രൈസ്തവ മദ്യവർജ്ജന പ്രസ്ഥാനത്തിനും, മദ്യവിരുദ്ധ ജനകീയ മുന്നണി പ്രസ്ഥാനത്തിനും മദ്യവർജ്ജന പ്രസ്ഥാനത്തിനും മാത്യു നൽകിയിട്ടുള്ള സംഭാവനകൾ വിലമതിക്കപ്പെടേണ്ടതാണ്. പല പ്രസ്ഥാനങ്ങളുടെയും സംസ്ഥാന ഭാരവാഹികൂടിയാണ് അദ്ദേഹം.

തന്റെ സമയവും ആരോഗ്യവും മുഴുവനും പൊതുപ്രവർത്തനത്തിനായി നീക്കിവയ്ക്കുന്നവർ വളരെ ചുരുക്കമാണ്. പലപൊതുപ്രവർത്തകരും ചിലപ്പോൾ പ്രശസ്തിക്കുവേണ്ടി മാത്രമായിരിക്കാം പ്രവർത്തിക്കുന്നത്. ചിലർ സാമ്പത്തിക ലാഭം മുന്നിൽ കണ്ടുകൊണ്ടായിരിക്കാം. പക്ഷെ മാത്യു സാർ പ്രശസ്തിക്കുവേണ്ടയല്ല ഇതുവരെ പ്രവർത്തിച്ചിട്ടുള്ളത്. അതേ സമയം മറ്റുള്ളവർക്ക് പ്രശസ്തി നേടിക്കൊടുക്കുന്നതിന് വേണ്ടി പ്രവർത്തിക്കുക അദ്ദേഹത്തിന് ഹോബിയാണ്.

പല പൊതുപ്രവർത്തകരും പ്രസംഗിക്കാൻ പോകുന്നത് ഒരു വരുമാനമാർഗ്ഗമാക്കാനാണ്. മാത്യുസാർ സ്വന്തം കൈയിലെ പണം മുടക്കി എവിടെയും ഓടിയെത്തി പ്രസംഗിക്കും. സേവനമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. തന്റെ സമ്പാദ്യം ഒരു ട്രസ്റ്റ് പ്രോലെയാണദ്ദേഹം കൈകാര്യം ചെയ്യുന്നത്. ഒരു അദ്ധ്യാപകനും കൂടിയായിരുന്നു അദ്ദേഹം.

കുടുംബത്തോടും അദ്ധ്യാപനത്തോടുമുള്ള ഉത്തരവാദിത്ത്വങ്ങൾക്കിടയിൽ ഇത്രയേറെ പ്രസംഗിക്കാനും യാത്രചെയ്യാനും പൊതുപ്രവർത്തനങ്ങളിൽ വ്യാപൃതനാകാനും കഴിയുന്ന എന്നുള്ളത് ഒരു മിസ്റ്ററിയാണ്. മദ്യവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മാത്യുസാർ നടത്തിയിട്ടുള്ള കാൽനട ജാഥ

www.malankaralibrary.com

കളും പിക്കറ്റിംഗ് ഉൾപ്പെടെയുള്ള സമരങ്ങളും ജയിൽ വാസവുമെല്ലാം അദ്ദേഹത്തിന്റെ പ്രതിബദ്ധത വിളിച്ചറിയിക്കുന്നതാണ്.

സമൂഹത്തിന്റെ നന്മ മാത്രം കണക്കിലെടുത്ത് പ്രവർത്തിക്കുന്ന, പണമോ പ്രതാപമോ ആഗ്രഹിക്കാതെ പ്രവർത്തിക്കുന്ന, മറ്റുള്ളവരുടെ നന്മയിൽ മാത്രം സന്തോഷം കണ്ടെത്തുന്ന മാത്യുസാറിനെ അനുകരിച്ച് പൊതു പ്രവർത്തനം നടത്തുവാൻ നാം തയ്യാറാകണം. ഔദ്യോഗിക സ്ഥാനങ്ങൾ വിലപേശിയോ പിടിച്ചുപറിച്ചോ നേടേണ്ടതല്ല. നമ്മുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് ഇഷ്ടപ്പെടുകയാണെങ്കിൽ സ്ഥാനമാനങ്ങൾ നമ്മുടെ പുറകേവരും. ഈ സത്യം നാം അംഗീകരിക്കുകതന്നെ വേണം. എ.കെ.സി.സി. പ്രവർത്തകർക്ക് മാത്യു സറിന്റെ സേവനം ഒരു മാതൃകയായി തീരട്ടെയെന്നാശംസിക്കുന്നു.

നിറുത്തട്ടെ

കോട്ടയം
10-05-2003

സ്നേഹപൂർവ്വം
Sd/-

# 67. ഗുജറാത്തിലെ ദുരന്തങ്ങൾ

പ്രിയ സഹപ്രവർത്തകരെ,

നമ്മുടെ രാജ്യം ഇന്ന് കനത്ത വെല്ലുവിളികളെ നേരിടുകയാണല്ലോ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന തീവ്രവാദികളുടെ ആക്രമണവും കലാപങ്ങളും നമ്മെ അസ്വസ്ഥരാക്കുയാണ്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ മിഷനറിമാർ പീഡിപ്പിക്കപ്പെട്ടപ്പോൾ അവയോടെല്ലാം ഐക്യദാർഢ്യം പ്രകടിപ്പിക്കുവാൻ നമ്മൾ തയ്യാറായിട്ടുണ്ട്.

വിവിധ ഭാഗങ്ങളിൽ കന്യാസ്ത്രീകളും വൈദീകരും ആക്രമിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തപ്പോൾ അവിടെയെല്ലാം എത്തി വിവരങ്ങൾ ശേഖരിക്കുവാനും പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാനും കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് നിവേദനം സമർപ്പിക്കുവാനും എ.കെ.സി.സി.യുടെ എളിയ പ്രവർത്തകനെന്ന നിലയിൽ ഞാൻ ശ്രമിച്ചിട്ടുണ്ട്. എല്ലാ സ്ഥലത്തും എത്തുവാൻ പല കാരണങ്ങൾകൊണ്ടും സാധിച്ചില്ല.

ഗുജറാത്തിലെ ഭൂകമ്പദുരിതബാധിത പ്രദേശങ്ങളും ഗോദ്രയടക്കമുള്ള സംഘർഷമേഖലകളും സന്ദർശിക്കുവാൻ ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ആണ് സാധിച്ചത്. ഞാനും ജോസ് വിതയത്തിലുംകൂടി ഗുജറാത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചു. ഞങ്ങളുടെ സന്ദർശനത്തിന് കളമൊരുക്കി തന്നത് മക്കാഫ് ആണെന്നത് പ്രത്യേകം അനുസ്മരിക്കുന്നു. മക്കാഫിന്റെ ഒരു പ്രതിനിധി സാമുവൽ ബാബു ഞങ്ങളോടൊന്നിച്ച് മുഴുവൻ സമയവും ഉണ്ടായിരുന്നു. സേവന സന്നദ്ധതയും അർപ്പണ മനോഭാവവും കഠിനാദ്ധ്വാനവും കൈമുതലായുള്ള സാമുവൽ ബാബുവിനെപ്പോലുള്ള നല്ല മനുഷ്യരെ അപൂർവ്വമായി മാത്രമേ നമുക്ക് കാണുവാൻ സാധിക്കുകയുള്ളൂ.

62 പേരെയാണല്ലോ ട്രെയിനിന് തീവെച്ച് ഗോദ്രയിൽ കൊലപ്പെടുത്തി

www.malankaralibrary.com

യത്. സംഭവസ്ഥലവും കത്തിക്കരിഞ്ഞ ട്രെയിൻ ബോഗിയും ഞങ്ങൾ സന്ദർശിച്ചു. ഇന്നും ആളുകൾ ഭീതിയോടെയാണവിടെ കഴിയുന്നത് എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഗോന്ദ്രയിലെ തീവണ്ടി ദുരന്തത്തിനുശേഷം രണ്ടായിരത്തോളം ആളുകൾ വെട്ടിയും കുത്തിയും ബോംബെറിഞ്ഞും കൊലചെയ്യപ്പെട്ടുവെന്നാണ് ഏകദേശകണക്ക്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജന്മനാടാണ്ലലോ ഗുജറാത്ത്. അദ്ദേഹത്തിന്റെ സബർമതി ആശ്രമവും ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. അഹിംസയുടെ ആചാര്യനായിരുന്ന ഗാന്ധിജിയുടെ ജന്മനാട്ടിലാണ് ഈ കൊലയും കൊള്ളിവയ്പും നടക്കുന്നത്. ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്ന ഈ അക്രമങ്ങൾക്ക് അറുതിവരുത്തുവാനും ശാന്തിയും സമാധാനവും നാട്ടിൽ നിലനിറുത്തുവാനും ആയിരം മഹാത്മാഗാന്ധിമാർ ഇവിടെ അവതരിക്കേണ്ടിയിരിക്കുന്നു. അതിൽ ഒരാളായിത്തീരുവാൻ നമുക്ക് ശ്രമിക്കാം. നിറുത്തട്ടെ.

നിറുത്തട്ടെ

കോട്ടയം
10-09-2003

സ്നേഹപൂർവ്വം
Sd/-

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com



# പ്രസിഡണ്ടിന്റെ കത്തുകൾ

സമകാലിക സംഭവങ്ങളുടെ രേഖകളെന്ന നിലയ്ക്കാണ് ചില കത്തുകൾ ശ്രദ്ധാർഹമാകുന്നത്. സംഘടനാപ്രവർത്തകർക്കാവശ്യമായ നേതൃഗുണങ്ങളെക്കുറിച്ചുള്ള സ്റ്റഡിക്ലാസ്സുപോലെ ചിലതുപ്രത്യക്ഷപ്പെടുന്നു. പൂർവ്വസൂരികളുടെ വിസ്മൃതസേവനങ്ങളെ അനുസ്മരിപ്പിക്കുന്നവയാണു ചില കത്തുകൾ. സ്വഭാവശുദ്ധിയും ധർമ്മനിഷ്ഠയുമുള്ളവരായിരിക്കാൻ ആഹ്വാനം നൽകുന്ന കത്തുകളും കാണാം. ഒരുപടി മുന്നോട്ടുകടന്ന് തത്ത്വചിന്തയും ജീവിത നിരീക്ഷണവും പ്രതിഫലിപ്പിക്കുന്ന ചില കത്തുകൾ കത്തോലിക്കാസമുദായ പരിധിയും കടന്ന് സർവ്വജനസ്വീകാര്യമായ ആദർശമേഖലകളിലേയ്ക്കു പ്രവേശിക്കുന്നു. ആദ്ധ്യാത്മികവും ധ്യാനാത്മകവുമായ ചിന്തകൾകൊണ്ട് ദൈവശാസ്ത്രമേഖലയെ സ്പർശിക്കുന്ന ചില കത്തുകളും ഇവയ്ക്കിടയിലുണ്ട്. ഒരു വിശ്വാസാധിഷ്ഠിത സമൂഹത്തിന്റെ നേതൃത്വത്തിന് തികച്ചും അർഹനാണു താനെന്ന് മൂകഭാഷയിൽ വിളിച്ചുപറയുന്നവയാണ് കച്ചിറമറ്റത്തിന്റെ താദൃശരചനകൾ. അങ്ങനെനോക്കിയാൽ ഭൗതിക ജീവിത വിജയത്തിന് സഹായകമാകുന്ന ചിന്തകളും ആദ്ധ്യാത്മികാഭിവൃദ്ധിക്കുതകുന്ന നിർദ്ദേശങ്ങളും യഥോചിതം അനുസന്ധാനം ചെയ്തു സ്വാനുഭവത്തിന്റെ ചൂടും ചൂരും കലർത്തി രചിച്ചിരിക്കുന്ന ഈ ഗ്രന്ഥം കത്തോലിക്കാ കോൺഗ്രസ്സു പ്രവർത്തകനോ ക്രൈസ്തവമത വിശ്വാസിക്കോ മാത്രമല്ല മൂല്യത്തകർച്ചകൊണ്ടു മനുഷ്യാസ്തിത്വം തന്നെ അർത്ഥരഹിതമായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടത്തിന്റെ വിമോചനദാഹത്തിൽ ഭാഗഭാക്കാകുന്ന ഏതൊരു മനുഷ്യനും ഒരു പരിധിവരെ പ്രയോജനകരമായനുഭവപ്പെടും. അറുപത്തിയേഴ് കത്തുകളടങ്ങിയ ഈ ഉപഹാരം ഗ്രന്ഥകാരന്റെ അറുപത്തിയേഴാം ജന്മദിനത്തിൽ പ്രകാശനം ചെയ്യാൻ ഇടവരുന്നു എന്നത് പ്രത്യേകം സന്തോഷം നൽകുന്നു.

--പ്രൊഫ. മാത്യു ഉലകംതറ

www.malankaralibrary.com